KOTTAYAM PUBLIC LIBRARY

Call No MA1 Acc. No 11217

Author നാരായണപിള്ള, പി.വി

Title മാനുഷികനീതിസാരം.

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

No. 1(21)

ravancore University Series No. 27.

# കാമന്ദകീയനീതിസാരം

## (കിളിപ്പാട്ട്)

UNIVERSITY DEPARTMENT OF PUBLICATIONS
TRIVANDRUM

ഗ്രന്ഥകർത്താ:

**പി. വി. നാണുപിള്ള, ബി. ഏ.**

തിരുവിതാംകൂർ സർവ്വകലാശാല,
പ്രസിദ്ധീകരണവകുപ്പ്

052] [വില രൂപാ 2.

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

MA1

*Printed and Published by The Superintendent,*
*Department of Publications, for the*
*University of Travancore.*

*RIGHTS RESERVED*

*FIRST IMPRESSION*
*COPIES 1000.*

*MARCH 1952.*

PRINTED AT THE E. S. D. PRINTING HOUSE, TRIVANDRUM.

11 21D

# മുഖവുര

കാമന്ദകീയനീതിസാരം ലോകപ്രസിദ്ധമായ കൗടലീയാൎത്ഥശാസ്ത്രത്തിൻെറ ഒരു സംഗ്രഹമാണു്. കൗടല്യൻെറ അൎത്ഥശാസ്ത്രത്തിൽ 180 സൎഗ്ഗങ്ങൾ ഉള്ളതിനെ കാമന്ദകൻ 36 സൎഗ്ഗങ്ങളായി സംക്ഷേപിച്ചിരിക്കുന്നു. കാമന്ദകീയനീതിസാരത്തിനു് 'ജയമംഗല' എന്ന ഒരു വ്യാഖ്യാനം ശങ്കരായ്യൻ എഴുതിയിട്ടുണ്ടു്. അതാണു് സൎവ്വഥാ സമ്മതമായ വ്യാഖ്യാനം. ഇതുകൂടാതെ 1941-ാം സംവത്സരത്തിൽ കല്ക്കട്ടായിൽ പ്രസിദ്ധപ്പെടുത്തിയ 'ഉപാദ്ധ്യായനിരപേക്ഷാനുസാരിണി' എന്ന ഒരു വ്യാഖ്യാനവും ഉണ്ടു്. തിരുവിതാംകൂറിൽ ഈ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയതു സംസ്കൃതഗ്രന്ഥപ്രകാശന കാൎയ്യാദ്ധ്യക്ഷനായിരുന്ന പരേതനായ ഗണപതിശാസ്ത്രി അവൎകൾ, ശ്രീമൂലം തിരുമനസ്സിലെ ശാസനാനുസരണം ആണു്.

ഈ നീതിസാരത്തിൻെറ കൎത്താവായ കാമന്ദകൻ ഏതുകാലത്തു ജീവിച്ചിരുന്നു എന്നുള്ളതിനെപ്പററി സൂക്ഷ്മമായ അറിവില്ല. എന്നാൽ ക്രിസ്ത്വബ്ദം ഏഴാംശതകത്തിൽ ജീവിച്ചിരുന്ന ഭവഭൂതിയുടെ കാലത്തിനു മുമ്പാണെന്നു് ഊഹിക്കത്തക്കവിധത്തിൽ അദ്ദേഹത്തിൻെറ 'മാലതീമാധവം' നാടകത്തിൽ കാമന്ദകീ എന്നു ഒരു നീതിനിപുണയായ നാടകപാത്രം കാണപ്പെടുന്നുണ്ടെന്നു ശ്രീ ഗണപതിശാസ്ത്രികൾ സമൎത്ഥിക്കുന്നു. കൂടാതെ ക്രിസ്ത്വബ്ദം 6-ാംശതവൎഷത്തിൽ ജീവിച്ചിരുന്ന ദണ്ഡിയുടെ ദശകുമാരചരിതത്തിലും ഈ നീതിസാരത്തെപ്പററി

പറയുന്നുണ്ട്. ഇതിനുപുറമേ ക്രിസ്ത്വാബ്ദത്തിൻെറ ആരംഭത്തിൽ ഇൻഡ്യയിൽനിന്നു ബാലിദ്വീപിൽ കുടിയേറിപ്പാർത്തിരുന്ന ഹിന്തുക്കൾ കാമന്ദകീയമെന്നുപേരുള്ള ഒരു ഗ്രന്ഥംകൂടി കൊണ്ടുപോയിട്ടുള്ളതായി ഡാക്ടർ രാജേന്ദ്രലാൽമിത്ര, കാമന്ദകീയനീതിസാരത്തിനുള്ള അദ്ദേഹത്തിൻെറ മുഖവുരയിൽ പ്രസ്താവിച്ചുകാണുന്നു. ഈ സംഗതികളാൽ കാമന്ദകീയനീതിസാരം ക്രിസ്ത്വാബ്ദം 6-ാംശതകത്തിന്നു മുമ്പ് ഇൻഡ്യയിൽ പ്രചാരത്തിലിരുന്നു എന്ന് ഊഹിക്കാവുന്നതാണ്.

കാമന്ദകീയനീതിസാരം തിരുവിതാംകൂറിൽ പ്രസിദ്ധപ്പെടുത്തിയതു പരേതനായ ഗണപതിശാസ്ത്രി അവർകളാണെന്നു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അദ്ദേഹം വലിയ കൊട്ടാരം ഗ്രന്ഥപ്പുരയിലെ മൂന്ന് ഓലഏടുകളും കടുത്തുരുത്തിക്കു സമീപമുള്ള കൈലാസപുരം പിഷാരത്തിലെ ഗ്രന്ഥപ്പുരയിലുള്ള ഒരു ഓലഏടും പരിശോധിച്ചശേഷമാണ് അപ്രകാരം പ്രസിദ്ധപ്പെടുത്തിയതു്.

ഈ ഗ്രന്ഥം ഞാൻ തർജ്ജമചെയ്വാൻ ഇടയായതു് എങ്ങിനെയെന്നും പ്രസ്താവിച്ചുകൊള്ളട്ടെ. കുറേ സംവത്സരങ്ങൾക്കു മുമ്പേ സംസ്കൃതഭാഷയിലുള്ള ശുക്രനീതിസാരം മലയാളത്തിൽ ഞാൻ വിവർത്തനംചെയ്തു പ്രസിദ്ധപ്പെടുത്തിയപ്പോൾ അതിൻെറ ഒരു പ്രതി ഗണപതിശാസ്ത്രികളുടെ ശിഷ്യനും യൂണിവേഴ്സിററികാളേജ് സംസ്കൃതലക്ചററും ആയ ശ്രീമാൻ വെങ്കട്ടരാമശാസ്ത്രി അവർകൾക്കുകൊടുത്തു. ആ സമയത്തു അദ്ദേഹം തന്ന ഉപദേശമനുസരിച്ചാണ് ഈ ഉദ്യമം തുടങ്ങിയതു്.

ഇതിലെ പ്രഥമസർഗ്ഗത്തിലെ വിവർത്തനം പരേതനായ മഹാകവി ഉള്ളൂർ പരമേശ്വരയ്യർ അവർകൾ അപ്പോഴപ്പോഴായി വായിച്ചുകേൾക്കുകയും എനിക്കു ചില നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിരുന്നു. ആ നിർദ്ദേശങ്ങളെ ഞാൻ കഴിയുന്നതും സ്വീകരിച്ചിട്ടുണ്ട്. ആദ്യത്തെ പത്തു സർഗ്ഗത്തിലെ വിവർത്തനങ്ങൾ വെങ്കട്ടരാമശാസ്ത്രിയും ഞാനും കൂടി ഒത്തുനോക്കിയിട്ടുണ്ട്. ബാക്കിയുള്ള സർഗ്ഗങ്ങളിൽ പലതും യൂണിവേഴ്സിററികാളേജ് സംസ്കൃതലക്ചറർ ശ്രീമാൻ ഏ. ജി. കൃഷ്ണവാര്യർ അവർകൾ പരിശോധിച്ചതാണ്. ഇതു് ആദ്യന്തം കൂലംകഷമായി പരിശോധിച്ചു വേണ്ട നിർദ്ദേശങ്ങൾ തന്നതു് സംസ്കൃതകാളേജ് പ്രിൻസിപ്പാൽ ശ്രീ എൻ. ഗോപാലപിള്ള (എം. ഏ.) അവർകളാണ്. ഇവർക്കെല്ലാവർക്കും എന്റെ ഹൃദയംഗമമായ കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു.

ഇതിന്റെ പ്രസാധനം ഏറെറടുത്തു് എന്നെ പ്രോത്സാഹിപ്പിച്ച തിരുവിതാംകൂർ സർവ്വകലാശാലയോടും ഞാൻ അത്യന്തം കൃതജ്ഞനാണ്.

ഈ പ്രസ്താവനയോടുകൂടി പ്രസ്തുത ഗ്രന്ഥം ഞാൻ ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

വിവർത്തകൻ

പി. വി. നാണുപിള്ള

# വിഷയവിവരം


| പ്രകരണം | | പുറം |
|---|---|---|
| 1. | ഇന്ദ്രിയനിഗ്രഹം .... .... | 1 |
| 2. | വിദ്യാവൃദ്ധസംയോഗം .... .... | 12 |
| 3. | വിദ്യാവിഭാഗം .... .... | 14 |
| 4. | വർണ്ണാശ്രമവ്യവസ്ഥ .... .... | 18 |
| 5. | ദണ്ഡമാഹാത്മ്യം .... .... | 22 |
| 6. | ആചാരവ്യവസ്ഥാപനം .... .... | 24 |
| 7. | പ്രകൃതിസമ്പന്നത .... .... | 31 |
| 8. | സ്വാമ്യനുജീവിവൃത്തപ്രകരണം ... | 46 |
| 9. | കണ്ടകശോധനപ്രകരണം .... | 63 |
| 10. | രാജപുത്രരക്ഷണം .... .... | 66 |
| 11. | ആത്മരക്ഷാപ്രകരണം .... .... | 68 |
| 12. | മണ്ഡലയോനിപ്രകരണം .... | 78 |
| 13. | മണ്ഡലചരിതം .... .... | 87 |
| 14. | സന്ധിവികല്പപ്രകരണം .... | 96 |
| 15. | വിഗ്രഹവികല്പപ്രകരണം .... | 109 |
| 16. | യാനാസനദ്വൈധീഭാവസംശ്രയ വികല്പപ്രകരണം | 117 |
| 17. | മന്ത്രവികല്പപ്രകരണം .... .... | 126 |
| 18. | ദൂതപ്രചാരം .... .... | 137 |
| 19. | ദൂതചരവികല്പപ്രകരണം .... | 142 |
| 20. | ഉത്സാഹപ്രശംസാപ്രകരണം .... | 147 |
| 21. | പ്രകൃതികർമ്മപ്രകരണം .... .... | 151 |
| 22. | പ്രകൃതിവ്യസനപ്രകരണം .... | 159 |
| 23. | സപ്തവ്യസനങ്ങൾ .... .... | 167 |
| 24. | യാത്രാദിയോക്തൃപ്രദർശനപ്രകരണം .... | 180 |
| 25. | സ്കന്ധാവാരനിവേശനപ്രകരണം .... | 201 |

| പ്രകരണം | | | പുറം |
|---|---|---|---|
| 26. | നിമിത്തജ്ഞാനപ്രകരണം | .... | 206 |
| 27. | ഉപായവികല്പപ്രകരണം | ... | 210 |
| 28. | സൈന്യബലാബലപ്രകരണം | .... | 223 |
| 29. | സേനാപതിപ്രചാരപ്രകരണം | .... | 228 |
| 30. | പ്രയാണവ്യസനപ്രകരണം | .... | 232 |
| 31. | കൂടയുദ്ധവികല്പപ്രകരണം | .... | 234 |
| 32. | ഗജാശ്വരഥപത്തികർമ്മപ്രകരണം | .... | 238 |
| 33. | പത്ത്യശ്വരഥഗജഭൂമിപ്രകരണം | .... | 240 |
| 34. | ദാനകല്പനാപ്രകരണം .... | .... | 241 |
| 35. | വ്യൂഹകല്പപ്രകരണം .... | .... | 243 |
| 36. | പ്രകാശയുദ്ധപ്രകരണം .... | .... | 249—251 |

# നമസ്കൃതി.

വാക്കുമർത്ഥവുംതന്നേ മൂർത്തിപൂണ്ടഭേദ്യമാം
വേഴ്ചയാൽ വാണീടുന്ന വാഗ്വാണീശന്മാർ മമ
വാഴ്വെഴും കാരുണ്യത്താലീപ്സിതപദാർത്ഥങ്ങ-
ളാപ്തമാക്കീടാനായിട്ടാദ്യമായ് നമസ്കാരം. 1

അർത്ഥശാസ്ത്രവും നീതിശാസ്ത്രവുമനേകമായ്
പൃഥ്വിയിലുണ്ടെങ്കിലുമൊക്കെയ്ക്കും മകുടമായ്
നില്ക്കുന്ന കൗടില്യാർത്ഥശാസ്ത്രത്തിൻകർത്താവായ
ചൊല്ക്കൊണ്ട വിഷ്ണുഗുപ്താചാര്യനേ നമിക്കുന്നേൻ. 2

തച്ഛിഷ്യൻകാമന്ദകൻ ലോകോപകാരാർത്ഥമായ്
തദ്ദർശനത്തിൽനിന്നും സംക്ഷേപിച്ചെഴുതിയ
വിഖ്യാത കാമന്ദകീയാഖ്യമാം നീതിസാര-
മാഖ്യാനംചെയ്യുന്നു ഞാൻ കേരളഭാഷയിങ്കൽ. 3

THE KOTTAYAM PUBLIC LIBRARY, KOTTAYAM.

ശ്രീ

# കാമന്ദകീയനീതിസാരം

## പരിഭാഷ

---

## ഒന്നാംപ്രകരണം

### ഇന്ദ്രിയനിഗ്രഹം

ഏവൻെറ പ്രഭാവത്തിൻമാഹാത്മ്യലേശത്തിനാ-
ലീവിശ്വം സ്ഥിതിചെയ്വൂ സ്ഥായിയാംപന്ഥാവിങ്കൽ
അവനങ്ങഹോ ശ്രീമാൻ വിജയിക്കട്ടേ ഭൂശ-
മവനീനാഥൻ നിത്യം ദണ്ഡഭൃത്താകും ദേവൻ.

മഹത്താം വംശാവലിയടഞ്ഞും, സമഗ്രമായ്
പ്രതിഗ്രാഹകവൃത്തി[1] വെടിഞ്ഞും, വസിച്ചോരാം
വിശിഷ്ടാന്വയരാകുമൃഷിപ്രൗഢന്മാർക്കൊത്ത
മഹിഷ്ഠാന്വയംതന്നിൽ ജനിച്ച വിഖ്യാതനും,
കടുത്ത ചതുർവ്വേദമേകമാം വേദംപോലെ
പഠിച്ചു കരകണ്ട വിദഗ്ദ്ധവേദജ്ഞനും,
ജ്വലിക്കുമഗ്നിക്കൊത്ത സുപ്രഭാവനും, ജ്വാലാ-
കുലമാം വജ്രംപോലെ വിളങ്ങും തേജസ്വിയും,

---

1 പ്രതിഗ്രാഹകവൃത്തി = ദാനംവാങ്ങുന്ന വൃത്തി

പേരെഴും സുപൎവ്വാവാം നന്ദശൈലേന്ദ്രൻ[1] തന്നെ
ഘോരമാമാഭിചാരദംഭോളിയാലും തഥാ
സുശക്തമന്ത്രത്താലും തനിയേ സമൂലമായ്
നശിപ്പിച്ചോരു ശക്തിധര[2] തുല്യൗജസ്വിയും
കരുത്തേറിയ ചന്ദ്രഗുപ്തനാം നൃചന്ദ്രനു
ധരിത്രീമണ്ഡലത്തെ ഹരിച്ചുകൊടുത്തോനും
അത്ഥശാസ്ത്രാംഭോധിയിൽ ലയിച്ച നീതിശാസ്ത്ര-
തത്വപീയൂഷംതന്നെ പ്രത്യേകമെടുത്തോനും
ആ വിഷ്ണുഗുപ്തനെന്നായ്[3] ഖ്യാതനുമാകും ഭൂമീ-
ദേവനാം വിധാതാവിന്നായിതാ നമസ്കാരം!
സമസ്തവിദ്യകളും പഠിച്ചു പാരംഗതൻ
സമത്ഥനവൻ തീത്ത ദശനത്തിങ്കൽനിന്നും
ഭൂമിതൻസമ്പാദനം പാലനമിവററയിൽ
ഭൂമീനായകൻതന്നെ നിനച്ചു ചുരുക്കി ഞാൻ
ചൊല്ലെഴും രാജവിദ്യാ[4] വിജ്ഞർതൻമതം ചൊൽവൂ
തെല്ലുഞാൻ രാജവിദ്യതന്നിലെ സ്നേഹംമൂലം.
ഇജ്ജഗത്തിന്നു വൃദ്ധികാരകൻ രാജാവുതാൻ,
വൃദ്ധരാലഭിമതനായതും രാജാവുതാൻ,

1. നന്ദശൈലേന്ദ്രൻ = നന്ദവംശമാകുന്ന പൎവ്വതേന്ദ്രൻ
2. ശക്തിധരൻ = വേലായുധൻ (സുബ്രഹ്മണ്യൻ)
3. വിഷ്ണുഗുപ്തൻ = ചാണക്യൻ
4. രാജവിദ്യാ = നീതിശാസ്ത്രം

രാത്രിയിൽ പയോധിക്കു ചന്ദ്രനെന്നതുപോലെ
നേത്രത്തിനാനന്ദദനായതും രാജാവുതാൻ.
ഭരിക്കാൻ വഴിപോലെ രാജാവില്ലെന്നായ് വന്നാൽ
ഭവിക്കും പ്രജാവലി വിപ്ലവവിധേയമായ് ;
നേർമാർഗ്ഗംനയിക്കുവാൻ നാവികനില്ലാതായാ-
ലാ മഹാസമുദ്രത്തിൽ കപ്പലെന്നതുപോലെ.
ധർമ്മതത്പരൻ, തഥാ പാലനപരായണൻ,
വെണ്മയിൽ രിപുരാജ്യം സമ്യക്കായ് ജയിപ്പവൻ,
ഇങ്ങനെയുള്ള മഹീനാഥനെ പ്രജാവലി-
യെങ്ങുമേ വാഴ്ത്തും പ്രജാപതിയെന്നായിത്തന്നേ.
പാലനംചെയ്യുംകൃത്യം രാജാവിൽ മേവീടുന്നു
പാലനത്തിങ്കൽനില്പൂ വാർത്തയായതും പാരിൽ.
വാർത്ത[1] തൻവിനാശത്തിൽ, ശപ്സിച്ചീടിലും ലോക-
മസ്തതേജസ്സും നഷ്ടജീവനുമായിത്തീരും.
ഭൂതങ്ങൾക്കാധാരമായ് ഭൂപാലനല്ലോ പാരിൽ
ഭൂതജാലങ്ങൾക്കെല്ലാം ഭൂതലേ വർഷംപോലെ.
ജീവിക്കും ഭൂതൗഘങ്ങൾ വർഷത്തിൻലോപത്തിലും,
ജീവിക്കാ തെല്ലുപോലും ഭൂപൻെറയഭാവത്തിൽ.
പ്രജയെ രക്ഷിക്കുന്നു പാരിതിൽ പ്രജാനാഥൻ,
പ്രജകൾ നല്കീടുന്നു വർദ്ധനം പ്രജേശനും.
വർദ്ധനത്തിലും പരം രക്ഷണംതന്നേ വരം,
ഭദ്രവുമഭദ്രമാം വർദ്ധനം രക്ഷാഭാവാൽ.

---

1. വാർത്ത=കൃഷി, കച്ചവടം, പശുപാലനം ഇതുകൾ

ന്യായത്തിൽ വത്തിക്കുന്ന ഭൂമിപൻ സാധിക്കുന്നു
ലോകത്തിൽ പ്രജകൾക്കും തനിക്കും ത്രിവർഗ്ഗത്തെ [1]
ന്യായത്തിൽ വത്തിക്കാത്ത ഭൂമിപൻ മറിച്ചങ്ങു
വേഗത്തിൽ പ്രജയേയും തന്നെയും ഹനിക്കുന്നു.
ധർമ്മത്താൽ വൈജവനനാകിയ മഹീപാലൻ [2]
സമ്മോദാൽ ചിരകാലം ഭുജിച്ചു ധരിത്രിയെ.
അധർമ്മംചെയ്കയാലെ നഹുഷനരാധിപൻ
അനേകായിരംവർഷം വാണല്ലോ രസാതലേ.
ധർമ്മത്തെ പുരസ്കരിച്ചാകയാൽ ധരാനാഥൻ
സമ്യക്കായ് യതിക്കണം നിർമ്മായമത്ഥത്തിനായ്.
ധർമ്മത്താൽ രാജ്യമഭിവൃദ്ധിയെ പ്രാപിക്കുന്നു
വെണ്മയായിട്ടുംശ്രീയെ വൃദ്ധിയും നല്കീടുന്നു.
സ്വാമിയുമമാത്യനും, രാഷ്ട്രവും, ദുർഗ്ഗം, തഥാ
സാരമാം ബലം, കോശം, സുഹൃത്തെന്നേവംവിധം
ഏഴംഗംകൊണ്ടു മൂത്തിയായ്ചൊൽവൂ രാജ്യത്തിനെ
ധീ, സത്വമിവയ്യേഴുമന്യോന്യസമാശ്രയം
സത്വത്തെ ബലമായിപ്പിടിച്ചുകൊണ്ടും തഥാ
ബുദ്ധിയാൽ നയങ്ങളെച്ചിന്തിച്ചും യഥോചിതം
സപ്താംഗഗുണത്തിനായ് വേലചെയ്യണം ഭൂപൻ
നിത്യവും സ്വകൃത്യത്തിലുദ്യുക്തചേതസ്സായി.

---

1. ത്രിവർഗ്ഗം = ധർമ്മം, അത്ഥം, കാമം
2. വൈജവനൻ = ഒരു രാജാവു്

ന്യായമായൎത്ഥങ്ങളെയാൎജ്ജിച്ചുകൊണ്ടീടുക
ന്യായമായ് രക്ഷിക്കുക, ന്യായമായ് വൎദ്ധിപ്പിക്ക
ന്യായമായ് സൽപ്പാത്രത്തിൽ വിനിയോഗിച്ചീടുക
മായമെന്നിയേ രാജകൃത്യങ്ങൾ ചതുൎവ്വിധം.
നയവിക്രമങ്ങളിൽ സമ്പന്നനായിബ് ഭൂപൻ
നിയതം സുസ്ഥിതനായ് സ്വശ്രീയെ ചിന്തിക്കണം.
നയത്തിൻമൂലമതു വിനയമത്രേ പാരിൽ
വിനയത്തിന്നു മൂലം ശാസ്ത്രനിശ്ചയംതാനും.
വിനയമായീടുന്നതിന്ദ്രിയജയംതന്നെ,
വിനയാന്വിതനായിശ്ശാസ്ത്രത്തെയാരായണം.
ശാസ്ത്രത്തിൽ ചിന്തവച്ചാൽ തനിയേ ശാസ്ത്രാൎത്ഥങ്ങൾ
നിസ്തൎക്കം പ്രസാദിക്കും, തദ്വാരാ ശ്രീദേവിയും.
ശാസ്ത്രവും പ്രജ്ഞാവാസ്സും ധൃതിയും ദാക്ഷ്യം പിന്നെ-
യുത്തമപ്രാഗത്ഭ്യവും ധാരയിഷ്ണുത്വംതാനും
ഉത്സാഹം, വാഗ്മിത്വവും, ദാൎഢ്യവുമാപത്കാലേ
നിശ്ശേഷക്ലേശങ്ങളെ സഹിക്കാനുൾശ്ശക്തിയും,
ഉൗക്കെഴും പ്രഭാവവും, മൈത്രിയും, ശുചിത്വവും,
ശ്ലാഘ്യമാം ത്യാഗം, തഥാ സത്യവും കൃതജ്ഞതാ,
ചൊല്ലെഴുംുള്ളും കുലം, ശീലമവ്വണ്ണം വശിത്വവു-
മൊക്കെയും സമ്പത്തിക്കു ഹേതുവാം ഗുണാഗ്ര്യങ്ങൾ.
ആത്മാവിനാദ്യം നൃപൻ വിനയം സാധിക്കണ-
മാത്മമന്ത്രീന്ദ്രന്മാൎക്കു പിന്നീടു നല്കീടണം.
ആത്മഭൃത്യന്മാൎക്കെല്ലാം മൂന്നാമതേകീടണ-
മാത്മജന്മാൎക്കുപിന്നെ പ്രജകൾക്കതിൽപ്പിന്നെ.

പ്രകൃതിമണ്ഡലത്തെയനുരക്തിയിൽവച്ചും
പ്രജൗഘപാലനത്തിൽ ഹൃദയം സമർപ്പിച്ചും
വിനയം സ്വയമേവ സാധിച്ചും വാഴും നൃപ-
നനിശം ഭുജിച്ചീടും നിസ്തുലം ശ്രേയസ്സിനെ.

കീർണ്ണമായ് കിടക്കുന്ന വിഷയാരണ്യംതന്നിൽ
തൂർണ്ണമായ് മദിച്ചോട്ടുമിന്ദ്രിയദന്തീന്ദ്രനെ
ജ്ഞാനമാമങ്കുശത്താലമർത്തിനിർത്തീടണം
മാനുഷനായീടുന്ന ദന്തിപൻ വിചക്ഷണൻ.

ഇന്ദ്രിയാർത്ഥങ്ങൾ സാധിച്ചീടുവാൻ മനസ്സിനെ-
യുന്നിദ്രം ശ്രമപ്പെട്ടുമാത്മാവു നിർത്തീടുന്നു.
എന്നുമല്ലാത്മമനഃസംയോഗംനിമിത്തമായ്
വന്നുചേരുന്നു പാരിൽ നിർണ്ണയം പ്രവൃത്തിയും.

വിഷയാമിഷംതന്നിലുളവാം ലോഭത്തിനാൽ
മനസ്സിന്ദ്രിയങ്ങളെ സതതം പ്രേരിപ്പിപ്പൂ.
അതിനെയടക്കണം മനുജൻ പ്രയത്നിച്ചു-
മതിനേയടക്കുവോർ സുദൃഢം ജിതേന്ദ്രിയൻ.

ആത്മമാനസസംയോഗത്തിനെപ്പററിച്ചൊന്നേ-
നാത്മമാനസയോഗാൽ പ്രവൃത്തിയുണ്ടാകുന്നു.
തത്സമംതന്നേന്തനം വിജ്ഞാനം, ഹൃത്തും, തഥാ
ചിത്തവും മനസ്സത്തും ബുദ്ധിയും ചേരുന്നതും

ഇതിനെക്കൊണ്ടു സാധിച്ചീടുന്നിതാത്മാ ഭുവി
സ്തതം മനുഷ്യനിൽ പ്രവൃത്തി, നിവൃത്തിയും.

സുദൃഢം ധൎമ്മാധൎമ്മമിമ്മട്ടു സുഖാസുഖ-
മതുപോൽത്തന്നെ പുനരിഷ്ടവുമനിഷ്ടവും.
പ്രയത്നം, ജ്ഞാനം, തഥാ, സംസ്കാരമെന്നീമൂന്നും
ജഗത്തിലാത്മലിംഗമെന്നായിച്ചൊല്ലീടുന്നു.
ജ്ഞാനത്തിലുണ്ടാകുന്ന നാനാത്വഭാവത്തിന്നേ
മാനസലിംഗമെന്നും നൂനമങ്ങുരയ്ക്കുന്നു.
നാനാൎത്ഥത്തിലുമുണ്ടാം മാനസസങ്കല്പത്തി-
ന്നൂനമെന്നിയേ ചൊൽവൂ കൎമ്മമെന്നായും നാമം.
ശ്രോത്രവും, ത്വക്കും, ദൃക്കും, ജിഹ്വയും, ഘ്രാണം, പായൂ-
പസ്ഥങ്ങൾ, ഹസ്തം, പാദം, വാക്കിവ ദശേന്ദ്രിയം.
ശബ്ദവും, സ്പൎശം, തഥാ, രൂപവും, രസം, ഗന്ധം,
ഉത്സൎഗ്ഗം, ആനന്ദനം, ആദാനഗതികളും
പേൎത്തുമങ്ങാലാപവുംകൂടിയങ്ങാകെപ്പത്തും
പാൎത്താകിലിവയെല്ലാം കൎമ്മങ്ങളായീടുന്നു.
ആത്മാവു, മനസ്സെന്നീ രണ്ടിനെച്ചൊല്ലീടുന്നു
തജ്ജ്ഞന്മാരായോരന്തഃകരണമെന്നുള്ളതായ്.
പരിചോടിവരണ്ടും പ്രവൃത്തിനടത്തുമ്പോൾ
തരസാ വന്നീടുന്നു സങ്കല്പമാകുന്നതും.
ആത്മാവു, ബുദ്ധീന്ദ്രിയം, വിഷയമെന്നീമൂന്നും
പ്രോക്തമാകുന്നു ബഹിഷ്കരണമെന്നുള്ളതായ്.
അതിനങ്ങുണ്ടാകുന്നു സിദ്ധിയെന്നായിച്ചൊൽവൂ
സുദൃഢം സങ്കല്പവും പ്രവൃത്തിയതും മൂലം.
കരണമിവരണ്ടും പ്രവൃത്തി നടത്തുമ്പോൾ
വിരവേ വിഷയോപലബ്ധിയുമുണ്ടാകുന്നു.

അതിനാലവയുടെ പ്രവൃത്തിനിരോധത്താൽ
സ്വതവേ വന്നുചേരും നിൎമ്മനസ്കതാഭാവം.
ഇങ്ങനെ കരണസാമൎത്ഥ്യത്താലാത്മാവിനെ
സംയമംചെയ്യു ന്നനമാത്മാവിനാലേതന്നെ
മന്നവൻ നയാനയകോവിദനാകുന്നവൻ
മന്നിതിൽ സാധിക്കുന്നു തന്നുടെ ഹിതത്തിനെ.
മാനസമൊന്നടക്കാൻ ശക്തിഹീനനാംമൎത്ത്യൻ
സാഗരാന്തമാമൂഴിയെങ്ങനെ ഭരിച്ചീടും ?
പ്രഥമം മനസ്സിന്നു ഹിതമായ് തോന്നിക്കിലും
പരിണാമത്തിലേററം വിരസമാകുന്നതാം
വിഷയങ്ങളാൽ മനം ഹരിക്കപ്പെട്ടും മൎത്ത്യൻ
വിപിനേ ദന്തിപോലെ ബന്ധനം വരിക്കുന്നു.
വിഷയാസക്തിമൂലമന്ധനായ് ഭവിച്ചിട്ടു
ദൂഷിച്ച കൃത്യങ്ങളിൽ മനസ്സുചെല്ലുത്തീടും.
സ്വപ്നങ്ങളഹോ പാരം ഭയദമായീടുന്ന
വിപത്തിൽചെന്നു ബലാൽ ചാടീടും സ്വയംതന്നെ.
ശബ്ദവും സ്പൎശരസരൂപഗന്ധവും മെല്ലെ-
യൊററയ്ക്കും വിനാശകശക്തികളായീടുന്നു.
ശുദ്ധമാം കുശപ്പുല്ലിൻ നാമ്പതു ഭുജിച്ചുംകൊ-
ണ്ടെത്രയും ദൂരെയോടിച്ചാടിടാൻ വിചക്ഷണൻ
മുഗ്ദ്ധനാം കൃഷ്ണസാരം ലുബ്ധകൻ തന്റെപാട്ടിൻ
ശബ്ദത്തിൽമയങ്ങിച്ചെന്നെത്തുന്നു നശിക്കുവാൻ.
ശൈലേന്ദ്രശിഖരംപോലുന്നതാകാരംപൂണ്ടും
ലീലയാ വൃക്ഷങ്ങളെ പിഴുതുവിറപ്പിച്ചും

വാണിടും വാരണേന്ദ്രൻ കരിണീസ്പൎശത്തിനാൽ
മോഹമാൎന്നാവഴിക്കു ബന്ധനം പ്രാപിക്കുന്നു.
സ്നിഗ്ദ്ധമാം ദീപത്തിന്റെയുജ്ജ്വലജ്വാലകണ്ടി-
ട്ടക്ഷികൾക്കാനന്ദത്തെ നല്കുവാൻ ഭ്രാന്തിമൂലം
തൽക്ഷണം വിരണ്ടടുത്തു പറന്നു പതംഗങ്ങൾ
രൂക്ഷമാം തീയിൽവീണു മൃത്യുവെ പ്രാപിക്കുന്നു.
കണ്ണെത്താതകലത്തിൽ ജീവിച്ചുമഗാധമാം
തണ്ണീരിൽക്കളിയാടിച്ചരിച്ചും വാഴും മീനം
തിണ്ണെന്നങ്ങിരകോൎത്തോരിരിമ്പുബളിശത്തെ
തൊണ്ണയിൽകടത്തീട്ടു കൊതിയാൽ മൃതിപൂകും.
ദാനവാരിയിലോലുമാസവപിപാസയാൽ
ന്യൂനമാമധുകരൻ ഗന്ധലോലുപനായി
വാരണഗണ്ഡസ്ഥലമണഞ്ഞുമുഖരിച്ചു
വാരണകൎണ്ണതാഡനങ്ങളേററീടുന്നു.
ഇന്ദ്രിയവിഷയങ്ങളോരോന്നുമേവംവിധം
നിൎണ്ണയം വിഷംപോലെ സംസാരസമത്ഥമാം.
പിന്നെയഞ്ചുംകൂടിയൊന്നിച്ചാലൊരാളിങ്ക-
ലെങ്ങനെയവൻ ഭൂവിൽ ക്ഷേമവാനായിത്തീരും.
വിഷയാസക്തിവെടിഞ്ഞനിശം ജിതാത്മാവായ്
വിഷയങ്ങളെ സേവിച്ചീടണം നരൻ കാലേ.
സുഖമാണല്ലോ പാൎത്ഥാലത്ഥത്തിൻ പ്രയോജനം
സുഖത്തെ നിരോധിച്ചാൽ നിഷ്ഫലം സ്വശ്രീയും.
അന്തരംഗത്തിലാശ തീവ്രമായ് ജ്വലിപ്പിച്ചും,
കാന്തതൻ വിലോകനേ കണ്ണുനീരൊലിപ്പിച്ചും,

ഹന്ത! മേവീടും നരൻതന്നുടെ സവ്വശ്രീയും
സ്വാന്തയൗവനത്തോടുടേതന്നെ വിട്ടൊഴിഞ്ഞീടും.
ധമ്മത്താലത്ഥാപ്തിയു,മത്ഥത്താൽ കാമാപ്തിയും
നിമ്മായം കാമാപ്തിയാലുണ്ടാകും സുഖാപ്തിയും.
എന്നാകിലിവരണ്ടും യുക്തിപോൽ സേവിക്കാത്തോൻ
നിണ്ണയമവയെയും തന്നെയും ഹനിച്ചീടും.
സ്ത്രീയെന്നനാമംതന്നെ പാരമാഹ്ലാദപ്രദ-
മായതു വികാരങ്ങൾ ചിത്തത്തിനുണ്ടാക്കുന്നു.
മയ്യേലും മിഴികളും ചില്ലിവില്ലാട്ടങ്ങളു-
മയ്യയ്യോ കണ്ടാൽപിന്നെയെന്താകുമവസ്ഥകൾ ?
ശ്രദ്ധസംഭാഷണത്തിൽ ദക്ഷതചേൎന്നും മൃദു-
ഗദ്ഗദവാണിയായും രക്താന്തനേത്രയായും
വാണീടും നാരീമണിയേതൊരു പുരുഷനെ
ക്ഷോണിയിൽ രമിപ്പിച്ചു മോഹിപ്പിക്കുകയില്ല!
സതതംതപംചെയ്യും മുനിമാർമനംപോലും
സുദൃഢം നാരീമണി രാഗവത്താക്കിത്തീക്കും.
അത്തലം പ്രസന്നമായ് ദ്യുതിമത്തായിട്ടെഴും
വിധുവിൻമണ്ഡലത്തെസ്സന്ധ്യയെന്നതുപോലെ.
മത്തകാശിനിമാരായ് മനോഹ്ലാദിനിമാരായ്
ഹൃദ്യരൂപിണിമാരായ് വാണിടും നതാംഗിമാർ
തക്കമെന്നിയെ മഹാന്മാരെയും ഭേദിപ്പിക്കു-
മൂക്കേറും നഗങ്ങളെ വാരിതൻപ്രവാഹംപോൽ
നായാട്ടും, ചൂതും, സുരാപാനവും, വസുന്ധരാ-
നായകന്മാൎക്കു പാൎത്താൽ നിന്ദ്യങ്ങളത്രേ പാരം.

പാണ്ഡുവും, വൃഷ്ണികളും, നളനുമിവററയാൽ
പ്രാപിച്ച വിപത്തുകൾ ദൃഷ്ടാന്തമല്ലേ പാരിൽ ?
കാമവും, ക്രോധം തഥാ ലോഭവും, ഹർഷം പിന്നെ,
മാനവും, മദമതും, ഷഡ്വർഗ്ഗമായിച്ചൊൽവൂ.
ഭൂവരനിവയാറും വെടിഞ്ഞീടുകവേണം
കൈവരുമല്ലോ സൗഖ്യമിവയെ വെടിഞ്ഞീടിൽ.
ദണ്ഡകനാകും നൃപൻ കാമത്താൽ നാശംപൂകി;
ചണ്ഡമാം കോപത്തിനാൽ ജനമേജയൻതാനും.
നിർണ്ണയം ലോഭംമൂലം രാജർഷിയായോരൈളൻ,
നിസ്സീമഹർഷംമൂലം നശിച്ചു വാതാപിയും.
പൗലസ്ത്യനായ രക്ഷോനായകൻ മാനത്തിനാൽ
പ്രാപിച്ച നിധനത്തെ, മദത്താൽ ദംഭോത്ഭവൻ.
ഷഡ്വർഗ്ഗമായീടുന്ന ശത്രുവേയുത്സർജ്ജിച്ചു
ചട്ടററ ജിതാത്മാവാം ജാമദഗ്ന്യനും പിന്നെ
ഭക്തിമാൻ മഹാഭാഗനംബരീഷനും പുരാ
ധാത്രിയേ ചിരകാലം ഭുജിച്ചു വാണീടിനാർ.

ഒന്നാംപ്രകരണം സമാപ്തം

---

## രണ്ടാംപ്രകരണം

### വിദ്യാവൃദ്ധസംയോഗം

നിർമ്മായം സജ്ജനങ്ങൾ സാദരം സേവിപ്പതാം
ധർമ്മാർത്ഥദ്വയത്തിനെ മുറപോൽ വർദ്ധിപ്പിച്ചും,
ഉണ്മയിൽ ഷഡിന്ദ്രിയസംയമം ചെയ്തും നൃപൻ
വെണ്മയാം ഗുരുപാദസേവനയ്ക്കൊരുങ്ങണം.
ശാസ്ത്രസമ്പാദനാർത്ഥം ഗുരുവിൻ സമാഗമം,
ശാസ്ത്രസമ്പത്തി വിനയാഭിവൃദ്ധിക്കും നൂനം.
വിദ്യയാൽ വിനീതനായ് ഭവിക്കും നൃപാലനു
പററുകില്ലവസാദം കൃച്ഛ്രമാം കാര്യത്തിലും,
വൃദ്ധരാലനുദിനം സേവിതനാകും നൃപൻ
സജ്ജനങ്ങളാൽ സദാ സമ്മതനായിത്തീരും.
ദുർജ്ജനങ്ങളാൽ പാരം പ്രേരിതനായീടിലും
തെററായ കാര്യങ്ങളിലാസക്തനാകില്ലവൻ.
ഗുരുനാഥങ്കൽനിന്നും കലകൾ സമ്പാദിച്ച
മരുവും ധരണീശനവനീതലം തന്നിൽ
സുഭദ്രം വർദ്ധിച്ചീടും ദിവസം ചെല്ലുന്തോറും
സിതമാം പക്ഷത്തിലെസ്സുന്ദരചന്ദ്രൻപോലെ.
ആത്മസംയമം ചെയ്തും നീതികേടേശാതെയും
പാർത്തലം പാലിച്ചീടും പൂജ്യനാം നരേന്ദ്രനു,
വാച്ചെഴും ശ്രീയും നഭോമണ്ഡലം ഭേദിച്ചീടു-
മുച്ചമാം സൽകീർത്തിയും സർവ്വത്ര പരന്നീടും.

 No. 1(21)

ഇത്തരം നയാനുചിതം നരദേവന്മാർമുന്നം
ശ്രദ്ധയാ ഭജിച്ചതാം വിനയം കൈക്കൊണ്ടീടും
പാത്ഥിവൻ മഹാമേരുശിഖരോപമംപൊങ്ങും
ഭാസുരമായ ലക്ഷ്മീപാദത്തെ കടന്നെത്തും.
പാത്ഥിവപദം ലോകേ പ്രത്യേകം നിലനിൽപ്പു
പേർത്തുമതനുപാരം പ്രകൃത്യാ സമുന്നതം.
വിനയം മൂലമതു പുഷ്ടമാകണം ഭൂപൻ
വിനയം മുൻനില്ക്കുന്ന നയത്തിൻ സിദ്ധിക്കോർത്താൽ.
ഉത്തമാദരത്തിനെ പ്രാപിപ്പു വിനയാഢ്യൻ
പാത്ഥിവന്മാക്കു പാർത്താൽ വിനയം വിഭൂഷണം.
കൃതദാനനായ് മൃദുസഞ്ചരൽകരനായി
ഭദ്രനാംകരിപോലെ ശോഭിപ്പു വിനയത്താൽ.
വിദ്യാസമ്പാദനാത്ഥം ഗുരുവേ സേവിക്കുന്നു,
വിദ്യയും മഹാന്മാക്കു ബുദ്ധിയെ തെളിക്കുന്നു.
വിദ്യകൾ സമ്പാദിച്ച വിദ്വാന്മാർമതങ്ങളേ
തദ്വൽപാലനം ചെയ്യുതെത്രയും ശ്രേയസ്സിന്നാം.
വൈദഗ്ദ്ധ്യമേറീടുന്ന സൽഗുരുവരൻതന്നെ
വൈകല്യമെന്യേ സേവിച്ചണുവും ഭേദിക്കാതെ
ശുചിയായ് ഭക്തിപൂർവ്വമനുവത്തിക്കും നൃപൻ
സുദൃഢം ഭവിക്കുന്നു ശ്രേയസ്സിന്നാധാരമായ്.
വിദ്യകളഖിലവും പഠിച്ചു വിനീതനായ്
ചെറുമേ പിഴയാതെ കാര്യ്യങ്ങൾ നടത്തീടും

നൃവരൻ ജഗത്തിങ്കൽ നൃപതിപദത്തിനും
നിയതം ശമത്തിനും ക്ഷമനായ് ഭവിക്കുന്നു.
വിനയവിഹീനനാം നൃപനേയനായാസ-
മരികൾ വശനാക്കുമെവശ്യനെന്നാകിലും.
ശ്രുതവും വിനയവും സിദ്ധിച്ച ഭൂപാലകൻ
തന്നെവാകിലുമവന്നുണ്ടാകാ പരാഭവം.

രണ്ടാംപ്രകരണം സമാപ്തം

---

## മൂന്നാംപ്രകരണം

### വിദ്യാവിഭാഗം

ദണ്ഡനീതിയും ത്രയീവാർത്തയുമന്വീക്ഷികീ-
യെന്ന വിദ്യകൾനാലും വിനയാന്വിതം ഭൂപൻ
തജ്ജ്ഞാനക്രിയകളിൽ പരിപകചതയേറും
വിജ്ഞരോടൊരുമിച്ചു വേണ്ടപോൽ ചിന്തിക്കണം.
ലോകത്തിൽ പ്രസിദ്ധമാം വിദ്യകളിവനാലും
യോഗക്ഷേമാവാപ്തിക്കു കാരണമായിടുന്നു.
ചേണെഴും ത്രയീ വാർത്താ ദണ്ഡനീതികളെന്നു
മൂന്നു വിദ്യകൾമാത്രം മനുവിൻ പക്ഷത്തിങ്കൽ
പേരെഴുമന്വീക്ഷികിതന്നെയോ ത്രയിയുടെ
വേറൊരു വിഭാഗമായക്കൂട്ടർ ഗണിക്കുന്നു.

ശക്തനാം സുരഗുരുതന്നുടെ ശിഷ്യഗണം
ശക്തിയോടോതീടുന്നു വിദ്യകൾ രണ്ടെന്നായി.
വാൎത്തയും ദണ്ഡനീതിതാനുമാണവൎക്കനം,
നിസ്തുലമൎത്ഥത്തിന്റെ ലൌകികപ്രാധാന്യത്താൽ.
ശുക്രശിഷ്യന്മാർ ചൊൽവൂ വിദ്യയതൊന്നായ്മാത്രം
ചൊൽക്കൊണ്ട ദണ്ഡനീതിയാണതു നിസ്സംശയം.
പാൎക്കിലോ ദണ്ഡനീതിയെന്നതിൽതന്നെ നൂനം
ഭോഷ്കല്ല സൎവ്വവിദ്യാരംഭവും ഭവിക്കുന്നു.
അസ്മദീയനാം ഗുരുതന്നുടെ ദൎശനത്തിൽ
വിസ്മരിക്കാതെ ചൊൽവു വിദ്യകൾ നാലായതും
പ്രത്യേകം പ്രസിദ്ധ്യൎത്ഥമിന്നാലു വിദ്യയേയും
ചൊല്ലുന്നി,തിവയിൽ താൻ ലോകത്തിൻ വ്യവസ്ഥിതി.
ഇച്ചൊന്ന വിദ്യകളിലാദ്യമായ് നിലകൊള്ളും.
സച്ഛമാമാന്വീക്ഷികിയാത്മവിജ്ഞാനംതന്നെ.
ത്രയിയിൽ ധൎമ്മാധൎമ്മം വാൎത്തയിലൎത്ഥാനൎത്ഥം
നിയതം ദണ്ഡനീതിതന്നിലോ നയാനയം.
ആന്വീക്ഷികിയും,ത്രയീ,വാൎത്തയുമെന്നീമൂന്നും
മന്നിതിൽസത്തായുള്ള വിദ്യകളായിച്ചൊൽവൂ.
സത്താണെന്നാലുമിവ സത്തല്ലാതായിത്തീരും
ശുദ്ധമാം ദണ്ഡനീതി തന്നിലെ വിമോഹത്താൽ
ദണ്ഡനീതിയതെപ്പോൾ മന്നിടം വാഴുന്നോനിൽ
ദണ്ഡമെന്നിയേ ചുവടുറച്ചുമേവീടുമോ

അന്ന്യമായീട്ടും വിദ്ധ്യയൊക്കെയുമക്കാലത്തു
പണ്ഡിതന്മാരായവരന്ന്യൂനമുപാസിക്കും.
വൎണ്ണങ്ങൾ നാലും, പുനരാശ്രമചതുഷ്കവും
നിൎണ്ണയമീവിദ്ധ്യകൾ നാലിലായധിഷ്ഠിതം.
ഭൂവരനവയുടെ യീക്ഷണപാലനങ്ങൾ
കാരണം തദ്ധൎമ്മത്തിൽ ഭാഗഭാക്കായീടുന്നു.
ആത്മവിദ്ധ്യയാണത്രേ പാൎക്കകിലാന്വീക്ഷികി
ആത്മനാ വീക്ഷിക്കയാൽ സുഖദുഃഖങ്ങൾ നരൻ.
വീക്ഷിച്ചങ്ങതിനാലേ തത്ത്വമാസ്വദിക്കുമ്പോൾ
ഭോഷ്കെന്ന്യേ വെടിയുന്നു ഹൎഷശോകങ്ങൾ മൎത്ത്യൻ.
ഋഗ്യജുസ്സാമങ്ങളെന്നെങ്ങുമേ പ്രസിദ്ധമാ-
മാ ത്രിഃവേദത്തെ ചൊല്ലൂ ത്രയിയെന്നായിപ്പാരിൽ
ശ്രദ്ധയാ യഥാവിധി ത്രയിയെബ്ഭജിപ്പോൎക്കു
ലബ്ധമായ്ത്തീരും രണ്ടുലോകവുമസംശയം.
വേദങ്ങൾ നാലും പിന്നെയംഗങ്ങളാറും ധൎമ്മ-
വാദമാം മീമാംസയും, ന്ന്യായവിസ്തരം താനും,
ധൎമ്മശാസ്ത്രവുമഷ്ടാദശമാം പുരാണവും,
നിൎമ്മായം ത്രയി എന്ന പേരിനാലുദീരിതം.
ശിക്ഷയും, വ്യാകരണം, കല്പവും, നിരുക്തവും,
ഛന്ദവും, ജ്യോതിൎവിദ്ധ്യയായതും വേദാംഗങ്ങൾ.
വാണിജ്ജ്യം, പാശുപാല്യം, കൃഷിയെന്നിവമൂന്നും,
വാൎത്തയെന്നുള്ള പേരിലേറവും പ്രസിദ്ധമാം,

KOTTAYAM PUBLIC LIBRARY KOTTAYAM.

വാൎത്തയാൽ സമ്പന്നനായ് മരുവും മനുഷ്യനു
വൃത്തിയെപ്പററിയേതും ഭീതിയുണ്ടാകയില്ല.
ദണ്ഡമെന്നതിനൎത്ഥം ദമമെന്നത്രേ നൂനം
ദണ്ഡനെന്നുരയ്ക്കുന്നു മന്നനെയതിൻമൂലം.
ആയവൻ തൻെറ നീതിയാകയാൽ ദണ്ഡനീതി,
നീതി തൻ പൊരുൾനയിച്ചീടുകയെന്നാണല്ലോ !
ദണ്ഡനീതിയാൽ നൃപൻ പാലിച്ചുകൊണ്ടീടേണം
തന്നെയും സൎവ്വത്തെയും സൎവ്വവിദ്യൗഘത്തെയും.
വിദ്യകളാകുന്നതു ലോകോപകാരികളാം,
വിദ്യയേപ്പാലിപ്പവൻതന്നെയാം മഹീപാലൻ.
വിദ്യകൾ പാലിക്കേണ്ടതേതെല്ലാമെന്നുള്ളതായ്
വ്യക്തമായിതിൻമുമ്പിൽ സൎവ്വവുമോതീടിനേൻ.
വിദ്യകളിവയാലേ വിശ്രുതമാകും ചതു-
ൎവ്വൎഗ്ഗത്തെയറിയണം നിൎമ്മലപ്രജ്ഞൻ നൃപൻ.
വേദ്യമാകേണ്ടതല്ലോ വിദ്യയെന്നോതീടുന്നു
വിദിധാതുവിന്നൎത്ഥം ജ്ഞാനമെന്നറിഞ്ഞാലും.

മൂന്നാംപ്രകരണം സമാപ്തം

---

# നാലാം പ്രകരണം

## വണ്ണാശ്രമവ്യവസ്ഥ

യജ്ഞവുമദ്ധ്യയനം ദാനവുമെന്നീ മൂന്നും
സ്വച്ഛമായ് ശാസ്ത്രോക്തിപോൽ നടത്തേണ്ടതാം കൃത്യം
ഉക്തമാം ബ്രഹ്മക്ഷത്രവൈശ്യവണ്ണങ്ങൾക്കുള്ള
വ്യക്തമാം സനാതനസാമാന്യധമ്മമായി.
ശുദ്ധമായീടുന്നതാം യാജനമദ്ധ്യാപനം,
ശുദ്ധന്മാർ തങ്കൽനിന്നും ലബ്ധമാം പ്രതിഗ്രഹം
ഇത്തരം മൂന്നുകൃത്യം ബ്രാഹ്മണവണ്ണത്തിന്നായ്
പ്രത്യേകം വിധിക്കുന്നു മുനിമാരെല്ലാവരും.
ശസ്ത്രത്തിൻ പ്രയോഗത്താൽ ജീവിക്ക, ജീവികളെ
രക്ഷിക്കയിവരണ്ടും ക്ഷത്രിയജാതിക്കാക്കും.
സ്വച്ഛമാം പാശുപാല്യം, കൃഷിയും വാണിജ്യവും
നിശ്ചയമാജീവാത്ഥം വൈശ്യക്കും വിധിക്കുന്നു.
ശൂദ്രനു മുൻചൊന്നതാം മൂന്നുജാതിക്കാരെയും
ശുശ്രൂഷചെയ്യുന്നതു ധമ്മമെന്നുദീരിതം.
ശ്രദ്ധയാ ദ്വിജസേവചെയ്യതു ശൂദ്രക്കെന്നും
ശുദ്ധമാം വൃത്തി, കാരുചാരണകമ്മങ്ങളും.
ഗുരുവിൻ ഗൃഹംതന്നിൽ നിത്യവും വസിക്കുക,
പരിചോടെന്നുമഗ്നിശുശ്രൂഷചെയ്തീടുക,
പതിവായാമ്നായാദി വിദ്യകൾ പഠിക്കുക,
വ്രതമാചരിക്കുക, ത്രിസന്ധ്യാസ്നാനം ചെയ്ക,

വഴിപോൽ ദൈനംദിനഭിക്ഷകളിരക്കുക,
പിഴയാതന്ത്യംവരെ ഗ്ഗുരുവോടൊത്തുവാഴ്ക,
ഗുരുവിന്നഭാവത്തിൽ സബ്രഹ്മചാരിയാകും
ഗുരുവിൻ സുതനോടുകൂടവേ വാണീടുക,
ഇത്തുകളെല്ലാം ബ്രഹ്മചാരിതൻധർമ്മംപിന്നെ
യിതരാശ്രമം പൂകാമാവിധമാശിക്കുകിൽ.
അരമേൽ മേഖലയും ധരിച്ചു കയ്യിൽ ദണ്ഡും
തലമുണ്ഡനം ചെയ്തോ ജടിയായിട്ടോ മുദാ
ഗുരുവിൻ വസതിയിൽ പിന്നെയും വസിച്ചിട്ടു
നിജമാം ബ്രഹ്മചര്യം തുടരെ പ്പാലിച്ചീടാം;
പുനരങ്ങന്യാശ്രമം നയിക്ക യഥാകാമം
വിനയാന്വിതം വിദ്യ ഗ്രഹിച്ചിട്ടതിൻശേഷം.
വിരവേ ഗാർഹികാഗ്നി പാലിച്ചും, യഥാകാലം
മുറപോൽ സ്വകർമ്മണാ ജീവിതം നയിച്ചിട്ടും
പതിദേവതയാകും ധർമ്മപത്നിയിൽ പർവ്വ-
മൊഴികേയുള്ളനാളിൽ രതിചെയ്യാനണ്ടിച്ചും,
പതിവായ് ദേവാതിഥിപിതൃപൂജകൾ ചെയ്തും,
നിതരാം കൃപണരിലനുകമ്പയെപ്പൂണ്ടും
ശ്രുതിസ്മൃത്യാജ്ഞാപിതകർമ്മങ്ങളെല്ലാം ശരി-
യ്ക്കുതതിൻ വിധിപോലെ നിയതമനുഷ്ഠിച്ചും,
ദിവസം നയിച്ചുകൊണ്ടീടണമവൻ പിന്നെ ;
ധ്രുവമായതുതന്നെ ഗൃഹമേധിതൻധർമ്മം.

തികച്ചും ജടപൂണ്ടുമഗ്നിഹോത്രങ്ങൾ ചെയ്തും
തറമേൽ ശയിച്ചിട്ടാ മാന്തോലുധരിച്ചിട്ടും
വനത്തിൽ വസിച്ചിട്ടും, വിശപ്പുപോക്കീടുവാൻ
ഫലമൂലാംബുനീവാരാദികളശിച്ചിട്ടും
ത്യജിച്ചാം പരിഗ്രഹം, മുറയ്ക്കു വ്രതാപൂണ്ടു
കുളിച്ചു മൂന്നുനേരം ജപിച്ചും യഥാവിധി
കഴിച്ചും ദേവാതിഥിപൂജകളൊക്കെ, കാലം
കഴിച്ചുകൊള്ളുന്നതു വനവാസിതൻ ധമ്മം.
സവ്വമാമാരംഭവും വെടിഞ്ഞുവാണീടുക,
സർവ്വദാ ഭൈക്ഷ്യംകൊണ്ടു ഭോജനം കഴിക്കുക,
മരത്തിൻചുവടിനെയാവാസമാക്കീടുക,
ത്യജിച്ചുകൊണ്ടീടുക സമഗ്രം പരിഗ്രഹം,
സമസ്തപ്രാണിമേലുമദ്രോഹകൃത്താവുക,
സമസ്തജന്തുവോടും സമത്വം കൈക്കൊള്ളുക,
പ്രിയവും പ്രിയക്കേടുമൊരുപോലുപേക്ഷിക്ക,
സുഖവുമസുഖവും സമമായെണ്ണീടുക,
നിയതാ ബഹിരന്തഃശുചിത്വം പാലിക്കുക,
സ്സമനം വാക്കും സദാ സംയമംചെയ്തീടുക,
ഇന്ദ്രിയങ്ങളെയൊക്കെയടക്കിധാരണയാൽ
സന്തതം ധ്യാനത്തിങ്കൽ ഹൃത്തിനെയുറപ്പിക്ക,
നിതരാം ഭാവശുദ്ധിയുതനായ് ഭവിക്കുക,
വിദിതമിവയെല്ലാം പരിവ്രാജകധമ്മം.

അഹിംസാ, സൂനൃതോക്തി, ഋജുത്വം, ശൗചം, സർവ്വ-
ജീവികളോടുമേററമാർദ്രത, ക്ഷമാശീലം
ഇതുകളെല്ലാമെല്ലാവർണ്ണാശ്രമസ്ഥന്മാക്കും
പൊതുവേയുള്ളതായ ധർമ്മമായ് ചൊല്ലീടുന്നു.
സ്വർഗ്ഗാനന്ത്യത്തിനായിട്ടുള്ളൊരിധർമ്മംതന്നെ
നിസ്തക്കംവിധിക്കുന്നു വർണ്ണാശ്രമസ്ഥക്കെല്ലാം
ഇതിൻെറയഭാവത്തിൽ ലോകരെല്ലാരുംനൂനം
വിതതം നാശാവൃകും സങ്കരദോഷത്തിനാൽ.
ഇതിനെ യഥാന്യായമാചരിപ്പിക്കുന്നവൻ
ക്ഷിതിപനായീടുന്ന മഹിതപുമാൻതന്നെ.
ക്ഷിതിപനില്ലാതാകിൽ നശിക്കും ധർമ്മമെല്ലാ-
മതിൻെറയഭാവത്തിൽ ലോകവും നശിച്ചിടും.
വർണ്ണാശ്രമങ്ങൾതന്നിൽ സ്ഥിതിചെയ്യുന്നോരതം
വർണ്ണാശ്രമത്തിൻ വിഭാഗങ്ങളെ ഗ്രഹിച്ചഥ
വർണ്ണാശ്രമങ്ങൾ പാലിച്ചീടുന്ന നൃപാലകൻ
നിർണ്ണയം സ്വർഗ്ഗഭാക്കാമൂർവ്വീഭാക്കായശേഷം.

നാലാംപ്രകരണം സമാപ്തം

# അഞ്ചാംപ്രകരണം

## ദണ്ഡമാഹാത്മ്യം

തനിക്കും പ്രജകൾക്കുമായിട്ടു ഭൂമീശ്വരൻ
ധരയും സ്വർല്ലോകവുമൊന്നുപോൽ ധരിക്കുന്നു.
അതിനാൽ യഥാവിധി ദണ്ഡഭൃത്തിനെപ്പോലെ
ക്ഷിതിനായകൻ നിജദണ്ഡത്തെ ധരിക്കേണം.
തീക്ഷ്ണമാം ദണ്ഡത്തിനാൽ പ്രജകൾ ക്ഷോഭിച്ചീടും
തീക്ഷ്ണത കുറഞ്ഞീടിലുണ്ടാകുമവജ്ഞയും
അതിനാൽ യുക്തമാകും ദണ്ഡത്തെ നല്കീടണം,
യുക്തദണ്ഡനാം ഭൂപൻ സർവ്വഥാ പ്രശസ്തനാം.
ധർമ്മാർത്ഥകാമത്രയം വർദ്ധിക്കും വീണ്ടും വീണ്ടും
നിർമ്മായം യഥാന്യായം നടത്തും ദണ്ഡത്തിനാൽ.
അന്യായമായ ദണ്ഡം രഞ്ജിക്കില്ലൊരുവർക്കും
നിർണ്ണയം വനസ്ഥരുമതിനാൽ കോപിച്ചീടും.
അനുദ്വേഗകമായും ലോകശാസ്ത്രത്തിന്നൊത്തു-
മനുഷ്ഠിച്ചീടും ദണ്ഡം ഭവിപ്പൂ ശ്രേയസ്സിനായ്.
മറിച്ചങ്ങുദ്വേജനമാകുകിലധർമ്മമായ്
ഭവിക്കുമതുപിന്നെ ഭൂപൻെറ നാശത്തിനും.
ജഗത്തിൽ ദണ്ഡനീതി നടക്കാതിരുന്നീടിൽ
തരത്തിൽ ഭിന്നഭിന്നവർഗ്ഗത്തിൽ ചരിപ്പോരാം
സമസ്തജനങ്ങളുമന്യോന്യം ഗ്രസിച്ചിട്ടു
പരിധ്വംസിയാം മാത്സ്യന്യായത്തിലെത്തിച്ചേരും.

ആശ്രയഹീനരായിക്കാമലോഭാദികളാ-
ലശ്രാന്തം പ്രേരിതരായ് നരകക്കടലിങ്കൽ
മഗ്നരായുഴലുന്ന മർത്ത്യരെ മഹീനാഥൻ
യുക്തമാം ദണ്ഡത്തിനാൽ നിർത്തണം സ്വസ്ഥാനത്തിൽ.

പ്രകൃത്യാ വിഷയങ്ങളോരോന്നാലാകൃഷ്ടരായ്
സ്വകൃത്യഭ്രഷ്ടന്മാരായ്, ധനസ്ത്രീലോലുപരായ്
ഭവിക്കും ജനങ്ങളെസ്സാധുസേവിതധർമ്മ-
പഥത്തിൽ ദണ്ഡനീതിഭയത്താൽ സ്ഥാപിക്കണം.

നിത്യവും വിവശമായുഴലും ലോകത്തിങ്കൽ
സത്യമോർത്തീടിൽ സാധുവൃത്തന്മാർ സുദുർല്ലഭം
പ്രായശോ ദണ്ഡനീതിഭീതിയാലല്ലോ മർത്ത്യർ
പാരിതിൽനിയന്ത്രിതവിഷയന്മാരായ്ത്തീരും.

വികലൻ, കൃശൻ, രോഗി, നിസ്വനാം ഭർത്താവിനും
കുലസ്ത്രീ വശഗയാം ദണ്ഡനീതിയാൽമാത്രം.

ഇത്ഥമർത്ഥങ്ങൾപാർത്തും, വിധിവത്തായും, യത-
ചിത്തനായ് ദണ്ഡനീത്യാ പ്രജയെബ്ഭരിച്ചീടും
പാർത്ഥിവൻതന്നിലെത്തിച്ചേരുന്ന സർവ്വശ്രീയു-
മബ്ധിയിൽ പുഴകൾപോൽ മടങ്ങിപ്പോയീടാതെ.

അഞ്ചാംപ്രകരണം സമാപ്തം

# ആറാംപ്രകരണം

## ആചാരവ്യവസ്ഥാപനം

സമസ്തജനത്തിലും ദണ്ഡഭൃത്തിനേപ്പോലെ
സമത്വബുദ്ധിയോടെ ദണ്ഡനീതിയെച്ചെയ്തു
സുതരാമനുഗ്രഹിച്ചീടണം പ്രജകളെ
ക്ഷിതിനായകൻ പ്രജാപതിക്കു സമനായി.
മാധുര്യമേറും മൊഴി, കാരുണ്യം, ദീനാശ്രിത-
പാലനം, ദാനം, സാധുസൽസംഗമിവയഞ്ചും
ഹിതമാണെല്ലാവർക്കുമായതു വിശിഷ്ടമാം
വ്രതമായാചരിപ്പു സൽപുമാന്മാരെല്ലാരും.
ദീനർതൻതീവ്രാതങ്കേ ഹൃത്തലിഞ്ഞവശനായ്
നൂനമദ്ദുഃഖത്തിൽനിന്നവരെക്കരേറ്റണം
ദുഃഖപങ്കാർണ്ണവത്തിൽ മഗ്നരാം ദീനന്മാരെ
ശക്തിപോൽ സമുദ്ധരിച്ചീടുന്ന കൃത്യത്തിനെ
എപ്പോഴുമനുഷ്ഠിക്കും സജ്ജനങ്ങളേക്കാളും
സൽപ്പുമാന്മാർതൻവ്രതം പോറ്റുവോരുണ്ടാകില്ല.
എത്രയുമപാരമാം കാരുണ്യഭാവത്തോടും
ശുദ്ധമാം ധർമ്മത്തിൽനിന്നല്പവും ചലിക്കാതെ
പൃഥ്വീശനനാഥരാം പീഡിതജനങ്ങൾത-
ന്നത്തൽതീർത്തശ്രുക്കളെ മാർജ്ജനംചെയ്തീടണം
പ്രാണനെദ്ധരിക്കുന്ന ജീവികളെല്ലാറ്റിനും
ചേണാർന്നൊരാനൃശംസ്യം [1] തന്നെയാം പരംധർമ്മം

---

1 ആനൃശംസ്യം = ഭൂതദയ

എന്നതുമൂലം ദൃഢമാനൃശംസ്യത്താൽ നിത്യം
മന്നവൻ പാലിക്കേണം വേണ്ടപോൽ ദീനന്മാരെ.
സ്വസുഖം കാംക്ഷിച്ചിട്ടു ഭൂപാലനൊരിക്കലും
കൃപണന്മാരെത്തെല്ലാം പീഡിപ്പിക്കരുതല്ലോ.
എന്നല്ല മറിച്ചങ്ങു ചെയ്യുകിൽ കൃപണരും
മന്നനെ ഹനിച്ചീടും കോപത്താൽ നിസ്സംശയം.
അല്പസാരരായ് പാരിൽ ജീവിക്കും ജനങ്ങളെ
അല്പമാംസുഖത്തിലുള്ളാഗ്രഹം പെരുകീട്ടു
ഉൽകൃഷ്ടകുലത്തിങ്കൽ ജാതനേതൊരു പുമാൻ
ഉഗ്രപീഡനത്തിന്നു വ്യഗ്രതകാണിച്ചീടും.
ആധിയും വ്യാധിയും കൊണ്ടേററവും പീഡയാന്നു-
മദ്ധ്യ വാശേഷാ വാതന്നെ മൃത്യുവിന്നിരയായും
വത്തിക്കും ശരീരാത്ഥമാരുതാൻ ജഗത്തിങ്ക-
ലത്യന്തം നീചമാകുമധമ്മമാചരിപ്പോൻ ?
സ്നാനപാനാദികളാൽ ക്ഷണനേരത്തേക്കുണ്ടാം
മാനസാമോദത്തിന്നേ കൃച്ഛ്റേണ നല്കുന്നതാം.
ദേഹമായതുപാത്താൽ ഛായാസന്നിഭംനൂനം
ദേഹികളോത്തിടണമതിന്നേ നീർപ്പോളപോൽ.

കൊട്ടുതായ് കാററടിച്ചാലുടനേ നാലുപാട്ടും
പറക്കും പയോധരപംക്തികൾ സമാനമായ്
സതതം ചലിച്ചീടും വിഷയരിപുക്കളാൽ
ഏതരാസ്ഥീന്നീട്ടുവതെങ്ങനെ മഹാത്മാക്കൾ ?

ജലത്തിൻറുള്ളിൽകാണും ചന്ദ്രബിംബത്തിനൊപ്പം
ചലത്താണത്രേ ജീവൻ ദേഹികൾക്കോത്തീടുകിൽ
ഗ്രഹിച്ചുകാര്യമേവംവിധത്തിലെല്ലാവരും
മുറയ്ക്കു നന്മതന്നേ സർവ്വദാ ചെയ്തിടണം.
മദ്ധ്യാഹ്നത്തിങ്കലുള്ള മൃഗതൃഷ്ണയെപ്പോലെ
വിശ്വത്തെയെല്ലാം ക്ഷണഭംഗുരമെന്നുപാർത്തു
സ്വജനത്തോടു നരൻ സംഗതനായിടണ-
മനിശം ധർമ്മത്തിനും സുദൃഢം സുഖത്തിനും.
സുജനങ്ങളാൽ നിത്യം സേവിതനാകും നരൻ
രുചിരശ്രീപൂണ്ടെന്നുമതുലം ശോഭിച്ചിടും.
നിയതം സുധയാലേ ലിപ്തമാം മഹാസൌധം
നിശയിൽ ശശാങ്കൻെറ പൂനിലാവിനാൽപ്പോലെ
കല്യാണശ്രീകളിക്കും സജ്ജനവിചേഷ്ടിത-
മുള്ളിലാനന്ദമേററം മർത്ത്യനു നല്കുംപോലെ
അല്ലലെന്നിയേ സുഖം നല്കിടാ സുധാംശുവും
ഫുല്ലപത്മങ്ങളേന്തിവിലസും നളിനിയും.
ഗ്രീഷ്മാംകാലത്തിലെ സൂര്യാതപത്താൽ തപി-
ച്ചുഗ്രമായുഗ്രമായാശ്രയവിഹീനമായ്
വ്യാപ്തമായ്മരുവുന്ന മരുഭൂമിയെപ്പോലെ
വർജ്ജിക്കവേണം നരൻ ദുർജ്ജനസംസർഗ്ഗത്തെ.
സൽഗുണശീലങ്ങളാൽ ശ്രേഷ്ഠരാം സജ്ജനങ്ങൾ
തന്നുടെയുള്ളിൽ ബലാലേറിയാദുർജ്ജനങ്ങൾ

വീതകാരുണ്യം വേഗാൽ ദഹിപ്പിച്ചീടുന്നിളു
ജാതവേദസ്സു പാരിൽ ശുഷ്കശാഖിയെപ്പോലെ.
മൂക്കിൽനിന്നുദീണ്ണമാം നിശ്വാസവഹ്നിയ്ക്കുള്ളോ-
രുക്കേറും ജ്വാലതൻെറ ധൂമമേല്ക്കുകമൂലം
കൃഷ്ണവണ്ണനായ്തീന്ന രുക്ഷസപ്പത്തിൻസംഗം
ദുജ്ജനസംഗത്തേക്കാളെത്രയോ സുഖാവഹം.
ശുദ്ധമാനസരാകും സത്തുക്കൾ, കാരുണ്യത്താൽ
ബദ്ധമോദേന നിത്യമുരുളച്ചോറുനല്കി,
പോററുന്ന കൈക്കുതന്നെ കടന്നുകടിച്ചിട്ടു
കാട്ടുന്നു കൃതഘ്നത ദുജ്ജനം മാജ്ജാരംപോൽ.
നല്ലതുചൊല്ലിക്കൊടുത്തീടുന്ന ജനത്തിന്മേൽ
കില്ലെന്യേ വമിക്കുന്നു വാഗ്‌വിഷം ഭയങ്കരം
എന്നല്ല രണ്ടുനാവു ധരിച്ചുകൊണ്ടീടുന്നു
ഖിന്നതയേതുംവിനാ ദുജ്ജനമഹാഹികൾ.
വന്ദ്യരായിരിപ്പോരു സജ്ജനത്തോടും ചെയ്യു-
മഞ്ജലിബന്ധത്തിന്നെ വെല്ലുന്നോരുപചാരം
നിണ്ണയം ചെയ്തീടണം ദുജ്ജനഃത്താടു നിത്യം
മന്നിതിൽ ക്ഷേമംതന്നെ കാംക്ഷിക്കും മനുജന്മാർ.
സകലജനത്തെയുമാകഷിച്ചീടാൻ പുമാൻ
സകലജീവികൾക്കുമാനന്ദപ്രദമാകും
പരമമായീടുന്നമൈത്രിയെക്കാട്ടീടണം
സരസംലൗകികമാം വാക്യവുമുരയ്ക്കണം

അനിശം ഹൃദയത്തെ ഹരിക്കും വാക്കുകളാൽ
മനുജൻ ജഗത്തിനു നല്കണം മഹാഹ്ലാദം
ധനദാനങ്ങൾചെയ്യും നരനെന്നാലും തെല്ല
കൊട്ടുവാക്കോതീട്ടകിലസുഖം ജനിപ്പിക്കും
ഹൃദയം തുളയ്ക്കുമ്പോൾ സന്താപമേകും വാക്യം
മതിമാനരയ്ക്കാലോ പീഡിതനായീടിലും
സജ്ജനമായീടിലും ദുർജ്ജനമായീടിലും.
സ്നിഗ്ദ്ധമാം വചസ്സുതാനവരോടുരയ്ക്കണം
പ്രിയവാക്കാകും പുമാനാക്കുതാൻ പ്രിയനല്ല
നിയതം കേകാരമ്യമായിട്ടും മയൂരംപോൽ?
മദരക്തമാന്നീട്ടാ കേകയാൽ മയൂരങ്ങൾ
സതരാം ശോഭായുക്തരായിട്ടു ഭവിക്കുന്നു.
എന്നതുപോലെതന്നെ മാധുര്യമേറും വാക്കാ-
ലെത്രയും വിഭൂഷിതരാകുന്നു പണ്ഡിതന്മാർ.
സന്തതം മദരക്തമായിട്ടും കളഹംസ-
മെന്നല്ല പുംസ്കോകിലം, മയൂരമിവയ്ക്കേഴും
മോഹനശബ്ദംപോലും യോഗ്യനാം പണ്ഡിതന്റെ
വാണിയെന്നതുപോലെ ഹരിക്കാ ഹൃദയത്തെ.
ഗുണാനുരാഗിയായി സർവ്വദാ സദാചാര-
പഥഗനായിദ്ദയാപരനായ് ശ്രദ്ധാന്വിതം
ധനംതത്ത ധർമ്മാത്ഥമായ് കൊടുത്തുകൊണ്ടീടണം
വദിച്ചീടേണം സദാ മൃദുവായീട്ടും വാക്കും.

പ്രിയങ്ങളുരസ്ഥയും സൽക്കൃതിയനാരത-
മനുഷ്ഠിക്കയും ചെയ്തീടുന്നൊരു മഹാത്മാക്കൾ
ശ്രീയുതന്മാരുമായി വന്ദ്യവൃത്തരുമായി
മാനുഷരൂപമാന്ന ദേവന്മാർതന്നെ നൂനം.
പൂജചെയ്യുകവേണം ശുചിയായ് ദേവന്മാരേ
മോദമോടാസ്തിക്യത്താൽ പൂതമാനസനായി.
ദേവനെപ്പോലെതന്നെ ഗുരുവെപ്പൂജിക്കേണം
പൂജിച്ചീടണം തന്നെപ്പോലെ തൻ വയസ്യനെ.
നമസ്കാരത്താൽ ഗുരുജനത്തിൻ പ്രിയത്തെയും
വരിഷ്ഠഃചേഷ്ടകളാൽ സജ്ജനാമോദത്തെയും
പെരുത്ത സൽക്കർമ്മത്താൽ ദേവതാതുഷ്ടിയേയും
വരുത്തിക്കൊണ്ടീടണം മനുഷ്യൻ ശ്രേയസ്സിന്നായ്.
മിത്രത്തെ സൽഗുണത്താൽ, ബന്ധുദേവ സൽഭാവത്താൽ,
ഭൃത്യരേ ദാനത്തിനാൽ, ഭാര്യയേ പ്രേമത്തിനാൽ,
നിത്യവും ദാക്ഷിണ്യത്താലന്യരാം നരരേയും
നിത്തണം നയപൂർവ്വം തനിക്കു വശഗരായ്.
അന്യന്റെ കൃത്യത്തിങ്കലവജ്ഞ തോന്നീടായ്ക,
തന്നുടെ കൃത്യം സർവ്വമന്യൂനം പാലിക്കുക,
സന്തതം കൃപണരിൽ ദയയാ വർത്തിക്കുക,
ബന്ധുരമധുരവാക്കാരോടുമോതീടുക,
ജീവനെയുപേക്ഷിച്ചും തുണയ്ക്ക സന്മിത്രത്തേ,
പൂജിച്ചീടുക ഗൃഹാഗതനെ യഥാവിധി,
ശക്തിപോൽദാനംചെയ്ക, സഹനാശീലിക്കുക,
ഐശ്വര്യമുണ്ടാകുമ്പോഴൊട്ടുമേ മദിക്കായ്ക,

ഏതുമങ്ങന്യശ്രീയിൽ മാത്സ്യര്യമുദിക്കായ്ക,
ചേതസ്സിലാക്കും പ്രീണമേകുന്ന വാക്കോതായ്ക,
വ്രതമായാചരിക്ക നിയതം മൗനത്തിന്നെ,
സതതം ദൃഢബന്ധം ബന്ധുവില്പുറപ്പിക്ക,
സജ്ജനത്തോടു നിത്യമൃജുവായ് വത്തിക്കുക,
സജ്ജനമതംപോലെ സർവ്വവും ചെയ്തീടുക,
സകലമിതിൻവണ്ണം തന്നെയാചരിപ്പതു
പ്രഥിതം മഹാന്മാർ തൻ ചരിതം വിനിർമ്മലം.
മഹിതം സനാതനവർത്മാവിൽചരിച്ചീടും
ഗൃഹമേധികൾക്കിതു പാഠമെന്നല്ലോ ചൊൽവൂ.
സതതം പന്ഥാവിതിൽ ചരിക്കും മഹാത്മാക്കൾ--
ക്കിഹലോകവും പരലോകവും ശ്രേയസ്കരം.
ഇത്ഥമിപ്പന്ഥാവിങ്കൽ ഏത്തിന്നെച്ചരിപ്പിച്ചാൽ
ശത്രുക്കൾപോലും പാരം മിത്രങ്ങളായിത്തീരും.
ഇത്തരം ഗർവ്വെന്നിയേ വിനയാന്വിതനായി
പൃഥ്വീശൻ ജീവിക്കുകിൽ വശമാം ജഗത്തെല്ലാം.
പാത്ഥിവൻ ഗർവ്വിഷ്ഠനായ്ത്തീരുകിലെന്തായീടും ?
പൃഥ്വിയിൽ പ്രജകൾ തൻ സംഗ്രഹമെന്തായ്‌വരും ?
സ്വച്ഛമാം മധുരവാഗ്യോഗത്താൽ മഹീശ്വരൻ
നിശ്ചയം ലോകക്കെല്ലാമാഹ്ലാദമേകീടണം.
മാധുര്യപൂർണ്ണവാക്യപാശത്താലാനീതരായ്
ലാളിതരായീടുന്ന ജനങ്ങളഖിലവും
ഈഷലും ഭേദിച്ചിടാ സംസ്ഥിതിബന്ധത്തിനേ;
തോഷമോടവരെന്നും സ്വസ്വധർമ്മത്തിൽവാഴും.

ആറാംപ്രകരണം സമാപ്തം

# ഏഴാംപ്രകരണം

## പ്രകൃതിസമ്പന്നത

സ്വാമിയുമമാത്യന്മാം, രാഷ്ട്രവും, ദുർഗ്ഗം, തഥാ
സാരമാംബലം, കോശം, സുഹൃത്തെന്നേവംവിധം
ഏഴംഗംചേൎന്നു നിത്യമന്യോന്യസഹായത്തിൽ
മേവുന്ന മൂൎത്തിയായിച്ചൊല്ലുന്നു രാജ്യത്തിനെ
ഏതൊരംഗവുമിതിൽ വൈകല്യമാൎന്നീടുകിൽ
സാധുവായ് വൎത്തിക്കില്ല രാജ്യമായതുന്നൂനം.
ആകയാൽ രാജ്യത്തിന്റെ സാമഗ്ര്യമാശിപ്പവ-
നാവതുംവേഗം ചെയ്തുകൊള്ളണം പരീക്ഷണം.
ആത്മാവെയാദ്യം ഗുണസമ്പന്നമാക്കീടുവാ-
നാത്മാവുതന്നേസ്വയം ചെയ്യണം പരീക്ഷണം.
ആത്മാവു ഗുണപൂൎണ്ണമായതിൻശേഷംപിന്നെ
ആത്മനാ ചിന്തിക്കണം ശേഷമാം പരീക്ഷകൾ.
ആത്മസംസ്കാരമേതുമില്ലാത്ത മനുഷ്യനാൽ
സാദ്ധ്യമായീടാ തെല്ലും ഭൂഭാരം വഹിക്കുവാൻ.
ആദ്യമായതിനാലേ ഭൂമിപൻതന്നേ സ്വയ-
മാത്മസംസ്കാരസമ്പദ്‌യുക്തനായ് ഭവിക്കണം.
ക്ഷോണീശനുണ്ടാകുന്ന സൎവ്വമായീടും ശ്രീയും
ക്ഷോണിക്കുതന്നെ നിത്യാലംബമായ്നിന്നീടുന്നു.
ന്യൂനമങ്ങതുസമ്പാദിപ്പതോ ശ്രമാവഹം
മേലിലും നിലനിൎത്തിക്കൊൾവതു കൃച്ഛ്റസാദ്ധ്യം.

ചതുർദ്ദിക്കിലും ചിറകെട്ടിയങ്ങുറപ്പിച്ചു
സതതം പാലിക്കുന്ന പൊയ്കയിൽ ജലംപോലെ
സുചിരം സ്ഥിതിചെയ്തു സൎവ്വമായീടും ശ്രീയും
സുതരാം സംസ്കരിച്ചോരാത്മാവുതന്നിൽ ദൃഢം.

കുലവും സത്വം, പ്രായം, ശീലവും, ദാക്ഷിണ്യവു-
മവിസംവാദിതയു, മചിരകാരിത്വവും
അനിശം സത്യവ്രതം, വൃദ്ധസേവയും, പിന്നെ
മനസികൃതജ്ഞതാ, ദേവതാസമ്പന്നതാ,
നിത്യവും സത്തുക്കൾതൻ പരിവാരിത്വം തഥാ
ബുദ്ധിസമ്പത്തും പിന്നെ ശക്തമാം സാമന്തത്വം
ചേലെഴും ദൃഢഭക്തി, ദീർഘദശിത്വം, പിന്നെ-
സ്ഥൂലലക്ഷ്യത പാരമുത്സാഹം, ശുചിത്വവും
വിനയം, ധാമ്മികത്വമെന്നിവയെല്ലാം സാധു-
ജനങ്ങൾ സകലക്കുമുത്തമഗുണഘങ്ങൾ.

ഗുണങ്ങളിവയെല്ലാം സമ്പാദിച്ചല്ലേതരം
ജനസമ്മതനായിത്തീരണം ധരാനാഥൻ.
പുനരങ്ങെല്ലാവിധകൃത്യവും നടത്തണം
ജനങ്ങളശേഷവും സന്തുഷ്ടരാകുംമട്ടിൽ.

പ്രഖ്യാതവംശ്യനായു, മക്രൂരനായും, ലോക-
മാർഗ്ഗദശ്കനായും, നിമ്മലനായും വാഴും
മർത്ത്യരെവേണം പരിവാരങ്ങളാക്കീട്ടവാൻ
നിസ്തുലം നിജക്ഷേമം കാംക്ഷിക്കും പൃഥ്വീധവൻ.

ദുഷ്ടനാകിലും നൃപൻ പരിവാരത്തിൻ ഗുണ-
സൗഷ്ഠവംമൂലമനുഭോഗ്യനായ് ഭവിച്ചീടും.
ദുഷ്ടരാം പരിവാരമുള്ളവൻ ലോകക്കനു-
ഭോഗ്യനായ്വരാ വ്യാളം ചുററിയ വൃക്ഷംപോലെ.
സചിവർ ദുഷ്ടരായാൽ സത്തുക്കൾ തൻമാർഗ്ഗത്തെ
സുദൃഢം തടഞ്ഞിട്ടു ഭൂപനെ ഭക്ഷിച്ചീടും.
പൃഥ്വീശനതിനാലേ സൽഗുണസമ്പന്നരാം
മർത്ത്യരെത്തന്നെ നിജമന്ത്രിമാരാക്കീടണം
മഹത്താം വിഭൂതികളൊട്ടേറെ സാധിക്കണം
തൽസർവ്വം സത്തുക്കൾക്കു ഭോഗ്യവുമാക്കീടണം.
സത്തുക്കൾക്കുപയുക്തമാകാത്ത വിഭൂതിക-
ളെത്രയേറിലുമവ നിഷ്ഫലംതന്നെ നൂനം.
വാഗ്മിയും, പ്രഗത്ഭനും, സ്മൃതിമാ, നദഗ്രനു-
മത്യന്തം ബലവാനും നിർണ്ണയം യതാത്മാവും
തക്കപോൽ ദണ്ഡത്തിനെ നയിപ്പാൻ വിദഗ്ദ്ധനും
തക്കമെന്നിയേ നല്ല കൃതശില്പനും, പിന്നെ
തെററുകൾ തിരുത്തുവാൻ ശക്തനും, ദീർഘദൃഷ്ട്യാ
തെററാതെയുപശാന്തി കണ്ടറിഞ്ഞീടുവോനും
പററലരാക്രോശത്തെ സഹിപ്പാൻ സമത്ഥനും
പററലർചരിത്രങ്ങളെ വീക്ഷിപ്പാൻ വിരുതനും
ദക്ഷനായീടും സന്ധിവിഗ്രഹതത്വജ്ഞനും
ശ്രുക്ഷനാം ഗൂഢമന്ത്രപ്രയുക്തിപ്രവീണനും

ചൊൽക്കൊള്ളും കാലദേശഭേദവും തദീയമാം
സൂക്ഷ്മമാം വിഭാഗവുമൊക്കെയും ഗ്രഹിച്ചോനും
അൎത്ഥങ്ങൾ വഴിപോലെവാങ്ങാനും പാത്രങ്ങളിൽ
തൃപ്തിപോൽ വിനിയോഗിച്ചീടാനും സമൎത്ഥനും,
കൃത്യമായ് കാമലോഭഭയങ്ങൾ, സ്തംഭം, ദ്രോഹം
ബുദ്ധിചാപലമിവയൊക്കെയും വെടിഞ്ഞോനും,
മാത്സൎയ്യം, പരപീഡ, പൈശുന്യ,മസത്യവു-
മീൎഷ്യയുമെല്ലാം ദൂരെ ത്യജിച്ചുവസിപ്പോനും,
വൃദ്ധോപദേശങ്ങളാൽ സച്ശീലസമ്പന്നനും
ശ്ലക്ഷ്ണനും സുമുഖനും സുഗുണാനുരക്തനും
നിത്യവും സ്മിതഭാഷി ഇത്ത്യേവം ഗുണൗഘങ്ങൾ
മൎത്ത്യന്റെ വിശിഷ്ടമാമാത്മസമ്പത്തായ് ചൊൽവൂ.
ഇത്യാദിഗുണമെല്ലാം തികഞ്ഞു ലോകയാത്രാ-
വിജ്ഞനായ് സ്ഥിരധീയായ് വൎത്തിക്കുമാരൊരാളിൽ
അച്ഛനിൽ പുത്രർപോലെ സംതൃപ്തിയാൎന്നു ലോകർ
വൎത്തിക്കു,മവൻതന്നേ പാൎത്ഥിവനാകുന്നവൻ.
ആത്മീയസമ്പദ്ഗുണമൊക്കയും ചൊല്ലേച്ചേൎന്നും
യോഗ്യമാംവണ്ണം സദാ കാൎയ്യങ്ങൾ നടത്തിയും
ഇന്ദ്രസന്നിഭനായി ശോഭിക്കും നൃപാലനെ
സിദ്ധിക്കും പ്രജാവലിയൈശ്വൎയ്യം പ്രാപിച്ചീടും.
കേൾക്കേണ്ടും കാൎയ്യങ്ങളേ കേൾക്കുവാനാശിക്കുക,
കേൾക്കുക, ഗ്രഹിക്കുക, ചേതസി ധരിക്കുക;

KOTTAYAM PUBLIC LIBRARY KOTTAYAM

പേർത്തുമങ്ങൂഹാപോഹമത്ഥവിജ്ഞാനം പിന്നെ
തത്വബോധവുമിവയാണല്ലോ ധീഗുണങ്ങൾ.

ദാക്ഷ്യവും, ശീഘ്രത്വവു, മമഷം, ശൂരത്വവും
വിഖ്യാതമത്രേ നാലുമുത്സാഹചിഹ്നങ്ങളായ്.

തക്കത്തിലാഗ് ഗുണങ്ങൾ നാലുമങ്ങൊത്തീടുമ്പോൾ
തക്കമില്ലർഹനാകുമപ്പുമാൻ രാജാവാകാൻ.

ത്യാഗവും, സത്യം ശൌര്യമിമ്മൂന്നും ജഗത്തിങ്കൽ
ശ്ലാഘനീയങ്ങളാകും ഗുണങ്ങളല്ലോ പാത്താൽ.

ഈവക ഗുണങ്ങളാൽ യുക്തനാം മഹീപാലൻ
സർവ്വമംഗളങ്ങളും പ്രാപിച്ചുകൊള്ളും ദൃഢം.

ഖ്യാതരും, കുലീനരും, ശുചികൾ, ശൂരന്മാരും,
ചേതസി സദാകാലം ഭൂപനിൽ ഭക്തന്മാരും

ന്യായമായ് ദണ്ഡനീതി നടത്തിപ്പോരുന്നോരും
ഭൂമിപൻ തന്റെയുററ മന്ത്രിമാരായീടണം.

രൂക്ഷമാം പരീക്ഷയാൽ ശോധിതന്മാരും, തഥാ
നാൾക്കുനാൾ ഫലോദയമാശിച്ചു വാഴ്വോരുമാം

മേൽച്ചൊന്ന സചിവന്മാർ ഭൂപന്റെ കൃതാകൃത-
മാസ്ഥയാ സ്നേഹപൂർവ്വം ശോധനചെയ്തീടണം.

അടുത്തുചെന്നു കാര്യം ഗ്രഹിച്ചുകൊള്ളുന്നതി-
ന്നുരച്ചീടുന്നു നാമം 'ഉപധ'യെന്നായ് ലോകർ

നിനയ്ക്കിലുപധയെന്നോതുന്നതുപായംതാൻ
പരീക്ഷിക്കേണം നൃപൻ തദ്വാരാ സ്വാമാത്യരെ.

പെരുത്ത വിഘ്നത്തിലും കാര്യങ്ങൾ നടത്തീടാൻ
കരുത്തൻ, ജാനപദൻ, ശീലവാൻ, ഗുണാന്വിതൻ,
പ്രഗത്ഭൻ, വാഗ്മി, ബലി, ചക്ഷുഷ്മാനുത്സാഹവാൻ
സമർത്ഥൻ പ്രതിപത്തിമാനഥ, മൈത്രൻ, ശുചി,
ധൃതവാൻ, സത്യധൃതിസ്ഥൈര്യവാൻ, പ്രഭാവവാൻ,
സുദൃഢമാരോഗ്യവാൻ, കലയിൽ കൗശല്യവാൻ,
സതതം ധിഷണാവാൻ, ധാരണാന്വിതൻ, ധരാ-
പതിയിൽ ഭക്തൻ, തഥാ സകലക്ലേശസഹൻ,
ഭൂമിയിലാരോടുമേ വൈരമുണ്ടാക്കാത്തവ-
നീമട്ടുഗുണവാനായ്ത്തീരണം സചിവേന്ദ്രൻ.
ഏതുകാര്യത്തിങ്കലുമോർമ്മയും, സ്വകൃത്യത്തി-
ലേതുനേരവും ശ്രദ്ധാലുത്വവും, വിചാരവും,
ജ്ഞാനനിശ്ചയം, മന്ത്രഗുപ്തിയും, ദൃഢത്വവും
നൂനമിങ്ങിവയാരും മന്ത്രിസമ്പത്തായ്ച്ചൊൽവൂ.
ത്രയിയിങ്കലും ദണ്ഡനീതിയിങ്കലുമേററം
നിയതം കുശലനായിടണം പുരോഹിതൻ.
സതതം നൃപതിതൻ ശാന്തികപൗഷ്ടികത്തെ-
യഥർവവിധിപോലെയനുഷ്ഠിക്കുകവേണം.
ബുദ്ധിമാനാകും നൃപൻ മന്ത്രീശ്വരന്മാർ തൻെറ
ചക്ഷുഷ്മത്തയും, തഥാ ശില്പവുമെന്നുള്ളതാം
വിശ്രുതഗുണം രണ്ടു,മായവയറിഞ്ഞീടും
വിജ്ഞർതൻ സഹായത്താൽ പരീക്ഷിച്ചറിയേണം.
ആസ്ഥയാ സ്വജനത്തോടാരാഞ്ഞുബോധിക്കണം
സൂക്ഷ്മമായ്കുലം, സ്ഥാന,മെന്നുമല്ലവഗ്രഹം

നേക്കുകണ്ടറിയണം സ്വകൃത്യത്തിങ്കൽകാട്ടും
ദാക്ഷ്യവും വിജ്ഞാനവും ധാരണം സാമത്ഥ്യവും.
പ്രാഗത്ഭ്യം, പ്രതിഭയും, വാഗ്മിത്വം, സത്യോക്തിയും,
സാകല്യാൽ ഗ്രഹിക്കണം സംഭാഷണത്തിൻമദ്ധ്യേ.
ഉത്സാഹം, പ്രഭാവവും, ധൃതിയും, നൽസ്ഥൈര്യവു-
മുദ്യോഗകാര്യങ്ങളിൽ വായ്ക്കുന്ന വാത്സല്യവും
ശിക്ഷിതവൃത്തായിട്ടും ക്ലേശാദിസഹനവും
വീക്ഷിച്ചീടണമാപൽക്കാലത്തു സശ്രദ്ധനായ്.
ഭക്തിയും, മൈത്രി, ശൗര്യമിമ്മൂന്നു ഗുണങ്ങളും
വ്യക്തമായ് ഗ്രഹിക്കേണം വ്യവഹാരത്തിൽനിന്നും.
സത്വവും, ബലം, ശീല, മാരോഗ്യ, മസ്തബ്ധതാ,
തദ്വിധമചാപല, മിങ്ങനെയാറായതും
നിത്യവും സഹവാസം ചെയ്തുകൊള്ളുന്നോരാകു-
മുത്തമസഖാക്കളാലറിഞ്ഞുകൊണ്ടീടണം.
ശത്രുക്കൾക്കെഴുന്നതാമോരോരോ ഗതികളും
ഭദ്രത്വം, ക്ഷുദ്രത്വവും, പ്രത്യക്ഷം ഗ്രഹിക്കണം.
കമ്മംകൊണ്ടനുമാനിച്ചീടണമെല്ലായ്പോഴും
നിമ്മായം പരോക്ഷമാം ഗുണവൃത്തികളെല്ലാം.
ആകയാൽ പരോക്ഷമാം പ്രവൃത്തിഫലങ്ങളാൽ
നിണ്ണയം വിഭാവനംചെയ്യണം കമ്മത്തിനെ.
കാര്യമല്ലാത്തതിങ്കൽ ബുദ്ധിയേച്ചെലുത്തുന്ന
ഭൂമിപൻതന്നെ നിരോധിക്കണമമാത്യന്മാർ.

പൂജ്യർതൻസൂക്തികളും മന്ത്രിമാർവാക്കുകളും
ത്യാജ്യമായ് നിനയ്ക്കാതെ കേൾക്കണം നൃപാലകൻ.
ഭൂപാലനുറങ്ങിയാലീലോകരഖിലരു-
മാബാലവൃദ്ധം നൂനമുറക്കം പ്രാപിച്ചിടും.
ഭൂപാലനുണരുമ്പോൾ ലോകരും സൂര്യോദയേ
നാളീകങ്ങളെപ്പോലെയുണർന്നുതെളിയുന്നു.
ആകയാൽ മഹീപാലൻ കാര്യങ്ങൾ സമസ്തവും
ജാഗരൂകനായ് ഗ്രഹിച്ചിരിപ്പാൻതക്കവണ്ണം
ധീസത്തോദ്യോഗശാലിമാരാകും മിത്രങ്ങൾ ഭൂ-
വാസവൻതന്നെയെല്ലാം ഗ്രഹിപ്പിക്കുകവേണം.
ദുർമ്മാർഗ്ഗേ ചരിക്കാതെ ഭൂപനെ വിലക്കുന്ന
മിത്രങ്ങളത്രേ സുഹൃദാര്യരും ഗുരുക്കളും.
വിദ്യാസമ്പന്നനാകും പൂരുഷവരൻപോലും
ബദ്ധനായ് ഭവിക്കുന്നു സ്പഷ്ടമായ് രാഗത്തിനാൽ
തദ്വിധം രാഗബദ്ധചിത്തനായ്ത്തീർന്നാൽ പിന്നെ
പഥ്യമല്ലാത്ത കാര്യമെന്തെല്ലാം ചെയ്കില്ലവൻ ?
രാഗത്താൽ മൂടപ്പെട്ട കണ്ണിനാൽ നോക്കുന്നവൻ
ലോകത്തേക്കാണ്മതുണ്ടെന്നാകിലുമന്ധൻതന്നെ.
വേഗത്തിൽ ചികിത്സിച്ചുകൊള്ളണം സുഹൃദ്വൈദ്യൻ
രോഗത്തെ വിമലമാം വിനയാഞ്ജനത്താലേ.
രാഗമാനാദികളാലന്ധനായ് വഴിതെറവും
ലോകപാലകൻതന്റെ ദൃഢമാം ഹസ്താലംബം

ഭൂമിപൻതൻെറ സുഹൃത്സചിവരനുഷ്ഠിക്കും
പ്രേമശോഭനമാകും ചേഷ്ടിതംതന്നെ നൂനം.
മദത്താലുദ്ധതന്മാരായന്യായം പ്രവർത്തിക്കും
പൃഥിവീമണാളനും സചിവപ്രവരരും
മദത്താൽ വഴിതെററിയക്രമം കാട്ടും ദന്തി-
വരനും പാപ്പാന്മാരുമൊന്നുപോൽ നിന്ദ്യന്മാർതാൻ.
ഭൂമിതൻഗുണങ്ങളാൽ വൃദ്ധിപൂകുന്നു രാഷ്ട്രം,
ഭൂപതിയുടെ വൃദ്ധി രാഷ്ട്രവൃദ്ധിയിൽ നില്പൂ.
ഭൂമിപനതിനാലേ ഗുണപൂർണ്ണയായ്ത്തീർത്തു
ഭൂമിയെ ഭജിക്കണം ഭൂതികൾ ലഭിച്ചീടാൻ.
സസ്യങ്ങൾക്കാഗാരമായ്, വാണിജ്യഖനിദ്രവ്യ-
ഭൂത്തായിഗ്ഗോജാതികൾക്കത്യന്തം സുവാസമായ്,
ദിക്കുകൾ സകലവും സലിലമസൃണമായ്,
സൽഗുണാഢ്യന്മാർതൻെറ ദേശങ്ങൾ ചേന്നുള്ളതായ്,
ഹസ്തികൾവാഴും വനഭൂമികൾ ലസിപ്പതായ്,
വൃഷ്ടിയെന്നിയേ ജലപുഷ്ടിയുമുണ്ടാവതായ്,
നാട്ടിലങ്ങെവിടെയും തോണിയിൽ പോകാവതായ്,
കോട്ടമററുല്ലസിക്കും ഭൂവത്രെ ഭൂത്യാസ്പദം.
ചരലും, പാറകളും, മോർനിലങ്ങളും ചേന്നു-
മടവികളും, കാടും പടർപ്പും, മുള്ളും പൂണ്ടും,
അഭയമഹികൾക്കും തസ്കരന്മാക്കും നല്കീ-
യമരും ശുഷ്കയാകും ഭൂവത്രെ ഭൂവായീടാ.

സകല ജനങ്ങൾക്കും വൃത്തിമാൎഗ്ഗങ്ങൾ വേണം,
സകല ഭൂഭാഗവും ഗുണവത്തായീടണം,
സജലങ്ങളായുള്ള പാടങ്ങൾ വേണം, പുന-
രചലങ്ങളും വേണം സംശ്രയത്തിന്നായെന്നും
വിഭിന്നരീതികളിൽ തൊഴിൽക്കാരുണ്ടാകണം
വിപണിജനംവേണം, ശൂദ്രരും, കാരുക്കളും.
സതതം നൃപഭക്തിയാളുണമെല്ലാവരും,
സുദൃഢം രിപുദ്വേഷിമാരുമായ് ഭവിക്കണം.
നിഖിലദേശക്കാരും രാജ്യത്തിലുണ്ടാകണം
നിഭൃതമെവിടെയും ദണ്ഡകാരന്മാർ വേണം.
പൃഥുവും പശുകുലയുക്തവും ധനവത്തും
സുതരാം ധാൎമ്മികവുമായിരിക്കേണം രാജ്യം.
വ്യസനികളും മൂർഖന്മാരുമുണ്ടായീടാതെ-
യിതുപോൽ ജനപദം ഭവിച്ചീടണം നൂനം.
അതിനെ പ്രവൃദ്ധമാക്കീടണം ധരാനാഥ-
നതിലാണല്ലോ സൎവ്വകാൎയ്യവും പ്രതിഷ്ഠിതം.
നാലുപാടിലും താഴ്ചയേറുന്ന ഖാതങ്ങളും
ചേലിലുന്നതഗോപുരഘവും പ്രാകാരവും
ചാലവേ ദീൎഘദീൎഘമായുള്ള സീമകളും
ചേരുന്ന പുരംതന്നിൽ ഭൂപാലൻ വസിക്കണം.
അവിടേ വിളങ്ങണം നല്ലൊരു നഗംനൂന-
മവലംബാൎത്ഥം നദി, മരുഭൂ വാരണ്യവും,

ധാരാളമാകുംവിധം ജലവുമുണ്ടാകണം,
ധാരാളമായിത്തത്ര ധനവും ധാന്യങ്ങളും
പാരാതെ ചിരകാലരോധനക്ഷമമാകും
സാരമായെഴും നല്ല ദുർഗ്ഗവുമുണ്ടാകണം.
ദുർഗ്ഗഹീനനാം ഭൂപൻ വായുവിലകപ്പെട്ടോ-
രബ്ഭ്രഖണ്ഡങ്ങൾപോലെയസ്ഥിരം കുഴങ്ങുന്നു.
ദുർഗ്ഗകാര്യങ്ങൾതന്നിൽ ദക്ഷരാമഭിജ്ഞന്മാർ
ദുർഗ്ഗങ്ങളഞ്ചുവിധം ശസ്ത്രങ്ങളെന്നോതുന്നു;
ചൊൽക്കൊള്ളുമൗദകവും, പാർവ്വതം, വാർക്ഷംപിന്നെ
ശക്തമാമൈരിണവും, ധാന്വനമെന്നിങ്ങനേ.
ജലവുമാഹാരവുമായുധം യന്ത്രങ്ങളും
സുലഭമായും ബഹുഗ്ഗുഢദേശങ്ങൾ ചേർന്നും
നിയതം വീരയോധനിലയമായും ദുർഗ്ഗം
വിലസീടണമെന്നായ് ചൊല്ലുന്നിതാചാര്യന്മാർ.
മറഞ്ഞുമാറാതിടം നല്കുന്ന നൽദുർഗ്ഗവും
തെളിഞ്ഞ നീക്കുണ്ടവും ജാംഗലപ്രദേശവും
ചേർന്നതായീടും ഭൂമി ഭൂതിയെയാശിച്ചീടും
മന്നന്മാർക്കുചിതമാമാവാസമായിച്ചൊൽവൂ.
ആയമേറിയും വ്യയമേററവും കുറഞ്ഞിട്ടു-
മായത്തമഭീപ്സിതദ്രവ്യസംപൂർണ്ണമായും
പാരാകെപ്പുകഴ്പെററും രമ്യത പൂണ്ടും സദാ
ധീരരാം സചിവന്മാരാലേ പാലനം ചെയ്യപ്പെട്ടും

ദൈവത്തെ യഥാവിധി പൂജിച്ചും പാരമ്പര്യ-
മാഹാത്മ്യോചിതമായും ധർമ്മോപാർജ്ജിതമായും
മുക്താകാഞ്ചനരത്നയുക്തമായ് ദീർഘവ്യയ-
ശക്തമാം കോശമല്ലോ കോശജ്ഞസുസമ്മതം.
ചേലെഴും ധർമ്മത്തിന്റെ പാലനത്തിനും ഭൃത്യ-
പാലനാർത്ഥവും, പുനരാപദർത്ഥവും നിത്യം
ആവതും ശ്രമപ്പെട്ടും കോശത്തേ രക്ഷിക്കണ-
മാടലെന്നിയേ കോശസമ്പന്നനാകും നൃപൻ.
ദണ്ഡ[1] നെന്നതുപാരിൽ ദണ്ഡജ്ഞരോതുന്നേവം
നിർണ്ണയം പാരമ്പര്യമുള്ളോനും വശ്യൻതാനും
എന്നല്ല സുശക്തനും വേതനം വാങ്ങുന്നോനും
പൌരുഷമേറുന്നോനു മൂർജ്ജിത്യം വായ്ക്കുവോനും
ദക്ഷനും ദക്ഷന്മാരാൽ സന്തതം പരീതനും
ശക്തമാം നാനാവിധമായുധം ധരിച്ചോനും
ജന്യങ്ങളെല്ലാററിലുമന്യൂനവിദഗ്ദ്ധനും
ജന്യജ്ഞരായ നാനായോധരാലാകീർണ്ണനും
നന്നായി നീരാജനകർമ്മത്താൽ വിശുദ്ധമായ്-
ത്തീർന്നുള്ള ഗജവാജിസഞ്ചയമാർന്നുള്ളോനും
അന്യദേശാധിവാസ, മായാസം, ദുഃഖം, രണ-
മെന്നിവയ്ക്കുള്ള യത്നമൊക്കെയും സഹിച്ചോനും

1. ദണ്ഡൻ = സൈനികൻ

ക്ഷത്രിയതുല്യനായിട്ടേകഭാവനയോടു
വത്തിക്കും മനോഗതിയുള്ളോനുമായീടുന്നു.
ത്യാഗവിജ്ഞാനസത്വസമ്പന്നനനുച്ഛേദ്യ-
നായതിക്ഷമ[1] നേകഭാവനൻ പ്രിയംവദൻ
ആഢ്യതകുലജാതനീദൃശഗുണാന്വിത-
നായീടും പുരുഷനെ മിത്രമായ് വരിക്കണം.
ആദിയിലല്പമായും, മദ്ധ്യത്തിൽ ബൃഹത്തായും,
പോകവേ പദേപദേ വിസ്താരം ചേൎന്നുചേൎന്നും
ഉൗക്കേറും നദിപോലെ പിന്നോക്കം മടങ്ങാതെ
മേൽക്കുമേൽ പ്രവഹിപ്പൂ സജ്ജനമൈത്രി ഭൂവിൽ.
കൃഛ്റേണ സാദ്ധ്യമായും, ദാരുണമായും വരും
നിശ്ശേഷകാൎയ്യത്തിലുമല്പവും തെററീടാതെ
നിശ്ചയം പൂൎണ്ണമാകുമൂജ്ജിതം കാട്ടീടുന്നു
സ്വച്ഛമാനസനാകുമുന്നതകുലാന്വിതൻ.
പാരമ്പൎയ്യാഢ്യനായും ദ്വൈതമാം ഭാവംവിട്ടും
പാരാതെ വരുതികളേതുമാദരാൽ കേട്ടും
സാരാസാരമാം കൃത്യമന്നന്നുതന്നെ തീൎത്തും
മേവിടും മിത്രത്തിന്നെ കാൎയ്യാൎത്ഥമാരായണം.
ദൂരത്തുനിന്നുതന്നെ ചെന്നെതിരേററീടുക,
ഗൂഢാൎത്ഥരഹിതമാം രമ്യവാക്കോതീടുക

---

1. ആയതിക്ഷമൻ=ഭാവികാൎയ്യങ്ങൾ അറിഞ്ഞു പ്രവൎത്തിക്കാൻ സമൎത്ഥൻ.

മോദേന സല്ക്കരിച്ചു വേണ്ടതു നല്കീടുക,
വാദമില്ലേവംവിധം ത്രിവിധം മിത്രഗ്രഹം.
ധമ്മാത്ഥകാമങ്ങൾതൻ സംഗമമെന്നുള്ളതാം
നിമ്മലഫലത്രയം മിത്രത്താൽ സാധിക്കുന്നു.
ഇമ്മൂന്നുകാര്യത്തിനൊട്ടാകാത്ത ജനത്തിനെ-
യുണ്മയിൽ സേവിച്ചീടാ പണ്ഡിതനാകുന്നവൻ.
ഔരസൻ, വംശക്രമേണാഗതൻ, മൈത്രബദ്ധൻ,
വ്യസനത്രാതനേവം മിത്രങ്ങൾ ചതുവ്വിധം.
ശുചിത്വം, ത്യാഗിത്വവും, ശൌയ്യവും, സുഖാസുഖ-
സമത്വം, സ്നേഹവായ്പും, സുഹൃത്തിന്നാവശ്യമാം
സമസ്തഗുണങ്ങളും നിമ്മലസ്നേഹവായ്പും
സംക്ഷേപിച്ചുരചെയ്യാം മിത്രചിഹ്നമായ് ഭുവിൽ.
ക്രമത്തിലിഗ്ഗുണങ്ങൾ തികഞ്ഞു വാഴാത്തവൻ
ജഗത്തിലൊരിക്കലും മിത്രമായ് ഭവിച്ചീടാ.
തരത്തിലവൻതന്നെ വിശ്വസിച്ചൊരിക്കലു-
മവനിലർപ്പിക്കൊലാ തൻകാര്യമശേഷവും.
ഇത്ഥമൊക്കെയും പരീക്ഷിക്കണം രാജ്യത്തിനെ;
തൽപ്രതിഷ്ഠയ്ക്കു ധനമുത്തമമാകുംമാർഗ്ഗം.
തദ്ധനം നിപുണനാം മന്ത്രിയാൽ സാധിക്കുമ്പോൾ
നിത്യമാം ത്രിവർഗ്ഗനിഷ്പത്തി[1] യെപ്പൂകും രാജ്യം.

1. ത്രിവർഗ്ഗനിഷ്പത്തി=ധമ്മാത്ഥകാമങ്ങളുടെ പ്രാപ്തി.

എങ്ങനെ പ്രകൃതിസ്ഥനായീടുമന്തരാത്മാ
ജംഗമാജംഗമമാം വിശ്വത്തെ ബ്ഭുജിക്കുന്നു,
അങ്ങനെ സ്വപ്രകൃതിമണ്ഡലപ്രതിഷ്ഠിതൻ
മന്നവൻ ചരാചരലോകത്തെ ഭുജിക്കുന്നു.
ഇങ്ങനെയുള്ളവരാലപ്പിതനായിബ്ഭൂപൻ
തന്നുടെ ജനപദമാദരാൽ കാത്തീടണം.
ഇമ്മട്ടിൽ ജനപദം കാത്തിടും നൃപാലകൻ
തുംഗമാമൈശ്വര്യത്തെ സുചിരം ഭുജിച്ചീടും.
മിത്രാദിഗുണാന്വിതനായീടും മഹാധീമാൻ
പൃഥ്വീശൻ പരമമാം ഭാഗ്യമാസ്വദിച്ചീടും.
യുദ്ധത്തിലവൻനിത്യം ശത്രുവോടേററീടുന്നു
ശക്തനാം പ്രഭഞ്ജനൻ മേഘങ്ങളോടെന്നോണം.

**സപ്തമപ്രകരണം സമാപ്തം**

## എട്ടാംപ്രകരണം

### സ്വാമ്യനുജീവിവൃത്തപ്രകരണം

കല്പവൃക്ഷോപമനായ് സൽഗുണാലയമായി
വത്തിക്കും ഭൂമീന്ദ്രനെ പ്രാപിച്ചു സദാകാലം
അത്യന്തമത്ഥവൃത്തിസമ്പന്നരായീടുന്ന
ഭൃത്യന്മാർ യഥോചിതം സേവിച്ചുകൊണ്ടീടണം
സേവ്യനായ്ത്തീരും ദ്രവ്യപ്രകൃതിഹീനൻപോലും 1
സേവ്യമാംഗുണമെല്ലാം തികഞ്ഞു വാണീടുകിൽ.
ജീവിതമവൻമൂലം കാലാന്തരത്തിൽതന്നെ-
യാകിലും ശ്ലാഘ്യമായിത്തീരുന്നു നിസ്സംശയം.
ക്ഷുത്തിനാലാത്തനായി ക്ഷീണിച്ചു വശംകെട്ടു
ശുഷ്കിച്ചു വരണ്ടൊരു കമ്പുപോൽ വത്തിക്കിലും
വൃത്തിക്കുമാർഗ്ഗമാത്മസമ്പത്തിഹീനങ്കൽനി-
ന്നത്ഥിച്ചുകൂടാ നൂനം പണ്ഡിതനാകുന്നവൻ.
ആത്മസമ്പത്തിഹീനനാകയാൽ നയദ്വേഷി
ശത്രുസമ്പത്തിയെത്താനത്യന്തം വളത്തീടും.
ആപ്തമാകിലും പുനരവന്നു മഹൈശ്വര്യ-
മൊക്കവേ നശിച്ചുപോം കൂടവേ താനുംതന്നെ.
കമ്മാനുഷ്ഠാനങ്ങളിൽ നിഷ്ഠപൂണ്ടെഴും മന്ത്രി
നിമ്മായം മന്ത്രിപദം പ്രാപിച്ചശേഷം പിന്നെ

---

1. ദ്രവ്യപ്രകൃതികൾ=അമാത്യൻ, രാഷ്ട്രം, ദുർഗ്ഗം, കോശം, ദണ്ഡം, ബലം.

KOTTAYAM PUBLIC LIBRARY

നിമ്മലം നൃപഭക്തിയടഞ്ഞും ദാക്ഷ്യംപൂണ്ടും
നിസ്തുലം തൽസ്ഥാനത്തിൽ സ്വസ്ഥനായ് ശോഭിക്കുന്നു.
അന്നാളുമെക്കാലത്തുമൊന്നുപോലാസ്വാദ്യമായ്
മന്നിങ്കൽ നിലനില്ക്കുമേതെല്ലാം പ്രവൃത്തികൾ,
അതുതാൻ ചെയ്തീടണം ക്ലേശങ്ങൾസഹിച്ചിട്ടു-
മൊരുകാലത്തുമവൻ ചെയ്യൊലാ ജഗദ്ദ്വേഷം.
എള്ളിന്റെ മലരിനു സൗരഭ്യം ലഭിക്കുന്ന
കില്ലന്യേ ചെമ്പകത്തിൻ സംസർഗ്ഗം നിമിത്തമായ്.
വെള്ളുള്ളി ഭക്ഷിച്ചീടിൽ തൽഗന്ധം പുറപ്പെട്ടും
ചൊല്ലാന്ന സാംക്രാമികഗുണങ്ങളിവയെല്ലാം.
ജാഹ്നവീജലത്തിന്റെ നിമ്മലപ്രവാഹവും
സിന്ധുവിൽതന്നെ ചേന്നു തദ്രസമായീടുന്നു.
പാനയോഗ്യവുമല്ലാതാകുന്നുണ്ടതുമൂലം
ഹീനന്റെ സമാശ്രയം പണ്ഡിതൻ വരിക്കൊല്ല
കഷ്ടത സഹിച്ചിട്ടും മേധാവിയാകും ജനം
നിഷ്ഠയാ സാധിക്കുന്നു ശുദ്ധജീവിതംതന്നെ.
ശ്ലാഘ്യതപൂകുന്നുമുണ്ടതിനാലവൻ പാരം
ഭോഷ്കല്ല കുറവേതും ലോകരും കല്പിച്ചീടാ.
വർഗ്ഗത്തിൽ ശ്രേഷ്ഠനായി സ്ഥായിയായ് പുണ്യാത്മാ
വിഖ്യാതനായി സദാ സജ്ജനസംസേവ്യനായ് [വായ്
വത്തിക്കും ശ്ലാഘാർഹനാം ഭൂപനേ സേവിക്കുന്ന
സിദ്ധിയെ കാംക്ഷിക്കുന്നോർ വിന്ധ്യനെയെന്നപോലെ

കൃച്ഛ്റസാധ്യങ്ങളാകും കാര്യങ്ങൾപോലും പാരി-
ലിച്ഛിച്ചുകൊണ്ടാലുള്ളിൽ മേധാവിയാകും ജനം
നിശ്ചയമതുതന്നേ സാധിച്ചുകൊണ്ടീടുന്നു
സ്വച്ഛമാം യത്നംതന്നെ ചെയ്യണം തൽസിദ്ധിക്കായ്
പാൎത്ഥിവൻതന്നെയാരാധിക്കുവാനുൾക്കാമ്പിങ്ക-
ലാസ്ഥയാ ചിന്തിച്ചീടും സേവകനാദ്യംതന്നെ
വിദ്യയാൽ, വിനയത്താ, ലെന്നല്ല കലാദിയാ-
ലാത്മാവേ സമ്പന്നമാക്കീടണം യഥാൎത്ഥമായ്.
കുലവും, സുവിദ്യയും, ശ്രുതവു, മൗദാൎയ്യവും,
നലമാംസൗശീല്യവും, ധൈൎയ്യവും പൂണ്ടുള്ളവൻ
സൽസത്വബലാരോഗ്യസ്ഥൈൎയ്യവാൻ, ദൃഢഗാത്രൻ
ശൗൎയ്യവാൻ, ശൗചയുക്ത, നെന്നല്ല ദയാന്വിതൻ,
അനൃതം പൈശുന്യവും, ദ്രോഹവും സംഭേദവും,
ലൗല്യവും ദുശ്ശ്ലാഘ്യവും, സ്തംഭവും, ചാപല്യവും
എന്നിവയ്ക്കു തീതനായ് വൎത്തിച്ചീടുന്ന പുമാൻ
നിൎണ്ണയം യോഗ്യനത്രേ ഭൂപനേ സേവിക്കുവാൻ.
ദക്ഷത്വം, ഭദ്രത്വവും, ദാൎഢ്യവും ക്ഷാന്തിതാനും
കഷ്ടപ്പാടേതും സഹിച്ചീടുവാനുള്ള കെല്പും
അത്യന്തമുത്സാഹവും, ശീലവും, സന്തുഷ്ടിയും,
പ്രത്യക്ഷവിഭൂഷണാം തന്നെയാം ഭൃത്യൎക്കെല്ലാം.
ഇച്ചൊന്നഗുണമെല്ലാം മെച്ചമായ് തികഞ്ഞേററ-
മാൎത്ഥികകാൎയ്യങ്ങളിൽ ശ്രദ്ധത പൂണ്ടുള്ളവൻ

കൃസ്നമാം ഭൃതികൾക്കമീശനാം ഭൂമീശനെ
വിശ്വസിപ്പിച്ചീടണം സ്വന്തമാം ഭൃതിക്കായി.
പ്രവിഷ്ടനായി നല്ലോരുചിതസ്ഥാനത്തിങ്കൽ
വിശിഷ്ടവേഷനായിട്ടിരുന്നു യഥാകാലം
തരത്തിലുപാസിച്ചുകൊള്ളണം മഹീശനേ
പരമഭക്തിയോടുമേററവും വിനീതനായ്.
പരർതൻ സ്ഥാനത്തിങ്കലിരിപ്പുമൗദ്ധത്യവും
ക്രൗൎയ്യവും മാത്സൎയ്യവും ഭൃതകൻ വെടിയണം.
മേലാളുമുദ്യോഗസ്ഥന്മാരോടു കലഹിച്ചു-
ദൂഷണവചനങ്ങളൊന്നുമേ ചൊല്ലീടൊലാ.
ചതിയും, മായങ്ങളും, ദംഭവും, വഞ്ജിക്കണം
സകലവിധമാകും സ്തേയവും ത്യജിക്കണം.
നൃപൻെറ സുതരെയും മിത്രങ്ങളേയും കണ്ടാൽ
സുതരാം വന്ദിക്കണം വിനയാന്വിതനായി.
അരചൻതൻെറ നൎമ്മസചിവന്മാരോടായി-
ട്ടുരചെയ്കൊലാ തെല്ലുമപ്രിയമൊരിക്കലും.
അവരങ്ങഹോ പുനരരചൻ സദസ്സിൽ വ-
ച്ചുപഹാസങ്ങൾ ചെയ്യും മൎമ്മഭേദകമായി.
നൃവരാന്തികത്തിങ്കൽ സ്ഥിതിചെയ്തീടും വിധൗ
നിജമാം ദൃഷ്ടിതന്നെയന്യത്ര പതിക്കൊലാ.
വചനാ പരസ്പരമോതുവാൻ തുടങ്ങൊലാ
വദനം തന്നിൽനോക്കിക്കൊണ്ടുമൊട്ടിരിക്കൊലാ.

അടിയൻ വിധേയനെന്നെപ്പൊഴുമരുളേണ്ട-
മരുളിച്ചെയ്യുംവിധൗ കല്പനയെന്നോതണം.
കല്പനയശേഷവുമതുപോൽ നടത്തണ-
മല്പവും ഭേദംവിനാ വിളംബമെന്യേന്നൂനം.
ഉറക്കേ സംസാരിക്ക, ചിരിക്ക, നിന്ദിക്കുക,
ചുമയ്ക്കു, ശരീരത്തെ വളയ്ക്കു, നിവക്ക്കുക,
തരത്തിൽ കൈകാൽവിരൽഞൊട്ടകളൊടിക്കുക,
ശരിക്കങ്ങിവയെല്ലാം വജ്ജിക്കതന്നെ വേണം.
ഭക്തിപൂർവ്വകമായി ചെല്ലണം തിരുമുമ്പിൽ
ചിത്തത്തെ സമപ്പിച്ചു ചിത്തജ്ഞർ ചൊല്ലുംപോലെ
ചൊല്ലണം ഭൂവൻതൻെറ വചനം ശ്രുവിച്ചിട്ടു
മെല്ലവേ തദ്ധിതാനുക്രൂലമായീട്ടുംവണ്ണം
നൃവരൻ വിനോദാത്ഥം നടത്തും കാവ്യകലാ-
സദസ്സിലെല്ലാററിലും ഭൂപതി:കല്പിച്ചീടിൽ
കഥിക്കാം സുനിശ്ചിതമായുള്ളൊരത്ഥത്തിനെ
വദിക്കാം വിവാദത്തിൽ വാദികൾമതത്തെയും.
അറിയാമെന്നാകിലും ഭൂപനേ തടഞ്ഞിട്ടു
പറയാനൊരുങ്ങരുതുത്തരമൊരിക്കലും
വൈദഗ്ദ്ധ്യമേറീട്ടുവ്വോനാകിലുംധീമാനായോൻ
സാദരം വെടിയണം തന്നുടെയഭിമാനം.
ഉച്ചത്തിലുരയ്ക്കേണ്ട കാര്യമെന്നിരുന്നാലും
നിശ്ചയം മന്ദമായിത്താനതു കഥിക്കേണം

തരത്തിലതിനുള്ള വൈശിഷ്ട്യം സ്വവൃത്തിയാൽ
വിനയാന്വിതനായിട്ടായവൻ കഥിക്കേണം.
ആപത്തുകാലത്തിലും വഴിതെററീടുമ്പോഴും
കാര്യ്യങ്ങൾ യഥാകാലം ചെയ്യാതെവരുമ്പോഴും
ക്ഷേമത്തെ കാംക്ഷിക്കുന്ന ഭൃതകനുരയ്ക്കണം
ചോദിച്ചീടാതെതന്നെ ശുഭമായീടുംവാക്യം.
പ്രിയ ായതും പഥ്യമായതുമുരയ്ക്കണ-
മുതമായതും തഥാ ധമ്മാത്ഥമായുള്ളതും.
അസത്യമശ്രദ്ധേയമശ്രാവ്യമെന്നുമല്ലാ
സ്വയമേ കാണാത്തതുമൊക്കെയും വെടിയേണം.
ദേശകാലങ്ങളറിത്തീടുവോൻ സാധിക്കണം
ദേശകാലാനുരൂപം സന്തതം പരാത്ഥത്തേ.
സ്വാത്ഥമാം കാര്യ്യത്തെയും സാധിച്ചുകൊള്ളാം ദൃഢ-
മത്ഥ്യത്ഥം സ്വാത്ഥകാര്യ്യകൗശല്യമേറീടുകിൽ.
ഗൂഢമാം കമ്മങ്ങളും ഗൂഢമാം മന്ത്രങ്ങളും
നാടുവാഴുവോൻ ചെയ്തതാരോടും മിണ്ടീടൊലാ.
ചേതസി നിരൂപിക്കപോലുമേയരുതല്ലോ
ഭൂപതിവിദ്വേഷവും, ഭൂമിപവിനാശവും.
സ്ത്രീജനം സ്ത്രീജനൗഘദശ്കർ പാപാത്മകർ
ഭൂപനാൽ നിരാകൃതർ വൈരിദൂതന്മാരിവർ
ആരോടുമേതുമൊരുകാര്യ്യവുമുദ്ദേശിച്ചു
കൂടിമേളിച്ചീടൊലാ ചെയ്യൊലാ സംസർഗ്ഗവും.

ഭൂമിപൻതന്റെ വേഷം ഭാഷയെന്നിതുകളെ
കേവലമനുകരിച്ചീടുവാൻ തുടങ്ങൊലാ.
മേധാവിയായീടിലും സമ്പന്നനായീടില്ല-
മേതുമേ ഞെളിയരുതാവക ഗുണങ്ങളാൽ.
ഇംഗിതാകാരതത്വപടുവായീടുന്നവ-
നിംഗിതാകാരങ്ങൾതൻ ചിഹ്നങ്ങളെല്ലാം നോക്കി
നിർണ്ണയിച്ചീടുന്നിതു ഭൂപന്റെ ഹിതാഹിതം
നിർണ്ണയം കർമ്മത്തിങ്കൽ കൗശല്യമേറുന്നവൻ.
കാണുമ്പോൾ മുഖഭാവം തെളിഞ്ഞു കാണുന്നതു-
മോതുമ്പോൾ വാക്യമെല്ലാമാദരാൽ കേൾക്കുന്നതും
ആസനം നല്കുന്നതും ക്ഷേമങ്ങൾ ചോദിപ്പതു-
മേകാന്തദർശനത്തിലാശങ്ക കാട്ടാത്തതും
കാര്യങ്ങൾ തദർത്ഥമോ, തൽകൃതമായുള്ളതോ,
കാര്യമായുണർത്തുമ്പോളാശയാ കേൾക്കുന്നതും,
ശ്ലാഘാർഹരായുള്ളോരെ ശ്ലാഘിച്ചുകൊള്ളുന്നതും
ശ്ലാഘനീയന്മാർതമ്മിൽ തോഷമുൾക്കൊള്ളുന്നതും
ആലാപമദ്ധ്യത്തിങ്കൽ കാര്യങ്ങളോർമ്മിപ്പതായ്
കാലാനുരൂപമോരോ ഭാവങ്ങൾ കാട്ടുന്നതും
ആലപിച്ചീടുംവിധൌ ഭൂപന്റെ ഗുണൗഘങ്ങ-
ളാലസ്യമെന്യേ കേട്ടു മോദിച്ചുകൊള്ളുന്നതും
പഥ്യമല്ലാത്ത വാക്യം സഹിച്ചു കേൾക്കുന്നതും
നിന്ദനമായിട്ടതു ചിന്തചെയ്യീടാത്തതും

തദ്വാക്യമതുപോലെയനുഷ്ഠിച്ചീടുന്നതും
കൃത്യമായ് പുനരതു ബഹുമാനിക്കുന്നതും
സംവൃദ്ധിവരുന്നേരമുൾസന്തോഷമേലുന്നതും
ദുഃഖത്തിലതുപോലെ ദുഃഖിച്ചുകൊള്ളുന്നതും
അത്യന്തമുപകാരം ചെയ്യുന്ന കാര്യത്തിലും
ദുർഘടകാര്യത്തിലും മാദ്ധ്യസ്ഥ്യം വഹിപ്പതും
താൻചെയ്ത കൃത്യങ്ങളെ മറെറാരാൾ ചെയ്തെന്നായി
ച്ചാഞ്ചല്യമന്യേ സ്വയം മാനിച്ചുകൊള്ളുന്നതും
വിപക്ഷൻതന്നെ മാററി നിർത്തീട്ടു തദ്വിനാശ-
മുപേക്ഷിച്ചീടുന്നതുമുൾപ്രീതിചിഹ്നങ്ങൾതാൻ.
കാര്യങ്ങൾ തുടങ്ങുമ്പോളാശയെ വർദ്ധിപ്പിക്ക,
കാര്യങ്ങൾ കഴിയുമ്പോൾ മറിച്ചു ഫലംനല്ക,
മാധുര്യമേറുന്നതാം വാക്യങ്ങളുരയ്ക്കവേ
ചാതുരിയോടു ദൗഷ്ട്യമർത്ഥത്തിൽ കൊള്ളിയ്ക്കുക,
സഭയിൽവച്ചുവൃഥാ പരിവാദങ്ങൾ ചെയ്ക,
കുപിതനല്ലെങ്കിലും കോപത്തെ നടിക്കുക,
വദനം പ്രസന്നമായിരിക്കുമെന്നാകിലും
സുദൃഢമതുതാനും നിഷ്ഫലമാക്കീടുക,
ചിരിക്കുന്നേരത്തുതാൻ പെട്ടെന്നു കയർക്കുക,
സ്വരത്തിൽ രൂക്ഷഭാവം പ്രദർശിപ്പിച്ചീടുക,
വൃത്യൃത്ഥമെന്നാകിലു മർത്ഥനചെയ്തീടുകിൽ
സത്വരമെഴുന്നേററിട്ടുസ്ഥലം വിട്ടീടുക,

മൎമ്മഭാഗങ്ങൾതന്നെ സഞ്ചലിപ്പിച്ചീടുക
വെണ്മയാം ഗുണംപോലും മാനിക്കാതിരിക്കുക,
നന്മകളുൽഘോഷിച്ചു വാഴുന്നനേരംതന്നെ
തിന്മകളാരോപിച്ചു ജീവനം നിരോധിക്ക,
നല്ലതുചൊല്ലിയാലുമന്യഥാ സമൎത്ഥിക്ക,
മദ്ധ്യത്തു തടുക്കുക, തുടൎന്നാൽ രസിക്കായ്ക
മഞ്ചത്തിലിരിക്കവേയടുത്താൽ നിദ്രാഭാവം
കാണിക്ക, യുണൎത്തിയാൽ സുപ്തനായ് ഭാവിക്കുക,
ഇങ്ങനെയോരോതരം ഭാവങ്ങൾ കണ്ടാലതു
തുംഗമാം വിപ്രിയത്തിൻ ലക്ഷണമെന്നോൎക്കണം.
ഇത്ഥമൊട്ടുരചെയ്തേൻ പ്രിയമാം ചിഹ്നങ്ങളും
ചിത്തത്തിലപ്രിയത്തെ കാട്ടുന്ന ലക്ഷ്യങ്ങളും.
ആൎയ്യജീവിതവൃത്തി പ്രീതനിൽനിന്നാശിക്കാം
കാൎയ്യമങ്ങുപേക്ഷിക്കാമപ്രീതി കണ്ടീടുകിൽ.
ദുൎഗ്ഗുണനായീടിലും സ്വസ്വാമിതന്നെ, ഭൃത്യൻ
നിഷ്ക്കപം വെടിയരുതാപത്തുകാലത്തിങ്കൽ.
സുസ്ഥിരനായിട്ടാപൽക്കാലത്തു മേവുന്നതാം
ഭൃത്യനിൽപരംശ്രേഷ്ഠഭൃത്യനുണ്ടാകാദൃഢം.
സ്വസ്ഥാനത്തിരുന്നീടും സ്വാമിയെ ദ്വേഷിക്കുന്ന
ഭൃത്യാദ്ധ്യൻ ശ്ലാഘയേതും പാത്രമായ് ഭവിപ്പീല.
ശത്രുവാലഭിയുക്തനായീടും സ്വസ്വാമിയിൽ
കൃത്യനിഷ്ഠയാ മേവും ഭൃത്യൻതാനുത്തമൻ.

മാഹാത്മ്യമേറുന്നോക്ക് ചെയ്യുതാമുപകാര-
മാഹന്ത!ശ്ലാഘനീയമാനന്ദസന്ദായകം
ചെറുതെന്നാലുമതു മംഗളംതന്നെചെയ്യും
പെരുതാമൈശ്വര്യവും നല്കീടും യഥാകാലം.
ചെയ്യരുതാത്ത കമ്മം ചെയ്കിടിൽ പ്രതിഷേധം
ചെയ്യുക, ചെയ്യേണ്ടതു ചെയ്യുകിലതിന്മണ്ണം
ചെയ്യുക എന്നുള്ളവ രണ്ടുംതാൻ ചുരുക്കത്തിൽ
പൊയ്യല്ല ബന്ധുമിത്രഭൃത്യർതൻ സൽചരിത്രം.
മദ്യപാനത്തിങ്കലോ, സ്ത്രീയിലോ, ദ്യൂതിങ്കലോ,
ക്രൂത്തിലോ, സദിരിലോ, പേത്തുമുന്മത്തനായി
വത്തിക്കും ഭൂമീശനെ പാശ്വഗന്മാരായവർ
ജ്ഞപ്തനാക്കണം [1]നാളികാദ്യുപായങ്ങൾവഴി.
യോഗ്യന്മാക്കരുതാത്ത കമ്മങ്ങൾചെയ്യുന്നതിൽ
മേല്ക്കുമേലാസക്തനായ് ഭവിക്കും ഭൂപാലനേ
തൽക്കാരണത്താൽത്തന്നെ നിശ്ശേഷം വെടിഞ്ഞുപോം
ഭൃത്യവഘം നശിച്ചീടും സ്വസ്വാമിയോടുംക്രൂടെ.
'ജയിക്ക മഹീപതേ, കല്പിക്ക ദേവാ, വിഭോ,
പ്രജയ്ക്കുനാഥാ, ചിരംവാഴ്കയെന്നത്യാദരാൽ
മംഗളമാശംസിച്ചു ഭജിച്ചുകൊണ്ടീടണം
ധരിത്രീധവാജ്ഞയേ പ്രതീക്ഷിച്ചീടും ഭൃത്യർ.
പ്രഭുവിൻഹിതത്തിനേയനുവത്തിക്കുന്നതു
ഭൃതകജനത്തിനു സദ്വൃത്തം ജഗത്തിങ്കൽ.

---

1. നാളിക — സമയം സൂചിപ്പിക്കുന്ന ചേങ്ങലശബ്ദം

അഹിതാചാരരാകും രക്ഷോജാതികൾപോലും
ഗൃഹീതരായീടുന്നു ഛന്ദാനുവൎത്തികളാൽ.
ധീമത്വമുത്സാഹവും, സത്വവുമൊത്തുള്ളവ-
ൎക്കീമന്നിലസാദ്ധ്യമായെന്തുതാനുണ്ടായ്‌വരും ?
അവ്വണ്ണം ഹിതംചൊന്നും ഛന്ദസ്സിനൊത്തുനിന്നും
മേവുന്നോൎക്കാരുതന്നേ ശത്രുവായ്‌ഭവിച്ചീടും.
ആലസ്യമാൻറും തഥാ സത്വഹീനത്വം പൂണ്ടും
ചേലൊത്ത വിദ്യയെല്ലാം സന്തതം വിവൎജ്ജിച്ചും
മേവുന്നൊരനാത്മാവിൽ സ്വന്തമാം മാതാവിന്നും
വൈരസ്യമുണ്ടായീടും ദാനത്തിൻകാലംതന്നിൽ.
ശൂരത്വം വിദ്വത്ത്വവും, സേവാദാക്ഷ്യവും ചേരും
പൂരുഷനത്രേ ഭോഗ്യം ഭൂരിയാം ഭൂട്ടധനം.
പാരഞ്ചുമിഗ്ഗുണത്തിൻ ത്രയത്താൽ വിവൎജ്ജിതൻ
ഭാരിച്ച ഭൂട്ടധനം ഭുജിക്കാനാളായിടാ.
'പഥ്യമായ്‌ഭവിക്കണ,മപ്രിയമായീടിലും'
ഇത്ഥമോതുന്നു വൃദ്ധജനങ്ങളെല്ലാം പണ്ടേ.
അത്തരം വൃദ്ധോക്തിയേയതുപോൽ പാലിപ്പവൻ
കൃത്യമായ്‌ഭുജിച്ചീടും നിശ്ചയം പ്രിയത്വവും.
വൃഷ്ടിപോൽ ഭൂതങ്ങൾക്കു ജീവിതധാതാവായി-
ട്ടുഷ്ടമോദേന ഭവിച്ചീടണം പൃഥ്വീനാഥൻ.
വിട്ടുപോമല്ലെന്നാകിൽ ഭൂപനേ പ്രജൗഘങ്ങൾ
വററിയകുളത്തിനേയണ്ഡജജാലങ്ങൾപോൽ.

കുലമോ, ചാരിത്രമോ, ശൗര്യമോ, പാരാകവേ
വിലസും വിഖ്യാതിയോ, ഗണ്യമാകില്ലാ ദൃഢം.
ചരിതംനന്നാകിലുമന്യഥാ ഭവിക്കില്ല-
മുലകങ്ങിണങ്ങുന്നു നിണ്ണയം ദാതാവിങ്കൽ.
അത്ഥത്തെയത്ഥിപ്പവൻ നിശ്ചയം ജഗത്തിങ്കൽ
വിത്തത്താലുജ്ജ്വലിക്കും നരനേപ്പററിച്ചേനം.
തീരെയും സ്തന്യംവററിപ്പോററവാനശക്യയായ്
തീരുമാഗോവിനേയും വിട്ടുപോം ഗോവിൻപൈതൽ.
തന്നേസ്സേവിച്ചുമേവും ഭൃത്യന്മാക്കഖിലക്കും
മന്നവൻ ദൃഢം തത്തൽകൃത്യത്തിനൊത്തോണമായ്,
ഉള്ളതാം വൃത്തിമാർഗ്ഗം കല്പിച്ചുകൊടുക്കണം
തെല്ലുമേ നേരനീക്കം വരുത്തിക്കൊണ്ടീടാതെ.
തക്കകാലത്തിങ്കലോ, തക്കതാം സ്ഥാനത്തിലോ,
തക്കപാത്രത്തിങ്കലോ, വൃത്തിയെ ലോപിക്കൊലാ.
തദ്വിധം വൃത്തിലോപം വരുത്തും നൃപാലകൻ
പൃഥ്വിയിൽ ഗർഹിതനായ് സവ്വഥാ ഭവിക്കുന്നു.
പാത്രമല്ലാത്തദിക്കിൽ ദാനങ്ങൾ വഷിക്കൊലാ
തീത്തുമങ്ങതുപാരം സജ്ജനവിഗർഹിതം.
അത്തരമപാത്രത്തിൽ ദാനങ്ങൾ വഷിക്കുകിൽ
സിദ്ധമായീടും ഫലം കോശത്തിൻ ക്ഷയംമാത്രം.
കുലവും, വിദ്വത്ത്വവും ശൗര്യവും, സൗശീല്യവും,
ശ്രുതവും, പൗവ്വികവും പ്രായവു,മവസ്ഥയും,

സുതരാംവിചാരിച്ചുമാനിക്കവേണം ഭൂപൻ
സുദൃഢം മഹാമതിമാരാകും ഭൃത്യന്മാരേ.
അഭിജാതന്മാരേയും സദ്വൃത്തരായോരേയു-
മപമാനിച്ചീടൊലാ മേധാവിജനത്തെയും.
അഭിമാനിത്വംകൊണ്ടുതാനവർ ഭൂപാലനെ-
യഭിവജ്ജനംചെയ്യുമഥവാ ഹനിച്ചീടും.
ഉത്തുംഗഗുണഗണയുക്തരായ് 1 മേവുന്നോരാം
മദ്ധ്യമാധമരായ ഭൃത്യരേയുയത്തണം.
ആവിധം മഹത്വത്തെ പ്രാപിച്ചാലവർപിന്നെ
ഭൂവരന്നഭിവൃദ്ധിന്നല്കീടും നിസ്സംശയം.
ഉത്തമകുലോത്ഭൂതരായീടും ഭൃത്യന്മാർക്കു
വദ്ധനം നീചന്മാരോടൊത്തഹോ നല്കീടൊല്ലാ.
നിശ്ചയം വിവേകജ്ഞൻ കൃശനെന്നിരുന്നാലും
നിർഭരംഭവിച്ചീടും സംശ്രയയോഗ്യനായി.
യോഗ്യതായോഗ്യതകൾ വേർതിരിച്ചറിഞ്ഞീടാൻ
യോഗ്യരില്ലാത്ത നാട്ടിൽ പണ്ഡിതന്മാരുണ്ടാമോ ?
ജാത്യമാം മാണിക്യവും കണ്ണാടിച്ചില്ലും തമ്മിൽ
വ്യത്യാസം കണ്ടീടുവാനാളില്ലാതെഴംഭിക്കിൽ.
കല്പവൃക്ഷത്തിന്നൊപ്പം കല്പിച്ച യോഗ്യരേതു
സൽപ്പുമാൻതന്നെനിത്യമാശ്രയം പൂകീടുമോ
അല്പമാൻതന്നെ പൂജ്യൻ, ശ്രീമാനുമവൻതന്നെ-
യിപ്പാരിൽ സർവ്വശ്രീയും സൽസംയോഗത്തിൻ ഫലം.

1 പരീക്ഷായോഗ്യത മുതലായതു്

മിത്രബാന്ധവന്മാരോടൊത്തഹോ നിരന്തര-
മൈത്രയും വിശ്വാസത്തിൽ ഭുജിച്ചുകൊള്ളാത്തതാം
വിത്തസമ്പന്നന്മാർതൻ വൃദ്ധമാം ധനങ്ങളാൽ
പൃഥ്വിയിൽ പ്രയോജനമെന്തുതാൻ നിനയ്ക്കുകിൽ ?
കൃത്യമായ് പരീക്ഷിച്ചിട്ടറിഞ്ഞോരാപ്തന്മാരേ
കൃത്സ്നമാമായദ്വാരത്തിങ്കലും നേമിക്കേണം.
അത്ഥങ്ങളവർമൂലം ഗ്രഹിച്ചുകൊണ്ടീടണം
മിത്രനങ്ങുംബുക്കളേയം ശ്രുക്കളാലെന്നോണം.
കാര്യങ്ങളഭ്യസിച്ചു,മറിഞ്ഞും, ദാക്ഷ്യംപൂണ്ടും
പാരമൗത്സുക്യമാൻമാത്മശുദ്ധിയോടൊത്തും
കാര്യങ്ങൾനടത്തീടാൻ ശക്തരേ നേമിക്കേണം
കാര്യങ്ങളോരോന്നിലുമാധ്യക്ഷ്യം വഹിക്കുവാൻ
ഏതുകാര്യവും നടത്തീടുവാനാക്കാര്യത്തിൽ
ബോധമേറീടുന്നാളെ നേമിച്ചുകൊണ്ടീടണം.
ഏതൊരിന്ദ്രിയാത്ഥവും സാധിപ്പാനതാതിന്നു
സാധുവാമിന്ദ്രിയത്തേയന്തരാത്മാവെന്നോണം
കുക്ഷിതൻകാര്യത്തിന്നേ ശ്രദ്ധയാ മാനിക്കണം
കുക്ഷിയെപ്പുററിനില്പൂ ജീവനം ജഗത്തിങ്കൽ.
ചെററുമങ്ങായതിങ്കൽ കവിഞ്ഞ വ്യയം മേലാ
നിഷ്ഠയാ പ്രതിദിനം നോക്കണമായവ്യയം
കൃഷിയും, വണിക്പഥം പണിയും, ദുർഗ്ഗംപണി,
പുഴകൾ തോട്ടുകളെന്നിവയിൽ പാലംപണി,

കരിബന്ധനം, ഖനിഖനനം, വനാദാനം,
തരുരോപണം വനമൊഴിയും സ്ഥലങ്ങളിൽ
ഇതുകളെട്ടായതും സ്വസ്ഥനായ് വാഴുംകാലം
ക്ഷിതിപൻ ചെയ്യുന്നതു സുതരാം ശ്രേയസ്സിന്നാം.
ഇതുകളെല്ലാം നൃപൻ കരണപടുക്കളാം
ഗണകാദ്യരാൽ സാധിപ്പിക്കണം സ്വവൃത്യർത്ഥം.
ഏതേതു തൊഴിലിനാൽ സാരമാം വിവർദ്ധനം
സാധിതമാകും ദ്രവ്യം ക്ഷീണനാം നൃപാലനും
ആവകതൊഴിലുകളേതിലും വണിഗ് വൃത്യാ,
ജീവിതം നയിപ്പവർക്കേകൊലാ നിരോധനം
കണ്ടകശാഖയാലേ പാലിച്ചു സസ്യത്തിനേ
കൊണ്ടുകൊള്ളുന്നു ഫലം ദക്ഷനാം കൃഷീവലൻ.
മന്നവനതുപോലെ ദണ്ഡനാൽ പാലിച്ചിട്ടു
കൊണ്ടുകൊള്ളേണം ഫലം ദസ്യുഭോഗ്യമാംലോകേ.
അധികാരസ്ഥരാലും, ചോരന്മാർ മുഖേനയു-
മഹിതർവഴിയായും, രാജസേവന്മാരാലും,
ക്ഷിതിനായകൻതൻെറയമിതലാഭത്താലും
ക്ഷിതിവാസികൾക്കഞ്ചുവിധമുണ്ടാകും ഭയം.
ഇതുപോലഞ്ചുവിധമുണ്ടാകും ഭയത്തെയും
ക്ഷിതിനായകൻ മഹാൻ ഹനനംചെയ്യാകവേ

---

ഗണകർ = കണക്കപ്പിള്ളമാർ

ക്ഷിതിയിൽ ത്രിവർഗ്ഗത്തെ വദ്ധിതമാക്കീടണം,
ഫലവുംകൊണ്ടീടണമതതിൻ കാലങ്ങളിൽ.
പശുവേപ്പാലിച്ചിട്ടു പാലുകൊള്ളുന്നു കാലേ
ലതയേനനച്ചിട്ടു പുഷ്പങ്ങൾകൊൾവൂ തഥാ.
പാലിച്ചു വഴിപോലെ പ്രജയെ പ്രജേശനും
മാലററ ഫലത്തിനേ കൊള്ളുന്നു യഥാകാലം.
ദൂഷിച്ചവ്രണംപോലേ മുറിച്ചുവിട്ടീടണം
പഴത്തും മൂപ്പുചെന്നുംവസിക്കും ഭൃത്യന്മാരേ
[1]നിയുക്തരായുള്ളവരഗ്നിയോടെന്നോണമാം
നയത്തിൽ വത്തിക്കണം ധരിത്രീധവന്നോടായ്.
പാത്ഥിവൻതന്മേലപകാരങ്ങൾ കാട്ടീടുവാൻ
ചീത്തൊരുമ്പെട്ടുചാടും ദുമ്മതിപ്രവീരന്മാർ
ശക്തിയോടാളിക്കത്തും വഹ്നിയിൽ പാഞ്ഞെത്തീടും
മുഗ്ദ്ധങ്ങൾ ശലഭങ്ങളെന്നപോൽ ദഹിച്ചീടും.
കോശത്തെ വദ്ധിപ്പിച്ചുകൊള്ളണം മഹീനാഥൻ
കോശകാര്യജ്ഞന്മാരാമാപ്തർതന്നാധ്യക്ഷ്യത്തിൽ.
ലോകത്തിൽ ത്രിവർഗ്ഗത്തേ സാധിക്കും കാര്യങ്ങളിൽ
പാകത്തിൽ വേണ്ടുംവിധം വ്യയവും ചെയ്തീടണം.
ധമ്മത്താൽ ക്ഷീണിച്ചെഴും കോശത്തിൻകൃശതവും
വെണ്മമയാം ശോഭതന്നേ ചെയ്തീടും നിസ്സംശയം.

---

1 നിയുക്തർ = ജീവനക്കാർ

ഉണ്മയിൽ സുരപീതമായഥശോഭിച്ചെഴും
നിർമ്മലശരച്ചന്ദ്രൻതന്നുടെ കാര്യംപോലെ.
വിശ്വത്തിലപരന്മാരേതൊരുകാര്യത്തിലും
വിശ്വസിപ്പോളംമാത്രം വിശ്വസിക്കണംതാനും
വിശ്വസ്തനല്ലാത്തോരിൽ വിശ്വാസം പാടില്ലല്ലൊ
വിശ്വസ്തൻതന്നിലതിവിശ്വാസമതുംമേലാ
വിശ്വാസമെവൻെറമേലാപ്തമായീടുന്നിതോ
നിശ്ചയമവൻപാരം ഭ്രുതിക്കവിധേയനാം.
അർത്ഥാനുരൂപമോരോ ഭാവങ്ങളനുക്ഷണ-
മൎത്താരിനുള്ളിലാരിൽനിന്നഹോ ഭവിക്കുന്നു,
തൽഭാവമെല്ലാമവൻതന്നിലങ്ങപ്പോളപ്പോൾ
പൃഥ്വീശൻ യോഗസ്ഥനാം യോഗിപോൽഗ്രഹിക്കണം.
ആജ്ഞാനുവർത്തികളാം സന്തുഷ്ടഭൃത്യന്മാരാം
സച്ചരിതാനുരക്തലോകരും സദ്വാക്യവും
ശ്രേഷ്ഠമാമതക്കിതനിപുണസന്മന്ത്രവും
പാട്ടിലുണ്ടാകും നൃപൻ സുചിരം തേജസ്വിയാം.

**എട്ടാംപ്രകരണം സമാപ്തം**

# ഒൻപതാംപ്രകരണം

## കണ്ടകശോധനപ്രകരണം

ലോകകാര്യജ്ഞൻ, തഥാ വേദജ്ഞൻ, വിശാരദൻ,
ലോകവേദജ്ഞന്മാരാലാവൃതൻ, സമാദൃതൻ
ഭൂമിപൻ സബാഹ്യാഭ്യന്തരമായ് രാജ്യത്തിനേ
സാമോദം സദാകാലം ചിന്തിച്ചുകൊണ്ടീടണം.
അതിലങ്ങാഭ്യന്തരം സ്വന്തമാം ദേഹംതന്നെ,
സുദൃഢം ബാഹ്യമായിച്ചൊല്ലുന്നു രാഷ്ട്രത്തിന്നെ.
സതതം പരസ്പരാലംബനാൽ ബന്ധമാണു
സ്ഥിതിചെയ്കയാൽ രണ്ടുമൊന്നായിട്ടുരയ്ക്കുന്നു.
രാഷ്ട്രത്തിൽനിന്നത് പത്തി സർവരാജ്യാംശങ്ങൾക്കും
രാഷ്ട്രത്തെ നൃപൻ യത്നിച്ചാകയാലുയർത്തേണം.
വിഷ്ടപരക്ഷണത്തിനാശിച്ചുമേവ്വം നൃപൻ
നിഷ്ഠയാ ശരീരത്തെ പാലിച്ചുകൊണ്ടീടണം.
ലോകരക്ഷകൻ തന്റെ പാലനം ധർമ്മം നിത്യാ
ഭലോകത്തിൽ ശരീരമോ ധർമ്മസാധനം നൂനം.
ധർമ്മ്യമാംഹിംസയാദ്യം തുടങ്ങീ ക്ഷോണീതലേ
ധാർമ്മികരായോരൃഷിജാതരാം രാജാക്കന്മാർ.
ധർമ്മസംരക്ഷണാർത്ഥമാകയാൽ ദുഷ്ടന്മാരെ-
സംഹരിച്ചീടുന്നതിൽ പററില്ല ദോഷം തെല്ലും.
ധർമ്മസംരക്ഷണത്തിൽ മനസ്സു നിറുത്തുന്ന
നിർമ്മലൻ നൃപൻ വർദ്ധിപ്പിക്കേണമർത്ഥത്തിനേ.

മന്നിതിലാരാരെല്ലാം ബാധകം നല്കീടുമോ
നിർണ്ണയം ശിക്ഷിക്കണമവരേ മഹീപാലൻ.
ഏതൊരു കാര്യംചെയ്താലതിനേ ശ്ലാഘാർഹമാ-
യോതീടുമാര്യരാകുമാഗമജ്ഞന്മാരായോർ.
ആയതു ധമ്മമായിച്ചൊല്ലുന്നു മഹാലോക-
രായവർ വിഗർഹിപ്പതധമ്മമെന്നായിട്ടും.
ധമ്മവുമധമ്മവും മന്നവൻ വിവേചിച്ചും
ധമ്മജ്ഞരായ വൃദ്ധരോതിയ നിർദ്ദേശങ്ങൾ
നിസ്തന്ദ്രമനുഷ്ഠിച്ചും പ്രജയേപ്പാലിക്കണം
ശത്രുവർഗ്ഗത്തെയെല്ലാം നിഹനിക്കയുംവേണം.
രാജ്യനാശത്തെച്ചെയ്യാൻ തനിച്ചോ കൂട്ടരൊത്തോ
ശോച്യമാംവണ്ണം രാജമിത്രങ്ങൾ തുടങ്ങിയാൽ
അത്തരം പ്രവൃത്തിക്കു കർത്താക്കളായുള്ളോരെ
പൃഥ്വിയിലെവിടെയും ദുഷ്ടരെന്നോതീടുന്നു.
ദൂഷ്യരായ്തീൻ പാരം ലോകവിദ്വേഷത്തിനു
പാത്രമായീടുന്നോരെസ്സതതം മഹീപാലൻ
ദൂഷ്യങ്ങൾ ചുമത്തിയോ പ്രസ്പഷ്ടമായോ തുലോം
രൂക്ഷമാം ദണ്ഡത്തിനാൽ നിഗ്രഹം ചെയ്തീടണം.
ദൂഷ്യനേ മഹീപാലൻ നേരിട്ടു ദർശിക്കുവാൻ
ഗോപ്യമായൊരു ദിക്കിൽ വിളിച്ചുവരുത്തണം.
പാർശ്വവർത്തികളായോർ ഗ്രൂഢശസ്ത്രന്മാരായി-
പ്പശ്ചാൽഭാഗത്തു ചെമ്മേ വർത്തിച്ചുകൊണ്ടീടണം.

കക്ഷ്യയിൽ കടന്നു ചെന്നീടുന്ന ജനങ്ങളേ
വിശ്വസ്തരാകും ദ്വാരപാലന്മാരാവോളവും
സൂക്ഷ്മമായ് പരിശോധിച്ചായുധമെല്ലാം വാങ്ങി
വച്ചതിൻശേഷമവർ യുക്തരെന്നോതീടേണം.
ഇത്ഥമൊക്കയും ദൂഷ്യം ദൂഷ്യരിൽ ചുമത്തിയും
തദ്വിധം വേണ്ടും ക്രിയ സർവ്വും നടത്തിയും
ശത്രുകണ്ടകത്തിനെയുദ്ധരിക്കണം നൃപൻ
സിദ്ധമാക്കീടാൻ പ്രജാക്ഷേമവുമുൽകർഷവും.
തദ്വിധം കടുകിലും കൃശമായിടുന്നതാം
വിത്തിന്റെ മുളയതു രക്ഷിച്ചു വളർത്തുമ്പോൾ
തക്കതാം കാലംതന്നിൽ ഫലത്തിന്നുതകുന്നു,
തദ്വിധം ഭവിച്ചീടും കൃത്യമായ് പ്രജന്മഫലവും.
ഉഗ്രമാം ദണ്ഡത്തിനാൽ പ്രജകൾ വിഭ്രാന്തരാം
മാർദ്ദവം കൂടിപ്പോയാലവജ്ഞ ഭവിച്ചീടും.
യുക്തമാം ദണ്ഡംതന്നെയാകയാൽ നല്കീടണം
പക്ഷമെന്നിയേ ഭൂപൻ നിശ്ചയമെക്കാലവും.

ഒൻപതാംപ്രകരണം സമാപ്തം

# പത്താംപ്രകരണം

## രാജപുത്രരക്ഷണം

സ്വന്തമാംശ്രേയസ്സിനും, സ്വപ്രജാരക്ഷാത്ഥവും
സന്തതം മഹീപാലൻ പുത്രരേ പാലിക്കണം.
അങ്ങിനേ ചെയ്തീടാഞ്ഞാലവരങ്ങഹോ പിന്നെ
തിങ്ങിടുമത്ഥലോഭാൽ മന്നനേ ഹനിച്ചീടും.
സംയമമേതുംവിനാ രാജപുത്രരെ വിട്ടാൽ
നിണ്ണയം നിരങ്കുശരായീടും മത്തേഭങ്ങൾ
എന്നപോൽ ഭവിച്ചിവർ കൊന്നിടും ഭ്രാതാവെയു-
മെന്നല്ല പിതാവേയുമഭിമാനോന്മത്തന്മാർ.
രാജപുത്രന്മാർ മദോന്മത്തരായ് നാടാകവേ
യാചിച്ചുനടന്നീടിൽ പിന്നെയാരാജ്യത്തിനേ
പാലിപ്പാൻ പ്രയാസമാം, ഭോജനത്തിന്നായ് വ്യാഘ്ര്യം
ഘ്രാണിച്ചുനിറുത്തിയ ബദ്ധനാമജത്തെപ്പോൽ
രക്ഷിച്ചുപോരുംനേരംതന്നെയും ഛിദ്രംതെല്ലും
രക്ഷകനുണ്ടെന്നായിക്കണ്ടുകൊണ്ടാലങ്ങിവർ
തൽക്ഷണം കണ്ഠീരവൻതന്നുടെ പോതങ്ങൾപോൽ
രക്ഷിതാവിനെപ്പോലും നിസ്തർക്കം ഹനിച്ചീടും.
വിനയാന്വിതരാക്കിത്തീക്കണം ക്ഷ്മാപാല-
നനിശം സുതന്മാരേ സുദൃഢം ഭൃതിക്കായി.
വിനയവിഹീനരാം പുത്രരുണ്ടാകുംകുലം
തനിയേ വിനാശത്തെയടയും നിസ്സംശയം

നൃവരൻ വിനീതനാമൌരസപുത്രൻതന്നെ
യുവരാജാവിൻ പദംകൊടുത്തുവാഴിക്കണം.
അവിനീതനായവൻ തീരുകിലുപായത്താ-
ലവനേ ബന്ധിക്കണം ദുഷ്ടനാം ഗജത്തെപ്പോൽ.
നൃവരാത്മജനേററം ദുർവൃത്തനായിടിലും
നൃപതി പരിത്യജിച്ചീടരുതവൻതന്നെ.
അവനെ പീഡിപ്പിച്ചാലവനങ്ങരാതിയെ-
യഭയംപൂകിദ്ദ്രുഢം നൃപനേ ഹനിച്ചീടും.
വ്യസനാസക്തനാകും[1] സുതനേ മഹീപതി
വ്യസനിപ്പിക്കവേണം വ്യസനാശ്രയന്മാരാൽ
അവനെങ്ങിനെയായാൽ നൃപനു വിധേയനാ-
മതുപോലെല്ലാമട്ടും ക്ലേശങ്ങൾ ചെയ്യിക്കണം.

**പത്താംപ്രകരണം സമാപ്തം.**

---

1. വ്യസനം—സപ്തവ്യസനങ്ങൾ, പ്രത്യേകിച്ചു സ്ത്രീ, ദ്യൂതം, മൃഗയാ, പാനം ഈവക ദുർവൃത്തികളിൽ നൃവരസുതൻ അകപ്പെട്ടുപോയാൽ അതിൽപ്പെട്ട കൂട്ടകാരെക്കൊണ്ടു വ്യസനിപ്പിക്കണം.

**ഉദാഹരണം:—സ്ത്രീവിഷയത്തിലേർപ്പെട്ടാൽ അതിൽപ്പെട്ട സ്ത്രീകളേയുംമററും കൊണ്ടു വ്യസനിപ്പിക്കണം.**

# പതിനൊന്നാംപ്രകരണം

## ആത്മരക്ഷാപ്രകരണം.

യാനമാസനം,തഥാ ശയനം, ഭോജ്യം പിന്നെ
പാനമെന്നല്ല വസ്ത്രം, ഭൂഷണമിവററയിൽ
ഏതിലുമുണ്ടായിട്ടും വിഷദൂഷിതത്തിനെ-
ച്ചേതസി ശ്രദ്ധായുതം ഭൂമിപൻ ഗ്രഹിക്കണം.
വിഷഘ്നജലംതന്നിൽക്കുളിച്ചുകൊണ്ടീടണം
വിഷഘ്നമാകും മണിഭൂഷണം ചാർത്തീടണം.
ഏതു ഭോജ്യവും പരീക്ഷിച്ചുതാൻ ഭുജിക്കണ-
മേതുനേരവും ചാരേ വിഷവൈദ്യന്മാർവേണം.
വിഷപന്നഗങ്ങൾതൻ ദംശനമുണ്ടായീടിൽ
വിഷമിച്ചതിമാത്രം ക്ഷീണിച്ചു വശംകെട്ടു
വിളികൾ തുടങ്ങീട്ടും ഭൃംഗരാജനും, തഥാ
വിഹഗകുലംതന്നിൽ ശാരികാശുകങ്ങളും
വിഷദംശനമുണ്ടായീടുകിൽ ചകോരത്തിൻ-
മിഴികൾരണ്ടുമുടൻ ശോണിതാഭമായ്ത്തീരും.
മദമുൾക്കൊള്ളുമേററം പ്രത്യക്ഷമായി ക്രൗഞ്ചം
മൃതിയുമടഞ്ഞീടും മത്തകോകിലം നൂനം
ജീവഞ്ജീവനാംപക്ഷി വിഷദംശനംമൂലം
ജീവൽപ്രേതത്തിനൊപ്പം ഗ്ലാനിയെപ്രാപിച്ചീടും
ആകയാലിച്ചൊന്നതും മററുമാം പരീക്ഷക-
ളാവതുംചെയ്തു ഭൂപനേതുമേ ഭുജിക്കണം

1 പൃഷതബർഹികളെ തുറന്നുവിട്ടീടുകിൽ
ഭുജഗവൃന്ദത്തിൻെറ ശല്യമുണ്ടാകാ ദൃഢം
പിഴയാതതിനാലേ വസതിതന്നിൽ സദാ
പൃഷതബർഹികളേ സൈ്വരമായ് വളൎത്തേണം
ഭുജിപ്പാനുള്ളോരന്നമാദ്യമായ് പരീക്ഷാൎത്ഥം
ബൃഹദ്ഭാനുവിന്നായിട്ടർപ്പിച്ചുകൊണ്ടീടണം
കൊടുത്തുകൊണ്ടീടണം പക്ഷികൾക്കായിപ്പിന്നെ-
യതുകൾക്കുണ്ടായീടും ചിഹ്നങ്ങൾ പാൎത്തീടണം.
വിഷദൂഷിതമന്നം വഹ്നിയിലർപ്പിക്കുമ്പോൾ
വിരവിൽ തീജ്ജ്വാലയും ധൂമവും നീലമാകും
നിയതം പൊട്ടുപൊടാ പൊട്ടുന്ന ശബ്ദംകേൾക്കാം
നിധനം ഭവിച്ചീടും പക്ഷികൾ ഭുജിച്ചീടിൽ.
ശരിയായ് വെന്തിടായ്ക, സജലമായീടുക
വിരയേ ശൈത്യംപൂക, വൈവർണ്ണ്യംപ്രാപിക്കുക,
പരിചോടേവംവിധം ചിഹ്നങ്ങളുണ്ടായീടും
തരസാ സ്നിഗ്ദ്ധത്വവും വിഷമിശ്രിതമായാൽ
വ്യഞ്ജനത്തിന്നുവേഗാൽ ശുഷ്കത്വം ഭവിച്ചീടു-
മഞ്ജസാ 2ക്വാഥനത്തിൽ ശ്യാമഫേനവുംവരും
ഗന്ധവുംമാറിപ്പോകും, സ്പർശവും മാറുംദൃഢ,-
മന്തരാ വിഷദോഷാൽ സ്വാദതും നശിച്ചീടും.

---

1. പൃഷതം=പുള്ളിമാൻ. 2 ക്വാഥനം=വേവിക്കൽ.

വിഷദൂഷിതമന്നം വെള്ളത്തിൽ തിളയ്ക്കുമ്പോ-
ളുളവാം പ്രതിബിംബമളവിൽ കവിഞ്ഞിട്ടോ
അഥവാ കുറവായോ ദൃശ്യമായീടും പുന-
രുപരിരേഖകളും ദൃഷ്ടമാം ഫേനൗഘവും
രസങ്ങൾ നീലമാകും താമ്രമായീടും ക്ഷീരം
വിഷദൂഷണത്തിനാൽ ശ്യാമമായ് തീരും ദധി
ജലവും മദിരയും കോകിലാഭമായ് തീരും
തരസാ മദ്ധ്യത്തിങ്കലൂർദ്ധ്വരേഖയും വരും.
നീർമയമുള്ളതെല്ലാം വിഷദൂഷണത്തിനാൽ
മ്ലാനതപൂകും തഥാ പൂതിഗന്ധിയുമാകും.
നീലമാം തിളയ്ക്കുമ്പോൾ പ്രശ്യാമമാകും സദാ
നൂനമദങ്ങവം ചൊൽവൂ തജ്ഞന്മാരായുള്ളവർ.
ഉഷ്ണമായുള്ളതെല്ലാം വിഷങ്ങൾ ബാധിക്കമ്പോ-
ളൽക്കടവിശീർണ്ണമാമാശു വൈവർണ്ണ്യംപൂകും.
മാർദ്ദവംപൂകും ഖരം, മൃദുക്കൾ ഖരത്വവും
പേത്തുമങ്ങന്തികത്തിലല്പജന്തുഘ്നതവും
ഉത്തരീയങ്ങൾ വിരിപ്പെന്നിവയെല്ലാംതന്നെ-
യുത്തരോത്തരം ശ്യാമമണ്ഡലവികീർണ്ണമാം
പക്ഷവും തന്തുക്കളും രോമവും വിഷാശ്രയാൽ
പക്ഷമെന്നിയേ പൂകും നിസ്തലഭ്രംശം സദാ
സ്വർണ്ണാദിലോഹങ്ങളും ചൊല്ലെഴും രത്നങ്ങളും
നിർണ്ണയം മലപങ്കിലങ്ങളായ് ഭവിച്ചീടും

വണ്ണവും പ്രഭാവവും സ്പർശവും സ്നിഗ്ദ്ധത്വവു-
മെന്നല്ല ഗുരുത്വവുമൊക്കെയും നശിച്ചുപോം.
ഉണങ്ങിക്കരിഞ്ഞുള്ള മുഖഭാവവും തൊണ്ട-
യിടറും കോട്ടുവായും വിയർപ്പും വാഗ്ഭംഗവും
ഉടലിൽ വിറയലും പാരവശ്യവും പിന്നെ
ഝടിതി നാലുപാടും പായുന്ന നോട്ടങ്ങളും
സ്വകമാം കാര്യത്തിലും സ്വന്തമാം ഭൂവിങ്കലും
സ്വതവേ വന്നുചേരും ഹൃദയചാഞ്ചല്യവും
സകലമിവചെമ്മേ കുറിച്ചുകൊണ്ടീടണം
വിഷബാധിതൻ തനിക്കുണ്ടാകും ചിഹ്നങ്ങളായ്.
ഔഷധങ്ങളും തഥാ പാനവും പാനീയവു-
മൗഷധാദികൾപോലെ നിത്യഭോജനങ്ങളും
സർവ്വവും തദ്ദായകന്മാരെക്കൊണ്ടില്ലായ്പോഴും
സർവ്വഥാ രുചിനോക്കിച്ചവ്വീശൻ ഭുജിക്കണം
കുപ്പായമലങ്കാരമാദിയും പരീക്ഷിച്ചു
മുദ്രിതമാക്കിബ്ഭൃത്യർ ഭൂപനു നല്കീടേണം
അന്യന്മാരയച്ചീടുമേതു സാധനത്തെയും
നിർണ്ണയമേവംവിധം പരീക്ഷിച്ചെടുക്കണം.
സ്വന്തങ്ങളാലും പുനരന്യങ്ങളാലും തദാ
മന്നവൻ രക്ഷ്യനാകും, രക്ഷിതാവല്ലോ നൃപൻ.
യാനവാഹനങ്ങൾ താനറിഞ്ഞുള്ളവയിൽത്താൻ
കേറണമറിഞ്ഞുള്ളോരയയ്ക്കുന്നവയിലും

താനറിഞ്ഞീടാത്തുള്ള വഴിയേ പോയീടൊലാ
ന്യൂനമങ്ങിട്ടുങ്ങിയതായൊരുമാർഗ്ഗത്തിലും
ദുഷ്ടനല്ലെന്നുകണ്ടോരാപ്തനാം ജനത്തെയും
ശിഷ്ടനും വംശക്രമാഗതനായുള്ളോനേയും
നിശ്ചയിക്കണം നൃപനാസന്നവൎത്തിയായി
നിശ്ചയം വിഭക്തനാം ഗോത്രജന്മാവിനേയും.
ധൎമ്മഹീനന്മാർ, ക്രൂരർ, തിന്മകൾ കാണപ്പെട്ടോർ,
കൎമ്മത്താൽ നിരാകൃതർ, വൈരിമാരയച്ചവർ,
എന്നേവമുള്ളോർകളേ നിൎണ്ണയം മഹീനാഥ-
നെന്നാളും നിറുത്തണമകലത്തായിത്തന്നെ.
ചേണെഴും കൊട്ടകാററിലുഴലും വള്ളത്തിലും
തോണിക്കാരനാപ്തന്മാർ ചൂഴിനില്പതിങ്കലും
മേലുമങ്ങന്യത്തോടു ബദ്ധമായതിലും
കേറരുതൊരിക്കലും കേടെഴുംയാനത്തിലും
ഗ്രീഷ്മകാലത്തേ സൂൎയ്യതപ്തമാം ദിനങ്ങളി-
[1]ലാപ്തചക്രിതനായും കരയററവും പാൎത്തും
മത്സ്യനക്രാദിവൎഗ്ഗഹീനമെന്നായിക്കണ്ടും
മിത്രസംയുതനായി മുഴകാം ജലംതന്നിൽ
ഘോരമാം വനാന്തരം വൎജ്ജിച്ചുകൊണ്ടടീണം
ദോഷഹീനമാം ബഹിരുദ്യാനവനംപൂകാം
കേളികളങ്ങു സമപ്രായരുമായിച്ചെയ്യാം-
മേതുമേ മടിക്കൊലാ വിഷയഭോഗേച്ഛയാൽ

1. ആപ്തചക്രിതൻ = ആപ്തന്മാരാൽ ചുററപ്പെട്ടവൻ.

നല്ല ശിക്ഷണമാൻും നല്ലപോലിണങ്ങിയും
നല്ലതാം വേഷംപൂണ്ടുമുള്ളതാമശ്വാദിയിൽ
മെല്ലവേ നായാട്ടിനായെഴുനള്ളണം ഭൂപൻ
ചൊല്ലെഴും മൃഗാടവിതന്നിലങ്ങുല്ലാസമായ്.
മുന്നമേ സ്വഗമ്യമാക്കീടണം മൃഗാടവി
മന്നവോചിതമായിപ്പിന്നെയസ്സീമാന്തങ്ങൾ
നല്ലപോൽ വിശ്വസ്തരാൽ ഗുപ്തവുമാക്കീടണം
ചെല്ലണമതിന്നുള്ളിൽ ലഘുകോഷ്ഠനായ് നൃപൻ
പെററമാതാവിൻമുമ്പിൽ പോകയാണെന്നാകിലും
തെററാതെ ഗൃഹമാദ്യം ശോധനചെയ്യിക്കണം
ആപ്തരാംസശസ്ത്രന്മാരൊത്തകം പൂകീടണം
വിശ്രമം ദുർഗ്ഗമത്തിൽ മേല, സങ്കടത്തിലും
ധൂളികളുൽക്കർഷിക്കമതി [1]വാതത്തിങ്കലോ
ഘോരമാം വർഷത്തിലോ ഘോരാതപത്തിങ്കലോ
പാരമങ്ങിരുളിലോ പോകരുതൊരേടത്തും
സൈ്വരമായ് സ്വസ്ഥാനത്തു വസിച്ചുകൊണ്ടീടണം.
രാജാവു പുറത്തെഴുന്നള്ളുന്ന നേരത്തിലും
രാജമന്ദിരത്തിങ്കൽ മടങ്ങും കാലത്തിലും
രാജപാതയിൽനിന്നും ജനത്തേ മാററീടണം
രാജചിഹ്നങ്ങളോടേ സഞ്ചരിക്കയും വേണം.
യാത്രകളുത്സവങ്ങൾ സഭകളിവററയിൽ
ചീർത്തതാമാൾത്തിരക്കുകൊണ്ടീടുമിടങ്ങളിൽ
പാർത്ഥിവൻചെന്നുചാടി നിമഗ്നനായീടൊലാ,
പേർത്തുമങ്ങൊരിക്കലുമതിരുവിട്ടീടൊലാ.

---

1. അതിവാതം = കൊടുങ്കാററു്.

1കഞ്ചുകോഷ്ണീഷധാരിമാരാകും ഷണ്ഡന്മാരു-
മഞ്ചാതെ കുബ്ജന്മാരും മുണ്ടന്മാർ കൈരാതരും
ചേൎന്നവരകമ്പടിസേവിച്ചു നിന്നീടവേ
ചെന്നുകേറണം ഭൂപനന്തഃപുരങ്ങൾക്കുള്ളിൽ
അന്തഃപുരത്തിന്നധികാരിമാരാകുന്നവ-
രന്തഃശ്ശുദ്ധതയോടുമന്തരംഗജ്ഞരായും
അന്തരാ നീചന്മാരാൽ ഭൂപന്റെ നമ്മാശകൾ
ചന്തത്തിൽ ഗ്രഹിക്കണം ശസ്ത്രാഗ്നിവിഷവൎജ്ജം
അന്തഃപുരത്തിന്നുള്ളിൽ കടന്നാൽ ഭൂപാലനെ
സന്തതം സന്നദ്ധരും സത്സമ്മതന്മാരുമാം
അന്തർവംശക[2] സൈന്യം രക്ഷിച്ചുകൊണ്ടീടണ-
മന്തമേന്യോടേന നൂനമായുധധരന്മാരായ്
എൺപതുവയസ്സതുചെന്നതാം പുമാന്മാരു-
മമ്പതുശരൽക്കാലം കണ്ടതാം വധുക്കളും
അന്തഃപുരത്തേ സദാ ശുചിയായ് പാലിക്കണ-
മന്തരമെന്യേ തത്രമേവുന്ന ജനങ്ങളും
കുളിച്ചുശുഭ്രവസ്ത്രമുടുത്തും ശരീരത്തേ
വെടിപ്പുവരുത്തിയും വപുസ്സിൽ ഭൂഷാദികൾ
ധരിച്ചും, പൂമാലകൾ ചൂടിയും, മഹീശനെ
തരത്തിലുപാസിച്ചുകൊള്ളണം വേശ്യാഗണം.

---

1. കഞ്ചുകോഷ്ണീഷധാരികൾ = കഞ്ചുകങ്ങളും ഉഷ്ണീഷവും ധരിച്ചവർ; ഉടുപ്പും തലപ്പാവും ധരിച്ചവർ.

2. അന്തർവംശകസൈന്യം = കൊട്ടാരജീവനക്കാർ.

ജടിലന്മാരായവർ, ഷണ്ഡന്മാർ, മായാകാരൻ
വടിവോടങ്ങുപുരദാസികളായുള്ളവർ
ഇവരോടേതുമൊരു സംസർഗ്ഗം ചെയ്തീടൊലാ
നിയതമന്തഃപുരവാസികളൊരിക്കലും.
അന്തഃപുരത്തിന്നുള്ളിൽ ഗമിക്കും ഭൃത്യന്മാരു-
മന്തരാ നിർഗ്ഗമിക്കുന്നവരും തൽകൈവശം
എന്തുസാധനങ്ങളുമുള്ളതു കാവല്ക്കാരെ-
യന്തരംവിനാ കാട്ടിച്ചീട്ടുകടം വാങ്ങീടണം.
രോഗബാധിതനായിബ് ഭവിക്കും ഭൃത്യൻതന്നെ
ലോകപാലനംചെയ്യും രാജാവു പാർത്തീടൊലാ
വേറൊരുദിക്കിലുണ്ടാ [1]മാത്യയികത്തെക്കാളും
ഗൗരവമേറുന്നതു സർവ്വത്രാത്യയികംതാൻ
കുളിച്ചുകുറിയിട്ടു ഗന്ധലേപവും ചാർത്തി
ധരിച്ചുപൂമാലയും ഭൂഷയും ഭൂമീശ്വരൻ
കുളിച്ചു ശുദ്ധാംബരമുടുത്തു സദ് ഭൂഷണ-
മണിഞ്ഞുവിലസുന്ന ദേവിയെ ദർശിക്കണം.
സ്വാന്തസന്നിവേശനം തന്നിൽനിന്നതേപടി
ചെന്നുകേറൊലാ ഭൂപൻ ദേവിതൻഗൃഹംതന്നിൽ
സ്വാന്തഭാമിനിയാണെന്നോർത്തുകൊണ്ടതിർവിട്ട
ബന്ധുര വിശ്വാസത്തെ സ്ത്രീകളിൽവച്ചീടൊലാ.
[2]ഭദ്രസേനനെ കൊന്നാനവൻെറ സഹോദരൻ
ഭദ്രമായ് മുന്നേക്കൂട്ടിപ്രാപിച്ചു ദേവീഗൃഹം.

---

1. അത്യയികം=പ്രാണനാശം. 2. ഭദ്രസേനൻ=കലിംഗരാജാവു്.

ഇച്ഛപോൽ മാതാവിന്റെ കട്ടിലിൻചോട്ടിൽ മറ-
ഞ്ഞച്ഛനാം കാരൂശനെ[1] യൗരസൻപുത്രൻകൊന്നാൻ
കൊടിയഗരളത്തിൽമുക്കിയ ലാജത്തിനെ
മധുലിപ്തമെന്നോതി, രഹസിമേവുംവിധൗ
നിജഭർത്താവിന്നേകിക്കാശി[2]ഭൂപാലേന്ദ്രനെ
നിജഭാര്യയാം മൃത്യുനിലയംപ്രാപിപ്പിച്ചാം.
വിഷസംലിപ്തമായ മേഖലാരത്നംകൊണ്ടു
വിഷമമെന്യേ ദേവി സൗവീരൻ[3] തന്നെക്കൊന്നാൻ.
നിയതം വൈരൂപ്യനെ[4] നൂപുരത്താലേകൊന്നു
സുദൃഢം ജാരൂഷ്യനെ[5] ദർപ്പണത്താലും തഥാ.

---

1. കാരൂശൻ = കാരൂശത്തിലെ രാജാവ്—വേറൊരു പുത്രനോട് അച്ഛൻ അധികം വാത്സല്യംകാട്ടി എന്ന കാരണത്താൽ.

2. വിഷസംലിപ്തലാജം = വിഷത്തിൽ പുരട്ടിയ മലര് സ്വന്തബന്ധുക്കളോടു യുദ്ധംചെയ്തു എന്ന കാരണത്താൽ.

3. സൗവീരൻ = സൗവീരരാജ്യത്തിലെ പരന്തപൻ എന്ന രാജാവ്. വിഷംപുരട്ടിയ മേഖലാരത്നംകൊണ്ട് കൊന്നു. കോപത്താൽ.

4. വൈരൂപ്യൻ = അവന്തിരാജാവ്. വേറൊരു സ്ത്രീയിൽ അധികം പ്രണയം കാണിച്ച കാരണത്താൽ.

5. ജാരൂഷ്യൻ = അയോദ്ധ്യാരാജാവ്. കണ്ണാടിയിൽ വിഷം പുരട്ടി വായിൽതേച്ചുകൊന്നു. സപത്നിയോട് അധികംപ്രണയം കാണിക്കയാൽ.

വേണിയിൽമറച്ചതാം ശസ്ത്രത്താൽ കൊന്നീടിനാൾ
ചേണെഴും വിധുരഥ[1] ഭൂപനേ സ്വഭാര്യയാൾ
ആവിധം കമ്മങ്ങൾക്ക നല്കരുതിടംഭൂപ-
നാവതും പ്രയോഗിച്ചുകൊള്ളണം ശത്രുക്കളിൽ.
ആപ്തകാരികളാകും പൂരുഷന്മാരാൽ പരി-
ഗുപ്തകളായിമേവും ദാരങ്ങളുണ്ടായീട്ടും
പാത്ഥിവനുഭയലോകങ്ങളും സ്വഹസ്തത്തിൽ
പ്രാപ്തമാകുന്നു സവ്വഭോഗങ്ങളോടുംകൂടെ.
ധമ്മരക്ഷണമുള്ളിലാശിക്കും നൃപാലകൻ
സമ്മോദാൽ സവ്വഭാര്യമാരെയുമനുക്രമാൽ
തൻബലം വാജീകരണത്തിനാൽ വദ്ധിപ്പിച്ചി-
ട്ടുണ്മയിൽ ദിനേദിനേ പ്രാപിച്ചുകൊണ്ടീടണം.
കൃത്യങ്ങളൊന്നൊന്നായിച്ചിന്തിച്ചു ദിനാന്തത്തിൽ
വിശ്വത്തെ മറന്നിട്ടു വിശസ്തകരനായി
പത്നിതൻ സൽകൃതിക്കു വശനായസക്തനായ്
സുപ്തനാകണം പരമാപ്തഗുപ്തനായ് ഭൂപൻ.
ഉണന്നുമേവീടുമ്പോൾ നയചിന്തനംചെയ്തു-
മുറങ്ങുന്നേരം പാരം സുഖമായുറങ്ങിയും
വിളങ്ങും രാജാവിന്റെ രാജ്യത്തിൽ പ്രജാവലി-
ക്കുളവാകില്ല ന്യൂനമാധികളേതുംതന്നെ.

---

1. വിധൂരഥൻ=വൃഷ്ണികുലത്തിലെ രാജാവ്; ഗുഹ്യസ്ഥല ത്തെകത്തികൊണ്ടു ഛേദിച്ചു ഭാര്യകൊന്നു.

പ്രമത്തചിത്തനായിത്തീൎന്നഹോ മഹീപാലൻ
കനത്ത നിദ്രതന്നിൽ ലയിച്ചു സദാകാലം
വസിച്ചുകൊണ്ടീടുകിൽ ജഗത്തു ഭയത്തിനാൽ
ത്രസിച്ചുചിന്താഗ്രസ്തമായിട്ടു ഭവിച്ചീടും.
ഇത്ഥമോതിനാർ പൂൎവ്വമുനിമാർ രാജാവിന്റെ
രക്ഷണത്തെയും രാജ്യരക്ഷണത്തെയുംപററി.
അത്തരം നയംകൊണ്ടു പൃഥ്വിയെ പാലിച്ചീടും
പാൎത്ഥിവൻപ്രാപിക്കുന്നു പാലനകല്യതത്തെ.

പതിനൊന്നാംപ്രകരണം സമാപ്തം.

---

## പന്ത്രണ്ടാംപ്രകരണം

### മണ്ഡലയോനിപ്രകരണം.

ദണ്ഡധാരണം ചെയ്തും ഭണ്ഡാരംവൎദ്ധിപ്പിച്ചും,
ദണ്ഡമെന്നിയെ നിതൃമാപ്തരുമായിച്ചേൎന്നും,
നിൎണ്ണയം സാമാതൃനായ് മണ്ഡലകാൎയ്യങ്ങളേ,
മണ്ഡലാധീശൻ[1] ചിന്തിച്ചീടണം ദുൎഗ്ഗസ്ഥനായ്.
അഖണ്ഡമണ്ഡലനായ് വാഴവേ ശശാങ്കൻപോ-
ലഖിലഭൃതങ്ങൾക്കും തുഷ്ടിയെ നല്കും ഭൂപൻ

---

1. മണ്ഡലാധീശൻ = ചക്രവൎത്തി

അഖണ്ഡമണ്ഡലനായ് വാഴണം തൽക്കാരണാ-
ലഖിലകാലത്തിലും വിജിഗീഷുവാം ഭൂപൻ.
വിശുദ്ധമണ്ഡലത്തിൽ ചരിച്ചുകൊള്ളുംവിധൗ
വിശിഷ്ടശോഭപൂകും രഥിയെന്നോണം നൃപൻ
അശുദ്ധസലിലത്തിൽ സർവ്വവും വിശീർണ്ണമായ്
ഭവിക്കുമത്രേദൃഢം രഥത്തിൻചക്രംപോലെ.
അമാത്യൻ, രാഷ്ട്രം, തഥാ ദുർഗ്ഗവും, കോശം, പിന്നെ
സമർത്ഥമായ ദണ്ഡ,മിങ്ങിനെയഞ്ചായതും
സമഷ്ട്യാ ജിഗീഷുവിൻ പ്രകൃതിമാരെന്നായി
സമസ്തജ്ഞാനികളാമാചാര്യരോതീടുന്നു.
ഇച്ചൊന്നതഞ്ചും സുഹൃദ്,ഭൂപാലനിവർചേർന്നു
സപ്താംഗമെന്നായ്ചൊൽവൂ രാജ്യത്തെ സുരാചാര്യൻ
പ്രകൃതിസമ്പന്നനായ്, പ്രഥിതോത്സാഹനായി,
പ്രത്യഹം പ്രകർഷേണ പ്രവൃത്തിപരനായി,
പരിചോടനേകധാ വിജയമിച്ഛിപ്പോനായ്,
ഒരുവും നൃപാലനേച്ചൊല്ലുന്നു ജിഗീഷുവായ്.
സദ്വംശജാതത്വവും, വൃദ്ധസംസേവിത്വവും,
സ്ഥൈര്യർഹമുത്സാഹവും, നൽസ്ഥൂലലക്ഷ്യത്വവും,[2]
അത്യന്തധീമത്വവും, ചിത്തഗ്രാഹകത്വവും,
സത്യൈകവാദിത്വവും, നിസ്തുലപ്രാഗല്ഭ്യവും,

---

1. വിജിഗിഷു = ജയിക്കാൻ ആശിക്കുന്നവൻ.
2. സ്ഥൂലലക്ഷ്യം = ഗൗരവമുള്ള കാര്യങ്ങളെ ലക്ഷ്യമാക്കുന്നതു്.

അസ്തോകമക്ഷൗദ്ര്യവുമാശുകാരിത്വം, പുന-
രാത്മീയസമത്വവുമാത്മനായകത്വവും,
ശിഷ്ടമാംദൃഢത്വവും, കാലദേശജ്ഞത്വവും,
ക്ലിഷ്ടതാസഹിഷ്ണുത്വം, സ്പഷ്ടമാം ദക്ഷത്വവും,
കെല്ലെഴും ഭൂതഭാവിവത്തമാനജ്ഞത്വവു-
മുൾപ്പൂവിലൗജ്ജിത്യവും, സംവൃതമന്ത്രത്വവും,
പേത്തുമങ്ങവിസംവാദിത്വവും, ശൂരത്വവും,
ശുദ്ധമാം ഭക്തിജ്ഞത്വം, കൃതിത്വം, കൃതജ്ഞതാ,
ശരണാഗതരോട്ടു വായ്ക്കുന്ന വാത്സല്യവും,
പരമാമചാപലം, നിസ്തുലമമഷിത്വം[1]
നാൾക്കനാൽ സ്വകൃത്യങ്ങൾ ചെയ്യതിലുണ്ടായീട്ടും
തീക്ഷ്ണമാം പ്രായോഗികശാസ്ത്രനിശ്ചയത്വവും,
ദീർഘദർശിത്വം, ജിതശ്രമത്വം, വാഗ്മിത്വവും,
ഭോഷ്ക്കന്യേ സമത്ഥമാം പ്രകൃതിസ്ഫീതത്വവും[2]
അക്രൂരപരിവേഷ്ടിതത്വവുമെല്ലാമിവ
ചൊല്ലെഴുമുള്ളും ജിഗീഷുവിൻ ഗുണങ്ങളല്ലോ പാരിൽ
കൃത്സ്നമാം ഗുണങ്ങളാൽ വിയുക്തനായിടില്ല-
മുച്ഛ്റിതപ്രഭാവവാനെപ്പൊഴും ജിഗീഷുതാൻ.
അത്തരം പ്രഭാവമുണ്ടായിട്ടും മഹീശനാൽ
ത്രസ്തരാമരികുലം, സിംഹത്താൽ മൃഗങ്ങൾപോൽ.

---

1. അമർഷിത്വം = അത്യുത്തമമായ ഉത്സാഹം.
2. പ്രകൃതിസ്ഫീതത്വം = അമാത്യാദിപ്രകൃതികളുടെ സാമത്ഥ്യം.

നിശ്ചയം പ്രതാപവാനായെഴും മഹീശ്വര-
നുച്ചമാമൈശ്വര്യത്തേ പ്രാപിച്ചുകൊണ്ടീടുന്നു.
എന്നതുമൂലം ദൃഢമുത്ഥാനയോഗസ്ഥനായ്
മന്നവൻ ജനിപ്പിച്ചുകൊള്ളണം പ്രതാപത്തെ.
ഏകാത്ഥമതിലുണ്ടാമാശാഭിനിവേശത്തെ-
യേകകണ്ഠേന ചൊല്വൂ ശത്രുലിംഗമായ് പാരിൽ.
മാഴ്കാതെ ജിഗീഷുവിൻ ഗുണങ്ങളെല്ലാംചേരും
പേർകൊണ്ട രിപുവിനെ ദാരുണനായും ചൊല്വൂ.
ലുബ്ദനും, ക്രൂരൻ, മൂഢനലസനസത്യവാ-
നസ്ഥിരൻ, പ്രമാദിയും, ഭീരുവുമാകുന്നതാം
പാത്ഥിവൻ സ്വയോധരെയവമാനിച്ചീടുവോൻ
പ്രോക്തനാമവൻ സുഖോച്ഛേദ്യനാമരാതിയായ്.
ശത്രുവും, മിത്രം, തഥാ, ശത്രുവിൻ മിത്രംപിന്നെ
മിത്രത്തിൻ മിത്രം, തഥാ, മിത്രാരിമിത്രമിത്രം
ഇത്രയുമഞ്ചുകൂട്ടർ വിജിഗീഷുവിൻമുമ്പിൽ
യുദ്ധാത്ഥമൊരുങ്ങിനിന്നീടുമെന്നായിച്ചൊല്വൂ.
തദ്വിധം പാർഷ്ണിഗ്രാഹൻ, പശ്ചാദാക്രന്ദൻ തഥാ
പേത്തുമങ്ങിവർ രണ്ടുപേർക്കുമുള്ളാസാരന്മാർ
ഇത്തരം നാലുകൂട്ടർ വിജിഗീഷുവിൻ പിമ്പിൽ
വത്തിക്കുമെന്നായിട്ടുമരചെയ്തിരിക്കുന്നു.
ശത്രുവിൻറയും വിജിഗീഷുവായവൻറയും
മദ്ധ്യമസ്ഥാനസ്ഥനായ് മേവുന്ന പൃഥ്വീനാഥൻ

നിശ്ചയം സംഹതന്നു[1] നന്മയ്ക്കും തദന്യന്റെ
നിഗ്രഹത്തിന്നും ചെമ്മേ പ്രഭുവായ് ഭവിക്കുന്നു.
ഇച്ചൊന്ന കൂട്ടരെല്ലാം ചേൎന്നെഴും മണ്ഡലത്തിൽ
ബാഹ്യസ്ഥനാകുമതിബലനാമുദാസീനൻ.
കെല്പെഴും സംഹതന്നു നന്മയ്ക്കുമസംഹത-
ന്നപ്പാടുവധത്തിന്നും പ്രഭുവായ് വൎത്തിച്ചീടും.
ശത്രുവും ജിഗീഷുവും, മധ്യമനുദാസീന-
നിത്തരം നാലാൾ മൂലപ്രകൃതിമാരായ് ചൊല്വൂ.
ഇച്ചൊന്ന നാല്വരെയും മണ്ഡലമെന്നോതുന്നു
വിഖ്യാതതന്ത്രജ്ഞനായീടുന്ന മയാചാൎയ്യൻ.
ശത്രുവും, ജിഗീഷുവും, പിന്നീടു പാൎഷ്ണിഗ്രാഹൻ,
മിത്രവുമിതേവിധം മധ്യമനുദാസീനൻ,
ഇത്തരമാറുപേരേ മണ്ഡലമെന്നോതുന്നു
നിസ്തുലനീതിജ്ഞരാമിന്ദ്രനും, പുലോമനും.
മധ്യമോദാസീനരും, പിന്നെയാജിഗീഷുവിൻ
പ്രത്യേകമണ്ഡലത്തിലുൾപ്പെട്ടും നൃപാലരും
ഉൾക്കൊണ്ടോരീരാറുപേർ ചേൎന്നമണ്ഡലത്തിനെ
വിഖ്യാതമുനീന്ദ്രനാമുശനസ്സോതീടുന്നു.
ഇച്ചൊന്ന നൃപാലകരീരാറുപേൎക്കുംതന്നെ
നിശ്ചയം പൃഥക്കായി ശത്രുമിത്രങ്ങളുണ്ടാം.
ഒക്കെയുംകൂടിയാകെയിവൎതൻ സംഖ്യാബലം
മുപ്പത്തിയാറെന്നോരോ മുനിമാരുരയ്ക്കുന്നു.

---

1 സംഹതൻ=സംഘടിച്ചുനില്ക്കുന്നവൻ

ഇന്ദ്രാറുനരപതിവീരക്കും വീണ്ടും പിന്നെ-
യോരോരുത്തനുമഞ്ചുവീതമായിട്ടുന്നതാം
ധീരരാമമാത്യാദിപ്രകൃതിമാരുള്ളതായ്
പേരാന്ന മനുവിൻെറ ശിഷ്യന്മാരോതീടുന്നു.
ഏവമങ്ങീരാറാകും മൗലന്മാരതും പുന-
രീരാറഞ്ചമാത്യാദിപ്രകൃതിമാരായോരും
ചേരുമൊരെഴുപത്തിരണ്ടാളേച്ചൊല്ലീടുന്നു
സാരമാമേതൽസർവ്വപ്രകൃതിമണ്ഡലമായ്.
ശത്രുവും ജിഗീഷുവുമാകുന്ന രണ്ടാൾകൾക്കും
ശത്രുവും മിത്രവുമായൊപ്പമായ് മേവുന്നോരും
തച്ഛത്രുമിത്രങ്ങളും കൂടിയങ്ങാകെപ്പതി-
നെട്ടുള്ളമണ്ഡലത്തേ ചൊല്ലുന്നു ബൃഹസ്പതി.
ഇത്തരം പതിനെട്ടുരാജാക്കന്മാർക്കും പാരിൽ
പ്രത്യേകം പ്രത്യേകമായുണ്ടാകുമമാത്യാദ്യർ.
തദ്വിധമെല്ലാംകൂടി നൂറെറട്ടാളുകൾ ചേരും
കൂട്ടത്തെയിവരുടെ മണ്ഡലമെന്നോതുന്നു.
ഇച്ചൊന്നപതിനെട്ടു ഭൂപതിമാർക്കും പിന്നെ
നിശ്ചയം വേറേ വേറേ ശത്രുമിത്രങ്ങളുണ്ടാം.
ഒട്ടുക്കങ്ങിവരുടെ സംഖ്യയയ് മ്പത്തിനാലായ്
സ്പഷ്ടമായോതീടുന്നു ദക്ഷനാം വിശാലാക്ഷൻ.
ഇത്തരമയ് മ്പത്തിനാലാകുന്ന രാജാക്കൾക്കും
പ്രത്യേകമുണ്ടായീടും നിർണ്ണയമമാത്യാദ്യർ.

തദ്വിധമിവരുടെ മണ്ഡലം മുന്നൂററിരു-
പത്തിനാലായിട്ടഹോ ചൊല്ലുന്നു വിചക്ഷണൻ.
സപ്തമാംപ്രകൃതിമാർ വിജിഗീഷുവിന്നുണ്ടാം
സപ്തമങ്ങളുപോലെയുണ്ടാകും ശത്രുവിന്നും
ഇത്ഥമുണ്ടാകും ചതുർദ്ദശമാം പ്രകൃതിമാ-
രുക്തമായീട്ടന്നിതു മണ്ഡലമെന്നുള്ളതായ്.
മൂന്നാംകം ചേരുന്നതു മണ്ഡലമെന്നായ്ച്ചൊല്വൂ
നിർണ്ണയം വിജിഗീഷുശത്രുമിത്രങ്ങളെന്നായ്.
എന്നാലങ്ങിവരുടെ മിത്രങ്ങളേയുംകൂടി
മണ്ഡലമാറുചേർന്നതെന്നായിട്ടോതും ചിലർ.
പിന്നെയുമമാത്യാദിപ്രകൃതിമാരായവർ
മന്നവന്മാർക്കെല്ലാർക്കുമുണ്ടാകും പൃഥക്കായി.
അങ്ങിനെയെല്ലാംകൂടി മുപ്പത്തിയാറാളുകൾ
ചേർന്നിട്ടും മണ്ഡലത്തെച്ചൊല്ലുന്നു മണ്ഡലജ്ഞൻ.
വിജിഗീഷുവും, തഥാ ശത്രുവും, മിത്രംതാനു-
മവൻചേരും സപ്തപ്രകൃതിമാരെല്ലാരും
അതിനാലിരുപത്തിയൊന്നുപേരെന്നായിട്ടു
പ്രകൃതിമണ്ഡലത്തേ പരിവാദികൾ ചൊല്വൂ.
നാലുപേരായീടുന്ന മൗലരാം നൃപന്മാരും
നാലുപേർ മിത്രങ്ങളുംകൂടിയങ്ങെട്ടായതും
തദ്വിധമമാത്യാദ്യരയ്യെട്ടുപേരും ചേരും
നാല്പത്തിയെട്ടാളുകളേ മണ്ഡലമെന്നോതീടും.

വിജിഗീഷുവും, പശ്ചാൽഭാഗസ്ഥർ, പുരോഭാഗ-
സ്ഥിതരെന്നിവരാകെ പത്താംകളാകുംമൂലം
ദശകമണ്ഡലമെന്നിവരെയോതീടുന്നു
വിശദമായിത്തന്നെ മണ്ഡലജ്ഞന്മാരായോർ.
ദശഭൂപതിമാർക്കുമാളൊന്നിന്നഞ്ചുവീതം
വശഗന്മാരാമമാത്യാദ്യരുമുണ്ടായീട്ടും
ഇവരെല്ലാംകൂടിയറുപതാകും ക്രമാ-
ലിവരെയോതീടുന്നു ഷാഷ്ടികമണ്ഡലമായ്.
വിജിഗീഷുവുമവൻമുൻപിൽ വർത്തിപ്പോർ രണ്ടും
വിജിഗീഷുവിൻപിമ്പിൽ വർത്തിപ്പോർ രണ്ടുംകൂടി
നിയതം പഞ്ചകവും, പിന്നെയുമമാത്യാദ്യർ
സഹിതം ത്രിംശകവും മണ്ഡലമുരയ്ക്കുന്നു
അരിഭൂപനുമേവം മണ്ഡലമുണ്ടാമെന്നായ്
വൈരിയോരാകും ദൃഷ്ടിവർത്തുക്കൾ ദർശിക്കുന്നു.
പരിചോടഞ്ചുപേരുമതുപോൽമൂന്നാംകളും
കലരും മണ്ഡലത്തെ വിധിപ്പൂ മനീഷികൾ
ന്യായമായ് രണ്ടേയുള്ളൂ പ്രകൃതിമാരെന്നതായ്
മായമെന്നിയേ ചൊല്വൂ പൂജ്യനാം പരാശരൻ.
അവരിലഭിയോക്താവായവൻ സുപ്രധാന-
നപരനഭിഭവം പൂകീടുമസംശയം.
അന്യോന്യാഭിയോഗത്തിൽ രണ്ടാളും വാഴ്കയാലും
പിന്നെയങ്ങൊരാളിനെയന്യൻ തോല്പിക്കയാലും

മന്നിതിൽ പ്രകൃതിയതൊന്നേയുള്ളെന്നതായി-
ച്ചിന്തിച്ചീടുന്നതുണ്ടു പണ്ഡിതന്മാരിൽ ചിലർ.
ഇത്ഥമങ്ങുരയ്ക്കുന്ന ബഹുധാ മണ്ഡലത്തെ
പൃഥ്വിയിൽ മഹാന്മാരായീട്ടുന്ന മനീഷികൾ.
തദ്വിധമിരുന്നാലും ദ്വാദശനൃപാലന്മാ-
രാൾക്കൊള്ളും മണ്ഡലംതാൻ സർവ്വത്ര പ്രസിദ്ധവും.
അഷ്ടശാഖവും[1] ചതുർമൂലവും[2] ഷട് പുഷ്പവും[3]
ഷഷ്ടിപത്രവും[4] തഥാ, സർവ്വദാ ത്രിഫലവും[5]
തിട്ടമങ്ങെല്ലാമ്പോഴും ദ്വയത്തിൽ[6] സ്ഥിതവുമാം
വൃക്ഷത്തെയറിയുന്നോർ:നീതിയേയറിയുന്നു.

പന്ത്രണ്ടാംപ്രകരണം സമാപ്തം

---

1. അഷ്ടശാഖകൾ=മിത്രാദിനൾ നാലുപേർ, പാർഷ്ണിഗ്രാഹർ നാലുപേർ.

2. ചതുർമൂലം=മൂലപ്രകൃതിമാർ നാലുപേർ, അതായതു വിജിഗീഷു, ശത്രു, മദ്ധ്യമൻ, ഉദാസീനൻ.

3 ഷട് പുഷ്പം=സന്ധി, വിഗ്രഹം, യാനം, ആസനം, ദ്വൈധീഭാവം, സമാശ്രയം.

4. ഷട്പത്രം=മൂലശാഖകളുടെ ആശ്രിതന്മാരായ ദ്രവ്യപ്രകൃതികൾ. നാലുമൂലപ്രകൃതികളുടേയു. എട്ടുശാഖകളുടേയും ആശ്രിതന്മാർ.

5. ത്രിഫലം=വൃദ്ധി, ക്ഷയം, സ്ഥാനം.

6. ദ്വയം=ദൈവവും മനുഷ്യനും.

# പതിമൂന്നാംപ്രകരണം

## മണ്ഡലചരിതം

പാർഷ്ണിഗ്രാഹനും, തദീയാസാരനാകുന്നോനും
പ്രോക്തരായീടുന്നിതു ശത്രുവിൻമിത്രങ്ങളായ്.
ആക്രന്ദൻതാനും, പുനരവന്റെയാസാരനും
ഭോഷ്ടെന്യേ ജിഗീഷുവിൻ മിത്രങ്ങളായും ചൊല്വൂ.
ആക്രന്ദാസാരരായോർ പാർഷ്ണിഗ്രാഹാസാരരേ-
യാക്രമിച്ചിട്ടു നേരേ മുന്നോട്ടുകേറീടണം.
ആക്കണക്കരിയേയുമവന്റെ മിത്രത്തെയും
വിഗ്രഹിച്ചിട്ടു പുരോഗതരും ഗമിക്കണം.
ശത്രുവിന്നുണ്ടായീടും മിത്രത്തിൻ മിത്രത്തിനെ-
യത്യന്തം കൃതകൃത്യനായ് തന്നെ മേവുന്നതാം
ശക്തനാമുഭയമിത്രത്തിനാൽ തടഞ്ഞിട്ടു
പൃഥ്വീനായകൻ പശ്ചാൽ ഗമിച്ചുകൊണ്ടീടണം.
ആക്രന്ദൻതന്നെക്കൊണ്ടും സ്വയമേ വക്കാണിച്ചും
ചേക്കണം പാർഷ്ണിഗ്രാഹന്നുക്കെഴും പ്രപീഡനം.
ആക്രന്ദനാലും തദീയാസാരനാലും ഭൂപൻ
ചേക്കണമുപദ്രവം പാർഷ്ണിഗ്രാഹാസാരനും
മിത്രത്തെക്കൊണ്ടും തഥാ സ്വയമേ വിഗ്രഹിച്ചും
ശത്രുവിന്നേകീടണം രൂക്ഷമാം മഹാനാശം.
മിത്രത്തിനാലും മിത്രമിത്രത്തിനാലും തഥാ
ശത്രുവിൻ മിത്രത്തിനും പീഡനം നല്കീടണം.

ശത്രുവിൻമിത്രത്തിന്റെ മിത്രത്തിൻ പ്രപീഡനം
സിദ്ധമാക്കണം പിന്നേ സ്വതന്ത്രം മഹീവരൻ.
ശക്തരാമിരുകക്ഷിക്കാരുടെ മിത്രത്താലും
തദ്വിധം നൃപാലന്റെ സ്വന്തമിത്രത്തേക്കൊണ്ടും.
ഇച്ചൊന്നവിധമോരോരോയോഗങ്ങൾ ചമച്ചഥ
നിശ്ചയം വിജിഗീഷുവായിട്ടും മഹീനാഥൻ.
ശക്തമാം പ്രപീഡനം നല്കണം സപത്നനു
തക്കപോൽ യഥാക്രമം മിത്രത്തേ മാറിമാറി.
നിത്യമുദ്യുക്തനായി വാണിട്ടും മനീഷിയാ-
ലിത്ഥമിങ്ങിരുപാടും പീഡിതനാകുംവിധൗ
ശത്രുഭൂപതി താനേ നാശത്തെ പ്രാപിച്ചീടും
ബദ്ധമോദേന വശംപൂകീടുമല്ലെന്നാകിൽ.
സർവ്വമാമുപായവും വേണ്ടപോൽ പ്രയോഗിച്ചു
കൈവശം വരുത്തണം സാമാന്യമിത്രത്തിനേ.
നിർവ്യാജം സ്വമിത്രത്താൽ വിയുക്തനാകുംവിധൗ
സർവ്വഥാ പരിപന്ഥി ഭവിക്കും സുച്ഛേദ്യനായ്.
കാരണത്താലേ ഭവിച്ചീടുന്നു മിത്രങ്ങളും
കാരണത്താലേ തന്നെയുണ്ടാവൂ ശത്രുക്കളും.
യാതൊരു കാരണത്താൽ ശത്രുത്വമുണ്ടാകുമോ
ഭൂതികാമനാം ഭൂപനതിനേ ത്യജിക്കണം.
മുഖ്യമായ് മഹീനാഥൻ സർവ്വമാം പ്രജയേയും
തക്കപോൽ സദാകാലം രഞ്ജിപ്പിൽ നിർത്തിടണം.

തക്മെില്ലവരുടെ രഞ്ജിപ്പിൽ സർവ്വാംഗിയാം
ലക്ഷ്മിയെ ഭുജിച്ചീടും സ്ഥിരമായ് പ്രജാനാഥൻ.
ദൂരത്തിൽ ചരിക്കുന്ന മാണ്ഡലികന്മാരേയും
ഭാരിച്ച ദുർഗ്ഗസ്ഥരാമന്യഭൂപാലരേയും
ചേലൊത്ത മിത്രങ്ങളായ് തീക്കണം തദീയമാം
സാരമാമവഷ്ടംഭാൽ മണ്ഡലമുണ്ടാകുന്നു.
ഉദ്യതസൈന്യനാകും മധ്യമൻ ജയത്തിനാ-
യുദ്യമിച്ചല്ലേതരം ശക്തനായ് ചരിച്ചീടിൽ
തൽക്ഷണം ജിഗീഷുവും ശത്രുവും യോജിക്കണം
ശക്തിഹീനനാം നൃപൻ സന്ധിയാൽ നമിക്കണം.
തദ്വിധമുദാസീനൻ ചലിച്ചുകൊണ്ടീടുകിൽ
സത്വരം സർവ്വമാകും മാണ്ഡലികാംഗങ്ങളും
ഒത്തൊരുമിച്ചു സംഘധർമ്മത്തിൽ മേവീടണം
കൃത്യമായ് നമിക്കണം നിർണ്ണയമശക്തരും
കൃച്ഛ്റങ്ങളായുണ്ടാകുമവസ്ഥാഭേദങ്ങളിൽ
നിശ്ചയം സ്വാത്ഥസിദ്ധിവരുത്താൻ സമസ്തരും
ഒത്തൊരുമിച്ചു സംഘധർമ്മത്തിൽ വാണീടണ-
മത്തരുണത്തിൽ സംഘധർമ്മംതാൻ രക്ഷാമാർഗ്ഗം.
സഹജരെന്നും തഥാ കാര്യജാതന്മാരെന്നും
ദ്വിവിധം ഭവിക്കുന്നു ശത്രുക്കൾ ധരിത്രിയിൽ
ഇവരിൽ സഹജന്മാർ സ്വകുലോല്പന്നന്മാരു-
മപരരാകുന്നവർ കാര്യത്താൽ സംഭൃതരും.

അരിയോടെടുക്കേണ്ടും പ്രവൃത്തി നാലെന്നായി-
ട്ടുരചെയ്തീടുന്നിതു ദക്ഷരാം നയജ്ഞന്മാർ.
അതിലൊന്നുച്ഛേദനം, രണ്ടാമതപചയം,
തൃതീയം കർഷണവും, പീഡിതം നാലാമതും.
ഉച്ഛേദനത്തിന്നർത്ഥം ചൊല്ലുന്നു വിദഗ്ദ്ധന്മാർ,
നിശ്ശേഷം ഛേദിപ്പതായ് പ്രകൃതികുലത്തിനെ
യോഗ്യരാം നരാദിയെ നഷ്ടമാക്കീടുന്നതി-
ന്നുക്തമാമപചയമെന്നായിട്ടഭിധാനം.
കോശദണ്ഡാധികാരമെടുത്തുകളവതും
ക്ലേശമെന്നിയേ മഹാമാത്രനെ[1] വധിപ്പതും,
കർഷണമെന്നതായിട്ടോതുന്നിതാചാര്യന്മാർ
കർഷണത്തേയും കവിഞ്ഞുള്ളതു പീഡനവും.
ആശ്രയഹീനനായോ, ദുർബ്ബലാശ്രയംമൂല-
മാശ്രയഫലഹീനനായിട്ടോ വസിച്ചീടും
ശത്രുവും, ശത്രുസമ്പദ്യുക്തനായ് ഭവിക്കുമ്പോൾ
ശക്തനായ്ത്തീർന്നിടുന്നുണ്ടുച്ഛേദം ചെയ്തീടുവാൻ
ആശ്രയമാനികൾക്കു നല്കണം കാലേ നൃപൻ
രൂക്ഷമാം കർഷണവും പീഡനമതും ക്രമാൽ
ആശ്രയം വിവിധമാം; ദുർഗ്ഗമതൊന്നാമതും,
സജ്ജനസമ്മതനാം സന്മിത്രം രണ്ടാമതും.

---

1. മഹാമാത്രൻ = പ്രധാനമന്ത്രി

രാക്ഷസേശ്വരനായ രാവണൻതാനും തഥാ
മക്കടപ്രവീരനാം ഗോത്രജിത്തനുജനും
സുച്ഛേദ്യരിപുക്കളായ് ഭവിച്ചു വിഭീഷണ-
സുഗ്രീവന്മാർതൻ സർവ്വതന്ത്രാപഹാരിത്വത്താൽ.
സ്വന്തവംശസ്ഥരാകും ശത്രുക്കളറിഞ്ഞീടും
സ്വന്തമാം ഛിദ്രങ്ങളും, മമ്മങ്ങൾ, വീര്യങ്ങളും.
എന്നുമല്ലുണങ്ങിയ വൃക്ഷത്തെ തീയെന്നപോ-
ലന്തർഭാഗത്തിൽ കടന്നങ്ങവർ ദഹിപ്പിക്കും
ശക്തനോടേററു ഘോരഘോരമായ് പോർചെയ്കഥ
ദുർഘടാവസ്ഥതന്നിലെത്തിടുമരാതിയ്ക്കും
തക്കപോൽ നല്കീടണം പിൻബലം വിജിഗീഷു
തക്മെന്നിയെയാത്മോച്ഛേദനഭയത്തിനാൽ
എവനേയുച്ഛേദനം ചെയ്യുകിൽവേറേയൊരാ-
ളുടനേയുണ്ടായിടുമുഗ്രനാമരാതിയായ്
അവനെയുച്ഛേദനം ചെയ്യരുതൊരിക്കലു-
മവനേ സ്വാധീനത്തിൽ വരുത്തിക്കൊണ്ടീടണം.
പുനരങ്ങവൻ സ്വന്തപാശ്വത്തെയുത്സർജ്ജിപ്പാൻ
മനസി ചിന്തിപ്പതായറിവു ലഭിക്കുകിൽ
അവനെയടക്കുവാനവന്റെ വംശസ്ഥനാ-
മപരനൃപാലനെയുയർത്തിക്കൊണ്ടീടണം.
വിഷത്തെ ഭേദിപ്പതു വിഷത്താലത്രേ ദൃഢം
കട്ടത്ത വജ്രത്തിനെ വജ്രത്താൽ ഖണ്ഡിക്കുന്നു.

മദിച്ച ഗജത്തിനേ പിടിച്ചങ്ങമൎത്തുന്നു
കരുത്തു കൂടീടിന മററൊരു ഗജത്തിനാൽ.
മത്സ്യത്തെ പിടിക്കുന്നു മററൊരു മത്സ്യം പാരിൽ,
തഥാവിധം ദായാദനേ ദായാദൻ ഗ്രഹിക്കുന്നു.
രക്ഷോനായകൻതന്റെ നാശത്തിൽ രഘൂത്തമൻ
തൽസഹോദരൻതന്നെപ്പൂജിച്ചുകൊണ്ടീടിനാൻ.
യാതൊരുകാൎയ്യമത്ര ചെയ്തുകൊണ്ടീടുംവിധൌ
ജാതമായീടുന്നിതു മണ്ഡലക്ഷോഭംപാരം
ആവക കാൎയ്യമേതും ചെയ്യൊലാ നരാധിപ-
നാവതും പ്രജകളേ രഞ്ജിപ്പിൽ നിറുത്തണം.
സാമദാനങ്ങളാലും ബഹുമാനങ്ങൾകൊണ്ടും
ഭൂമിപൻ പ്രജകളേ രഞ്ജിപ്പിൽ നിൎത്തീടണം.
ഭേദമെന്നിയേ തഥാ ഭേദദണ്ഡങ്ങൾമൂലം
ഭേദനംചെയ്തീടണം ശത്രുവിൻ പ്രജയേയും.
ശത്രുമിത്രങ്ങളിടകലൎന്നുതന്നേ നില്ക്കും
പൃഥ്വിയിലെവിടെയും സൎവ്വമണ്ഡലത്തിലും.
സ്വാൎത്ഥകാരകരത്രേ ലോകരെല്ലാരും നൂനം
കുത്രചിൽ ഭവിച്ചീടുമെങ്ങുതാൻ മാധ്യസ്ഥവും?
വൃദ്ധിയാദലററം മദിച്ചകൃതം ചെയ്തീടുന്ന
മിത്രത്തിനേയും ഭൂപൻ പീഡനം ചെയ്തീടണം.
അത്യൎത്ഥമകൃതവാനാകുകിൽ ഹനിക്കണം
ശത്രുവായ് കരുതണം പാപിയാമവൻതന്നെ.

രണ്ടാൾക്കുമൊന്നുപോലെ മിത്രമായിടുന്നവൻ
രണ്ടകം കൊട്ടുന്നതായ് കണ്ടുകൊണ്ടീടുന്നാകിൽ
ഇണ്ടലെന്നിയേ വേഗാലവനേയൊട്ടുക്കണം
പണ്ടു വിണ്ണവർനാഥൻ ത്രിശിരസ്സിനെപ്പോലെ.
വൃദ്ധിമാന്മാരായ് മേവും ശത്രുക്കൾ തമ്മേപ്പോലും
ബദ്ധമോദേന ഭൂപൻ മിത്രങ്ങളാക്കീടണം.
മിത്രങ്ങളായിടിലും ശത്രുതചമൂൾക്കൊണ്ടീടി-
ലത്തലെന്നിയേ വേഗാലവരേ ത്യജിക്കണം.
അത്യാഹിതത്തിൽപോലും ഹിതത്തെയനുഷ്ഠിച്ചു
വത്തിക്കും പുമാൻതന്നെ ബന്ധുവായീടുന്നവൻ.
സ്നിഗ്ദ്ധനാകിലും പുനരസ്നിഗ്ദ്ധനായീടിലും
നിത്യവുമുപകാരംചെയ്യുവോനത്രേ മിത്രം.
എത്രയുമാലോചിച്ചു ദോഷവാനെന്നായ് സ്വയം
തൃപ്തിവന്നതിന്മേൽത്താൻ മിത്രത്തേ ത്യജിക്കണം.
അത്രയുമല്ല മേലും തെറവുകളേത്തും വിനാ
മിത്രത്തേ ത്യജിപ്പവൻ ധമ്മാത്ഥഹന്താവുതാൻ.
ഗുണവും ഗുണക്കേടും നിണ്ണയമെല്ലാനാളും
മനുജാധിപൻതന്നെ സ്വയമേയാരായണം.
സ്വയമേയറിഞ്ഞത്ഥ ദണ്ഡത്തെ പ്രയോഗിച്ചാൽ
നിയതമതു പാരം ശ്ലാഘ്യമായ് ഭവിച്ചീടും.
സത്യമായ് ദോഷമുണ്ടെന്നറിഞ്ഞുകൊണ്ടീടാതെ
ക്രുദ്ധിച്ചുകയറരുതാരോടുമൊരിക്കലും.

നിർദ്ദോഷിതന്നോടേവം കോപിക്കും ജനത്തിനെ
പൃഥ്വിയിൽ മഹാലോകർ നണ്ണുന്നു ഭുജംഗമായ്.
സമപ്രായന്മാർ, ജ്യേഷ്ഠർ, കനിഷ്ഠരെന്നിങ്ങനെ
ഭവിക്കും മിത്രങ്ങൾതന്നനന്തരം ഗ്രഹിച്ചിട്ടു
ചെറുപ്പക്കാരർ, മദ്ധ്യർ, വൃദ്ധന്മാരിവർതമ്മോ-
ട്ടുരച്ചീടേണമോരോ കാര്യങ്ങൾ പൃഥക്കായി.
മിഥ്യകളാരോപിച്ചുകൊള്ളരുതൊരാളിലും
മിഥ്യാവാനാണെന്നായിക്കേട്ടുവെന്നിരുന്നാലും.
മിത്രഭേദനംചെയ്യാൻ തുടങ്ങും മനുഷ്യരേ
കൃത്സ്നമായുപേക്ഷിച്ചുകൊള്ളണം പൃഥ്വീനാഥൻ.
വാക്യങ്ങളാറുവിധമായിഹ ഭവിച്ചീടും
ചൊൽക്കൊള്ളും പ്രായോഗികം[1] മാത്സരികവും[2] തഥാ
അതുപോൽ മാദ്ധ്യസ്ഥവും[3] പാക്ഷപാതികം[4] പിന്നെ-
യതുലം സാനുശയം[5] സോപന്യാസവു[6] മെന്നായ്.
മിത്രങ്ങളാരോടുമേ പ്രത്യക്ഷമായിട്ടുള്ള
പക്ഷപാതത്തെ നൃപൻ കാട്ടരുതൊരിക്കലും.

---

1. പ്രായോഗികം = പരനാൽ പ്രയുക്തനാകുന്നവൻെറ വാക്യം.

2. മാത്സരികം = അന്യൻെറ ശ്രീയിൽ അസഹ്യത തോന്നുന്നവൻേറതു്.

3. മാദ്ധ്യസ്ഥം = രണ്ടുപക്ഷത്തും ചേരാത്തവൻെറ വാക്യം.

4. പാക്ഷപാതികം = ഒരുപക്ഷംപിടിച്ചു പറയുന്നതു്.

5 സാനുശയം = അർത്ഥാശ മുഴുത്തു പറയുന്നവൻെറ വാക്യം.

6. സോപന്യാസം = വിശ്വാസം ഉണ്ടാക്കാൻ ശ്രമിക്കുന്നവൻെറ വാക്യം.

മിത്രങ്ങൾ തമ്മിൽത്തമ്മിൽ മത്സരം തുടങ്ങിയാൽ
തൽക്ഷണം തടയേണമതിനെ പൃഥ്വീനാഥൻ.
കാലജ്ഞനാകുന്നവൻ നീചർതൻകാര്യത്തിലും
കാര്യത്തിൻ ഗൗരവത്തെ വഴിപോൽ പാർത്തീട്ടഥ
ദോഷങ്ങളുണ്ടെന്നാലുമവയേമറച്ചുകൊ-
ണ്ടോതണം ഗുണംതന്നേ, ഗുണങ്ങളില്ലെങ്കിലും.
സർവ്വാവസ്ഥയിലുള്ളോരാളുകളേയും നൃപൻ
സർവ്വഥാ മിത്രങ്ങളായ് വയ്ക്കണം സാമാന്യമായ്.
നിർവ്യാജം ബഹുമിത്രനായവൻ ശത്രുക്കളേ
കൈവശം വരുത്തുവാൻ ശക്തനായ് ഭവിച്ചീടും.
ആപത്തിന്നുപശാന്തിവരുത്താൻ സന്മിത്രത്തിൻ-
സ്ഥാനത്തു നില്ക്കാ ദൃഢം ഭ്രാതാവോ, മററുള്ളോരോ.
ശത്രുക്കളായുള്ളോരെ ദൃഢനിശ്ചയന്മാരാം
മിത്രങ്ങളാലേ ഭൂപൻ സർവ്വത്ര ഹനിക്കേണം.
ഇച്ചൊന്നപോലെയെല്ലാം മണ്ഡലവൃത്തത്തിനേ
സപഷ്ടമായുരയ്ക്കുന്നു മണ്ഡലജ്ഞന്മാരായോർ.
ശത്രുവുമുദാസീനൻ മിത്രവുമെന്നുള്ളതാം
വിശ്രുതം ത്രിതയമാം മണ്ഡലമോർത്തീടുകിൽ
ഇതഥമേതൽത്രയത്തേ സാധിച്ചുകൊള്ളുന്നതി-
ന്നുക്തമാകുന്നുനാമം മണ്ഡലശോധനമായ്.
ഇത്തരം നയവർത്മചാരിയായ് സമൃദ്ധിമി-
പാർത്ഥിവൻ സാധിക്കുന്നു മണ്ഡലസംശുദ്ധിയെ.
ശുദ്ധമണ്ഡലനായോൻ ശരച്ചന്ദ്രനെപ്പോലെ
നിത്യവും വിരാജിക്കാം ലോകരഞ്ജകനായും.

പതിമൂന്നാംപ്രകരണം സമാപ്തം

# പതിന്നാലാംപ്രകരണം

## സന്ധിവികല്പപ്രകരണം

ശക്തനോടേററുപോരിൽ വലഞ്ഞു പ്രതിക്രിയാ-
മാർഗ്ഗമില്ലാതെ പാരം കുഴഞ്ഞു വിപന്നനായ്
വർത്തിക്കുന്നേരം ഭൂപൻ സന്ധിയെയാരായേണം
കൃത്യമായ് സമയവും തദ്വിധം പോക്കീടണം.
സന്ധികൾ— കപാലവു[1] മുപഹാരവും[2] പിന്നെ
സന്താനം[3] സംഗതവു[4] മെന്നുമല്ലുപന്യാസം[5]
പരമാം പ്രതീകാര[6] മെന്നതും സംയോഗവും[7]
പുരുഷാന്തരം[8] പിന്നെയദൃഷ്ടതരം[9] തഥാ
നിർണ്ണയമാദിഷ്ടവും[10] ചൊല്ലെഴുമാത്മാമിഷ-[11]
മെന്നല്ല ഉപഗ്രഹം[12] പിന്നെയോ പരിക്രയം[13]
വീണ്ടുമങ്ങുച്ഛിന്നവും[14] പരിഭൂഷണം[15] പിന്നെ
സ്കന്ധോപഃനേയ[16] മതുമെന്നേവമീരെട്ടല്ലോ.
ഇങ്ങനെയനേകമാം രൂപങ്ങളുണ്ടെങ്കിലു-
മങ്ങവസകലവുമൊന്നിന്റെ ഭേദങ്ങൾതാൻ.
തുല്യന്മാർ തമ്മിലുള്ള സന്ധിയേച്ചൊല്ലീടുന്നു
ചൊല്ലെഴും കപാലമെന്നുള്ളതായ് സന്ധിജ്ഞന്മാർ.
നിർണ്ണയം ധനദാനാലുണ്ടാവതുപഹാരം,
കന്യകാദാനത്തിനായുള്ളതു സന്താനവും.
സത്തുക്കളായുള്ളവർ തങ്ങളിൽ മൈത്രീപൂർവ്വം
ബദ്ധമാക്കീടും സന്ധി സംഗതമെന്നായ് പ്രോക്തം

നിശ്ചയമായുഷ്കാലംവരെയ്ക്കും നില്ക്കുന്നതാ-
മിസ്സന്ധി രണ്ടാളിനും തുല്യാൎത്ഥപ്രയോജനം.
കാഞ്ചനതുല്യമാകും പ്രാധാന്യം വഹിക്കയാൽ
കാഞ്ചനസന്ധിയെന്നുമിതിനെയുരയ്ക്കുന്നു.
സമ്പത്തിങ്കലും പുനരാപത്തിൽപോലുമിവർ
സംഭേദമേതുംവിനാ സംഗമിച്ചിരിക്കയാൽ
സംഗതമെന്നനാമമീസന്ധിക്കുരയ്ക്കുന്നു
സംപ്രോക്തമായിടുന്നു കാഞ്ചനസന്ധിയെന്നും.
ഭാവുകമൊന്നുമാത്രം സാധനോദ്ദേശ്യം വച്ചു
കേവലം രണ്ടാളുകൾ സന്ധിയിലേൎപ്പെട്ടീടിൽ
ആയതിന്നുപന്യാസമെന്നുപേരുരച്ചീടു-
മാൎയ്യരായീടുന്നോരാം സന്ധിജ്ഞന്മാരായവർ
മുമ്പു ഞാനുപകാരമിവനു ചെയ്തീടിനേ-
നമ്പിനോടിവനിപ്പോൾ പകരംചെയ്തീടുന്നു
എന്നേവം രണ്ടാളുകൾ തങ്ങളിലുണ്ടായീടും
സന്ധിയെ പ്രതീകാരമെന്നതായ് കഥിക്കുന്നു.
ഇന്നു ഞാനുപകാരമിവനുചെയ്തീടുന്നു
പിന്നീടങ്ങൊരുകാലമിവനും ചെയ്യും മമ
എന്നേവം രാമസുഗ്രീവന്മാർ തങ്ങളിൽച്ചെയ്ത
സന്ധിക്കും പ്രതീകാരമെന്നപേരുരച്ചീടും.
ഏകാൎത്ഥമുദ്ദേശിച്ചു യാത്രയായ് പുറപ്പെട്ട
കേവലമിരുക്കൂട്ടർ യോജിച്ചുചെയ്യുന്നതാം

യാനത്തിലുണ്ടാകുന്ന സന്ധിയെച്ചൊല്ലീടുന്നു
ന്യൂനമങ്ങെവിടെയും സംയോഗസന്ധിയായി.
അസ്മദീയരാം സേനാനായകന്മാർ തങ്ങളിൽ
സാദ്ധ്യമാക്കട്ടെ സ്വയമെൻകാര്യമെന്നുള്ളതായ്
നിശ്ചയിച്ചിട്ടു ന്യൂനമാവഴിചെയ്യും കരാർ
നിശ്ചയമായും പുരുഷാന്തരമെന്നോതീടും.

നീതന്നെ സ്വയമേവ സാധിച്ചുതന്നീടണം
മാമകീനമാം കാര്യമെന്നോതിയനന്തരം
ജാതമോദേന ശത്രു ചെയ്തീടുംപണയത്തി-
ന്നോതീടുന്നുണ്ടുനാമ'മദൃഷ്ടനര'മെന്നായ്.
രാജ്യത്തിലൊരുഭാഗം വേണമെന്നാവശ്യപ്പെ-
ട്ടൂർജ്ജസ്സുക്കുട്ടും നൃപൻ നല്കുന്ന സന്ധിക്കരാർ
ശക്തിഹീനനാം ഭൂപനൊപ്പുവച്ചീടുന്നാകി-
ലുക്തമാമതിന്നു?പരാദിഷ്ടസന്ധിയായി.
സമസ്തസൈന്യത്തോടുക്കൂടവേ നരാധിപൻ
സമഗ്രം കീഴടങ്ങിച്ചെയ്യുന്നാ കരാറിനെ
ഉരയ്ക്കുമാത്മാമിഷമെന്നുള്ള നാമത്തിനാൽ
പെരുത്തുചതുരരാം സന്ധിജ്ഞന്മാരായവർ.
പ്രാണനെ രക്ഷിപ്പാനായ് സർവ്വദാനവുംചെയ്യും
ചേരണെഴും സന്ധികൾപഗ്രഹമെന്നേകും നാമം
കോശത്തിലംശത്തേയോ നിശ്ശേഷകോശത്തേയോ
ക്ലേശമെന്നിയേ തഥാ രൂപ്യാദിദ്രവ്യത്തെയോ

ശേഷിക്കും പ്രകൃതിമാർ രക്ഷാർത്ഥം നല്കീടുകിൽ
ഘോഷിക്കും പരിക്രയമെന്നായിട്ടാസന്ധിയെ.
സാരമാം പ്രദേശത്തെക്കൈവെട്ടുകൊടുക്കുന്ന
പേരെഴും സന്ധിക്കു പേരുച്ഛിന്നമെന്നോതിടും.
സർവ്വമാം ഭുവിങ്കലും നിന്നുണ്ടാം ഫലത്തിനെ
കൈവശം കൊടുപ്പതു പരിഭൂഷണംതാനും.
ക്ലിപ്തമാം ഫലങ്ങളെ ചുവടങ്ങോരോന്നെണ്ണി
ക്ലിപ്തംചെയ്തേകുന്നതു സ്കന്ധോപനേയം നൂനം.
അന്യോന്യോപകാരവും മൈത്രവും സംബന്ധജം
പിന്നെയുമുപഹാരമെന്നേവം ചതുർവിധം
എന്നായിട്ടുരയ്ക്കുന്നു സന്ധിയെ മഹാന്മാരാ-
മന്യരായീടും ചില സന്ധിജ്ഞകുശലന്മാർ.
നമ്മുടെ മനമതിൽ സന്ധിയതൊന്നേയുള്ളു
വെണ്മയാമുപഹാരം തന്നെയാണതോർത്തീടിൽ
ധന്യമാം മൈത്രത്തിനെയൊന്നിനെയൊഴിക്കുകി-
ലന്യങ്ങളെല്ലാമുപഹാരഭേദങ്ങൾ തന്നെ.
ശക്തനായീടുമഭിയോക്താവൊട്ടൊരിക്കലും
നിർഗ്ഗമിച്ചീടാ കയ്യിൽ വല്ലതും ലഭിക്കാതേ.
അക്കാരണത്താലുപഹാരമൂലംക്കൊള്ളാത്തതാം
നിഷ്കാമമാകും സന്ധി പൃഥ്വിയിലുണ്ടായീടാ.
ബാലനും, വൃദ്ധൻ, തഥാ ദീർഘരോഗിയും, പിന്നെ
ചാലവേ ജ്ഞാതികളാൽ തീരെയും ബഹിഷ്കൃതൻ
ഭീരുവും, ഭീരുജനസേവിതൻ, സ്ത്രീലമ്പടൻ,
പാരിച്ച ലുബ്ധൻ, തഥാ ലുബ്ധരാൽ നിഷേവിതൻ,

നീളവേ പ്രകൃതിമാരാകവേ വെടിഞ്ഞവൻ,
കോളുപോൽ മനമതും സൈന്യവും മാറുന്നവൻ,
ദേവബ്രാഹ്മണദ്വേഷി, ദൈവോപഹതകനും,
ദൈവമേ പ്രമാണമെന്നോർത്തുകൊണ്ടിരിപ്പോനും,
സർവ്വഥാ ദുർഭിക്ഷവും വ്യസനമതുംപൂണ്ടോൻ,
സർവ്വമാംസൈന്യങ്ങളും വ്യസനേ വർത്തിപ്പവൻ,
കേവലമദേശസ്ഥൻ, ശത്രുക്കൾ പെരുത്തവൻ,
സർവ്വദാऽകാലയോഗി, സത്യധർമ്മാപേതനും,
ഈവിധമിരുപതു കൂട്ടരോടൊരിക്കലും
ചെയ്യൊലാ സന്ധിക്കരാർ, ചെയ്യണം രണംതന്നെ.
ബാലന്റെയന്യാശ്രയം മൂലമായാരുംതന്നെ
ബാലനുവേണ്ടിന്നൂനം പോരിനു പുറപ്പെടാ
പോരിടാൻ സ്വയമേവ ശക്തിഹീനനായ് വന്നാ-
ലാരുതാനൊരുംമ്പെടും പോരിനു പരാർത്ഥത്തിൽ ?
ജ്ഞാനികളാൽ ബഹിഷ്കൃതനായിടും ഭൂപൻ
ബാധയെന്നിയേ സുഖേച്ഛുപ്രദ്യനായ് ഭവിച്ചിടും.
ജ്ഞാതികളായോർതന്നെ ശത്രുവിൻ വശംപൂകി
ജാതമോദേന വേഗാലവനേ വധിക്കുന്നു.
ഭീരുവായിടും നൃപൻ പോരതുവർജ്ജിപ്പതിൻ-
മൂലമായ് സ്വയമേവ നാശത്തെ വരിക്കുന്നു.
ലുബ്ധനാം നരവരൻ ഭൃതികൾ പിടിക്കയാൽ
ഭൃത്യവർഗ്ഗക്കാർതെല്ലും യുദ്ധത്തിനൊരുമ്പെടാ.

ഭൃത്യവർഗ്ഗക്കാർതന്നേ ലുബ്ധരായ്[1] ഭവിക്കുകിൽ
ശത്രുവിൻ പണംവാങ്ങി സ്വസ്വാമിവധംചെയ്യും.
ആത്തരായ് പ്രജാവലിവെറുക്കും നൃപാലനെ
തീർത്തുമങ്ങവർ വിട്ടുപോയിടും രണാങ്കണേ.
പാർത്ഥിവൻ സ്ത്രീലമ്പടനായഥ ഭവിക്കുകി-
ലാക്കമങ്ങവൻ സുഖാൽജിതനായ് ഭവിച്ചീടും.
മനസ്സും മന്ത്രങ്ങളും മാറുന്ന നൃപാലനേ
മനസ്വിമാരാം മന്ത്രിവീരന്മാർ വെറുത്തീടും.
സമസ്തകാര്യത്തിലും വ്യവസ്ഥാഹീനനവൻ
സമർത്ഥരാകും മന്ത്രിവീരരാൽ വിസൃഷ്ടനാം.
അജസ്രമധർമ്മത്തേ വരിക്കും കാരണത്താൽ
ദ്വിജദ്വേഷിയും ദേവദ്വേഷിയും നശിക്കുന്നു
തരത്തിലതുപോലെ ദൈവോപഹതകനാം
കരുത്തനായീടിലുമെളുപ്പം വിശീർണ്ണനാം.
സമ്പദാപത്തുകൾക്കു രണ്ടിനും ദൈവംതന്നെ
സന്തതം നിദാനമെന്നോർത്തുകൊണ്ടാവിശ്വാസാൽ
അന്തരാ ദിവസങ്ങൾ നയിക്കും നൃപാലകൻ
സ്വന്തമായൊന്നുംതന്നെ ചെയ്യാതെ നശിക്കുന്നു.
ദുർഭിക്ഷവ്യസനങ്ങൾ തിങ്ങിയ നൃപാലകൻ
നിർബ്ബാധമവസാദം സ്വയമേ വരിക്കുന്നു.
തദ്വിധം വ്യസനഘവശഗമാകും ബലം
തദ്വാരാ ഭവിക്കുന്നു യുദ്ധത്തിന്നപ്രാപ്തരായ്.

---

1. ലുബ്ധൻ—അത്യാഗ്രഹി

നിശ്ചയമദേശസ്ഥനായിട്ടു വാഴുന്നവൻ
ഉച്ഛന്നാംരിപുവാലുമുച്ഛേദ്യനായിത്തീരും.
അല്പീയഗാത്രനാണെന്നിരുന്നീടിലും നക്ര-
മപ്പിങ്കൽ പിടിച്ചിഴച്ചീടുന്നു ഗജത്തിനെ
ശത്രുക്കൾ പെരുത്തവൻ ത്രസ്തനായ് ഭവിച്ചീടും
ശക്തരാം ശ്യേനങ്ങൾതൻമദ്ധ്യത്തിൽ കപോതംപോൽ
ഏതുമാർഗ്ഗത്തിൽക്കൂടിയൊരുവൻ ചരിക്കുമോ
ഭേദമെന്നിയേയവനാമാർഗ്ഗാൽ നശിക്കുന്നു.
കാലമല്ലാത്തകാലേ സൈന്യത്തെക്കൂട്ടുന്നവൻ
കാലയോഗിയാൽനൂനം ഹതനായ് ഭവിച്ചീടും
കൗശികനോടുകൂടി രാത്രിയിൽ യുദ്ധംചെയ്താൽ
കൗശികനാലേ ഹതജ്യോതിസ്സായ് തീരുംകാകൻ.
സത്യധർമ്മങ്ങൾവിട്ട മാനുഷൻ തന്നോടാരും
ബദ്ധമോദേന സന്ധിച്ചീടരുതൊരിക്കലും.
എത്രയും സുസന്ധിതനാകിലുമവൻവേഗാൽ
വിക്രിയപൂകീടുന്നുണ്ടസ്ഥിരപ്രകൃതിതപാൽ.
സത്യയുക്തനും, പുനരാര്യനും, ധർമ്മിഷ്ഠനും,
തഥാവിധമനാര്യനും, ഭ്രാതൃസംഘാതവാനും,
അത്യന്തം ബലവാനും, പിന്നെയുമനേകമാം
യുദ്ധത്തിൽ ജയിച്ചോനും സന്ധേയരേഴാളുകൾ.
സത്യയുക്തനാംപുമാൻ സന്ധിയിലേപ്പെട്ടീടിൽ
സത്യപാലകനവൻ വിട്ടുമാറിടാപിന്നെ.

നിശ്ചയമാര്യനായോൻ പ്രാണനാശത്തിങ്കലും
ചെറവുമേ വരിച്ചീടാ നിഷ്ഠുരമനാര്യത്വം.
ആര്യനല്ലാത്തോനോടും സന്ധിയിലേർപ്പെട്ടീടാം
ക്രൂരനാമവൻവേഗാൽ ശത്രുവെയൊട്ടക്കീടും.
മേലുമങ്ങവൻമുന്നം രേണുകാസുതൻപോലെ
മൂലമായതുപോലും നിരുത്തിവാഴിച്ചീടാ.
ഗാഢമാം സംഘാതമങ്ങടഞ്ഞും മേലേമേലേ
ഘോരമാം കണ്ടകങ്ങൾ നിറഞ്ഞും വാഴുന്നതാം
വേണുവെയെന്നപോലെ നിശ്ശേഷം ഛേദിക്കവാൻ,
ക്ഷോണിയിലശക്യമാം ഭ്രാതൃസംഘാതവാനേ.
ബലവാനാകുന്നവനാക്രമിച്ചടുക്കുമ്പോൾ
ബലഹീനനുതൻെറ സർവ്വമാംശ്രമംകൊണ്ടും
ഉലകിലുണ്ടായിടാ ശരണമൊരേടത്തും
ഹരിപാഞ്ഞടുക്കുമ്പോൾ ഹരിണത്തിനുപോലെ.
ഈഷലെന്നാലുമുള്ളിലുദ്ദേശിച്ചീടുന്നാകിൽ
ശേഷിമാനായ മത്തഗജത്തേ കൊല്ലും സിംഹം.
മോദമോടാകയാലേ സന്ധിയിൽ മേവീടണം
ഭൂതികാമനാം ഭൂപൻ ബലവാൻതന്നൊടെന്നും
ശരിയാംകാലംതന്നിൽ ബലവാൻതൻെറ കാലത്താർ
ശരിപോൽ പണിഞ്ഞീടും ധീമാൻെറ സമ്പത്തിനു
വരികില്ലധോഗതിയല്പവുമൊരിക്കലും
പുറകോട്ടുള്ളഗതി പുഴകൾക്കില്ലാത്തപോൽ,

അനേകമാഹവങ്ങൾ ജയിച്ച മഹാശ്ശൂരൻ
പുനരങ്ങെവിടേയുമേതുകാലവുംചെന്നാൽ
സകലം മറിഞ്ഞുപോം സുദ്ദഢംതൽപ്രാബല്യാൽ
ഭയദൻജാമദഗ്ന്യൻ ചെന്നാലുണ്ടാകുംപോലെ.
ഇത്തരമനേകമാംയുദ്ധത്തിൽ ജയിച്ചവൻ
ബലനായീടുന്നാകിൽ സന്ധിയാലാരോടുമേ
തൽക്ഷണം സംഹതൻെറ സൎവ്വമാം ശത്രുക്കളും
തൽപക്ഷം ഗമിച്ചീടും ജേതാവിൻ പ്രതാപത്താൽ.
ശത്രുവുമായിസ്സന്ധിയുണ്ടായെന്നിരുന്നാലും
ബുദ്ധിമാനവൻെറമേൽ വിശ്വാസം ചെലുത്തൊലാ.
അദ്രോഹസത്യമത്തു ചെയ്തുകൊണ്ടതിൻശേഷം
വൃത്രനെ ഹനിച്ചീലേ സുത്രാമാവഹോ മുന്നം ?
രാജ്യാധികാരം രുചിച്ചീടുകിൽ പുത്രൻപോലും
രൂക്ഷമാം വികാരത്തിന്നടിമയായിത്തീരും.
നിശ്ചയം തൽക്കാരണാൽ രാജ്യകാൎയ്യത്തേവിട്ടി-
ട്ടച്ഛനോതണമന്യവാൎത്തകൾ പുത്രനോടായ്
ബലവാൻതന്നാലഭിയുക്തനായ് ചമഞ്ഞതിൻ-
ഫലമായ് കോട്ടയ്ക്കുള്ളിലഭയം പ്രാപിച്ചവൻ
തരസാ സ്വശത്രുവേക്കാട്ടിലുമുച്ചൈസ്തരം
സ്വരമോടാഹ്വാനത്തെ ചെയ്യണം സ്വമുക്തിക്കായ്.
തന്നുടെ ബലത്തിനേ ശാന്തമായ് സമീക്ഷിച്ചു
നിൎണ്ണയം മൃഗരാജൻ കംഭീന്ദ്രനോടെന്നോണം

തന്നിലും വലിയവൻ തന്നോടേല്ക്കുണം പോരി-
ലെന്നായിട്ടുരയ്ക്കുന്നു വന്ദ്യനാം ഭരദ്വാജൻ.
ഏകനെന്നിരുന്നാലും സഹസ്രഗജങ്ങളേ
വേഗമോടടുത്തിട്ടു കൊന്നൊടുക്കുന്നു സിംഹം.
ആകയാൽ സിംഹത്തേപ്പോൽ സ്വന്തമാം മഹത്ത്വത്തെ-
യാലോകിച്ചറിഞ്ഞിട്ടു പോരിനായിറങ്ങണം
അല്പമാം ബലത്തോടൊത്തടുത്തിട്ടല്ലേതരം
കെല്പെഴും രിപുവിനെ യുദ്ധത്തിലൊടുക്കീടും
ശക്തനാം യോദ്ധാവിനു ചിക്കനെ വശംവൂകും
ശക്തിമാന്മാരായീടും ശത്രുവീരന്മാർപോലും.
യുദ്ധത്തിൽ ജയിപ്പതു സന്നിഗ്ദ്ധമായിക്കണ്ടാൽ
സത്വരം സമനോടും സന്ധിയേയാരായണം
ചിത്തത്തിലവനൊരുസംശയം കൊടുക്കരു-
തിത്ഥമോതീടുന്നിതു വൃദ്ധനാം സുരാചാര്യൻ.
സ്വന്തമൈശ്വര്യമോർപ്പോൻ സ്വവൃദ്ധിവൂകുംവരെ
സന്ധിയിൽ വാണീടണം സമനോടായുംനിത്യം.
അല്ലാതെയിടഞ്ഞീടിലപക്വഘടങ്ങൾ പോൽ
വല്ലാതെക്കൂട്ടിമുട്ടിയന്യോന്യം തകന്നീടും.
ഉത്തുംഗവീര്യരാകും സമന്മാർ രണ്ടാളുകൾ
യുദ്ധത്തിലേർപ്പെട്ടീടിൽ രണ്ടാൾക്കും നാശം സിദ്ധം.
അത്തരം നശിച്ചിതു സമവീര്യന്മാരാകു-
മത്ഭുതബലരായ സുന്ദോപസുന്ദദ്വയം.

ശത്രുവാമട്ടത്തീടിൽ ഹീനനോടായും ജവാ-
ലത്ത്യാപത്ഘട്ടങ്ങളിൽ സന്ധിയെയാരായണം.
അത്തൽ വൃദ്ധനല്കും പതിച്ചാൽ നീചൻപോലു-
മുഗ്രമാം ക്ഷതത്തിങ്കൽ മഞ്ഞുതുള്ളിയെപ്പോലെ
ഹീനനാമവൻ സന്ധിക്കാശിക്കാതിരക്കുകിൽ
നൂനമങ്ങതിനുള്ള കാരണം പ്രത്യക്ഷമാം.
ചാലവേയവനോടു വിസ്രംഭംകാട്ടത്തക്ക
കാലത്തു കഠോരമാം പ്രഹാരം നല്കീടണം.
ബലവാനോടുസന്ധിക്കൂടിയാലവൻതന്നോ-
ടലസാതടുക്കണമെത്രയും യത്നംചെയ്തും.
അവനിങ്ങുണ്ടായീടും വിശ്വാസമതിന്നൊപ്പ-
മവനോടനാരതമടുപ്പം കാട്ടീടണം.
വിസ്രംഭമുണ്ടാക്കുവാൻ നിത്യവും യതിക്കണം,
പ്രച്ഛന്നമാക്കീടണം സ്വാകാരചേഷ്ടാദികൾ.
എപ്പൊഴും പ്രിയമായ വാക്കുതാനുരയ്ക്കണം
തപ്പാതെ ചേയ്യേണ്ടതാം കൃത്യവും ചെയ്തീടണം.
വിസ്രംഭംകൊണ്ടുപാരിൽ പ്രിയത്വംപ്രാപിക്കുന്നു
വിസ്രംഭംകൊണ്ടു നൂനം കാര്യ്യവുമിച്ഛിക്കുന്നു
വിസ്രംഭമൂലമല്ലേ മുന്നമപ്പുരന്ദരൻ
നിശ്ശങ്കംചെന്നു ദിതിഗർഭത്തെ ഹനിച്ചതും ?
യുവരാജാവിനോടോ, വേണ്ടപോൽ, പ്രധാനനാം
സചിവൻതന്നോടായോ സന്ധിചേന്നതിൻശേഷം

നിയതം സ്ഥിരധീയായ് മേവുന്ന നരേന്ദ്രരെ
ന് തരാം കോപിപ്പിച്ചു പോർവിളിക്കൊരുക്കണം.
ധാരാളം ധനമെങ്ങും കോരിവൎഷിച്ചും തഥാ
സാരമാമൎത്ഥംകൊള്ളും ലേഖ്യങ്ങൾവിക്ഷേപിച്ചും,
സൈ്വരമാപ്രധാനനാം സചിവൻതന്മേലോരോ
ഗൗരവാഹമായ ദൂഷണം ചമയ്ക്കണം.
ധീമാനാലേവംവിധമൊക്കെയും [1]മഹാമാത്രൻ
സാമാന്യാതീതമായി ദൂഷിതനാകും വിധൌ
ഘോരനാം ശത്രുപോലും സ്വാപ്തരിലവിശ്വാസം
പൂകിടും, തഥാവിധൻ നിഷ്ക്രിയനായുംതീരും
ശത്രുവിൻമന്ത്രിമാരോടൊത്തൊരുമിച്ചുംകൊണ്ടു
ശത്രുതയ്ക്കവർതമ്മിലാരംഭമിട്ടീടണം
വൈദ്യഭേദത്തിനാലോ, രസദാനത്താലെയോ,
ശത്രുവെപ്പാട്ടിലാക്കിത്തീൎക്കുവാൻ ശ്രമിക്കണം
ഇത്രയും കഴിഞ്ഞഥ സൎവ്വമാം യത്നംചെയ്തു
ശത്രുവിൽകോപത്തിനെയുത്ഭൂതമാക്കീടണം.
തൽകോപത്തിനെപ്പിന്നേ തദ്ഗതാനിഷ്ടത്തിനു
തക്കോണം യഥോചിതം വൎദ്ധിപ്പിക്കയും വേണം.
തദ്ദേശം പുക്കുവാഴും സ്വചരന്മാരെക്കൊണ്ടും
തദ്വിധം വാണീടുന്ന ദൈവജ്ഞന്മാരെക്കൊണ്ടും
ദക്ഷരായിടും സിദ്ധലക്ഷണജ്ഞരെക്കൊണ്ടും
ദുസ്സഹവ്യസനങ്ങളുൽപ്രേക്ഷിപ്പിച്ചീടണം.

---

1 മഹാമാത്രൻ = പ്രധാനമന്ത്രി

ക്ഷയവുമായാസവും വ്യയവും വധാദിയും
മനസി ചിന്തിക്കുമ്പോൾ നന്മയെയാശിപ്പവൻ
സ്വയമേ വരിച്ചീടും പീഡകളേതാകിലും
സമരം വരിച്ചീടാ;തന്മൂലം സർവ്വദോഷം
പ്രിയയും ധനങ്ങളുമാത്മാവും മിത്രങ്ങളും
നിയതം നിമേഷത്തിൽ വ്യർത്ഥമായ് ഭവിക്കുന്നു.
ഇത്തുകൾ മുഹുർമുഹുരാകുലതമേ നല്ക്കു-
മതിനാലതിരണിയായീടാ ബുധൻപാരിൽ.
സുഹൃത്തും ധനങ്ങളുമത്മാവും രാജ്യംതാനും
മഹത്താം കീർത്തിയതുമുൾപ്പെടെ സമസ്തവും
പെരുതാം യുദ്ധത്തിങ്കൽ സന്ദേഹാന്ദോളം തന്നിൽ
തരത്തിലബാലിശനാരുതാൻ പ്രതിഷ്ഠിക്കും ?
താൻചെയ്ത സന്ധിക്കരാർ മറുത്തുസമാനീകൻ
സാമന്തനടുക്കുമ്പോൾ സന്ധിത്സുവാകും നൃപൻ
ദൂരത്തുവച്ചുതന്നേ ക്രൂരണംസമാധാനം
സാമത്താൽ, ദാനത്തിനാലെന്നല്ല ഭേദത്താലും.
ആത്മരക്ഷണംചെയ്തുമഭേദ്യബലത്തോടു-
മാത്തമോദേനധീരൻ ചരിക്കേയൊരാകിലും
ശത്രുവേ ദണ്ഡിക്കുകിലവനേ ദണ്ഡിക്കണം
തപ്തനോടൊത്തുതപ്തൻ സന്ധാനം പൂകീടണം.
ഇത്ഥമൊക്കയും ചൊന്നാർ സന്ധിയേപ്പുരസ്കരി-
ച്ചുത്തമശ്ലോകന്മാരാം പൂർവ്വന്മാരാചാര്യന്മാർ.
ആത്മീയപരകീയശക്തികളറിഞ്ഞേവം
മേന്മയിൽ യഥായോഗ്യമാചരിക്കണം ഭൂപൻ.

പതിന്നാലാംപ്രകരണം സമാപ്തം

## പതിനഞ്ചാംപ്രകരണം

### വിഗ്രഹവികല്പപ്രകരണം

ക്രുദ്ധന്മാർ മന്ത്യതപ്പത്തുഴിപർ തമ്മിൽ കാട്ടു-
മുഗ്രാപരാധങ്ങളാൽ വിഗ്രഹമുണ്ടാംഭുവിൻ
സ്വകമാമഭ്യുദയം കാംക്ഷിക്കുന്നോനും പുന-
രകമേ പരപീഡാവിവശനായുള്ളോനും
സ്വയമേ തുടങ്ങട്ടേ വിഗ്രഹം യഥാരുചി
നിയതം ദേശകാലബലങ്ങളൊത്തീടുമ്പോൾ
രാജ്യവും, സ്ത്രീയും, തഥാ സ്ഥാനവും[1] ദേശം, പിന്നെ
പൂജ്യമായിട്ടും ജ്ഞാനം, ബലമെന്നാറിൻെറയും
ക്രൂരമാം ഹരണവും മദവും മാനം പരം
ഘോരത ചേരുന്നതാം വിഷയപീഡനവും
അത്ഥനാശവും ധമ്മനാശനം ജ്ഞാനോച്ഛേദം
ശക്തിനാശനം ബന്ധുനാശനം മതേവിധം
ശക്തമായിട്ടും ഭൃതാനുഗ്രവിനാശന-
മുത്സുകമായ ദൈവം മണ്ഡലവിദൂഷണം
മിത്രാത്ഥമപമാനം പിന്നെയുമേകാത്ഥത്തി-
ലാസ്ഥയാ കൊള്ളിച്ചീട്ടും മാനസനിവേശനം
ഇത്തരമിരുപതു കാര്യങ്ങളാകുന്നതും
പൃഥ്വിയിൽ ഭവിക്കുന്ന വിഗ്രഹഹേതുക്കളായ്.

---

1 സ്ഥാനം = ദുർഗ്ഗം.

രാജ്യമോ സ്ത്രീയോ തഥാ ദുർഗ്ഗമോ കൊട്ടത്തിട്ടോ
രാഷ്ട്രത്തെ ദാനംചെയ്തോ ഗോപ്യമാം ദണ്ഡംകൊണ്ടോ
സാധ്യമാക്കേണം ശമമെന്നായിട്ടുരയ്ക്കുന്നു
പൂജ്യവര്യന്മാരാകും യുക്തജ്ഞരായുള്ളവർ.
സ്വാതന്ത്ര്യധർമ്മങ്ങൾ നശിപ്പിപ്പതിൽ വച്ചുണ്ടാകും
ചീർത്തതാം വിഗ്രഹത്തിലിതുതാനത്രേ ശമം.
ശക്തമായുണ്ടായ്‌ വരും രാജ്യധ്വംസജത്തിങ്കൽ
വ്യക്തമായ്‌ ശത്രുരാജ്യപ്രതിപീഡനംശമം
ജ്ഞാനാപഹാരംതഥാ ജ്ഞാനത്തിൻപ്രണാശനാ
ചേർന്നന്ന ഭക്തിയതിൻ നാശനമിവററയാൽ
ജാതമാം വിഗ്രഹത്തിൽ തദത്ഥത്യാഗാൽശമം
തേടണം ക്ഷാന്തിയാലങ്ങല്ലെന്നാലുപേക്ഷയാൽ.
അധർമ്മം ദ്രോഹമിവ കലന്ന മിത്രത്തിൽനി-
ന്നുദിതമാകുന്നതിൻ ശമനമുപേക്ഷതാൻ.
സുദ്രഢമാത്മവാന്നാം മിത്രത്തിൽനിന്നുണ്ടാകും
ചിതമാം വിഗ്രഹത്തിൽ പ്രാണനും ത്യജിക്കണം.
അപമാനത്താൽവരും വിഗ്രഹത്തിങ്കൽസദാ
നൃപതി മാനത്തിനാൽ ശമനം നേടീടണം
അഭിമാനജേ സാമപൂർവ്വമാമുപായത്താൽ
പ്രശമമുണ്ടാകണമല്ലെന്നാൽ പ്രണാമത്താൽ.
ബന്ധുനാശനത്തിൽനിന്നുണ്ടാകും വിഗ്രഹത്തിൽ
ചന്തമേറീട്ടുംനയതന്ത്രങ്ങൾ പ്രയോഗിച്ചോ

അഞ്ചിതമാകും മായാചേഷ്ടകളനുഷ്ഠിച്ചോ
സഞ്ജാതമാക്കീടണം പ്രശമത്തിനേ ധീമാൻ.
ഏകാത്മമതിലുണ്ടാമാഗ്രഹനിവേശത്താൽ
ശോകാർഹമാകുംവിധം ജാതമാം വിഗ്രഹത്തിൽ
വേഗമോടകക്കാര്യത്തെ ത്യാഗംചെയ്യണം ധീമാ-
നാകുന്നമട്ടും പീഡക്കൂടാതെകഴിക്കുവാൻ.
ധനാപഹരണത്താലുണ്ടാകും വിഗ്രഹത്തിൽ
സമാചരിച്ചീടൊലാ വിരോധഭാവത്തിനേ.
നിതാന്തവിഗ്രഹത്താൽ സർവ്വമാം ദോഷങ്ങളും
കദാചിലുണ്ടാകുന്നു മനുജാതക്കു ഭുവി.
മഹാജനങ്ങൾതന്നിൽനിന്നുണ്ടാം വിഗ്രഹത്തിൽ
മതിമാനാകുന്നവൻ ശമനം നേടീടണം.
പ്രഥിതോപന്യാസവും സംപ്രദാനാദ്യങ്ങളും
പരിചിൽ കലർന്നീഴും മഹിതഭേദത്തിനാൽ.
ഭൃത്യാനുഗ്രഹനാശാൽ ജാതമാം വിഗ്രഹത്തെ
ഭേദമെന്നിയേ നയിച്ചീടണമന്തംവരെ.
ദൈവികമായ്‌വരുന്ന കലഹത്തിങ്കൽശമം
ദൈവികവിധികളാൽ സാധിച്ചുകൊണ്ടീടണം.
മണ്ഡലക്ഷോഭമത്രു സംജാതമായിപ്പുന-
രിണ്ടലോടുണ്ടായ്‌വരും സർവ്വവിഗ്രഹത്തെയും
വേണ്ടപോലുപായങ്ങളാവത്തും പ്രയോഗിച്ചു
വേണ്ടുന്നപോലെ നയിച്ചീടണം ശമത്തിങ്കൽ,

സാപത്നം വാസ്തുജവും സ്ത്രീജവും വാഗ്ജാതവും
താപത്തിൻ നിധാനമാമപരാധോത്ഭൂതവും
ആകുന്നൊരഞ്ചുവിധമായീട്ടും വൈരത്തിനെ
പേർകൊണ്ടീടുന്ന വൈരഭേദജ്ഞരോതീടുന്നു.
ഭൂമ്യപരോധജാതം ശക്തിധ്വംസജംതഥാ
ഭൂമ്യനന്തരജാതം മണ്ഡലക്ഷോഭോദ്ഗതം
ഈവിധം ചതുർവിധമായീട്ടും വൈരത്തിനെ
ഭുവിതിലുരയ്ക്കുന്നു ബാഹുദന്തിതൻപുത്രൻ.
കുലത്തിലുള്ളോർതമ്മിലുണ്ടായീടുന്നതായും
പെരുത്തോരപരാധാൽ ജാതമാകുന്നതായും
തരത്തിലേവംവിധം വൈരങ്ങൾ രണ്ടായ്മാത്ര-
മുരച്ചുകൊള്ളുന്നിതു മാനവശിഷ്യഗണം
അല്പമായീട്ടുംഫലം നിഷ്ഫലം സന്നിഗ്ദ്ധമായ്
ലബ്ധമായീട്ടുംഫലം തത്കാലദോഷഫലം
പില്ക്കാലമതിൽപോലും നിർണ്ണയം വൃഥാഫലം
തൽകാലകാലജങ്ങൾ രണ്ടിലും ദോഷഫലം
അജ്ഞാതവീര്യനാകും ശത്രുവോടുണ്ടാവതും
നിശ്ചയം പരന്മാരാൽ പ്രേരിതമായുള്ളതും
കെല്പെഴും പരാർത്ഥവും സ്ത്രീമൂലമായുള്ളതും
വിപ്രാദ്ധ്യനോടുള്ളതും ദീർഘകാലികമതും
തദ്വിധംദൈവംപ്രസാദിച്ചവരോടുള്ളതും
ഉത്കടബലോദ്ധൃത്തമിത്രത്തോടുണ്ടാവതും

തൽക്കാലഫലദവും പിൽക്കാലവിഫലവും
പിൽക്കാലഫലദവും തൽക്കാലവിഫലവും
ഇത്തരം പതിനെട്ടുവിധത്തിലുണ്ടായീട്ടും
വിഗ്രഹമെല്ലാനാളും വർജ്ജിച്ചുകൊണ്ടീടണം.
തൽക്കാലമതിങ്കലുമെന്നല്ല പിൽക്കാലത്തും
ശുദ്ധമാം വിഗ്രഹത്തെ ബുദ്ധിമാൻ തുടങ്ങണം.
തൽക്കാലപിൽക്കാലങ്ങൾ രണ്ടിലുമോരോവിധം
ശുദ്ധമായീടുമേതു കൃത്യവും ചിന്തിക്കണം.
തൽക്കാലപിൽക്കാലങ്ങളെന്നിവരണ്ടിങ്കലും
ശുദ്ധതയടഞ്ഞവൻ നീചത്വം പ്രാപിക്കില്ല.
ബുദ്ധിമാനാകുന്നവനുഭയലോകത്തിനു-
മൊത്തിട്ടും കർമ്മംതന്നെ നിത്യവും ചെയ്തീടണം.
അത്ഥമായതിലാശ ലേശവും ചെലുത്താതെ
ബുദ്ധിമാൻ വെടിയണം നിർണ്ണയമീലോകത്തെ.
പുത്രനാകിലും പരലോകത്തിനാകാത്തതാം
കൃത്യങ്ങൾചെയ്തീടിലവനേ ത്യജിക്കണം.
ഇത്ഥമാഗമങ്ങളിലുക്തമാം പ്രമാണത്തെ
കൃത്യമായാചരിച്ചു ചെയ്യണം ശുഭംതന്നെ.
സ്വന്തമാം ബലം ഹൃഷ്ടപുഷ്ടമായിട്ടും തഥാ
സ്വന്തവൈരിതൻബലമന്തരാ മറിച്ചായും
സ്വന്തദൃഷ്ടിയിൽകാണുന്നേരത്തു വിബുധാഗ്ര്യ-
നന്തരമെന്യേ വിഗ്രഹത്തിനായൊരുങ്ങണം.

സ്വന്തമാമമാത്യാദിപ്രകൃതിമാരെല്ലാരും
സന്തതൈശ്വര്യംപൂണ്ടു മന്ദരക്തിയിൽ വാണും
അന്തരാപരനുള്ളോർ മറിച്ചും ഭവിക്കുമ്പോ-
ളന്തരമെന്യേ വിഗ്രഹത്തിനൊക്കണം വിദ്വാൻ
സ്വന്തകാര്യത്തിലെപ്പോൾ ദൈവമങ്ങാത്യന്തിക-
ബന്ധുരകാരുണ്യത്തെ പ്രത്യക്ഷമാക്കീടുന്നു
അന്തരാ മറിച്ചങ്ങു പരന്റെ കാര്യത്തിലും,
ചന്തമോടന്നേരത്തു വിഗ്രഹം തുടങ്ങണം.
മിത്രവുമാക്രന്ദനുമെന്നുമല്ലാസാരനു-
മെത്രയും ദൃഢഭക്തിയുക്തരായ് ഭവിക്കയും
ശത്രുവിന്നുള്ളോർ മറിച്ചാകയും ചെയ്യുംവിധൌ
ബുദ്ധിമാൻ സമാചരിച്ചീടണം വിഗ്രഹത്തെ.
വിത്തമായീടുന്നതു പരമാണത്രേ പാരിൽ
വിത്തത്തിൽപരം മിത്രം,മതിലുംപരം ഭൂമി.
ഭൂമിയെക്കാളുംപരം സർവ്വമാം വിഭൂതികൾ
ഭൂതികളെല്ലാററെക്കാൾ ബാന്ധവസുഹൃത്തുക്കൾ
സർവ്വമാം സമ്പത്തിലും, തുല്യനാം സപത്നനിൽ
സർവ്വഥാ പ്രയോഗിച്ചുകൊള്ളണമുപായങ്ങൾ.
അവ്വഴിയവൻവശം പൂകാതെ വരുന്നാകിൽ
ചൊവ്വോടെ ദണ്ഡോപായം നിർണ്ണയം പ്രയോഗിക്കാം.
വിഗ്രഹാവന്നുചേർന്നാൽ വിദ്വാനായീടുന്നവൻ
വ്യഗ്രതയെന്യേ ശമം തേടണം സർവ്വോപായാൽ,

സത്യമല്ലനിത്യമാണോക്കിലോ രണേ ജയം
ചിക്കെന്നു തൽകാരണാൽ ചാടൊലാ രണംതന്നിൽ.
ബലവാനാകുന്നവനാക്രമിച്ചിടുകളമ്പോ-
ളലസാതനുസ്യൂതഭ്രുതിയെ൨ാശിപ്പവൻ
തരസാ വേതസത്തിൻ [1] വൃത്തിയെ വരിക്കണം
ചെറുതും ഭുജംഗത്തിൻ [2] തൊഴിലാചരിക്കൊലാ.
വേതസവൃത്തിതന്നെയാചരിച്ചീടുന്നവൻ
ഭേദമെന്നിയേപൂകും ശ്രേയസ്സു തന്നേ ഭൃശം.
ഭൗജംഗമായീടുന്ന വൃത്തിയെ വരിപ്പവൻ
സൗജന്യമേതുംവിനാ നിധനം പ്രാപിച്ചീടും.
മത്തപ്രമത്തനെന്ന മട്ടിലങ്ങിരുന്നിട്ടു
ബുദ്ധിമാനാകുന്നവൻ കാനനേ മൃഗേന്ദ്രൻപോൽ
അസ്തശങ്കനായെത്തും ശത്രുവെയരക്ഷണാൽ
ബദ്ധകോപേന ചാടിപ്പിടിച്ചു ഭക്ഷിക്കുന്നു.
ആമയെപ്പോലെ കൂട്ടിനുള്ളിലങ്ങൊതുങ്ങിയാ-
ലാമയഹീനം സഹിച്ചീടൊലാം പ്രഹാരവും
സമയം വരുന്നേരം മതിമാനാകുന്നവൻ
സ്വയമേ കുതിച്ചെഴും ക്രൂരമാം സർപ്പംപോലെ

---

1 വേതസവൃത്തി=വേതസത്തിൻെറ തൊഴിൽ; ആററുവഞ്ചിയുടെ തൊഴിൽ. വെള്ളം പെരുകുമ്പോൾ ആററുവഞ്ചി കരയിൽ ഒതുങ്ങിക്കൊള്ളും. അതായതു് വെള്ളത്തിനെ തടുക്കാതെ ശാന്തമായിരിക്കും.

2 ഭുജംഗവൃത്തി=പാമ്പിൻെറ തൊഴിൽ; പാമ്പു ചീറിച്ചാടും. അപ്പോൾ അടികൊണ്ടു മരിക്കയുംചെയ്യും.

സമയേ സഹിപ്പവൻ മലപോൽ നില്ക്കുംസദാ
സഹനമില്ലാത്തവൻ തീപോലെയാളിക്കത്തും.
സമയംപോലേ ചുമലിങ്കലും ചുമക്കണം
സമയംപോലേ പ്രിയവാക്യവുമുരയ്ക്കണം.
സമയംവരുന്നേരം പാറമേൽ കുടംപോലെ
തരസാ വിട്ടെറിഞ്ഞു ഭഞ്ജിച്ചുംകൊണ്ടീടണം.
സ്വാൎത്ഥതത്പരരത്രേ ലോകരെല്ലാരുംനൂനം
സ്വാൎത്ഥസാധിക്കമാറാകയാൽ പൃഥ്വീനാഥൻ
തീൎത്തുമാചരിക്കണം തൽപ്രതീകാരത്തിനെ
സൂക്ഷ്മമായിതിൻമുമ്പിലുക്തമാം പ്രകാരത്തിൽ.
പ്രസന്നവൃത്തിയോടെ ലോകചേഷ്ടിതംസർവ്വം
പ്രദൎശിപ്പിച്ചരിപുതന്നുള്ളിൽ പ്രവേശിച്ച്
പ്രസഭം ഗ്രഹിക്കണം ശ്രീയുടെ വേണിതന്നെ
സുദൃഢം സുനയാഗ്രഹസ്തത്താൽ തരംനോക്കി.
കുലജാതനും തഥാ വിക്രമിയുദാരനും
സ്ഥിരധീയൂർജ്ജസ്വലനെന്നല്ല കൃതജ്ഞനും
മതിമാൻ വാത്സല്യവാൻ ദാതാവുമാകുന്നതാം
പ്രതിയോഗിയെച്ചൊല്വൂ ദുഷ്പ്രസാധനെന്നായി
അസത്യം സാധ്വസവും നൈഷ്ഠൂര്യം വിഷാദവും
കൃതഘ്നതാവും പുനരാലസ്യം പ്രമാദവും
നിരൎത്ഥമാനിത്വവും ചിരകാരിത്വം ചൂതും
പരസ്ത്രീലോഭിത്വവും ഹനിപ്പൂ ശ്രേയസ്സിനെ.

ഇത്തരം ജയേച്ഛയാ [1] ത്രിശക്തിയുക്തൻ നൃപൻ
സ്വതന്ത്രം ദോഷവാനാം ശത്രുവോടടുക്കുന്നു.
അത്തരമല്ലാതെ കണ്ടവഭിധാനാകുന്നവൻ
ദുർജ്ജനസമ്മതനായാത്മനാശത്തെച്ചെയ്വൂ.
രാജ്യത്തെയുയർത്തുവാനാശിച്ചും സ്വമണ്ഡല-
കൃത്യങ്ങൾ മനീഷയാ വീക്ഷിച്ചും വസിച്ചീടും
പാർത്ഥിവൻ സ്ഥിരോത്സാഹി വിഗ്രഹമാർഗ്ഗത്തിങ്ക-
ലാസ്ഥിതനായിച്ചെന്മേ യതിപ്പൂ സിദ്ധിക്കായി.

**പതിനഞ്ചാംപ്രകരണം സമാപ്തം**

---

## പതിനാറാംപ്രകരണം

### യാനാസനദ്വൈധീഭാവസംശ്രയവികല്പപ്രകരണം

ഉൽകൃഷ്ടവീര്യപ്രതാപപ്രഭാവനായ്
സൽഗുണരഞ്ജിതസർവ്വപ്രകൃതിയായ്
പേർത്തും ജയൈഷിയായ് വാഴും ജിഗീഷുവിൻ
യാത്രയേച്ചൊല്ലിടും യാനമെന്നുള്ളതായ്.
യാനങ്ങളഞ്ചു[2] വിധത്തിലെന്നോതിടും
നൂനം തദഭിജ്ഞരായീടുമാളുകൾ
ചാലേ വിഗൃഹ്യ,സന്ധായ,സംഭൂയ,ച
മേലും പ്രസംഗാ,ലുപേക്ഷയാലിങ്ങനേ

---

1 ത്രിശക്തി = ഉത്സാഹശക്തി, പ്രഭാവശക്തി, മന്ത്രശക്തി,
2 യാനം = യുദ്ധയാത്ര

ശത്രുബലങ്ങളോടൊക്കെബ്ബലിഷ്ഠനായ്
നിഗ്രഹിച്ചിട്ടു പുറപ്പെട്ടും യാത്രയെ
ശക്തമായീട്ടും വിഗ്രഹ്യയാനാഖ്യമായ്
തൽക്കാര്യദക്ഷരാമാചാര്യരോതിടും
ശത്രുവിൻ മിത്രങ്ങളെയങ്ങുതന്നുടെ
മിത്രങ്ങളേവിട്ടു വിഗ്രഹിപ്പിച്ചഥ
ശത്രുവിൻ നേരേ പുറപ്പെട്ടും യാത്രയു-
മുക്തമായീട്ടും വിഗ്രഹ്യയാനാഖ്യമായ്.
തന്നുടെ യാത്രാനിരോധികളായ്‌വരു-
മന്യരിപുക്കളായ് സന്ധിചെയ്തിട്ടഥ
പിന്നീടു വൈരിമേൽച്ചെയ്യുന്ന യാത്രയേ
ചൊന്നിടുന്നു ഭുവി സന്ധായയാനമായ്.
ശത്രുവിൻ പാർഷ്ണിയായ് വർത്തിപ്പവനൊടായ്
തൃപ്തിയാംസന്ധിയുണ്ടാക്കിയശേഷമായ്
ശത്രുവോടായിപ്പുറപ്പെട്ടും യാത്രയു-
മുക്തമായീടുന്നു സന്ധായയാനമായ്.
ശക്തരും ശൂരരുമായ സാമന്തരോ-
ടൊക്കെയുമേകമാം ദിക്കിലൊന്നിച്ചഥ
ശത്രുവിൻനേരേ പുറപ്പെട്ടും യാത്രയേ
കീർത്തിച്ചിടുന്നിതു സംഭൂയയാനമായ്.
രണ്ടാൾക്കുമുള്ള പൊതുശത്രുവിങ്കലോ
രണ്ടാൾക്കുമുണ്ടാം പ്രകൃതിനാശത്തിലോ

യുക്തം ഹനുമാൻ[1] ദിനേശനോടെന്നപോ-
ലൊന്നിച്ചുകൊൾവതും സംഭ്രയയാനമാം
മറെറാരു കാര്യത്തെ ലക്ഷ്യമാക്കിപ്പുറ-
പ്പെട്ടശേഷം പുരാ ശല്യർ[2] ചെയ്തോണമായ്
ചിക്കെന്നു മറെറാരിടത്തു പോയാലതി-
ന്നുക്തമായീടും പ്രസംഗയാനാഖ്യമായ്.
ശക്തനാം ശത്രുവിൻനേക്കുള്ള യാത്രയിൽ
ശത്രുവിന്നുള്ളോരെതിർപ്പിനുണ്ടാം ഫലം
പ്രാപ്തമായ് യാത്രയുപേക്ഷിച്ചു പോവുകി-
ലുക്തമാമങ്ങതുപേക്ഷാഗമനമായ്
മുന്നം നിവാതകവചരേ കൊല്ലുവാൻ
ചെന്നോരു പാത്ഥനവരേ വെടിഞ്ഞഥ
ചെന്നു ഹിരണ്യനഗരസ്ഥമത്ത്യരെ-
ക്കൊന്നാനുപേക്ഷാഗമനം വരിച്ചുതാൻ.

---

1. പണ്ടു ഹനുമാൻ ബാലചാപല്യംകൊണ്ടു് ഉദിച്ചുയന്നു വരുന്ന സൂര്യനേ ചാടിപ്പിടിച്ചു. ആ സമയത്തു് സൂയ്യനേ രാഹു വിഴുങ്ങുവാൻ പോകുന്നതായി കണ്ടു് സൂയ്യനോടുകൂടി ഒന്നിച്ചും കൊണ്ടു് രാഹുവിനെ എതിത്തു.

2. ഭാരതയുദ്ധത്തിൽ സ്വന്തസഹോദരിയുടെ മക്കളായ പാണ്ഡവന്മാരെ, സഹായിക്കാൻ വന്ന ശല്യർ (ഒരു അക്ഷൗഹിണിയുമായിട്ടാണ വന്നതു്) വഴിക്കുവച്ചു് വന്നെതിരേററ ദുര്യോധനനെക്കണ്ടുമുട്ടി. അപ്പോൾ ദുൎയ്യോധനൻ മുമ്പു തനിക്കു ചെയ്ത ഉപകാരത്തെ സ്മരിച്ചു് അദ്ദേഹത്തിൻെറ അപേക്ഷപ്രകാരം കൗരവകക്ഷിയിൽ ചേൎന്നു.

നായാട്ടു, ചൂതും, വധൂ,മദ്യപാനവും,
ദൈഃവാപംഘാതവുമെന്നേവമായ് ഭുവി
അയ്യോ ഭവിപ്പൂ വ്യസനം ബഹുവിധം
പൊയ്യല്ലിതോൎത്താൽ വ്യസനിയെന്നോൎക്കണം.
അന്യോന്യമായുള്ള സാമൎത്ഥ്യനാശനം
തങ്ങാതെ പോരിൽ ജിഗീഷുവും ശത്രുവും
നിന്നിടുമ്പോളുള്ളവസ്ഥയെ 'ആസന്ന'-
മെന്നതായോതും; അതഞ്ചുവിധംവരും.
അന്യോന്യശങ്കയിലുണ്ടാകുമാസന-
മെന്നതോൎത്താൽ വിഗൃഹ്യാസനമായിടും
എന്നല്ല ശത്രുവെയാക്രമിക്കുമ്പൊഴു-
-തുണ്ടാവതും വിഗൃഹ്യാസനംതന്നെയാം.
ദുൎഗ്ഗസ്ഥനാകയാൽ ദുൎഗ്രഹനായിട്ടു
നില്ക്കുന്നവൈരിയെ വിഗ്രഹിച്ചുംതഥാ
നിഗ്രഹിച്ചാസാരവീവധൗഘത്തെയും
പാൎക്കമവസ്ഥയുമാസനമായിടും.
വിച്ഛേദനംചെയ്തുവീവധാസാരരെ
പ്രക്ഷീണമാക്കി യവസൈന്ധവങ്ങളും
വിഗ്രഹിപ്പിച്ചുപ്രകൃതിമാർതമ്മെയും
തക്കത്തിൽ വൈരിയെപ്പാട്ടിൽവരുത്തണം.
വക്കാണമേററു ജിഗീഷുവും ശത്രുവു-
മുത് കടമങ്ങു വിഷമിച്ചുനില്ക്കവേ

ചിക്കെന്നുസന്ധിക്കൊരുങ്ങുന്നതിന്നുപേ-
രുക്തമാകുന്നു സന്ധായയാസനമതായ്
പണ്ടു നിവാതകവചരോട്ടും ദശ-
കണ്ഠൻപൊരുതിക്ഷണിച്ചനില്ലവ
ചെന്ന വിധാതാവുതന്നെയിടനിന്നി-
യുണ്ടാക്കിയന്നു സന്ധായയാസനമവൻ.
മദ്ധ്യമോദാസീനർ ശക്തിയാൽ തങ്ങളോ-
ടൊപ്പമായ് വന്നുപോയെന്നുള്ള ശങ്കയാൽ
ശത്രുജിഗീഷുക്കളൊന്നിപ്പതിന്നുപേ-
രുക്തമാകുന്നു സംഭ്രയാസനമതായ്.
ശത്രുജിഗീഷുക്കളെന്നിവർ തൻ പൊതു-
ശത്രു രണ്ടാളുക്കും വിനാശം നിനയ്ക്കുകിൽ
ഒത്തൊരുമിച്ചവർ സർവ്വസമ്പത്തൊട്ടും
സത്വരം നൂനമെതിർത്തുകൊണ്ടീടണം.
അന്യൻെറനേരേ നിനച്ചോരു യാത്രയെ
പിന്നീടവനുമായൊന്നിച്ച വേറൊരാൾ
തന്നോടെട്ടുക്കാനൊരുങ്ങുമവസ്ഥയെ
ചൊന്നീടുമത്രേ പ്രസംഗാസനമതായ്.
തന്നിൽകവിഞ്ഞബലമുള്ള ശത്രുവെ-
ച്ചെന്നെതിക്കാതെ വിരമിച്ചുകൊള്ളുകിൽ
ചൊന്നീടുമായതുപേക്ഷാസനമതാ-
യിന്ദ്രനിതുചെയ്തു പാരിജാതഗ്രഹേ

അന്യരാംമന്നവരേതൊരുകാരണം
ചൊന്നും പുരാ ബത ! ഋശ്മിയെയെന്നപോൽ
വേണ്ടെന്നുപേക്ഷിച്ചവൻെറ നിലയതും
ചൊന്നീടുമത്രേ 'ഉപേക്ഷാസന'മതായ്
കെല്ലെഴും രണ്ടരിപുക്കൾക്കിടയിലാ-
യർപ്പിക്കിലാത്മാവെ വാക്കിനാലങ്ങൊരാൾ
തൽപ്രവൃത്തിയതു കാകൻെറ നോക്കുപോൽ
ലക്ഷ്യവർജ്ജ്യം ; അതു ദ്വൈധികഭാവമാം.
വേണ്ടുന്നയത്നങ്ങളൊക്കെയും ചെയ്തവൻ
രണ്ടാളിനേയും സമീപിച്ചശേഷമായ്
രണ്ടാളിൽവച്ചും ബലംകൂടിനില്പവൻ
തന്നോടടുത്തിട്ടവനെബ്ഭജിക്കണം
രണ്ടാൾകളുംപുനരങ്ങുയോജിച്ചതു-
കൊണ്ടിവൻസംഗമം വേണ്ടെന്നുവെയ്ക്കുകിൽ
മിണ്ടാതവരുടെ ശത്രുവെ സേവിച്ച-
കൊണ്ടിടാ,മല്ലെങ്കിൽ വേറെ ബലിഷ്ഠനെ.
ദ്വൈധികഭാവം : സ്വതന്ത്രപരതന്ത്ര-
ഭേദേന രണ്ടുവിധമെന്നുരച്ചിട്ടും.
ഓതിടേനല്പം സ്വതന്ത്രത്തെ, മറേറതു
വേതനംരണ്ടാളുടേതുകൊള്ളുന്നതും.
ശക്തനിൽനിന്നടിപെട്ടു പ്രതിക്രിയാ-
മാർഗ്ഗമില്ലാതെവരുമ്പോളതിബലം

ചേന്നോന്നമാര്യന്നും സദ്വംശജന്നുമാ-
മന്യനെത്തന്നേ സമാശ്രയിച്ചീടണം.
തദ്ദർശനാൎത്ഥമുപാസിച്ചുകൊള്ളണം
തദ്ഭാവമേതുമനുകരിച്ചീടണം.
തൽക്കാര്യകാരിയാകേണം വിധേയനു-
മുക്തമാമങ്ങിതു സംശ്രയിവൃത്തമായ്.
തത്രവിനീതനായ് കാലംകഴിക്കണം
സൽഗ്ഗുരുവോടൊരു ശിഷ്യനെന്നോണമായ്
തൽസംഗമൂലം പ്രതിപൂൎണ്ണനായ് പുന-
രുത്ഥായ കാലേ സ്വതന്ത്രനായീടണം
സന്ധിയാൽ ഗുപ്തനാകാത്തോരനാശ്രയൻ
ചന്തമോടങ്ങുതൻ സേനയോ കോശമോ
സ്വന്തമായീട്ടും ഫലപുഷ്ടഭൂമിയോ
ഹന്താഭിയോക്താവിനേകിവണങ്ങണം.
ആത്തനാകുംവിധൗ സ്വീയരക്ഷാൎത്ഥമാ-
യാത്തമോദേന സമസ്തവും നല്കണം.
ആപത്തമാക്കീടണം ജീവിച്ചുപിന്നെയും
പേത്തും സ്വരാജ്യം യുധിഷ്ഠിരനെന്നപോൽ.
തന്നഭിവൃദ്ധികാലത്തോ രിപുക്ഷയം
തന്നിലോ പെട്ടെന്നു ചാടികുതിച്ചഥ
ശക്ത്യാ പ്രഹരിക്കവേണം ബലീയസീ-
വൃത്ത്യാഥവാ സിംഹവൃത്ത്യാ സുവേളയിൽ

തന്നിൽപ്പെരിയവൻതന്നോടകാരണാൽ
നന്നല്ലസംഗമം, പിന്നെയുമാരൊട്ടം
വന്നിടുംതോഷംക്ഷയവ്യയജാതമാ-
യെന്നല്ല വിശ്വാസഭംഗജദോഷവും ;
സംഗമംപൂകിലും നമ്പരുതാരെയും
തന്നുടെ സ്വന്തപിതാവുതാനാകിലും
നമ്പുന്ന സാധുവേ ദ്രോഹിച്ചുകൊണ്ടിടും
കമ്പമെന്യേ ദൃഢം ദുർജ്ജനം പാരിതിൽ.
ഇത്ഥമാതീടിനേൻ ഷാഡ്ഗുണ്യമിങ്ങഹ-
മുക്തമാമന്യരാൽ ദ്വൈഗുണ്യമെന്നതായ്.
വിഗ്രഹമായതിൻ രൂപമായ് ചൊൽവിതു
വ്യക്തമായിബ്ബുധർ യാനാസനങ്ങളെ.
ദ്വൈധികഭാവം, സമാശ്രയമെന്നിവ
ദ്വൈധമെന്യേ ദൃഢം സന്ധി തൻരൂപമായ്.
ഓതുന്നതുണ്ടിതു പാരിൽ പ്രസിദ്ധരാം
ബോധമേറീടുന്ന നീതിജ്ഞപുംഗവർ
നാട്ടിലിരുന്നും, കടന്നുചെന്നും പ്രഭു-
മാററാതെ വിഗ്രഹം ചെയ്കയാൽ പണ്ഡിതർ
തെററാതുരയ്ക്കുന്നു വിഗ്രഹമെന്നതായ്
ചട്ടറെറാരാസനം യാനമിതുകളെ.
സന്ധിപൂകാതിഹ ദ്വൈധികഭാവവും
ചന്തമായുള്ള സമാശ്രയമായതും

ഉണ്ടായിടാദ്ദ്വന്ദ്വം ; തൽക്കാരണാൽ ബുധർ
രണ്ടിനേയും ചൊൽവു സന്ധിതൻരൂപമായ്.
സന്ധിച്ചുവെന്നായുരയ്ക്കുന്നതൊക്കയും
സന്ധിതൻരൂപമായ് ചൊല്ലുന്നു സൂരിമാർ.
എന്നപോൽ വിഗ്രഹിച്ചെന്നതായ് ചൊൽവതും
ചൊന്നിടുമൊക്കയും വിഗ്രഹരൂപമായ്.
സന്ധിയും വിഗ്രഹമായതും ചേർത്തിഹ
ചൊന്നിടും സൂരിമാർ ദ്വൈഗുണ്യമെന്നതായ്.
എന്നാലതിനോടു സംശ്രയം ചേർത്തുകൊ-
ണ്ടന്യരോതും ഭുവി ത്രൈഗുണ്യമെന്നതായ്.
പാരം ബലിഷ്ഠനാൽ പീഡിതനാം വിധൌ
സ്വീകരിക്കും ദ്വന്ദ്വം സംശ്രയത്തേ രിപു.
ആകയാൽചൊൽവൂ ബൃഹസ്പതി സന്ധിതൻ
രൂപമായ്ത്തന്നെ സമാശ്രയംതന്നെയും.
നന്നായ് നിരൂപിച്ചുനോക്കിയാൽ വിഗ്രഹ-
മെന്നതാമേകഗുണംമാത്രമൂഴിയിൽ
പിന്നുള്ള സന്ധ്യാദിയൊക്കയുമായതിൽ
നിന്നുസമുത്ഭവിച്ചുള്ളവതന്നെയാം.
എന്നാലവസ്ഥയാൽ ഭേദങ്ങളിങ്ങിവ
വന്നുവഴിയേ ഭവിച്ചതുകാരണം
നിർമ്മായമിങ്ങഹോ ഷാഡ്ഗുണ്യമെന്നതായ്
നമ്മുടെ പൂജ്യനാമാചാര്യനാൻ മതം.

പതിനാറാംപ്രകരണം സമാപ്തം.

---

ഷാഡ്ഗുണ്യം=സന്ധി വിഗ്രഹം, യാനാസനദ്വൈധീഭാവസമാശ്രയങ്ങൾ.

# പതിനേഴാംപ്രകരണം

## മന്ത്രവികല്പപ്രകരണം

ഷാഡ്ഗുണ്യപ്രതിഷ്ഠിതചിത്തനും മന്ത്രജ്ഞനും
ശ്ലാഘ്യമായ്കാര്യമേതും ഗോപ്യമായ് ചെയ്യോനുമാം
പാൎത്ഥിവൻ മന്ത്രജ്ഞരാം മന്ത്രിവര്യന്മാരുമായ്
ഗോപ്യമായ് ചിന്തിക്കണം സർവ്വമാംകാര്യത്തെയും.
മന്ത്രാൎത്ഥകുശലനാം ഭൂമിപൻ ജയംതന്നെ-
യന്തരംവിനാ പൂകും കേവലം ജിതശ്രമം.
അന്യഥാ ഭവിക്കുന്നോൻ സ്വതന്ത്രനായീടിലും
മാന്യമാം വിദ്വജ്ജനമവനേ വെടിഞ്ഞുപോം.
ദുൎമ്മന്ത്രനായീടുന്നോരവനേയരാതികൾ
ധൎമ്മ്യമാം യജ്ഞത്തിനേ കൗണപരെന്നോണമായ്
ചെന്നടുത്തിട്ടുനാലുപാട്ടിലും നശിപ്പിക്കു-
മെന്നതിനാലേ മന്ത്രപരനാകണംഭൂപൻ.
മന്ത്രജ്ഞനായീടുന്ന കാൎയ്യജ്ഞൻതന്നോടൊത്തു
മന്ത്രിച്ചുകൊണ്ടീടണം കാൎയ്യങ്ങൾ മഹീശ്വരൻ.
മന്ത്രിയങ്ങനാപ്തനും മൂർഖനുമായീടുകിൽ
മന്ത്രജ്ഞനായീടിലുമവനേ വർജ്ജിക്കണം.
സന്മാർഗ്ഗഗതികളായ്, സിദ്ധകൎമ്മാക്കളായി
നിൎമ്മായം ജീവിച്ചതാം പൂൎവ്വരാം മനീഷികൾ
ഉണ്മയോടനുഷ്ഠിച്ച ശാസ്ത്രീയമാർഗ്ഗങ്ങളെ
വെണ്മയാം സിദ്ധിയോർപ്പോൻ ത്യജിച്ചുകൊണ്ടീടൊലാ,

ശാസ്ത്രമാൎഗ്ഗത്തെവിട്ടു പിഴച്ചു കാൽവച്ചധ
ചീത്തവേഗേനചെന്നു കുതിച്ചു ചാടുന്നവൻ
ശത്രുഖഡ്ഗത്തിൻമുനയ്ക്കാഹാരമായീടാതേ
പേൎത്തുമിങ്ങഹോ! തിരിച്ചെത്തില്ല സജീവനായ്.
ഉത്സാഹം, പ്രഭാവമെന്നിവരണ്ടിനെക്കാട്ടിൽ
മെച്ചമായ് ചൊല്ലീടുന്നു മന്ത്രശക്തിയെപ്പാരിൽ.
ഇച്ചൊന്ന ശക്തിത്രയം തികഞ്ഞ ദൈത്യാചാൎയ്യൻ
നിൎജ്ജരഗുരുവോടു തോററിതു മന്ത്രംതന്നിൽ
വിബുധാചാൎയ്യൻപുരാ ശുക്രന്റെ വേഷംപൂണ്ടു
വിബുധാരാതിമാരെയല്ലവേ മോഹിപ്പിച്ചാൻ
വിബുധാരാതിഗുരുനിസ്തുലതേജോവഹൻ
വിബുധാചാൎയ്യൻതന്നെശ്ശപിച്ചാനതിന്നായി.
നയമെന്നുള്ളകാൎയ്യം കണികാണാത്ത സിംഹം
ബലമൊന്നിനാൽമാത്രം കൊല്ലുന്നു ദന്തീന്ദ്രനെ.
നയജ്ഞനായ ധീരൻ മതിമാനായ മൎത്ത്യൻ
ജയിപ്പൂ സിംഹത്തെയും ദന്തീന്ദ്രശതത്തെയും.
അകലേവച്ചുതന്നെ സർവ്വോപായവും പാൎത്തു-
മകമേ ശ്രദ്ധായുതമവയിൽ സത്തായവ
സകലമനുഷ്ഠിച്ചും മരുവും വിദ്വാനോതും
നിഖിലക്രിയകളും ഫലത്തിന്നായിത്തീരും.
ഉപായപൂൎവ്വമേതുമിച്ഛിച്ചുകൊണ്ടീടണ-
മുപധയോടുയത്നം ചെയ്യണം കാലംപാൎത്തും.

വെറുമുത്സാഹവേഗാലുളവാം രസജ്ഞത
പരിണാമത്തിൽ പശ്ചാത്താപത്തിലായിത്തീരും.
ശക്യാശക്യങ്ങൾ രണ്ടും പരിച്ഛേദിച്ചീടണം
വ്യക്തമായ് തെളിഞ്ഞെഴും ധിഷണാദീപത്തിനാൽ
ശക്തനാം ശൈലേന്ദ്രനെക്കൊമ്പിട്ടുതാഡിക്കുകിൽ
മത്തവാരണത്തിൻെറ കൊമ്പുതാനൊടിഞ്ഞീടും.
അശക്യമായ കാര്യം ചെയ്യുവാൻ തുടങ്ങിയാൽ
സുലബ്ധമാക്കാം നൂനം തദർത്ഥക്ലേശം മാത്രം.
അശിക്കാനൊരുങ്ങിയാലാകാശം കബളമായ്
ഗ്രഹിക്കാൻ കഴിയുമോ മൎത്ത്യനങ്ങൊരിക്കലും?
അഗ്നിയോടടുക്കൊലാ ശലഭമെന്നോണമാ-
യസ്പൃശ്യമായതൊന്നും സ്പൎശിച്ചുംകൊണ്ടിടൊലാ.
അഗ്നിയിൽ ശലഭംപോലണഞ്ഞാലതിൽ വീണു
ദഗ്ദ്ധമായിടാം; അല്ലാതെന്തുണ്ടാം പ്രയോജനം ?
ദുഃഖലഭ്യമായുള്ള വസ്തുവിൽ മോഹത്തിനാൽ
വയ്യൊലാ വിചേഷ്ടിതം ചെറുമങ്ങൊരിക്കലും.
വയ്ക്കിലോ പുനരഥ ലഭ്യമായീടും ഫലം
ദുഃഖകാരികളാകും കൃത്യനാശങ്ങൾ മാത്രം.
വസ്തുനിർണ്ണയം ചെയ്തിട്ടതുപോൽവർത്തിച്ചീടും
ബുദ്ധിയാൽ വിശുദ്ധമാം പദവിന്യാസംചെയ്തു
നിസ്തുലൗന്നത്യമേറുമദ്രിശൃംഗത്തിന്നൊക്കും
പൃഥ്വീശപദത്തിനെയാരോഹംചെയ്തീടണം.

എത്രയും ദുരാരോഹമായതും, ലോകൎക്കെല്ലാം
ഭക്ത്യാദരാരാധനാവസ്തുവുമാകുന്നതാം
പാൎത്ഥിവപദത്തിനങ്ങവഭ്രംശങ്ങൾമൂലം
ദൂഷ്യമുണ്ടാക്കീടാതേ കാക്കണം ബ്രാഹ്മണ്യംപോൽ
നിൎമ്മലമതികളാം മാനുഷന്മാരാൽ ശാസ്ത്ര-
സമ്മതിക്കനുരൂപമാരബ്ധമാകുന്നതാം,
വെൺമയാം കാൎയ്യമേതുമചിരാൽതന്നേ മനോ-
രമ്യമാം ഫലത്തിനെനല്കീടും വനങ്ങൾപോൽ.
വിധിപോലാരംഭിച്ച കാൎയ്യങ്ങളാശിച്ചതിൻ-
വിധമല്ലാതെപാരംനിഷ്ഫലമായാൽപോലും
അതുകൾമോഹമൂലമാശിക്കും കൎമ്മങ്ങൾപോൽ
സുദൃഢമേകാമേലും ഘോരമാം താപങ്ങളെ.
സമ്യക്കായ്തുടങ്ങിയകാൎയ്യമതേതുംതന്നെ
സത്വരം വൈപരീത്യംപ്രാപിച്ചുകൊണ്ടീടുകിൽ
നിൎമ്മായമുടൻ നണ്ണാം ദൈവമങ്ങദൃഷ്ടമാ-
യുൺമയിൽതടയുന്ന പൌരുഷമെന്നുള്ളതായ്.
എന്നാലും പ്രയത്നത്തിലാസ്ഥിതനായീടണ-
മെന്നാളും വിശുദ്ധമാം ബുദ്ധിയാൽ പ്രണീതനായ്
പിന്നീടങ്ങെല്ലാററിനും ദൈവത്തെയാശ്രയിച്ചു
മന്നിതിലഭിജ്ഞരാമഥൎവ്വവേദജ്ഞന്മാർ,
ആത്മാവിനേയും പരൻതന്നെയും വീക്ഷിച്ചുംകൊ-
ണ്ടാത്മനാ തുടങ്ങണമേതൊരു കാൎയ്യത്തെയും

ആത്മബോധത്തെപ്പോലെപരൻെറ ബോധത്തെയും
സാധ്യമാക്കുന്നതത്രേ വിജ്ഞാനമാകുന്നതും.
നിഷ്ഫലമായും തഥാ ക്ലേശബാഹുല്യംപൂണ്ടും
ലഭ്യമാം ഫലംതന്നേ സംശയാവിഷ്ടമായും
ഉൽക്കടവൈരത്തിനു കാരണമായുംതീരും
കൃത്യങ്ങൾസമസ്തവും ബുദ്ധിമാൻ വർജ്ജിക്കണം.
നടക്കുംകാലത്തിലും മേലിലും സംശുദ്ധ്യവും
വിശുദ്ധക്രമാഗതമായതും ലോകർക്കെല്ലാം
ഹിതത്തെത്തന്നേസദാ ചെയ്യുതുമായുള്ളതാം
സമസ്തകർമ്മത്തെയും സത്തുക്കൾ നന്ദിച്ചീടും.
യാതൊന്നാലപവാദമല്പവും പ്രാപിക്കില്ല;
യാതൊന്നു ഹിതകാരിയായിടും ജഗത്തിനും
ആവിധമുള്ളകർമ്മം മുറുകേ പിടിക്കണം
കേവലമാരംഭത്തിൽ മുള്ളുപോൽ മുറിക്കിലും
ബുദ്ധിപൂർവ്വകംചെയ്യുമത്തരം പ്രവൃത്തികൾ
നിശ്ചയം ശ്രേയസ്സിന്നാം ഫലത്തിൻ നിഷ്പത്തിക്കും.
അത്തരമുള്ള സിംഹവൃത്തിതടമാകുന്നതു
സച്ചരിത്രനായുള്ള മിത്രത്തിൽ കാണാം കടചിൽ.
പെട്ടെന്നു ചാടീടുകിൽ സമ്പദാർജ്ജനം നൂനം
ദുഷ്ടന്മാർതന്നിൽനിന്നും ദുസ്സാധമായിത്തീരും.
ഉത്തമോപായത്തിനാൽ ധൃഷ്ടനാംമത്തേഭൻെറ
മസ്തകത്തിങ്കൽപോലും പാദങ്ങൾ പതിപ്പിക്കാം.

പ്രാജ്ഞരാം ജനങ്ങൾക്ക പാരിതിലസാദ്ധ്യമായ്
തീൎച്ചയായുണ്ടായീടാകാൎയ്യങ്ങളൊന്നുംതന്നേ.
ഭേദ്യമല്ലാതെയുള്ളോരായസഗോളത്തെയും
യോഗ്യമാമുപായത്താൽ ദ്രവമായ് ചമച്ചീടാം.
വഹിക്കാനാകുന്നതാമിരുമ്പുഗോളത്തിനാൽ
മുറിക്കാനാമോ ദേഹം വലിപ്പമുണ്ടാകിലും.
മറിച്ചുചെറുപിണ്ഡമാകിലുമായതൊട്ട-
ങ്ങടിച്ചുമൂൎച്ഛയാക്കിലാഗ്രഹസിദ്ധിക്കാകും.
അഗ്നിയേ കെടുപ്പതു ജലമാണെന്നുള്ളതു
വിഖ്യാതമത്രേ ധാത്രീതലത്തിലെല്ലാടവും.
യുക്തമാമുപായത്താൽ ഗ്രഹിച്ചുകൊണ്ടീടുകിൽ
തൎക്കമില്ലുണ്ടാക്കിടാമാ വഹ്നിയാലേ ജലം
അജ്ഞാതമായുള്ളതു വിജ്ഞാതമാക്കിടാനും
വിജ്ഞാതമായുള്ളതു നിശ്ചയപ്പെടുത്താനും
അൎത്ഥദ്വൈധത്തിലുണ്ടാം സംശയച്ഛേദത്തിനും
ഒത്തതാം മാൎഗ്ഗം മന്ത്രം, മറവുദൎശനത്തിനും
വിദ്വൽപ്രാസനംതന്നിൽ വൎത്തിച്ചുകൊണ്ടീടണം
വിശ്വത്തിലൊരാളെയും തള്ളരുതവജ്ഞയിൽ
ഉക്തികളാരോതിയാൽത്തന്നെയും കേട്ടീടണ-
മൎത്ഥമുൾക്കൊള്ളും വാക്യം ഗ്രഹിപ്പാനിച്ഛിച്ചുള്ളിൽ
മദത്താലുദ്ധൃതനായ് പ്രവൃത്തിവിമൂഢനായ്
സമസ്തകാൎയ്യത്തിലും മന്ത്രിയെ മറുത്തീടും

കേവലം വൃഥാമന്ത്രനായിട്ടും മഹീശനെ-
വേഗമുല്ലംഘിച്ചീട്ടും ശത്രുക്കൾ നിസ്സംശയം.
രക്ഷിച്ചുകൊണ്ടീടണം മന്ത്രബീജത്തെ നൃപൻ
ഭക്ഷിത്തുകൾക്കു പാർത്താലതുതാനല്ലോ ബീജം.
തദ്ബീജം ഭീതമയാൽ ഭിന്നതപൂകം രാജ്യം
തദ്ഗുപ്തിയാലേദ്ദഢം ഗുപ്തിയുമനുത്തമം.
പഞ്ചാസ്യനെന്നോണമായ് ചേഷ്ടമാനനായ് കാലേ
ചെഞ്ചമ്മേ പ്രവത്തിക്കും പണ്ഡിതപ്രവീണൻെറ
ചെയ്യികൾ സകലതും സാകുല്യരറിഞ്ഞീടും
ചെയ്യവേതന്നെ നൂനം, ചെയ്യതിൽപിന്നീടന്യർ.
പശ്ചാത്താപത്തിനൊട്ടും കാരണമാകാത്തതും
സ്വച്ഛമാം ഫലത്തിനെ ദാനംചെയ്യീടുന്നതും
നിശ്ചയമദീർഘകാലികവുമഭീഷ്ടവും
ശസ്തവുമാകുന്നതാം മന്ത്രമീപ്സിതം രാജ്ഞാം.
സാഹായ്യപ്രകാരന്മാരും സാധനോപായങ്ങളും
സാധനത്തിന്നു പററും കാലവും പ്രദേശവും
കൂടാതെവിപൽപ്രതീകാരമായീടുന്നതും
കൂടിയങ്ങാകെച്ചൊല്വു മന്ത്രത്തെ പഞ്ചാംഗമായ്.
ആരംഭിച്ചതാംകാര്യം തുടരേ നടത്തണ-
മാരംഭിച്ചീടാത്തതിന്നാരംഭമിട്ടീടണം
ആരംഭിച്ചനുദിനമനുഷ്ഠിച്ചീടുന്നതാം
കാര്യത്തെ വിശേഷിച്ചും ഗുപ്തമായ് പാലിക്കണം.

കാര്യഭാരത്തിലെല്ലാം നിർണ്ണയമനേകമായ്
കാര്യജ്ഞൻ പ്രചരിപ്പിച്ചീടണം മന്ത്രജ്ഞരേ.
ചേതസ്സിൽസാമ്യമാളും കാര്യത്തിലെല്ലാററിലും
ചേതസ്സുനയിക്കണം കാലമേ വൈകീടാതേ.
മന്ത്രിമാർതമ്മിൽമനഃസാമ്യമുണ്ടാകുന്നതും
സ്വന്തമാം മനസ്സിങ്കൽ ശങ്കകൾ തോന്നാത്തതും
വന്ദ്യന്മാർ നിന്ദിച്ചീടാതുള്ളതുമായ കാര്യ-
മെന്തുമേ ചെയ്തീടുവാൻ നിശ്ചയംചെയ്തീടണം.
മന്ത്രജ്ഞന്മാരുമായിച്ചിന്തിച്ച മന്ത്രത്തിലും
സ്വന്തമായുള്ള ചിന്തപിന്നെയും നടത്തണം.
എന്തെന്തുവിധമായാൽ സ്വാതന്ത്ര്യപീഡനംവരാ
ചന്തമോടാവിധത്തിൽ മന്ത്രജ്ഞൻ നടക്കണം.
സ്വാതന്ത്ര്യതൽപരതയാൽ മന്ത്രിമാരാകുന്നവർ
ദീർഘവിഗ്രഹത്തിനെ നിർണ്ണയമാശിച്ചീടും
ദീർഘകാര്യാകുലനായ്ത്തീർന്നീടും മഹീനാഥൻ
ഭോഷ്ക്കന്യേയവർക്കഹോ ഭോഗ്യനായ്ഭവിച്ചപോം.
മനസ്സിൻപ്രസാദവും ശ്രദ്ധയും, കാര്യങ്ങളിൽ
കണക്കെക്കൊള്ളിച്ചീടും കരണസാമർത്ഥ്യവും
പെരുത്തസഹായരും,മത്ഥാനസമ്പത്തിയും
ജഗത്തിൽ കർമ്മങ്ങൾതൻ സിദ്ധിയേ കാട്ടീടുന്നു.
ലഘുവാം പ്രയത്നവും ലുപ്തമാം വിഘ്നങ്ങളും
ശുഭമായുള്ള സർവ്വപരിതഃസ്ഥിതികളും

പൊതുവേയുണ്ടായിട്ടും കരണപടുത്വവും
സത്വരവേ കാൎയ്യങ്ങൾ തൻസിദ്ധിയേ കഥിക്കുന്നു.
മന്ത്രത്തെ മുഹുർമുഹുരാവൎത്തിക്കണം ഭൂപൻ
വേണ്ടപോൽ ശ്രമംചെയ്തു ധരിച്ചുകൊണ്ടീടണം.
എന്നുമല്ലനായാസധൃതമായ് വരും മന്ത്രം
തിണ്ണെന്നു ദഹിച്ചുപോം ചലിക്കുമനലൻപോൽ.
ആപ്താപ്തക്രമത്തിനു തുടൎന്നു മന്ത്രത്തിനെ
കാത്തുകൊള്ളണം ഭൂപൻ താത്പൎയ്യസമന്വിതം.
കാത്തുകൊള്ളാഞ്ഞാൽ പിന്നേ ഭിന്നമങ്ങാക്കിത്തീൎക്കു-
മാപ്തർ തൻ പരമ്പര നിൎണ്ണയം മന്ത്രത്തിനെ
മദവും, പ്രമാദവും, നിദ്രയിലോതും വാക്കും,
മദനാൎത്തിയും തഥാ കാമിനീജനങ്ങളും
മറയിൽനില്ക്കുന്നോരുമെന്നുമല്ലഗണ്യരായ്
കരുതപ്പെട്ടുന്നോരും മന്ത്രത്തെ ഭേദിച്ചീടും.
സ്തംഭവും ഗവാക്ഷവുമില്ലാത്തതായും പുന-
രിമ്പമാം ചുവരിടതങ്ങിടാതെയും മേവും
വമ്പെഴും സൗധാഗ്രത്തിലല്ലെങ്കിൽ കാട്ടിങ്കൽ വ-
ച്ചമ്പൊടു നടത്തണം മന്ത്രങ്ങൾ രഹസ്യമായ്.
ദ്വാദശമന്ത്രിമാർ തൻ മന്ത്രിമണ്ഡലം ചൊല്‌വു
ഭേദമെന്നിയേ മനു, ഷോഡശംബൃഹസ്പതി.
വിംശതി മന്ത്രിമാർതൻ മണ്ഡലമുരയ്ക്കുന്നു
സംശയമേതുംവിനാ നിൎണ്ണയമുശനസ്സും.

കാര്യഗൗരവംപോലെ മന്ത്രിമണ്ഡലം പുക്ക
കാര്യവേദിയാം നൃപനാഹിതചേതസ്സായി
കാര്യങ്ങൾ മന്ത്രിക്കണമെന്നതായുരയ്ക്കുന്നു
കാര്യജ്ഞന്മാരായീടുമാചാര്യന്മാരിൽ ചിലർ.
ഓരോരോ മന്ത്രിയോടും കാര്യങ്ങൾ വീണ്ടും വീണ്ടു-
മാലോചിച്ചതിൻശേഷം സഹിതാന്വേഷി നൃപൻ
ഓരോരുത്തൻമുള്ളോരഭിപ്രായത്തിൽ ചെമ്മേ
പാരാതെ കടക്കണം നിർണ്ണയാം പൃഥക്കായി.
ഭൂരിപക്ഷാഗ്രതനും, ദൃഷ്ടകർമ്മാവും[1] ഹിത-
വാദിയും, സുധീവരൻ, നിശ്ചിതമത സ്ഥനും
ആയീടുന്നവൻ ശാസ്ത്രവിധിപോലോതുന്നതാം
ഏതഭിപ്രായത്തെയും സമ്യഗാദരിക്കണം
കാര്യങ്ങളാലോചിച്ച തീർച്ചചെയ്തതിൻശേഷം
കാര്യങ്ങൾ ചെയ്യേണ്ടതാം കാലത്തെ ലംഘിക്കൊലാ.
കാലാതിക്രമം പററും കാര്യത്തേ മഹീവരൻ
കാലയോഗത്തിനൊത്തു പിന്നെയും ചിന്തിക്കണം.
കാര്യങ്ങൾ ചെയ്യേണ്ടതിന്നായുള്ള കാലത്തിനെ
കാര്യജ്ഞനൊരിക്കലുമതില്ലംഘിച്ചീടൊലാ.
നേരാണു സുദുർല്ലഭമായിട്ടു ചിലപ്പോഴേ
കാലയോഗങ്ങളൊത്തു ഭവിക്കയുള്ളൂ ഭുവി.
സത്തുക്കളായുള്ളവർ കാണിച്ച മാർഗ്ഗത്തൂടെ
കൃത്യങ്ങളതാതിന്റെ കാലത്തു നടത്തണം.

---

1. ദൃഷ്ടകർമ്മാവ് = പ്രയോഗിച്ചവൻ.

പിട്ടല്ല കാലാകാലമറിഞ്ഞു നടപ്പവൻ
തെററാതെ ഭുജിക്കുന്നു സമ്പത്തിൻഫലത്തിനെ.
ശരിയാം മാർഗ്ഗങ്ങളും കാലവും പ്രദേശവും
ശരിയാം സഹായരുമാപത്തിൽ പ്രാന്ത്യുപായവും
ശരിയേ പാർത്തുകണ്ടു കാലാതിക്രമംചെയ്യാം
ശരിയല്ലൊരിക്കലും ചെയ്യരുതു ചാപല്യത്താൽ.
അഹിതംതന്നിൽ ഹിതബുദ്ധിയാമല്പപ്രജ്ഞൻ
നിയതം നിന്ദിച്ചീടും മന്ത്രിമാർമതത്തിനെ.
ചപലനായോരവൻ ശത്രുഖഡ്ഗത്തിൻ തൈക്ഷ്ണ്യം
ചെറുതൊന്നറിയുമ്പോൾ പെട്ടെന്നങ്ങുണർന്നിടും.
ശത്രുവിൻ ബലാബലമറിയാതഹങ്കരി-
ച്ചെത്രയുമപനയംപൂണ്ടു ചാപല്യാന്വിതം
വർത്തിക്കും മഹാമൂഢൻ സ്വയമേ പതിക്കയാൽ
തിട്ടമങ്ങുണർന്നിടാ നിപതിച്ചാലല്ലാതെ.
ഇത്ഥമൊക്കെയും സമുദ്യോഗിയായ് നയസ്ഥനായ്
വർത്തിക്കും മഹീപാലൻ സ്വാന്തമാം ശത്രുക്കളേ
ചൊല്പടി നിറുത്തുന്നു ദുഷ്ടസർപ്പങ്ങളേപ്പോ-
ലത്ഭുതാവഹമായ നിജമാം മന്ത്രത്തിനാൽ.

പതിനേഴാംപ്രകരണം സമാപ്തം

# പതിനെട്ടാംപ്രകരണം

## ദൂതപ്രചാരം

അഭ്യസ്തമന്ത്രനായിസ്സമന്ത്രവിത്തായ് വാഴും
സൽപ്രഭുവരൻ നിജശത്രുവിൻ സകാശത്തിൽ
ഭൃത്യാഭിമാനിയായിസ്സർവ്വമന്ത്ര്യാദൃതനായ്
പാൎത്തിടും സന്മന്ത്രിയെ ദൂതനായയയ്ക്കേണം.
പ്രഗത്ഭനായിത്തഥാ വാഗ്മിയായ് സ്മൃതിമാനായ്
സമസ്തശാസ്ത്രത്തിലുമെന്നല്ല ശസ്ത്രത്തിലും
സമൎത്ഥനായിദ്ദൂത്യമഭ്യസിച്ചവനായി-
ബ്ഭവിക്കുന്നവൻവേണം രാജദൂതനായ്ത്തീരാൻ
ദൂതന്മാർ [1]നിസൃഷ്ടാൎത്ഥരെന്നല്ല മിതാൎത്ഥന്മാർ[2]
ഭേദമെന്നിയേ തഥാ ശാസനകാരകന്മാർ[3]
ഈവണ്ണം ത്രിവിധരായ്ഭവിച്ചീടുന്നു ഭുവി
കാൽവീതം യഥോത്തരം താണോരായ് സാമൎത്ഥ്യ
[ത്തിൽ[4]
ശത്രുവിൻ സകാശത്തിൽ ഗമിച്ചുകൊണ്ടീടണം
കൃത്യമായ് നിസൃഷ്ടാൎത്ഥൻ സ്വസ്വാമിനിദേശത്താൽ
ഉക്തിതാനോതേണ്ടതുമുത്തരം ചൊല്ലേണ്ടതു-
മുത്തരോത്തരം ഹൃദി ചിന്തിച്ചുകൊണ്ടും സദാ

---

1. നിസൃഷ്ടാൎത്ഥന്മാർ = സ്വയമേ ധാരാളമധികാരമുള്ളവർ.
2. മിതാൎത്ഥന്മാർ = മിതമായ അധികാരങ്ങൾ ഉള്ളവർ.
3. ശാസനകാരകൻ = ലേഖനഹരൻ.
4. സാമൎത്ഥ്യം = അധികാരബലം.

അതിൎത്തിപാലന്മാരേ മിത്രങ്ങളാക്കീടണം
വിതൎക്കമെന്യേ പുനരാടവികന്മാരേയും
ജനസ്ഥാനങ്ങൾ തഥാ മാൎഗ്ഗങ്ങളെന്നുള്ളവ
ഏദിസ്ഥമാക്കീടണം തൽബലസിദ്ധിക്കായി
ആളറിയിച്ചീടാതെ ശത്രുവിൻ പുരംതന്നിൽ
കോളല്ല കടപ്പതു ശത്രുവിൻസദസ്സിലും.
കാലത്തെ നിരീക്ഷിച്ചും കാൎയ്യാൎത്ഥങ്ങളെപ്പാൎത്തും
ചാലവേ കടക്കണമനുജ്ഞയോടേ ദൂതൻ
രാഷ്ട്രത്തിൻ സ്ഥിതതപവും കോട്ടയും തദ്ഗുപ്തിയും
കോട്ടമെന്നിയേ ശത്രുച്ഛിദ്രവും ഗ്രഹിക്കണം.
പററലർകോശസ്ഥിതി പഠിച്ചുകൊണ്ടീടണം
പററലർബലത്തെയുമവൻെറ മിത്രത്തെയും.
ആയുധമോങ്ങീയടുത്തീടിലും യഥോക്തമാം
ന്യായമാശാസനത്തെയുരച്ചുകൊണ്ടീടണം.
തന്നുടെ ദൃഷ്ടിവക്ത്രചേഷ്ടിതങ്ങളാൽ ചെമ്മേ
നന്നായി ഗ്രഹിക്കണം രാഗാപരാഗങ്ങളും
അനിഷ്ടം ചൊല്ലിയാലും സഹിച്ചുകൊണ്ടീടണം
മനസ്സിൽനിന്നും കാമക്രോധങ്ങളകററണം.
ശയിച്ചീടരുതേതുമന്യനൊത്തൊരിക്കലും
മറച്ചീടണം ഭാവം, പരൻേറതറിയണം.
പ്രകൃതിമാൎക്കെല്ലാൎക്കും പ്രഭുവോടുണ്ടായീട്ട-
മഖിലമാകും രാഗദ്വേഷവും ഗ്രഹിക്കണം

നെടുവേ ഭിന്നിപ്പുകളവരിലുണ്ടാക്കണം
പടുതയോടേ ദൃഢമാരുമേ ഗ്രഹിക്കാതെ
വധിക്കുമെന്നനില വന്നാലുമുരയ്ക്കൊലാ
സ്വഭർത്തൃപ്രകൃതിമാർക്കുള്ളതാം വൈകല്യത്തെ.
പെരുത്തോരാശ്രയത്തെ നടിക്കും വചസ്സിനാ-
ലുരച്ചീടണം 'സർവ്വംഭവതാ ജ്ഞാതം' എന്നായ്.
'കുലസംശുദ്ധന്മാരാം, ഖ്യാതരാം, വിക്രാന്തരാം,
മഹിഷ്ഠസമ്പന്നരാം' ഇത്യേവം ചതുർവ്വിധം
അകുണ്ഠമാഹാത്മ്യത്തേക്കുറിക്കും സ്തവങ്ങളാൽ
പുകഴ്ത്തിക്കൊണ്ടീടണമിരുകൂട്ടക്കാരെയും.
ശാസ്ത്രവും കലകളുമെന്നുള്ള മിഥ്യാമാർഗ്ഗാൽ
സ്വാപ്തരാമുഭയവേതനരേക്കൂട്ടിച്ചേർത്ത്
സ്വാർത്ഥസിദ്ധിക്കുവേണ്ടും കാര്യങ്ങൾ ഗ്രഹിക്കണം
പേർത്തുമിങ്ങനെ ശത്രുഭൂപചേഷ്ടിതങ്ങളും
തീർത്ഥങ്ങളാശ്രമങ്ങൾ, ദേവതാഗൃഹങ്ങ,ളി-
ത്യാദ്യങ്ങൾതന്നിൽ സദാ താപസവേഷങ്ങളിൽ
ആസ്ഥയാ വന്നെത്തിടും സ്വചരന്മാരോടുമായ്
ശാസ്ത്രോപലബ്ധിനാട്യാൽ സമ്പർക്കം സാധിക്കണം
പ്രഭുവിൻ പ്രതാപവും കുലവുമൈശ്വര്യവും
പ്രഥിതോത്സാഹശീലം ത്യാഗവുമൗദാര്യവും
മഹിതമായ കാര്യശേഷിയുമിവയെല്ലാം
സതതം കീർത്തിക്കണം ഭേദ്യന്മാർ തമ്മോടായി.

സുപ്തനും മധുപാനമത്തനുമരച്ചീട്ടും
ഗുപ്തമാം സ്വാന്തസ്ഥഭാവങ്ങൾ സമസ്തവും.
തൽക്കാരണത്താൽ ദൂതനേകനായുറങ്ങണം
കൃത്യമായ് വർജ്ജിക്കണം സ്ത്രീയെയും പാനത്തെയും.
സമയമേവംവിധം കടന്നുപോകുംവിധൌ
സമചിത്തനാമവൻ കാര്യസാദ്ധ്യത്തെപ്പററി
ലവവും ഖേദിച്ചിടാ നിർണ്ണയം ബോധിച്ചീട്ടും
വിവിധപ്രലോഭനാൽ സമയം പോകുന്നതായ്.
ഇങ്ങിനെ ദിനങ്ങൾ പോയീടവേയവൻതത്ര
നമ്മുടെ മഹീശൻതൻ വ്യസനം കിഞ്ചിൽ കാണും
ഇല്ലെന്നാൽ സ്വയമതങ്ങുണ്ടാക്കിത്തീർത്തീടുവാൻ
മെല്ലെന്നു പുനരവനാശിച്ചുകൊണ്ടീടുന്നു.
അല്ലെങ്കിൽ സ്വാന്തഃപ്രകോപത്തിനെ നയിക്കുവാൻ
ചൊല്ലെഴും നീതിജ്ഞനാമവനങ്ങാശിക്കുന്നു.
മെല്ലവേ സസ്യാദികൾ സംഗ്രഹിപ്പാനോ ദുർഗ്ഗം
തെല്ലൊന്നു നന്നാക്കാനോ സ്വയമങ്ങിച്ഛിക്കുന്നു.
സ്വപക്ഷാഭ്യുദയത്തെ കാംക്ഷിപ്പോനവൻ പിന്നെ
സ്വപതിനിർദ്ദേശങ്ങൾ കണ്ടിടാത്തതിൻമൂലം
സ്വയമേതന്നെ നൂനം യാനത്തിനാത്യന്തിക-
മുതകുന്നതാം ദേശകാലങ്ങൾ വീക്ഷിക്കുന്നു.
യാനവേളയിൽവേണ്ടും ക്രിയകളതഥിച്ചവൻ
താനേതാനൊട്ടുപിന്നെ വിളംബിച്ചെന്നും വരാം.

കാലമായതുതെററിക്കടെന്നാൽ കാര്യം പുന-
രാലോചിക്കണമെന്നായ് പണ്ഡിതരുരയ്ക്കുന്നു.
കാര്യത്തിൽ കാലമതു തെററിയെന്നായി സ്പഷ്ട-
മായിട്ടു കണ്ടാലവൻ പിന്നെയും പ്രയത്നിപ്പൂ
മേലുമങ്ങോട്ടുപാർത്തു വാർത്തകളന്വേഷിച്ചു
ചേലൊടൊക്കെയും സ്വാന്തഭൂപനായ് നിവേദിപ്പൂ.
ശത്രുവിന്നുള്ള ശക്തിയളന്നു കുറിക്കുക,
ശത്രുവിൻ ബന്ധുമിത്രവർഗ്ഗത്തെ ഭിന്നിപ്പിക്ക,
ശത്രുവിൻ ദുർഗ്ഗകോശബലങ്ങൾ പഠിക്കുക
കൃത്യപക്ഷാവശ്യങ്ങൾ സംഗ്രഹം ചെയ്തീടുക,
രാഷ്ട്രവുമടവിയും സീമയും പാലിപ്പോരെ
കോട്ടമെന്നിയേ സദാ സ്വാധീനമാക്കീടുക,
യുദ്ധയോഗ്യമായുള്ള ഭൂമികൾ ബോധിക്കുക
ഇത്ഥമൊക്കെയും ദൂതകൃത്യമായ് ചൊല്ലീടുന്നു.
ദൂതനാലത്രേ നൂനം ശത്രുവിൻ വിമർശനം
സാധിതമാക്കുന്നതു ഭൂമിനായകൻ നിത്യം
ദൂതനാൽതന്നേ തഥാ സ്വപക്ഷത്തിങ്കൽ ശത്രു-
ദൂതന്മാർ നടത്തുന്ന ചേഷ്ടകൾ ഗ്രഹിപ്പതും.

പതിനെട്ടാംപ്രകരണം സമാപ്തം

# പത്തൊൻപതാംപ്രകരണം

## ദൂതചരവികല്പപ്രകരണം

ഊഹജ്ഞനായീടണമിംഗിതജ്ഞനും ചാരൻ
ശേഷിമാൻ, സ്മൃതിമാനും, പ്രതിഭായുതൻ താനും
വേഗസഞ്ചാരക്ഷമകായനും മൃദുളനും,
ക്ലേശസംയമശീലനാ,യാസസഹനനും
താപസവേഷംപൂണ്ടോ, ധൂർത്തനായിട്ടോ, വണിഗ്-
രൂപമോ ശില്പിതന്റെ ചിഹ്നമോ ധരിച്ചിട്ടോ
ചാരന്മാർ ചരിക്കണം നാലുപാട്ടിലും നിത്യം
ചാലവേ അകന്നിട്ടു ലോകർതൻ മതത്തിനെ.
പോകയും വരികയും ചെയ്യണം നിരന്തരം
ലോകവാർത്തകൾ ചെമ്മേ ഗ്രഹിച്ചുംകൊണ്ടും ചാരർ
ഭൂപതി സകാശത്തിൽ നിർണ്ണയം ദിനേ ദിനേ.
ഭൂപന്റെ ദൂരചക്ഷുസ്സിവരാണല്ലോ പാർത്താൽ
സൂക്ഷ്മസൂത്രങ്ങളാലേ ചരിക്കും ചാരന്മാരാൽ
വീക്ഷണം ചെയ്തീടണം ശത്രുചേഷ്ടിതം ഭൂപൻ.
ഓർക്കുകിൽ നിദ്രാവശനായി വാഴുമ്പോൾപോലും
പാർക്കുന്നു ജാഗരത്തിൽ ചാരചക്ഷുസ്സാം നൃപൻ
വിവസ്വാ[1] നെന്നോണമായ് സകല തേജസ്സാലും
നഭസ്വാ[2] നെന്നവണ്ണം സർവ്വചേഷ്ടിതംകൊണ്ടും

---

1. വിവസ്വാൻ=സൂര്യൻ
2. നഭസ്വാൻ=വായു

ജഗത്താകവേ വ്യാപിച്ചീടുന്ന മഹീപതി
മഹൽസമ്മതരാകും ചാരന്മാരാലേ സദാ.
ചാരചക്ഷുസ്സായീടും ഭൂമീശൻ സമർത്ഥരാം
ചാരന്മാരാലേ ചവിട്ടീടുന്നു പാരാകവേ.
നേരാണു മറിച്ചുള്ളോ,നന്ധനായ് മാർഗ്ഗംതെററി-
പ്പാരാതേ പതിക്കുന്നു സമഭ്രമിയിൽപോലും.
ശത്രുക്കൾക്കുള്ള സർവ്വസമ്പത്തും സമൃദ്ധിയും
തൽസർവ്വാവസ്ഥാർത്ഥിതസർവ്വചേഷ്ടിതങ്ങളും,
തദ്ദേശപ്രാർത്ഥനാദിയായതുമശേഷവും
പൃഥ്വീശൻ ഗ്രഹിക്കുന്നു തന്നുടെ ചാരന്മാരാൽ.
ചരന്മാർ രണ്ടുവിധമെന്നായിട്ടു ദീരിത-
മൊരുവരപ്രകാശർ, മററുള്ളോർ പ്രകാശന്മാർ
മുകളിൽ പറയപ്പെട്ടുള്ളവരപ്രകാശ-
രഖിലന്മാരാമന്യരോർക്കുകിൽ പ്രകാശന്മാർ
പ്രാജ്ഞന്മായീടും നൃപൻ ചരരാൽ പ്രചരിച്ചു
യാജ്ഞസൂത്ര[1] ത്താലധ്വരത്തിങ്കലൃത്വിക്കുപോൽ
നിശ്ചയം ദൂതൻതന്നിൽ സന്ധാന[2] മവസ്ഥിതം
ദക്ഷനാം ചരൻതന്നിൽ ചര്യയും [3] പ്രതിഷ്ഠിതം.
ചാരന്മാർക്കാവശ്യമാം വേഷവുമാകാരവും
പിഴയാതേകീടണം കാര്യസാധ്യത്വം നൃപൻ.

---

1. യാജ്ഞസൂത്രം=യജ്ഞസൂത്രം (യജ്ഞത്തിനുള്ള മന്ത്രം)
2. സന്ധാനം=സന്ധിവിഗ്രഹാദികൾ.
3. ചര്യ=ശത്രുപ്രചരണങ്ങളെ ഗ്രഹിക്കുന്ന പ്രവൃത്തി.

പരർതൻ വൃത്താന്തങ്ങളറിയേണ്ടുന്നോരിവർ
പരിചോടിതുകളിൽ സ്ഥിതിചെയ്യുന്ന ദൃഢം.
വാണിജൻ, കൃഷീവലൻ, ലിംഗിയും, ഭിക്ഷു തഥാ
മാനിയാമധ്യാപകനി,ങ്ങനെ ചരിച്ചീടും
ചാരരങ്ങഹോ! ദത്തദായന്മാരായും[1] ഭവി-
ച്ചീടണം സുഖാശയന്മാരായും സംസ്ഥിത്യർത്ഥം
സ്വന്തമാം പക്ഷത്തിലും ശത്രുപക്ഷത്തിങ്കല്യ-
മെന്തൊരാളോട്ടുമേതുകാര്യവും കഥിക്കുമ്പോൾ
അന്തരമെന്യേ സ്ഥിതിചെയ്യണമവൻതൻെറ-
യന്തരംഗത്തേ ഗ്രഹിക്കുന്നവനായിച്ചരൻ
തീക്ഷ്ണനും[2] പുനരഥ ഭിക്ഷുകീ, സത്രി[3] തഥാ
രുക്ഷനാം വിഷദാതാവിങ്ങനെ പ്രാധാന്യേന
നാലുകനാൾ വേഷംമാറി നടക്കും ചാരന്മാരും
പാർക്കകില്ലറിയരുതന്യോന്യമൊരുത്തരും
സ്വപക്ഷത്തിലോ തഥാ, ശത്രുവിൻപക്ഷത്തിലോ
നടത്താൻപോകും കാര്യമജ്ഞാതനാകും നൃപൻ
തരത്തിൽ ശത്രുജനം ജാഗരേ വാഴുന്നേരം
വരിച്ചീടുന്നു നിദ്ര, യുണർന്നീടാതെ വീണ്ടും

---

1. ദത്തദായന്മാർ=ശമ്പളം മുതലായതു ശരിയായി ലഭിക്കുന്നോർ.

2 തീക്ഷ്ണൻ=ശൂരനും ആത്മത്യാഗിയും നിർഘൃണനുമായവൻ.

3. സത്രീ—ച്ഛത്രീ=സൂത്രം പ്രയോഗിക്കുന്നവൻ.

കാരണാകാരണത്താൽ ക്രുദ്ധരായ് ഭവിച്ചീടും
ധീരരാം സ്വപാൎശ്വസ്ഥർ ബോധിതരായീടണം
കാരണമെന്ന്യേ കോപിച്ചീടുന്ന ദുഷ്ടന്മാരെ
ഘോരമാം ദണ്ഡത്തിനാൽ നഷ്ടരുമാക്കീടണം.
കാരണാൽ ക്രുദ്ധരായിബ് ഭവിക്കും ജനങ്ങളെ
ചാരത്തു വശീകരിച്ചുമത്തി നിറുത്തണം.
വീറററശത്രുവാലങ്ങണവും ഛിദ്രം കണ്ടാൽ
ഭാരിച്ച ദാനമാനാൽ ശമനം നേടീടണം.
രാജ്യകണ്ടകങ്ങളേ മുഖഭഞ്ജനം[1] ചെയ്തു
പൂജ്യനാം നരവരൻ ശമത്തിൽ നയിക്കണം.
ലുബ്ധരും പ്രഭീതരുമായോരെയുദ്യുക്തനായ്
തൃപ്തരാക്കണം വേണ്ടും സാമദാനങ്ങൾമൂലം.
കട്ടകിൻ പ്രായംപോലും ഛിദ്രമുണ്ടായിക്കണ്ടാൽ
കടന്നുകേറി ദ്രുതമതിങ്കൽക്കൂടെ രിപു
ബലവത്തരമാകും രാജ്യവും നശിപ്പിക്കും
ജലധിതന്നിൽ ജലം ജലയാനത്തെപ്പോലെ.
ജഡമൂകന്മാ,രന്ധർ, ബധിരരെന്നീവണ്ണം
വടിവിൽ ഛലമോടങ്ങടനം ചെയ്യുന്നോരും.
തടവെന്നിയേ തഥാ വാമനർ, കിരാതരും
പടുവാം പൂജാരിയും രജകനാദികളും

1. മുഖഭഞ്ജനം = പ്രധാനികളെ നശിപ്പിക്കുക.

അലയും ഭിക്ഷുകിയും ചാരണർ, മാലാകാരർ
കലയിൽ പ്രവീണന്മാർ, പിന്നെയച്ചേടീജനം
ഇവരെല്ലാരുമന്തഃപുരഗവൃത്താന്തങ്ങൾ
ഹരണം ചെയ്തീടുന്ന സൂദ്ഭവം കാണാതാരും.
കുടയും വിശറിയും കിണ്ടിയും വഹിപ്പോരും
ശകടവാഹികളും പല്ലക്കേചുമപ്പോരും
ഇഭശിക്ഷകന്മാരുമതുപോൽ മററുള്ളോരും
ബഹിർവാർത്തകളെല്ലാം ഗ്രഹിച്ചുകൊണ്ടീടുന്നു.
അന്നവും കറികളും ചമയ്ക്കുന്നോരും പുന-
രന്നാദിവിളമ്പീടുന്നവരും സ്നാപകരും
പിന്നെയും ക്ഷുരകരും മുടികൾ ചിക്കുന്നോരും
നിർണ്ണയം പൂമെയ്യുഴു തിരുമ്മും ഭൃത്യന്മാരും
വെള്ളവും താംബൂലവും പുഷ്പവും ഗന്ധങ്ങളും
ചൊല്ലാർന്ന ഭൂഷകളും നല്കുന്ന ജനങ്ങളും
അല്ലലെന്നിയേ ചുററുമമരുമന്യന്മാരു-
മെല്ലാരും ഭവിച്ചീടും വിഷദാതാക്കന്മാരായ്.
സംജ്ഞകൾ, ഗൂഢലേഖ്യ,മവ്യക്തലേഖ്യം, പുന-
രിംഗിതാകാരങ്ങളെന്നീവക മാർഗ്ഗങ്ങളാൽ
അനഹമവനീശചരന്മാരവതസ്കൃത്തോ-
ടന്യോന്യം ചരിക്കണം നിജമാം ചര്യകളേ.
ഭൂമിതൻ ജലങ്ങളെ ഭാനുവിൻ കരങ്ങൾപോൽ
ഭൂപചാരന്മാർ മർത്ത്യമതങ്ങൾ നുകന്നിട്ടു

പാരിതിൽ ബഹുചിഹ്നരൂപമായ് ചരിക്കണം
പ്രായശോ ബഹുശില്പാധ്യയനപ്രവീണരായ്.
പരരോട്ടടുത്തിടാമേതൊരു പ്രകാരത്തിൽ
പരചിത്തജ്ഞൻ ഭൂപനതിന്നേ തജ്ജ്ഞന്മാരാം
ചരരാൽ പ്രയോഗിച്ചിട്ടപ്രമത്തനായ് നൂനം
പരനാൽ ഗ്രഹിക്കണം സ്വപകമാം വൃദ്ധിക്കായി.

പത്തൊൻപതാംപ്രകരണം സമാപ്തം

---

## ഇരുപതാംപ്രകരണം

### ഉത്സാഹപ്രശംസാപ്രകരണം

അനഘം ചാരപ്രചാരയുതം നട-
ത്തുന്നദ്ഭുതക്രിയ നിഷ്ഫലമാവുകിൽ
മുന്നേകഥിച്ചപോലുള്ള യാനത്തിനെ-
ത്തന്നേ നടത്തണം സൂക്ഷ്മബുദ്ധ്യാന്വിതം
സത്വപ്രയത്നങ്ങളെന്നുള്ള രണ്ടിനോ-
ടൊത്തഹോ നൂനമധിഷ്ഠിതമായിട്ടും
സൂക്ഷ്മബുദ്ധി പെറുമുത്തമമാം ഫലം
ശ്രേഷ്ഠനാം വായുസഖാവെയരണിപോൽ

ധാതുവിൽനിന്നു ചാമീകരമെന്നപോൽ
പാൽകടഞ്ഞീടുകിൽ വെണ്ണയെന്നോണവും
ചേലെഴും ബുദ്ധിപ്രയത്നജമാം ക്രിയ
മൂലം ഭവിച്ചിടും സ്ഥായിയാകും ഫലം
ബുദ്ധിപ്രഭാവവുമുത്സാഹശക്തിയു-
മുൽകടമാകും പ്രയത്നവുമാന്നവൻ
അത്യന്തമെന്നും നിധാനമാംഭ്രതിക-
ളുംബുധിയെന്നോണമപ്പുകൾക്കൊക്കയും
അംബുസമ്പത്ത്യാ നളിനിയെയെന്നപോ-
ളുമ്മഹാലക്ഷ്മിയെ ബുദ്ധിയാൽ കാക്കണം
വേണ്ടപോലേ പുനരുത്സാഹയത്നങ്ങ-
ളിണ്ടലെന്യേചെയ്തു വൃദ്ധിയും ചേക്കണം
അല്പവും ദേഹത്തിനേ നിഴലെന്നപോൽ
ബുദ്ധിസംശുദ്ധനാമുദ്യോഗശാലിയെ
നിർണ്ണയം ശ്രീവിട്ടുപോകില്ലൊരിക്കലു-
മെന്നല്ല പാരം വിവൃദ്ധിയും പൂകിടും
ഉത്സൃഷ്ടതാപനായുത്സുകചിത്തനാ-
യശ്രാന്തനായെഴുമുദ്ഭടബുദ്ധിയെ
എപ്പേരുമങ്ങുവിഭ്രതികൾ പൂകിടു-
മിപ്പാരിലബ്ധിയെയാറുകളെന്നപോൽ.
സത്ബുദ്ധ്യാന്വിതനാണെന്നിരിക്കിലും
നിത്യമലസനായ് നൂനം വ്യസനിയായ്

വത്തിപ്പവനേ നിരാകരിക്കും സദാ
ലക്ഷ്മീഭഗവതി, ഷണ്ഡനേ നാരിപോൽ.
ഉത്ഥാനമാർഗ്ഗേണ സത്വം വളക്കണം
നിത്യവും കാഷ്ഠേനവഹ്നിയെയെന്നപോൽ.
പിട്ടല്ല ദുർബ്ബലനാകിലും ലക്ഷ്മിയേ
തിട്ടം ഭുജിച്ചീടുമുത്ഥാനശീലവാൻ
ദുഷ്ടയാംസ്ത്രീയിൽ രമിപ്പതിന്നായ് പുമാൻ
തെററാതെ കാട്ടുന്ന ശക്തിയും ശൗര്യവും
അമ്മട്ടു കാട്ടണം ലക്ഷ്മിയേ പൂകുവാ-
നല്പവും വാഴ്കൊലാ ക്ലീബനുതുല്യനായ്.
നിത്യമുത്സാഹിയാം പൂരുഷൻ സൈംഹിക-
വൃത്തിയെയാശ്രയിച്ചിട്ടു കചഗ്രഹാൽ
ശ്രീദേവിതന്നെ വശത്തിലാക്കീടണ-
മാദ്ദ്വിനീതയാം നാരിയെയെന്നപോൽ.
ചേലാന്ന സർവ്വശിരസ്ത്രാണമുഖ്യമാം
പേരാന്ന രാജകിരീടം ധരിച്ചെഴും
വീരാരിമാർമൗലിതന്നിൽ സ്വകീയമാം
ധീരാംഘ്രിചേക്കാതശിക്കാശുഭം പുമാൻ.
ഭൂരിപ്രയത്നേന ചോദിതനാകിയ
ഭാരിച്ച മാനസദന്തീന്ദ്രവീരനു
രൂഢപ്രതിഷ്ഠിതവൈരിദ്രുമേശനെ
ചോടോടിളക്കാതെ സൗഖ്യമുണ്ടാകുമോ ?

ക്ഷിപ്രകാരിത്വം നിമിത്തമാകൃഷ്ടവും
പ്രസ്ഫുരൽ ഖഡ്ഗാംശുശോഭായമാനവും
ഹസ്തീന്ദ്രഹസ്തസമാനവുമായെഴും
ഹസ്തങ്ങളാലേ ഹരിക്കണം ലക്ഷ്മിയേ
ഉച്ചൈസ്തരാശയാ മേവുന്ന മാനുഷ-
നുച്ചമായിപ്പദവിക്രമം ചെയ്തിടും.
നശ്ചയം നീചൻ നിപാതഭയത്തിനാൽ
വച്ചിടും കാലുകൾ നീചമായിസ്സദാ.
തന്നിൽപ്പെരിയവൻതൻെറ തലയിലും
വിന്യസിക്കും പാദമുത്തമസത്വവാൻ
ഉന്നതനാകും മദകരിതൻ തല-
തന്നിലഹോ മഹാൻ കേസരിയെന്നപോൽ.
ഭീതിഹീനം നിജശക്തിയെക്കാട്ടണം
ഭീതിപ്രദമാം ഫണത്തിനെ ഭോഗിപോൽ
ആവതും പിന്നേ ബലാബലം പാർത്തഥ
വൈരിമേലേററണം ദണ്ഡനിപാതവും.

ഇരുപതാംപ്രകരണം സമാപ്തം

# ഇരുപത്തൊന്നാംപ്രകരണം

## പ്രകൃതികർമ്മപ്രകരണം

പ്രകൃതിമാക്കുണ്ടാകും വ്യസന[1]മെല്ലാം ഭൂപൻ
പ്രശമംചെയ്തു ചെമ്മേ സർവ്വവും നയിക്കണം.
അനയംകൊണ്ടും പുനരപനയത്താലെയും
ഭുവനംതന്നിൽവരും വ്യസനം, ദൈവത്താലും.
അനിശം ശ്രേയസ്സിനെ വ്യസ്തമാക്കുകമൂലം
മനുജൻ ചൊല്ലുന്നതുണ്ടതിന്നേ വ്യസനമായ്.
വ്യസനിയെന്നുമധഃപതിച്ചീടുകമൂലം
വ്യസനംതന്നെ സദാ സന്ത്യജിക്കുകവേണം.
ജ്വലനൻ, ജലം, വ്യാധി, ദുർഭിക്ഷമെന്നും തഥാ
മരണമെന്നുമുണ്ടാമഞ്ചാകും പ്രകാരത്തിൽ
ഉളവാംവ്യസനത്തെ ദൈവമെന്നായും പുന-
രലസാതന്ത്ര്യത്തിന്റെ മാനുഷമെന്നും ചൊല്വൂ.
പുരുഷപ്രയത്നമോ ശാന്തിയോ മൂലം നൂനം
പ്രശമം തേടീടണം ദൈവമാം വ്യസനത്തിൽ
പ്രഥിതോത്ഥാനശീലം നീതിയുമിവമൂലം
പ്രശമമുണ്ടാക്കണം മാനുഷത്തിനും ധീമാൻ.
പ്രഭുതൊട്ടങ്ങു മിത്രപര്യന്തമുണ്ടായീടും
പ്രകൃതിമണ്ഡലത്തിൻ കൃത്യങ്ങളുരച്ചീടാം.

---

1 വ്യസനം = മനുഷ്യന്റെ ശ്രേയസ്സിനെ വ്യസ്തമാക്കുന്ന (ഇല്ലാതാക്കുന്ന) ദുർഗ്ഗുണം—Vice.

ഇവർതൻ വ്യസനവും സൂക്ഷ്മമോതാമഹം
വിവരമായിത്തന്നേ സവ്വവും യഥാക്രമം.
മന്ത്രവും മന്ത്രകാര്യപ്രാപ്തി, കാര്യാനുഷ്ഠാനം
ചന്തമാം പ്രഭാവവു,മെന്നുമല്ലായവ്യയം
ദണ്ഡനീതിയും ശത്രുപ്രതിഷേധവും പിന്നേ
ചണ്ഡമാം വ്യസനത്തിൽ ചെയ്യേണ്ടും പ്രതീകാരം
പിന്നെയും രാജ്യരക്ഷ, രാജാവിൻ രക്ഷ, പുന-
രെന്നിവയെല്ലാം പാരിൽ മന്ത്രികൃത്യമായ് ചൊല്വൂ.
സന്തതം വ്യസനത്തോടൊത്തഹോ വാണീടുന്ന
മന്ത്രിമാർ ഹനിച്ചീടും കൃത്യമിതശേഷവും.
വ്യസനോപേതരായിപ്പാർത്തീടുമമാത്യരാൽ
ഏതനായ് മേവീടുന്നോരവനീനാഥൻഭുവി
നിയതം ചിറകൊടിഞ്ഞുള്ളോരണ്ഡജംപോലെ-
യുപരിഗമനത്തിന്നപ്രാപ്തനായിത്തീരും.
കോശവും, ദണ്ഡം, കുപ്യം[1] , വിഷ്ടവാഹനം, പിന്നേ
ക്ലേശമെന്നിയേ സ്വണ്ണം, വസ്ത്രവും, ധാന്യാദിയും,
വാഹനാദിയു,മന്യദ്രവ്യസഞ്ചയങ്ങളും
ബാധകമെന്യേ പ്രജാവൃന്ദത്തിൽനിന്നുണ്ടാകും.
വാത്തയേ[2] സാധിപ്പതു പ്രജകളല്ലോ ഭുവി
വാത്തയാണത്രേ ലോകസംശ്രയമാകുന്നതും.

---

1. കുപ്യം = വെള്ളി മുതലായ ധാതുക്കൾ.
2. വാത്ത = കൃഷി, കച്ചവടം മുതലായവ.

പാൎത്തട്ടിൽ പ്രജാവലി വ്യസനാക്രമത്തിനു
പാത്രമായ് വന്നാൽ പിന്നെ വാൎത്തയോ സാധിച്ചിടാ.
പ്രജയെയാപത്തിങ്കൽ ത്രാണനംചെയ്യുന്നതും
നിജമാം ഭണ്ഡാരവും ദണ്ഡവും പാലിപ്പതും
ഉതകീടുന്നു പാൎത്താൽ സംശ്രയത്തിന്നായെന്നും
ക്ഷിതിയിൽ ദുൎഗ്ഗികൾക്കു[1] നിൎണ്ണയം പൌരന്മാരും.
ദുൎഗ്ഗാശ്രയത്തിൽ നില്പു തൂഷ്ണീംയുദ്ധവും തഥാ
ചൊല്ലേക്കൊണ്ട ജനത്രാണം, മിത്രാരിപരിഗ്രഹം
ശക്തരാം സാമന്തന്മാരാടവികന്മാരിവ-
രുഗ്രതയോടേ ചേൎക്കും പീഡതൻനിരോധവും.
ദുൎഗ്ഗസ്ഥനായീടുന്ന രാജാവേ മാനിക്കുന്നു
സൽക്കരിച്ചരിപക്ഷക്കാരനും സ്വകീയരും.
ദുൎഗ്ഗത്തിൻ വ്യസനത്തിൽ കാൎയ്യങ്ങളിച്ചൊന്നവ-
യൊക്കെയും യഥാൎത്ഥമാം വിപത്തിലെത്തിച്ചേരും
ഭൃത്യർതൻ ഭരണവും ദാനങ്ങൾ, വിഭൂഷണ-
മുത്സുകമായീടുന്ന വാഹനപ്രവൎത്തനം,
നിത്യമാം സ്ഥൈൎയ്യം പുനരരിതൻ വിഭേദനം
ശക്തിമത്തായിട്ടുണ്ടാം ദുൎഗ്ഗസംസ്കാരം തഥാ
ഭദ്രമാം സേതുബന്ധം, വണിക്കൎമ്മവും പിന്നെ
മിത്രങ്ങൾ, പ്രജകളെന്നിവർ തൻപരിഗ്രഹം
പേൎത്തുമങ്ങന്യൂനമാം ധൎമ്മാൎത്ഥകാമത്രയ-
സിദ്ധിയുമെല്ലാമിവ കോശത്താൽ ഭവിക്കുന്നു.

---

1. ദുൎഗ്ഗികൾ = ദുൎഗ്ഗമുള്ളവർ—രാജാക്കന്മാർ.

കോശമൂലനെന്നുള്ള പേരിനാൽ രാജാവിനെ
ക്ലേശമെന്നിയേ സർവ്വലോകരും വിളിക്കുന്നു.
ഈവഷല്യം ഭേദംവിനാ ഹനിച്ചീടുന്ന നൃപൻ
കോശഹീനനായ്‌വന്നാൽ സർവ്വവുമില്ലൊന്നവ.
ക്ഷീണമാം ബലത്തിനേ കോശത്താൽ വർദ്ധിപ്പിക്കാം
ചേണഴം പ്രജയേയും ധനത്താൽ ഗ്രഹിച്ചീടാം.
കോശവാനാകും നൃപൻ നിർണ്ണയം ധരിത്രിയിൽ
വൈരിമാരാല്യമപജീവിതനായീടുന്നു.
ശത്രുമിത്രങ്ങൾ, ഭൂമി, സുവർണ്ണമെന്നുള്ളതാ-
മത്രിതയമാം കാര്യമായതിൻപ്രസാധനം
ശത്രുമണ്ഡലത്തിന്റെ നിശ്ശേഷവിച്ഛേദനം
സത്വരമായിദ്ദൂരകാര്യങ്ങൾ സമ്പാദനം
ശക്തമാം സ്വദണ്ഡത്തിൻപാലനമെല്ലാം ദണ്ഡ-
ശക്തിയാൽ ഭവിക്കുന്നു, വ്യസനാൽ ക്ഷയംതാനും.
ദണ്ഡവാനാകുന്നോന്നു ശത്രുക്കൾപോലും പാരിൽ
ദണ്ഡമെന്നിയേ ഭവിച്ചീടുന്നു മിത്രങ്ങളായ്.
ദണ്ഡബാഹുല്യവാനാം ഭൂമിപൻ ധരിത്രിയെ
ചണ്ഡമായാക്രമിച്ചു ഭുജിച്ചുകൊണ്ടീടുന്നു.
മിത്രത്തെ വിജിഗീഷുവമർത്തി നിർത്തീടുന്നു
ശത്രുവേ നിരന്തരം കൊന്നുമങ്ങൊടുക്കുന്നു.
നിത്യവും ധനത്തിനാൽ ഭൂമിയാൽ ദണ്ഡത്തിനാ-
ലത്യർത്ഥം പ്രാണനാലുമുപകാരവും ചെയ്‌വൂ.

സ്നേഹത്താൽ ബദ്ധനാകും മിത്രത്തിന്നായിട്ടവൻ
സ്നേഹത്തിന്നൊത്തവണ്ണമേതുകാര്യവും ചെയ്യും.
ന്യൂനമങ്ങവൻ വ്യസനാക്രാന്തനായാൽ പിന്നെ
താനേപോയസ്തമിക്കും മിത്രകർമ്മവും സർവ്വം.
ഉപകാരങ്ങളൊന്നുമില്ലെന്നായിരുന്നാലും
ഹിതകാരിയായ്ത്തന്നേ വർത്തിച്ചുകൊള്ളും മിത്രം.
നിയതം ദുസ്സാധമാം കാര്യങ്ങൾപോലും പാരിൽ
സുലഭം സാധിക്കുന്നു മിത്രവാനാകുന്നവൻ.
വിദ്യകൾ വിചിന്തനം, സത്താകും വർണ്ണാശ്രമ-
രക്ഷണം, ശസ്ത്രശാസ്ത്രഗ്രഹണം, ശാസ്ത്രജ്ഞാനം,
യുദ്ധമാർഗ്ഗാഭ്യസനം, ഹസ്ത്യശ്വരഥോപരി
നിത്യമാം പ്രവർത്തനം പ്രത്യഹം വ്യായാമവും
തർക്കമെന്നിയേ സർവ്വധർമ്മലക്ഷണജ്ഞാനം
ശസ്തമാം പരചിത്തവേദനം, നിരന്തരം
ദക്ഷമാം നിയുദ്ധത്തിൻകൗശലം മായതാനും
സജ്ജനേ സച്ചേഷ്ടിതം, ധൂർത്തരിൽ ധൂർത്തത്വവും
നാൾക്കുനാൾ മന്ത്രോദ്യോഗ,മനുമന്ത്രത്വം പിന്നെ
മേല്ക്കുമേൽ തദ്രക്ഷണം, തദ്ഗതചിത്തത്വവും
ചൊല്ലെഴ്വാള്ളുമുപേക്ഷയും, സാമവും, ദാനം, ഭേദം,
ശക്തമാം ദണ്ഡം, പുനരതുതൻ പ്രസാധനം,
ശാസ്താവും, ദൂതൻ, സേനാനായക,നമാത്യനും,
ശ്ലാഘ്യനാം മന്ത്രി, പുനരീഡ്യനാം പുരോഹിതൻ

ഇത്തരമുദ്യോഗസ്ഥന്മാർകൾതൻ കൃത്യത്തിൻപരിജ്ഞാനം
വ്യത്യാസമെന്ന്യേ തഥാ ദുഷ്ടർതൻ പ്രഖ്യാപനം,
രാജ്യത്തിൽ വന്നുംപോയുമിരിക്കും ജനങ്ങൾതൻ-
സൂക്ഷ്മമാം പ്രവീക്ഷണം, ദൂതർതൻ സംപ്രേക്ഷണം
യോഗ്യരാം പ്രകൃതിമാൎക്കുണ്ടാകും വ്യസനത്തിൻ-
രൂക്ഷമാം വിച്ഛേദനം, ക്രുദ്ധർതൻ പ്രശമനം,
സദ്ഗുരുനാഥന്മാർതന്നനുവൎത്തനം, നിത്യം
സദ്ഗുണമേറും പൂജ്യജനത്തിൻ പ്രപൂജനം
രാജ്യത്തിൽ ധൎമ്മാസനപ്രതിഷ്ഠാപനം, പിന്നെ
രാജ്യകണ്ടകങ്ങൾതൻ തീക്ഷ്ണമാം പ്രശോധനം,
ഭൃത്യന്മാർ, ഭരണീയ,രിവർതൻ പരിജ്ഞാനം,
കൃത്യാകൃത്യങ്ങളിവർ ചെയ്യതിൻപരീക്ഷണം,
സൎവ്വതൗഘത്തിലുമുണ്ടായിക്കൊണ്ടിരിക്കും
സന്തോഷതാപങ്ങൾതൻ ശരിയാം വിലോകനം
മദ്ധ്യമോദാസീനർതൻ ചരിതജ്ഞാനം തഥാ
തൽസ്ഥിതി,യതിന്നുടെ പാലനം, പുനരഥ
മിത്രങ്ങൾക്കേകേണ്ടതാം സൗജന്യപ്രദാനവും,
ശത്രുവൎഗ്ഗക്കാരുടെ ശക്തമാമുച്ഛേദനം,
പുത്രദാരാദികൾതൻ നിത്യമാം സംരക്ഷണ-,
മുത്തമബന്ധുക്കൾതൻ ശരിയാം പരിഗ്രഹം,
പേൎത്തുമങ്ങഥ ഖനിദ്രവ്യങ്ങള,രണ്യങ്ങ-,
ളിത്യാദ്യമാകും രാജവൃത്തിതൻ പ്രവൎത്തനം,

സജ്ജനസംരക്ഷണം, ദുർജ്ജനവിമർദ്ദനം,
നിത്യവുമധർമ്മത്തിൻ നിശ്ശേഷവിവർജ്ജനം
കൃത്സ്നഭൂതങ്ങളോടും, സർവ്വലോകത്തിനോടു-
മസ്തശോകമായുള്ള നിത്യമാമഹിംസയും,
അകൃത്യമതിൻ ബലവത്തകും പ്രതിഷേധം,
സമസ്തകൃത്യങ്ങൾതൻ ശരിയാം പ്രവൎത്തനം,
കൊടുക്കേണ്ടവൎക്കെല്ലാം വേണ്ടപോൽകൊടുക്കലും,
ഗ്രഹിപ്പാനനൎഹൎക്കു നിൎണ്ണയം നിഷേധവും
ദണ്ഡ്യരായുള്ളോർകളെ ദണ്ഡിച്ചുകൊള്ളുന്നതും,
നിൎണ്ണയമദണ്ഡ്യരേ ദണ്ഡിക്കാതിരിപ്പതും
വാങ്ങുവാൻ മേലാത്തതു വാങ്ങാതെയിരിക്കലും
വാങ്ങേണ്ടതായുള്ളതു വാങ്ങിച്ചുകൊള്ളുന്നതും,
അൎത്ഥവത്തായ കാൎയ്യം സർവ്വഥാ ചെയ്യുന്നതു-
മവ്വണ്ണമനൎത്ഥത്തെ വൎജ്ജിച്ചുകൊള്ളുന്നതും,
എത്രയും ന്യായമായിക്കരങ്ങൾ വാങ്ങുന്നതും,
കൃത്യമായതിലോഭമൊക്കെയും ത്യജിപ്പതും,
പോഷ്യരാം ജനങ്ങളെ സമൎത്ഥരാക്കുന്നതും,
ദൂഷ്യരേ യഥാകാലം നിഷ്കാസിച്ചീടുന്നതും,
പേൎത്തുമങ്ങസമരേ സമന്മാരാക്കുന്നതും,
ഭൃത്യരേയാനുകൂല്യഭാവത്തിൽ വയ്ക്കുന്നതും,
അജ്ഞാതമായുള്ളതു വിജ്ഞാതമാക്കുന്നതും,
വിജ്ഞാതമായുള്ളതു നിശ്ചയപ്പെടുത്തലും,

ഉദ്യമമെല്ലായ്പോഴും ചെയ്തുകൊണ്ടിരിപ്പതു-
മുദ്യമിച്ചീടുന്നതു സമ്പൂൎണ്ണമാക്കുന്നതും,
ലബ്ധമാക്കാത്ത കാൎയ്യം ലഭിപ്പാൻ ശ്രമിപ്പതും,
ലബ്ധമായുള്ളതെന്നും വൃദ്ധിയിൽ നയിപ്പതും
വൃദ്ധമാം ധനത്തിനെ വിധിപോലെല്ലായ്പോഴും
പാത്രമങ്ങറിഞ്ഞിട്ടു ദാനങ്ങൾ ചെയ്യുന്നതും,
അധൎമ്മത്തിനേ നിത്യം പ്രതിഷേധിക്കുന്നതും,
സതതം ന്യായമാൎഗ്ഗത്തൂടെ സഞ്ചരിപ്പതും,
ഉപകാരങ്ങളുപകാൎയ്യരിൽ ചെയ്യുന്നതും
സകലമുദീരിതം ഭൂപന്റെ കൃത്യമായി.
ഇച്ചൊന്നോരമാത്യാദിവൎഗ്ഗത്തെയെല്ലാം നൃപൻ
നിശ്ചയം നയാനുചിതനുച്ചത്തിൽ നയിച്ചീടും
നിത്യമാമുദ്യമേന വാഴുകിൽ, വ്യസനേന
വൎത്തിക്കിൽ ക്ഷയോന്മുഖമായിട്ടു പതിച്ചുപോം.

ഇരുപത്തൊന്നാംപ്രകരണം സമാപ്തം

# ഇരുപത്തിരണ്ടാംപ്രകരണം

## പ്രകൃതിവ്യസനപ്രകരണം

വാഗ്ദണ്ഡപാരുഷ്യങ്ങള,ൎത്ഥദൂഷണം, പുന-
രുത്കടസുരാപാനം, ദ്യൂതവും സ്ത്രീസേവയും,
ചേലാൎന്ന നായാട്ടുമുൾപ്പെടെയേഴും മഹീ-
പാലനുണ്ടാകുന്നതാം വ്യസനങ്ങളായ്[1] ച്ചൊല്‌വൂ.
ആലസ്യം പ്രമാദവും, മദവും, മാനം, പിന്നെ
കാലുഷ്യകാരിയാകും വൈരിതചകാരിതചവും,
പാരവും വാക്പാരുഷ്യമാദിയായ് മേൽചൊന്നതാം
ഭാരിച്ച ദോഷങ്ങളും സചിവവ്യസനങ്ങൾ.
കെട്ടമാരിയും പിന്നെക്കരിവും കൊള്ളക്കാരും,
പട്ടമൂഷികന്മാരും, ചാഴിയും ശുകാദിയും,
അന്യായമായീടുന്ന കരവും ദണ്ഡങ്ങളും,
ശത്രുവിൻബലങ്ങളും മാരകരോഗങ്ങളും,
അരചൻ സേവകന്മാർ, സേനകളെന്നുള്ളവ-
യ്ക്കുനിരുദ്ധമായ് നല്കുമടനസചാതന്ത്ര്യവും,
പശുവിൻ വ്യാധികളും പശുവിൻ മരണവും,
പ്രഥിതമെല്ലാം രാഷ്ട്രവ്യസനമെന്നുള്ളതായ്.
ശീൎണ്ണിച്ച[2] കിടങ്ങുകൾ, ശീൎണ്ണമാം പ്രാകാരവും,
ശീർണിച്ച യന്ത്രങ്ങളും ശാസ്ത്രത്തിൻ രാഹിത്യവും,

---

1. വ്യസനം— ഈ വാക്കിൻെറ അൎത്ഥം ഇതിനു മുമ്പിലത്തെ പ്രകരണത്തിൽ പറഞ്ഞിട്ടുണ്ട്. അഭിവൃദ്ധിയെ ഇല്ലായ്മചെയ്യുന്ന ദോഷങ്ങൾ എന്നൎത്ഥം.

2. ശീർണിച്ച=കേടുപററിയ.

ക്ഷീണിച്ച ഘാസങ്ങളും[3] വിറകിൻ ദാരിദ്ര്യവും,
ക്ഷീണിച്ച ഭോജ്യങ്ങളും ദുർഗ്ഗത്തിൻ വ്യസനങ്ങൾ.
ചെലവായ് പോയതഥ, ചിതറിക്കിടപ്പതു
ശരിയേ പുനരഥ ഭക്ഷിച്ചുപോയുള്ളതു
കളവല്ലസഞ്ചിതമാവിധാ ദൂരസ്ഥിതം
കളവുപോയതിവ കോശത്തിൻ വ്യസനങ്ങൾ.
അരികൾവളയുക, വലയംചെയ്യും രിപു-
നിരകൾനടുവിൽപ്പെട്ടിടയിൽക്കുടുങ്ങുക,
അധിപന്മാരാലപമാനിതരായീടുക,
പതിവായമാനിതരായിട്ടു ഭവിക്കുക,
അഭൃതരായീടുക, രോഗാർത്തരാക, പുന-
രമിതം ക്ഷീണിക്കുക, യായാസംപ്രാപിക്കുക,
അതിദൂരാഗതന്മാരായിട്ടു ഭവിക്കുക,
പുതുതായിട്ടു പുനരാഗതരായീടുക,
രിപുവാൽപ്രതിഘതരാവുക, പ്രഹതാഗ്ര-
ജവരായ്ത്തീർന്നീടുക, നൈരാശ്യം പ്രാപിക്കുക,
അനൃതപ്രാപ്തരതിക്ഷിപ്തന്മാ,രഭ്രമിഷ്ടർ
വനിതാകിങ്കരന്മാ,രെന്നേവംഭവിക്കുക,
അകമേ ശല്യമേറ്റോർ, ഭിന്നഗർഭന്മാർപുന-
രപമുക്തരു,മപസൃതരുമായീടുക,
രിപുവിൻമിത്രമാക, മൗലന്മാർ കോപിക്കുക,
രിപുവിൻസകാശത്തിൽ നിവിഷ്ടരായീടുക,

---

3. ഘാസം = പുൽസ്ഥലങ്ങൾ.

സ്വയമേവവിക്ഷിപ്തരോ, മിത്രവിക്ഷിപ്തന്മാരോ
ജയമങ്ങായിട്ടുക, ദൃഷ്യയുക്തന്മാരാക,
സകല വീവധങ്ങളാദിയാലെയുംതഥാ
നിഖിലാസാരരാലും വിച്ഛിന്നരായിട്ടുക,
സ്വദ്ദ്വംശ്ശൂന്യമൂലരസ്വാമിസംഗതന്മാർ
പ്രസഭംഭിന്നക്രൂടരെന്നേവം ഭവിക്കുക,
പൊതുവേ ദുഷ്ടപാർഷ്ണിഗ്രാഹകന്മാരാവുക
അളവേതന്നേ പുനരന്ധരായ്ത്തീന്നിട്ടുക
ഇതുപോലവസ്ഥകൾ ബലത്തിന്നുണ്ടാവുകിൽ
അതിനെയോതും ബലവ്യസനമെന്നുള്ളതായ്-
ഇതുകൾചിലതെല്ലാം സാധിക്കാമെന്നുള്ളതു-
മതുപോലപരങ്ങൾ നിർണ്ണയമസാധ്യവും.
അരികൾ വളയുവോരവിടംവിട്ടു പുന-
രപരസ്ഥലം പൂകിലവിടെ യുദ്ധംചെയ്യും.
ഇടയിൽ കുടുങ്ങിയോർ യുദ്ധത്തിനാകാദ്ദ്ധം
ഝടിതിനാലുപാട്ടും വേഷ്ടിതന്മാരാകയാൽ
നിയതമൊന്നിതർ മാനിക്കപ്പെട്ടന്നേരം
സ്വയമേതന്നേ പുനരടരിനൊരുങ്ങീട്ടും.
അപമാനിതരായോർ കോപാന്ധരായിപ്പാരം
വിമതരായിത്തീന്നോർ പോരിനായൊരുമ്പെടാ.
അഭൃതരായുള്ളവർ ഭൃതികൾ ലഭിക്കുമ്പോൾ
സ്വദ്ദ്ധമുടനടി പോരിനായിറങ്ങീട്ടും.

നിയതം വ്യാധിപീഡാവിവശന്മാരായവർ
സ്വയമേയബലന്മാർ പൂകീടും പരാജയം.
ആയാസമടഞ്ഞവർ വിശ്രാന്തന്മാരാകവേ
ന്യായാനുസാരമേതുപോരിനും പുറപ്പെടും.
ദൂരാഗതന്മാരായോർ ക്ഷീണിച്ചവലഞ്ഞവർ
പാരാതെയായുധങ്ങളേന്തുവാനശക്തരാം.
നവമായാഗമിച്ചോരാദിക്കകാരോടുമായ്
നയമായ് കലരുമ്പോൾ സുഖമേ പോർചെയ്തിടും.
രിപുവാൽ പ്രതിഹതരായവർ ശൂരന്മാരാ-
മപരന്മാരോടൊത്താൽ സുദൃഢം യുദ്ധംചെയ്യും.
ഹതാഗ്രജവരായോർ നിഹതപുരസ്സരർ
ഹതശൂരന്മാരവർ പോരിനുപുറപ്പെടാ.
നൈരാശ്യമടഞ്ഞവർ, പൂർണ്ണാശലഭിക്കുമ്പോൾ
വൈരാഗ്യമേതുംവിനാ പോരിനു പുറപ്പെടും.
പോരിനു പര്യാപ്തമായീടാത്തോരിടുങ്ങിയ
ഭൂമിയേ 'അഭൂമി'യെന്നോതുന്നു രണജ്ഞന്മാർ.
പോരിനു പര്യാപ്തമാം ഭൂമിയേ ലഭിക്കുമ്പോൾ
നേരേയങ്ങഭൂമിഷ്ഠർ പോരിനായൊരുങ്ങീടും.
അവ്യതപ്രാപ്തരായോരായുധവാഹനങ്ങൾ
സുലഭംലഭിക്കുമ്പോൾ തനിയേ പോർചെയ്തീടും.
വനിതാകിങ്കരന്മാരുന്നീതരാകും വിധൗ
വൃഥനം ഭവിച്ചിടും സുദൃഢം സമർത്ഥമായ്

പരരാജ്യങ്ങളേറെപ്പിന്നിലിട്ടതിക്ഷിപ്തർ
വിരവോടൊരുങ്ങീടാ സമരം ചെയ്തീടുവാൻ
അരികംശല്യമുള്ളിൽ തറച്ചോരന്തഃശല്യർ
തരസാ സമരത്തിന്നക്ഷമരായിത്തീരും.
ഭിന്നഗർഭന്മാരായോരന്യോന്യഭയത്തിനാൽ
നിർണ്ണയം പോർചെയ്തിടാ ഭിന്നിപ്പുകലന്നവർ
ഒരുപാടല്ലെങ്കിലും രിപുവിൻരാജ്യത്തിനെ
പിറകിൽ വിട്ടോരപസൃതരും പോർചെയ്തിടാ.
മുഖ്യന്മാരായ യോദ്ധൃപ്രവരന്മാരെവിട്ട
നില്ക്കുവോരവമുക്തർ യുദ്ധത്തിന്നാകാദൃഢം
അപ്പനപ്പൂപ്പൻ, പുനരപ്പന്റെ മുത്തപ്പൂപ്പൻ
ഇപ്പടിപരമ്പരാക്രമമായ് സേവിച്ചീടും
മുഖ്യരാം മൗലസേനകോപിച്ചാൽ സാന്ത്വനത്താൽ
തൃപ്തരാക്കീടിലവർ നിശ്ചയം പോരിന്നാകും.
ശത്രുവിൻ ബലത്തോടൊത്തേകസ്ഥാനത്തുനില്ക്കും
മിത്രത്തിൻ ബലമതും നിശ്ചയമക്ഷമംതാൻ
ശത്രുവിൻസമീപത്തിൽ നിവിഷ്ടമായീടുന്ന
പ്രത്യേക ബലമതുമക്ഷമം സാമർത്ഥ്യത്തിൽ
ദൂഷ്യയുക്തരാംസൈന്യം ദൂഷ്യരെയകററിയാൽ
യോഗ്യരായ്ത്തീരും ദൂഷ്യകണ്ടകംപറിച്ചവർ
മുഖ്യരാം യോദ്ധാക്കളാൽ സംഗുപ്തരാകുംവിധൗ
ദൂഷ്യയുക്തന്മാരവർ ചാടിടും യുദ്ധത്തിന്നായ്.

ആപദിസ്വഭൂമിയിൽ ഭൂപനാൽ നിക്ഷിപ്തരായ്
മേവിടും സ്വവിക്ഷിപ്തർ പോരിനു സമൎത്ഥർതാൻ.
കാലവും ദേശമതും പാൎത്തിട്ടു മിത്രങ്ങളാൽ
ചാലവേ വിക്ഷിപ്തന്മാർ പോരിനാകാതെവരും.
സേനകൾക്കാവശ്യമാം ധാന്യാദിസംഭാരങ്ങൾ
ശേഖരിച്ചീടുന്നതു വീവധമെന്നോതിടും.
വീവധസാധനങ്ങൾ കൊണ്ടുചെന്നെല്ലിപ്പതു
കേവലം സുഹൃത്തിന്റെയാളുകൾ സാമാന്യമായ്.
ക്രൂസാതെയേവംവിധം വിവിധമേല്ലിപ്പവ-
ൎക്കാസാരരെന്നുള്ളതാം പേരതുകഥിക്കുന്നു.
സേനകളിവരണ്ടാൽ വിച്ഛിന്നരായീടുകിൽ
നൂനമങ്ങയയ്ക്കരുതവരേപ്പോരിന്നായി.
നാട്ടുകാരരാൽസ്വയം രക്ഷണംചെയ്യപ്പെട്ടും
കോട്ടമറെറഴും ശൂന്യമൂലന്മാർ പോരിന്നാകും.
മാമൂലതായിപ്പിതൃപൈതാമഹന്മാർമുതൽ
ഭൂമീശസൈന്യങ്ങളിൽ സേവനം നടത്തീടും
ഭൂമിപഭക്തന്മാരാം സേനയെയുരയ്ക്കുന്നു
ഭൂമിയിലെവിടെയും മൗലന്മാരെന്നുള്ളതായ്.
നൂനമീമൗലരെല്ലാം ശൂന്യരായ്ഭവിച്ചീടും
സൈനികഗണംതീരെപ്പോരിനാകാതെവരും.
മൗലരാൽ പ്രയത്നേന പാലിതരായാലിവർ
മാലെന്ന്യേഭവിച്ചീടും പോരിനുപര്യാപ്തരായ്.

സ്വാമിയില്ലാതെ സ്വയം സംഗതന്മാരായ്‌വന്ന
ചേരുമോരസ്വാമിസംഗതന്മാർ പോരിന്നാകാ.
പ്രൗഢനാം നായകനേ വിട്ടഹോ നില്ക്കും ഭിന്ന-
ക്രൂടരാം സൈന്ന്യങ്ങളും പോരിന്നാകാതെവരും.
ദുഷ്ടനാം പാർഷ്ണിഗ്രാഹൻ പുറകിൽനില്ക്കും വിധൗ
പൃഷ്ഠാഭിഘാതഭയം സൈനികൎക്കുണ്ടായ്‌വരും.
നിശ്ചയമതിനാലേ ദുഷ്ടപാർഷ്ണിഗ്രാഹരാം
പട്ടാളക്കാരും പോരിന്നക്ഷമരായിത്തീരും.
ശിഷ്ടനാമുപദേഷ്ടാവില്ലാതെവരുന്നേരം
തിട്ടമന്ധരായിബ്‌ഭവിപ്പൂപട്ടാളക്കാർ.
ഒട്ടേറെ മൗഢ്യംതഥാ പററീടുമിവർക്കെല്ലാം
സ്പഷ്ടമങ്ങക്കാരണാലന്ധരും പോരിന്നാകാ.
ഇത്ഥമങ്ങോരോവിധം വ്യസനംബലത്തിനു
സിദ്ധമാമവയെല്ലാം വീക്ഷിച്ചുനടക്കണം.
ദൈവകല്പിതത്തിനാലുണ്ടാകും പീഡകളും
സർവ്വഥാശത്രുഗ്രസ്തന്മാരായിബ്‌ഭവിപ്പതും
അവ്വിധംതന്നെ കാമക്രോധാദിദോഷങ്ങളു-
മുർവ്വിയിൽമിത്രങ്ങൾതൻവ്യസനമായിച്ചൊല്‌വൂ.
ഉർവ്വീശാദിയാം സപ്തപ്രകൃതിമാരെപ്പററി
പൂർവ്വമിങ്ങുരചെയ്തിട്ടുള്ളതിലാരാരെല്ലാം
പൂർവ്വംപൂർവ്വമായ്‌നില്പതവർതൻവ്യസനവും
പൂർവ്വംപൂർവ്വമായ് ഗുരുതരമെന്നോതീടുന്നു

ഇച്ചൊന്നവണ്ണമുള്ളോം പ്രകൃതിവ്യസനങ്ങൾ
സൂക്ഷ്മമായ് ഗ്രഹിച്ചിട്ട സർവ്വവും മഹീവരൻ
ബുദ്ധിയാൽ, ശക്ത്യാ സമുദ്യുക്തനായ് ശ്രമപ്പെട്ട
ശക്തമായ് തടയണമതതിൻകാലംതന്നിത്.

പ്രമാദഗർവ്വങ്ങളാൽ ഭൂതികാമനാംഭൂപൻ
പ്രകൃതിവ്യസനങ്ങൾ തള്ളരുതുപേക്ഷയാൽ.

പ്രകൃതിവ്യസനങ്ങളാവിധംതള്ളുന്നതാം
നൃപതിപരാജയംപൂകീട്ടും ശത്രുക്കളാൽ.

ഏതേതു പ്രകൃതിമാർക്കേതേതുകർമ്മംചേരു-
മതതുകർമ്മത്തിന്നേ വഴിയേ ചിന്തിച്ചഥ
സപദിസാധ്യമാക്കിക്കൊടുത്തുകൊണ്ടീടണം
നൃപതിമഹാശയനീഹമാനനായ് നൂനം.

വരിഷ്ഠനയത്തിനാൽ പ്രകൃതിവർഗ്ഗങ്ങൾ തൻ
പരുത്തരന്ധ്റങ്ങളേയടച്ചു നിരന്തരം
ധരിത്രിപാലിച്ചീട്ടും ക്ഷമയുള്ളനാഥൻചിരം
ഭുജിച്ചുകൊള്ളും ധ്രുവം ത്രിവർഗ്ഗം നിർബ്ബാധകം.

ഇരുപത്തിരണ്ടാംപ്രകരണം സമാപ്തം

## ഇരുപത്തിമൂന്നാംപ്രകരണം

### സപ്തവ്യസനങ്ങൾ

അമാത്യൻമുതൽ മിത്രപര്യന്തം പ്രകൃതിമാ-
റരുപേർ ചേൎന്നുള്ളതു രാജ്യമെന്നുദീരിതം (ഏ)
രാജ്യത്തിനുണ്ടാം സൎവ്വവ്യസനങ്ങളെക്കാളും
രാജ്യാധിനാഥനുണ്ടാം വ്യസനം മഹത്തരം
രാജ്യത്തിൻ വ്യസനത്തെനീക്കീട്ടു കാത്തീടുവാൻ
രാജ്യാധിനാഥനത്രേ പ്രാപ്തനായീടുന്നവൻ
രാജ്യാധിനാഥൻതന്നെ വ്യസനിയായാൽ പിന്നേ
രാജ്യമൂൎജ്ജിതമാകാ, ദക്ഷവുമാകില്ലല്ലോ.
തന്നുടെയമാത്യന്മാർ, പ്രജകൾ, ദുൎഗ്ഗം, കോശം,
തന്നുടെ ദണ്ഡം, മിത്ര,മെന്നുള്ളതഖിലവും
തന്നുടെ സാമൎത്ഥ്യത്താൽ വ്യസനമെല്ലാം പോക്കി-
യുന്നയിച്ചീടും ഭൂപൻ ത്രിവൎഗ്ഗഭാക്കായിടും.
ശാസ്ത്രചക്ഷുസ്സുകൊണ്ടു നോക്കാത്ത മഹീപാലൻ
പ്രോക്തനാമന്ധനെന്നായ് ചക്ഷുഷ്മാനാകാട്ടഥം.
അനല്പമദാന്ധനായ് സൽപഥം ത്യജിച്ചീടും
സുനേത്രൻതന്നെക്കാളുത്തമനന്ധൻതന്നെ.
അന്ധനാംനൃപാലനേ നേർവഴിതന്നിൽക്കൂടി
മന്ത്രവിത്തുക്കളാകും മന്ത്രിമാർ നയിച്ചീടും.

---

(ഏ) അറുപേർ—1. അമാത്യന്മാർ, 2. ദുൎഗ്ഗം, 3. കോശം, 4. രാഷ്ട്രം (പ്രജകൾ,) 5. ദണ്ഡം, 6. മിത്രം.

അന്ധനല്ലെന്നാകിലും സുതനേത്രൻ മദാന്ധനായ്
തീർന്നവൻ ഹനിച്ചീടും തന്നെയും രാജ്യത്തെയും.
നിശ്ചയം തൽക്കാരണാൽ ശാസ്ത്രചക്ഷുസ്സാം നൃപൻ
സച്ഛന്നാം മഹാമാത്രൻ[1] തൻമതേ വർത്തിച്ചഥ
ധർമ്മാർത്ഥദ്വയത്തിനു വിഘ്നമേകുന്നതാകു-
മമ്മഹാവ്യസനങ്ങളൊക്കയുമററകണം.
വാഗ്ദണ്ഡപാരുഷ്യങ്ങ,ളർത്ഥദൂഷണം മൂന്നും
ക്രോധജവ്യസനങ്ങളെന്നോതീ തത്വജ്ഞന്മാർ
നായാട്ടും ചൂതും സുരാപാനവും സ്ത്രീസേവയും
കാമജങ്ങളായ് ചൊല്വു വ്യസനതത്വജ്ഞന്മാർ
വാക്പാരുഷ്യമിബ് ഭുവിൽസർവഹാനത്ഥപ്രദം
വായ്ക്കുമോരുദ്വേഗത്തെയാർക്കുമുണ്ടാക്കുന്നതും
വാക്കുകളാരോടുമേ പ്രിയമായുരയ്ക്കണം.
വാങ്മാധുര്യത്താൽ വശത്താക്കണം മനുഷ്യരേ
ചിക്കെന്നു കോപത്തിനാൽ പരുഷംവർഷിപ്പവ-
നരക്കാമ്പിലൊതുങ്ങാത്തോരുദ്വേഗം ജനിപ്പിക്കും
ചിക്കെന്നു തെറിക്കുന്ന തീപ്പൊരി പറന്നെത്തി-
ടിക്കാകെ മഹാഗ്നിയെയുജ്ജ്വലിപ്പിക്കുംപോലെ.
വാക്കാകും കൃത്തശല്യമുൾക്കാമ്പിൽ തറച്ചിട്ടു
നീക്കാത്തവണ്ണം മുഹുർമ്മമ്മച്ഛേദനംചെയ്കിൽ

---

1 മഹാമാത്രൻ = പ്രധാനമന്ത്രി.

ദീപ്തനാക്കീടുമതുനിൎണ്ണയം തേജസ്വിയെ
ദീപ്തനായ്തീൎന്നാലവൻ പൂകിടും വൈരിത്വവും
രൂക്ഷമാം വചസ്സിനാൽ ലോകരെയുദ്വിഗ്നരായ്
ത്തിക്കരുതാരുംന്യൂനം പ്രിയവാക്കുരയ്ക്കണം
വാക്കൎമ്മയുഗത്തിങ്കൽ പ്രിയത്വം കാട്ടുന്നവൻ
ഭോഷ്കല്ല സേവിതനാം കൃപണനായീടിലും.
അസിദ്ധമായ കാൎയ്യം സിദ്ധമാക്കീടുന്നതാം
പ്രസിദ്ധശാസനത്തെ ദണ്ഡമെന്നുരയ്ക്കുന്നു.
നയിച്ചീടണം ദണ്ഡം യുക്തിയോടെന്നും നൃപൻ
പ്രശസ്തമത്രേ ദൃഢം യുക്തമായീടും ദണ്ഡം.
കടുത്തദണ്ഡമേകും ധരിത്രീധവൻ പാരിൽ
സമസ്തഭൂതത്തിലുമുദ്വേഗമുണ്ടാക്കുന്നു.
ജനങ്ങളെല്ലാമേററമുദ്വിഗ്നരായാൽപിന്നെ
കനത്തശത്രുവിനെയഭയം പൂകുമവൻ
ജനങ്ങളേവംവിധമഭയം പ്രാപിക്കുമ്പോ-
ളനന്തവൃദ്ധി പൂകുമവരാലരാതിയും.
അരിമാരുടെ വൃദ്ധി സ്വന്തനാശത്തെച്ചെയ്യു-
മതിനാൽ വൎജ്ജിക്കേണമരചൻ പ്രജോദ്വേഗം
ജനങ്ങൾക്കനുഗ്രഹം നല്കുന്ന മഹീശ്വര-
നനന്തസംവൃദ്ധിക്കു ഭാജനമായിത്തീരും.
ജനങ്ങൾക്കെഴുംക്ഷേമം ഭൂപന്റെ ക്ഷേമംതന്നെ
ജനങ്ങൾക്കുണ്ടാംക്ഷയം ഭൂപന്റെ ക്ഷയംതന്നെ

എത്രയും കഠോരമാം കുററമെന്നിരുന്നാലു-
മത്യന്തനീചംരാജ്യഹരണമായീടും കുററം-
വിട്ടമററൊന്നിങ്കലും വിധിച്ചീടൊലാവധം
തിട്ടമങ്ങതിൽമാത്രമത്രദണ്ഡം പ്രശസ്തമാം.

ദുഷ്യനോടപകാരം കാട്ടുവാനായിപ്പാരം
ജാത്തിയാമത്ഥത്തിനേ ധ്വംസനംചെയ്തീടുകിൽ
കീത്തിക്കുമതിന്നപേരത്ഥദൂഷണമെന്നായ്
പാത്തട്ടിലെവിടെയും വ്യസനതത്വജ്ഞന്മാർ.

അത്തരമുണ്ടാവതാമത്ഥദൂഷണത്തിനെ
പൃഥ്വിയിൽ സ്വക്ഷേമത്തെ കാംക്ഷിക്കമൊരുത്തനും
പെട്ടെന്നുണ്ടാകുന്നതാംകോപത്തിൻ ബലത്തിനു
തെററെന്നു വശപ്പെട്ടു ചെയ്തുപോകൊലാതെല്ലും

വാഹനക്ഷോഭം തഥാ വാഹനാൽപാതം, പിന്നെ
വാഹനാഹരണത്താൽ ജാതമാംക്ലേശംസർവ്വം
ദാഹവും ക്ഷുത്തുംശ്രമമായാസം ശീതോഷ്ണവും
വാതവും നിമിത്തമുണ്ടായിടും താപൗഘവും

വാഹനത്തിങ്കലെതിർവാഹനം പതിച്ചുനി-
ർവ്വാഹമില്ലാതേവരും ഘോരമാംസന്താപവും
തീവ്രമായ്തപിക്കുന്ന സികതാപ്രദേശവും
ത്രുശിപോൽ കുത്തും കുശകണ്ടകസ്ഥലങ്ങളും

പാദപനൈബിഡ്യവും, കുശകണ്ടകങ്ങളാൽ
പാതനമത്തും തഥാ ശൈലപാതവും പിന്നെ

അതനശിലകളും സ്ഥൂണകം, വല്മീകങ്ങൾ
മുതലായതാലുണ്ടാം ക്ലേശസാഫല്യങ്ങളും
ശൈലങ്ങൾ, സരിത്തുകൾ, വനങ്ങിളിവററതൻ
ഗൂഢദേശങ്ങളാകുമന്തർഭാഗങ്ങൾക്കുള്ളിൽ
വേഷപ്രച്ഛന്നരായിട്ടടുക്കും കാട്ടാളന്മാ-
രാദിയാൽ വന്നെത്തിടും വധബന്ധനങ്ങളും
വൈരിയാൽ ഭിന്നിച്ചോരും സ്വകുലജാതന്മാരും
വൈരമുൾക്കൊള്ളും സ്വന്തസൈന്യവുമിവയാലും
കരടി, പെരുമ്പാമ്പു, കടുവാ, സിംഹം, പുലി
കരിയെന്നിവയാലും മാരണഭയങ്ങളും
കാട്ടുതീതന്നിൽനിന്നും ധൂമസംരോധങ്ങളും
കാട്ടിലുണ്ടാകുന്നതാം ദിങ്മോഹഭ്രമങ്ങളും
കോട്ടമെന്നിയേ പാരിലിത്യാദിസമസ്തവും
വേട്ടയാലുണ്ടായീടും വ്യസനമായിപ്രോക്തം.
ആയാസസഹനവും, വ്യായാമം, മേദച്ഛേദം,
കായത്തിൽനിന്നും കഫോച്ഛേദവു,മാമച്ഛേദം,
കൂടാതെ ചലസ്ഥിരലക്ഷ്യങ്ങൾതന്നിൽബാണം
കോടാതെയേല്പിപ്പതും നായാട്ടിൻഗുണംസർവം
ഇച്ചൊന്നഗുണങ്ങളേ വിട്ടുള്ളതശേഷവും
നിശ്ചയമായിച്ചൊല്ലുമക്ഷമമെന്നുള്ളതായ്.
അത്തരമുള്ള ദോഷമൊക്കെയും മനുഷ്യരെ-
യെത്തിക്കും പ്രാണാന്തത്തി,ലവയേ വർജ്ജിക്കണം.

ആയുധവാഹനങ്ങൾ നിത്യവും ശീലിക്കുകിൽ
പോയഹോ! മറഞ്ഞീടുമാമാദിദോഷംസർവ്വം
പൊയ്യല്ല,ചലിച്ചീടും യന്ത്രലക്ഷ്യത്തിൽ ബാണ-
മെയ്തയച്ചേല്പിക്കുവാൻ പ്രാപ്തിയും സംസിദ്ധമാം.
നായാട്ടിൽ ക്രീഡിക്കുവാനാശിക്കും നൃപാലകൻ
ന്യായാനുസാരം മൃഗയാടവി മനോജ്ഞമായ്
വൈകാതെനിർമ്മിക്കണം നഗരാന്തികംതന്നിൽ
വൈകല്യമെന്യേ തത്രഖേടനം ചെയ്തീടുവാൻ
ന്യൂനമീയടവിയേപ്പാലിപ്പാനായിട്ടൊരു
ഭേചണെഴം കിടങ്ങുനാലുപാടിലുംവേണം.
ആളുകൾക്കഗമ്യമായ് തീക്കണം കിടങ്ങു
ചാലവേ മൃഗങ്ങൾക്കു ഗമ്യവുമാക്കീടണം.
നീളവും വീതിയതും കാടകമിതിന്നെന്നും
കോളൊടങ്ങരവീതം യോജനയായീടണം.
മേലുമങ്ങൊരുനല്ല ഗിരിതൻ പാർശ്വത്തിലോ
ചേലെഴും പുഴയുടെ വക്കത്തോ സ്ഥാപിക്കണം.
ധാരാളമായിട്ടെന്നും ജലമങ്ങുണ്ടാകണം
ധാരാളമായിത്തത്ര തൃണഭൂമിയും വേണം
ഘോരകണ്ടകംചൂടും ലതകൾ മേലാ ദൃഢം
ഘോരകണ്ടകങ്ങളും വിഷപാദപങ്ങളും
പാദപഗണംവേണം വിരളമായിത്തത്ര
പാദപങ്ങളിലെല്ലാം പുഷ്പവും ഫലങ്ങളും

ഭൂമിയുമെല്ലാടത്തൊഴം സമഭ്രൂവായീടണം
പൂഴിയാൽമറെയ്ക്കണം കുഴിയും ശപ്രഭ്രങ്ങളും
പാടിതമാക്കീടണം സ്ഥൂണയും വല്മീകവും
പാറകളായുള്ളതുമൊമ്മൊക്കെയും ഭഞ്ജിക്കണം.
വാരികളതിലുള്ളതാഴമില്ലെന്നായിട്ടും
ഗ്രാഹവർജ്ജിതമെന്നും ശോധിതമായീടണം
നാനാമാതിരിയുള്ള പുഷ്പങ്ങൾവേണം തത്ര
നാനാമാതിരിയാകും വിഹഗകുലങ്ങളും
നാനാമാതിരിയുള്ള സുപാത്ര്യമൃഗംവേണം
വേണമങ്ങാനക്കുട്ടിയോടുമായ് പെണ്ണാനകൾ.
വ്യാളങ്ങളുണ്ടാകണം[1] നിർണ്ണയമിക്കാട്ടിങ്കൽ
നീളവേ ദംഷ്ട്രകളും നഖവും ഖണ്ഡിച്ചതായ്
ക്രൂരങ്ങളായുള്ളതാം ശൃംഗികൾകുലംവേണം
ഘോരമാമവയുടെ കൊമ്പുകൾ മുറിച്ചതായ്.
സുഖസംസേവ്യങ്ങളാംലതകൾ ചൂടുന്നതും
സുമപർണ്ണങ്ങളാലേ നദ്ധവുമായുള്ളതും
പരിഖാതടജമാം വനരാജിയാൽനിത്യം
വിപിനമിതുചെമ്മേ വേഷ്ടിതമായീടണം
വെളിമേലൊട്ടുദൂരം സ്ഥലമെങ്ങെല്ലാടത്തൊഴം
വെളിവായ്ക്കിടക്കണം, നിർവൃക്ഷം, നിസ്തംഭവും

---

1. വ്യാളം—കടുവാ.

അരിസേനകൾക്കിക്കാടഗമ്യമായീടണ-
മഖിലജനങ്ങൾക്കമാനന്ദം നല്കുന്നതും
ഇത്തരമെല്ലാം ചമച്ചീടുന്നോരിക്കാട്ടിനെ
നിത്യവും മഹീപാലൻ ഭദ്രമായ് രക്ഷിക്കണം
എത്രയും ദൃഢവ്രതരായഥ വനേചര-
ചിത്തജ്ഞരായിമേവും സ്വാപ്തരാം കാവല്ക്കാരാൽ
മൃഗയാകാര്യങ്ങളിൽ കുശലരായിത്തഥാ
വിജിതായാസരായി വാണിടും ഭൃത്യൗഘങ്ങൾ
മൃഗജാതിയെയിതിൽ കടത്തിവിട്ടീടണം
മൃഗയാവിനോദാൎത്ഥം നൃപനു നിരന്തരം.
മററുകാര്യങ്ങൾക്കൊന്നും വിഘ്നമുണ്ടാക്കീടാതെ
മുററുമാപ്തന്മാരാകുമല്പസേവന്മാരുമായ്
വേട്ടയ്ക്കായ് കടക്കണമിക്കാട്ടിൽ പൃഥ്വീനാഥൻ
വാട്ടമില്ലാതെ നൂനം മൃഗയാക്ഷമനായി.
വേട്ടയ്ക്കായ് മഹീപാലനകത്തു പ്രവേശിച്ചാൽ
കോട്ടമെന്നിയേ കാട്ടിൻ ബഹിർഭാഗത്തിൽ സദാ
ഗാട്ടുനില്ക്കുകവേണം സൈന്യങ്ങൾ സന്നദ്ധരാ-
യേററവും ശ്രദ്ധായുതമല്പമാമകലത്തായ്
മൃഗയായാനം തന്നിലേതേതുഗുണങ്ങളേ
മികവേ സാധുവായി സത്തുക്കൾ ചൊല്ലുന്നിതോ
അവയെയെല്ലാം നൂനം മൃഗയാവിനോദത്തെ
യഭിവാഞ്ഛിക്കും നൃപൻ സ്വയമേ സാധിക്കണം

ഇത്തരമൊരുവിധി കല്പിതമായുള്ളതു
ഭദ്രമത്രേ പാരം മൃഗയാവിനോദത്തിൽ
അത്തരമല്ലാതെകണ്ടന്യഥാ മഹീപാലൻ
മുഗ്ദ്ധനാം വേടനെപ്പോൽ പോകൊലാ വേട്ടയ്ക്കായി
പെരുത്ത ധനത്തെയും ക്ഷണത്തിൽ നശിപ്പിക്ക,
വരിക്ക സത്യഭംഗം, ലജ്ജയെയുത്സജ്ജിക്ക,
എളുപ്പം കോപിക്കുക, നൈഷ്ഠുര്യം പ്രാപിക്കുക
കടുത്ത വാക്കേല്പിക്ക, കത്തിയും പ്രയോഗിക്ക
മികച്ച ലോഭമേല്ക്ക, സ്വന്തധർമ്മാനുഷ്ഠാനം
തികച്ചും വർജ്ജിക്കുക, സ്വകൃത്യം ത്യജിക്കുക,
പ്രശസ്തമായീടുന്ന സൽസംഗം വെറുക്കുക,
വിഗർഹ്യദുഷ്ടസംഗം തൽസ്ഥാനേ വരിക്കുക,
തനിക്കു ധനനാശം വരുത്തും പ്രവൃത്തികൾ
കണക്കേ ചെയ്തീടുക, വൈരിത്വമുറപ്പിക്ക,
അനല്പമായ ധനം തനിക്കുണ്ടെന്നാകിലും
മനസ്സിൽ ഹതാശനായ് സമഗ്രം വാണീടുക,
ഒരല്പംധനംപോലുമില്ലാതങ്ങിരുന്നാലും
പെരുത്തുമാശായുതനായ്സദാ വസിക്കുക,
മുഹൂർത്തംതോറും ഹൃദിക്ഷോഭമുൾക്കൊണ്ടീടുക,
മുഹൂർത്തംതോറും തഥാ സന്താപം പൂകീടുക,
മുഹൂർത്തംതോറുംമനഃക്ലേശങ്ങളേററീടുക,
മുഹൂർത്തംതോറും സാക്ഷിപ്രശ്നങ്ങൾ ചെയ്തീടുക.

സ്നാനാദിദേഹസംസ്കാരത്തിലും സ്വകീയമാം
സർവ്വോപഭോഗത്തിലു മശ്രദ്ധ കാട്ടീടുക,
വ്യായാമകർമ്മങ്ങളുമൊക്കെയുമുപേക്ഷിക്ക,
വയ്യാത്തവണ്ണമംഗദൗർബ്ബല്യം പ്രാപിക്കുക,
ശാസ്ത്രാർത്ഥവിചിന്തനം സർവ്വം ത്യജിക്കുക,
മൂത്രവും പുരീഷവും നിത്യവുമടക്കുക,
ക്ഷുൽപ്പിപാസാദി സഹിച്ചീടുക ഇത്യാദിക-
ളൊക്കെയും ദ്യൂതത്തിൻെറ ദോഷങ്ങളായിച്ചൊൽവൂ.
ധർമ്മനന്ദനനായ പാണ്ഡവൻ കുന്തീപുത്രൻ
ധർമ്മപാലനവരനപരൻ ലോകപാലൻ
ധർമ്മഘ്നന്മാരോടുള്ള കള്ളച്ചൂതതിൽ തോററു
ധർമ്മദാരാദ്യങ്ങളും ഹൃതങ്ങളായിത്തീന്നു.
നിഷധഭൂപനായ നളനും കള്ളച്ചൂതാൽ
നിജരാജ്യാപഹാര കലിത ദുഃഖാർത്തനായ്
വിപിനേ സ്വഭാര്യയെ വെടിഞ്ഞു പോയിപ്പുന-
രപരഭൂപാലനു ദാസനായ് വാണീടിനാൻ.
തനിക്കു തുല്യനായിട്ടൊരുത്തൻ വില്ലെടുത്തോൻ
ജഗത്തിലില്ലാത്തവൻ ദേവേന്ദ്രപ്രഭാവവാൻ
കരുത്തൻ, രുഗ്മീ, മഹാൻ, രുക്മശൈലാഭാവഹൻ,
വരിച്ചാൻ ദ്യൂതദോഷം നിമിത്തം നാശത്തിനെ.
കാശിയും കാരൂഷവുമടക്കിബ്ഭരിച്ചീടു-
മീശനാം ദന്തവക്ത്രൻ മന്ദധീയായുള്ളവൻ

തീവ്രമായ് പൊരുതിയ ചൂതിന്റെ ദോഷത്തിനാൽ
കേവലം ഭവിച്ചിതു ഭഗ്നദന്തനായ് പാരിൽ.
ദ്യൂതത്താലനൎത്ഥങ്ങളെപ്പേരുമുണ്ടാകുന്നു
ദ്യൂതത്താൽ ഭവിക്കുന്നു പെരുതാംസ്നേഹക്ഷയം
ദ്യൂതത്താൽ ജഗത്തിങ്കൽ പരുത്ത പക്ഷങ്ങൾക്കും!
ഭേദമങ്ങുണ്ടാകുന്നു; സൎവ്വദോഷദം ദ്യൂതം.
ഈവിധം ദോഷപൂൎണ്ണമാകിയ ദ്യൂതത്തിനെ
ഭൂമിപൻ വെടിഞ്ഞുകൊണ്ടീടണമെല്ലാനാളും.
ചൂതിങ്കൽ ഗൎവ്വിഷ്ഠനായാരുതാൻ വിളിച്ചാലും
ധീമാനായീട്ടന്നവനതിൽനിന്നൊഴിയണം
കാൎയ്യങ്ങൾ ചെയ്യുന്നതിൽ കാലാതിക്രമം ചെയ്ക,
കാൎയ്യമാം ധൎമ്മാൎത്ഥങ്ങളാകവേ പീഡിപ്പിക്ക,
ഏതുനേരവുമന്തർഗൃഹത്തിൽ വസിക്കയാൽ
സാധുചിത്തരാം മന്ത്രിവീരരേ ക്ഷോഭിപ്പിക്ക,
നാരിമാർതമ്മെനമ്പി രഹസ്യം പുറത്താക്ക,
കാൎയ്യമില്ലാത്തതിങ്കൽ ബുദ്ധിയെ ചെലുത്തുക,
ഈൎഷ്യയു മമർഷവും ക്രോധവും നിരോധവു-
മീഷലെന്നിയേ പൂക സാഹസമിവയെല്ലാം
ഈവകദോഷങ്ങളും മുമ്പിലൊട്ടുരച്ചതു-
മാകവേ സ്ത്രീമൂലമാം ദോഷങ്ങളായിച്ചൊല്വൂ.
ആകയാൽ വെടിയണമാവതും മഹീനാഥ-
നാവിധം സ്ത്രീമൂലമായുണ്ടാകും ദോഷങ്ങളെ.

സ്ത്രീമുഖാലോകനത്തെ കാംക്ഷിച്ചു തദാശയാ
വ്യാകുലചിത്തരാകുമല്പസത്വന്മാരുടെ
ഈഹിതമശേഷവും യൌവ്വനത്തോടെതന്നെ
പോയഹോ ക്ഷയിച്ചീടും നിൎണ്ണയമിഹത്തിങ്കൽ
വമിക്ക, വിഹ്വലത്വം വരിക്ക, കാൎയ്യജ്ഞാനം
നശിക്ക, നിൎല്ലജ്ജമായ് വസ്ത്രത്തെ ത്യജിക്കുക,
അബദ്ധപ്രലാപങ്ങൾ പലതുമുരയ്ക്കുക,
പരമാവിധംമൂൎഛകസ്മാൽ ഖേദിക്കുക,
മരിക്കുംമട്ടിലുണ്ടാം ഗ്ലാനിയെ പ്രാപിക്കുക,
സമസ്ത സൗഹൃദ്ഭാവം ക്ഷയിച്ചു വാണീടുക,
മനസ്സിൽനിന്നും നവ്വ പ്രജ്ഞയും ശ്രുതങ്ങളു-
മൊളിച്ചുമാറീടുക, ഭ്രമിത്വം ഭവിക്കുക,
പ്രശസ്തമായീടുന്ന സൽസംഗം വെടിയുക,
ദുഷിച്ച ദുഷ്ടസംഗം തൽസ്ഥാനേ വരിക്കുക,
നടക്കുംനേരം സ്വയം കാലുകൾ സ്ഖലിക്കുക,
തിടുക്കം ശരീരമങ്ങാകവേ വിറയ്ക്കുക,
കനത്ത ദാൎഢ്യത്തോടെ സ്ത്രീസേവ നടത്തുക,
മുറയ്ക്കു പുനരോരോ ചാപല്യം കാട്ടീടുക,
ജഗത്തിലിത്യാദിയാം ദോഷങ്ങൾ സമസ്തവും
ഭവിപ്പു സദ്ഗൎഹിതമാകിയ പാനത്തിനാൽ.
ശ്രുതശീലാദികളും ബലവുമക്ഷീണമാം
മതിയുമാൻനിത്യമേററവും ലസിപ്പവൻ

പെരുതാം പാനദോഷാൽ വൃഷ്ണ്യന്ധകന്മാർ ഭുവി
തരസാ വിനാശത്തേ നിർണ്ണയം പ്രാപിച്ചില്ലേ.
ഭൃഗുനന്ദനനായ ഭഗവാൻ യോഗീശ്വരൻ
ഭൃഗുവിൻസമനായ ബുദ്ധിമാൻ ശുക്രാചാര്യൻ
നിജമാം തീവ്രമാകും മധുപാനാസക്തിയാൽ
ഭുജിച്ചുവത്രേ തൻെറ ശിഷ്യനെപ്പോലും മുന്നം.
മധുപാനാസക്തനാം പുരുഷന്നൊത്തീടുമോ
പൃഥിവീതലംതന്നിൽ പ്രവൃത്തി നടത്തുവാൻ
സുദൃഢമവിടെല്ലാം പ്രവൃത്തിവിലോപത്താൽ
സതതമസംവ്യവഹാരിത്വം പ്രാപിക്കുന്നു
പാനവും സ്ത്രീസേവയും ന്യായമാം ക്രമത്തിങ്കൽ
മാനവൻ ചെയ്യുന്നതിൽ ദോഷമില്ലെന്നാകിലും
ചേണെഴും ചൂതാട്ടവും നായാട്ടും വർജ്ജിക്കണം;
ന്യൂനമിങ്ങവരണ്ടും ഘോരമാം വ്യസനങ്ങൾ.
സകലവിധമാകും ശ്രേയസ്സും ഹനിപ്പതായ്
വ്യസനസപ്തകത്തെ ചൊല്ലുന്നു വിദ്വജ്ജനം.
ഇതിലൊന്നിൻെറ സംഗാൽ ഭവിക്കും നാശം ദൃഢം
സകലം ചേർന്നാൽപ്പിന്നെ നാശമല്ലാതെയുണ്ടോ?
വിഷയസുഖമെല്ലാം പടുതയോടെ നല്കും
വിഹതമാകുംശ്രുതം ശ്രേഷ്ഠത്വം നേതൃത്വവും
മഹിതഭൂതിയേവം ത്വരിതം ചലിപ്പിക്കും
വിബുധമതികൾക്കും; സപ്തകം ദുരന്താതാൻ !

അരികൾ പരിഭ്രതരാക്കിട്ടും വ്യസനത്തിൽ
മരുവുന്നോരരേസ്വയമഭഗ്നതത്വവും പൂകും
അരിമാർതമ്മെയഭിഭവിപ്പിച്ചമഗ്നതത്വം
പരിചിൽ പൂകുംബുധൻ വ്യസനവിവർജ്ജിതൻ.

ഇരുപത്തിമൂന്നാംപ്രകരണം സമാപ്തം

---

## ഇരുപത്തിനാലാംപ്രകരണം

### യാത്രാദിയോക്തൃപ്രദർശനപ്രകരണം

നാനാവ്യസനവിയുക്തനാം മന്നവൻ
ചേർന്നാന്ന നിസ്തുലശക്തിത്രയാന്വിതൻ[1]
ന്നൂനം വിജയൈഷി[2] യാനം തുടങ്ങണം
പാരം ദുരന്തവ്യസനി[3] യാം വൈരിമേൽ
ശത്രുവ്യസനിയായീടവേ യാനമെ-
ന്നുക്തമാകുന്നിതു പ്രായശോ വൃദ്ധരാൽ

---

1. ശക്തിത്രയം=(1) ഉത്സാഹശക്തി (2) പ്രഭുശക്തി, അതയാതു കോശബലങ്ങൾ (3) നയപ്രകാരമുള്ള ശക്തി അല്ലെങ്കിൽ മന്ത്രശക്തി.

2. വിജയൈഷി=വിജിഗീഷു.

3. ദുരന്തവ്യസനി=സപ്തവ്യസനങ്ങൾ ക്രമാതീതം ബാധിച്ചവൻ.

ശത്രു വ്യസനിയായീടുന്നതു ഭുവി
നിത്യമാകില്ല കാദാചിൽക്കമായിട്ടും.
തത്കാരണത്തിനാലഭ്യുദിതൻ നൃപൻ
തക്കമെന്ന്യേ സ്വയം ശക്തനായ്ത്തീൎന്നഥ
ശത്രുവിൻനേരെ പുറപ്പെട്ടുകൊള്ളണം
തക്കതാം വേളയിലെന്നിവർ പക്ഷവും.
ശക്തനാം ശത്രുവേ ശക്ത്യാ ഹനിക്കുവാൻ
ശക്തനാകും വിധൌ യാനം തുടങ്ങണം.
ശത്രുവിൽ തന്നുടെ സ്വച്ഛന്ദത്തുവാൻ
നിർദ്ദയം പീഡനമല്ലെങ്കിൽ നല്കുവാൻ.
ശത്രുവിൻനാടതു സസ്യസമ്പന്നമായ്
സൽപ്രഭായുക്തം വിളങ്ങുന്നതാവുകിൽ
സസ്യനാശം ദൃഢം ചെയ്തുകൊണ്ടൂഴിപൻ
യാത്രതുടങ്ങണം നേരേ ജയാൎത്ഥമായ്
സസ്യനാശത്തിനാൽ വൃത്തിവിച്ഛേദനാ
ശത്രുവിന്നങ്ങു വരുത്തിവയ്ക്കുന്നതു
ശസ്ത്രമെന്നായിട്ടുരയ്ക്കുന്നു പണ്ഡിതർ
നിത്യവും സ്വന്തമാം സൈന്യസംവൃദ്ധിയും
പൃഷ്ഠഭാഗങ്ങൾ വിശുദ്ധങ്ങളാക്കിയും

---

മററും പുരോഭാഗവൎത്തികളായിട്ടും
കഷ്ടദസ്ഥാനങ്ങൾ തിട്ടപ്പെടുത്തിയും
പററലർകൃത്യങ്ങൾ ദൃഷ്ടിഗമാക്കിയും

ഒററാതെ വീവധാ[1] സാരമാർഗ്ഗങ്ങളെ
കുററമെന്യേ പരിരക്ഷിചെയ്തും തഥാ
ഏററമവധാനപൂവ്കം മന്നവൻ
മാററലർനാട്ടിൽ പ്രവേശിച്ചുകൊള്ളണം.
പററലർനാട്ടിൽ സമഭൂമിയിങ്കലു-
മൊട്ടൊഴിയാതെ വിഷമസ്ഥലത്തിലും
പിട്ടല്ല സർവ്വമാം നിമ്നഭൂവിങ്കലും
തിട്ടം സ്വമുഖേന[2] പോകണം ബുദ്ധിമാൻ
ഒട്ടുമേ ഭീതി മനസ്സിലുണ്ടാകരു-
തൊട്ടും ഭവിയ്ക്കരുതാതുരഭാവവും.
പട്ടാളവും സദാ സന്നദ്ധമാകണം
മുട്ടരുതന്നപാനാദ്യങ്ങളേതുമേ
ഗ്രീഷ്മകാലത്തു ജലപുഷ്ടമായിടും
കാട്ടിലൂടേ സദാ സഞ്ചരിച്ചീടണം
കോട്ടമെന്യേ ഹരിവർഗ്ഗത്തിനെപ്പൊഴു-
മുഷ്ണസംശാന്തി ലഭിച്ചുകൊണ്ടീടുവാൻ
വെള്ളമില്ലാഞ്ഞാലഹോ വേനലായതിൻ-
തള്ളലിൻമൂലം ഭവിയ്ക്കുന്ന ചൂടിനാൽ
അല്ലലുണ്ടാകും ഗജങ്ങൾക്കു നിർണ്ണയം
തൊല്ലനല്കുംപടി കുഷ്ഠരോഗങ്ങളാൽ

---

1. വീവധാസാരർ = വീവധങ്ങളും ആസാരരും സാമാനങ്ങളും അതു കൊണ്ടുചെന്നുകൊടുക്കുന്നവരും.

2. സ്വമുഖേന = സ്വന്തനേതൃത്വത്തിൽ.

3. കുഷ്ഠരോഗങ്ങൾ = ചൊറിചിരങ്ങുകൾ.

സ്വസ്ഥക്രിയരാമിഭങ്ങൾക്കുതന്നെയു-
മുഷ്ണമത്യന്തം ശരീരേ ജ്വലിച്ചിട്ടും
ആസ്ഥിതിക്കായാസയുക്തം വളർന്നിട്ടും
ഹസ്തികൾക്കുഷ്ണം മൃതിതന്നെനല്കിടും
ഉഷ്ണകാലത്തു പരാവസ്ഥ പൂകിടും
കൃത്സ്നഭൂതൗഘവും വെള്ളമില്ലായ്കയാൽ
ചിക്കെന്നു പൂകും ജലപാനഹാനിയാ-
ലത്യുഷ്ണതപ്തശരീരരാമാനകൾ
സൽഗന്ധമേലും മദാംബുക്കൾ വാർന്നൊലി-
ഞ്ഞുഗ്ഗണ്ഡദേശത്തെഴും ശീകരങ്ങളും
ചിക്കെന്നു ദന്താഭിഘാതാൽ തകർന്നിട്ടു-
മൂക്കൊന്നു പാറമേൽനിന്നെഴും ധൂളിയും
ചൊല്ലേറുമാണ്ടൊരാശ്വിനമാസത്തിലംബരേ
തിങ്ങുന്ന കാർമേഘമൊത്തുള്ളൊരാഭയും
കൈക്കൊണ്ടുമേവും മതംഗജവീരരിൽ
ഭോഷ്കല്ല ബദ്ധം നരേന്ദ്രരാജ്യം ഭുവി
യുദ്ധത്തിനായിപ്പഴക്കിസ്സദാ യുധി
ദൃഷ്ടസന്മാർഗ്ഗമായ് ധീരപുരുഷരാൽ
ബദ്ധാനുമോദമധിഷ്ഠിതനായിട്ടു-
മൊററയാമാനയ്ക്കു സാദ്ധ്യമാകും ദൃഢം
തദ്വിധമങ്ങു പഴക്കി രണത്തുര-
സത്തമന്മാരാലധിഷ്ഠിതരായിട്ടും

സപ്തികൾ തന്നുടെ ഷഷ്ടിശതത്തിനെ
സത്വരം ചെമ്മേ ഹനിച്ചുകൊണ്ടീടുവാൻ.
വെള്ളത്തിലെന്നല്ല പിന്നെക്കരയിലും
മെല്ലേമരാമരംതിങ്ങും തറയിലും
കില്ലില്ല പിന്നേസ്സമതലഭ്രുവിലു-
മെല്ലാവിധമാം ചലാചലത്തിങ്കലും
നല്ലൊരു ഹർമ്മ്യങ്ങൾ,ളുട്ടങ്ങൾ, കോട്ടകൾ,
എല്ലാമിടിച്ചു തകൎക്കുന്നതിങ്കലും
നിർല്ലോഭമങ്ങു കരീന്ദ്രർകലന്നെഴും
ചൊല്ലാൎന്ന സൈന്യം ജയംതന്നെ പൂകിടും.
എന്നുള്ള ഹേതുവാൽ വെള്ളമെല്ലായ്പ്പൊഴു-
മന്യൂനമേകുന്ന നല്ലൊരുപാതയും
അന്നപാനാദിസമൃദ്ധിയും ചേർന്നെഴും
ധന്യമായുള്ളൊരു ദിക്കിലൂടെ സദാ
മന്ദമന്ദം ഗതികൊള്ളണം മന്നവൻ
തന്നുടെ സർവ്വപ്രതാപവും കാട്ടിയും
എന്നല്ലതന്നുടെ സൈന്യത്തിനൊക്കെയു-
മന്നന്നുവേണ്ടുന്ന വിശ്രമം നല്കിയും
അഭ്യുന്നതന്റെ [1] യണുതന്നെയും തുലോം
പശ്ചാൽപ്രകോപം ജനിപ്പിച്ചു ശത്രുവിൽ
ശ്രദ്ധായുതമതു വീക്ഷിച്ചു മന്നവൻ
യാത്രതുടങ്ങീടണമപ്രമത്തനായ്.

---

1 അഭ്യുന്നതൻ=വിജിഗീഷു.

ഉദ്ദിഷ്ടമല്ലാത്ത കാര്യത്തിലേതിലും
ബുദ്ധിപതിപ്പിച്ചു തൽക്കാരണത്തിനാൽ
ഉദ്ദിഷ്ടമായുള്ള കാര്യത്തിനല്പവും
സിദ്ധികേടങ്ങു വരുത്തിവച്ചീടൊലാ
പശ്ചാൽപ്രകോപം പുരതഃഫലമിതി
വിശ്രുതമായുള്ളവസ്ഥകൾ രണ്ടിതിൽ
വച്ചപകാരം ഗുരുതരമായതു
നിശ്ചയം പശ്ചാൽപ്രകോപമാണെപ്പൊഴും.
ഉച്ഛിദ്രമങ്ങഥ വന്നുഭവിക്കുകിൽ
വിസ്തൃതികൂട്ടീടും ഭർത്സിതരായവർ
കല്പിച്ചുവേണ്ടും പ്രതീകാരമെപ്പൊഴും
കെല്പോടനുഷ്ഠിച്ചുകൊള്ളണം ഭൂവരൻ.
മുമ്പിലും പിമ്പിലുമൊന്നുപോൽ സേനയെ
സംപൂർണ്ണതൃപ്ത്യാ സമർത്ഥമാക്കിത്തഥാ
സംഭ്രമമെന്യേ ഗമിച്ചുകൊണ്ടീടുകിൽ
സംപ്രാപ്തമാക്കാം മഹത്തായിടും ഫലം.
പിൻഭാഗശുദ്ധിവരുത്താതെ മന്നവൻ
മുമ്പോട്ടുമേന്മേൽഗതിതുടങ്ങീടുകിൽ
സമ്പാദനംചെയ്തുകൊള്ളുന്നതുദ്ദ്ധം
തൻപാർഷ്ണിഭാഗവിഭേദനമായിടും
മുന്നോട്ടുയാനാതുടങ്ങുംവിധൗ നൃപൻ
നന്നായനേകവർഗ്ഗാശ്രിതമാക്കിയും

പിമ്മണ്ണയനേകമുഖ്യാനുചിതമാക്കിയും
സൈന്യത്തെയെല്ലാം തയാർചെയ്തുകൊള്ളണം.
ഒന്നിൽകവിഞ്ഞുള്ള മുഖ്യരുണ്ടാവുകി-
ലൊന്നിച്ചുകേട്ടുബലത്തിന്നുപററിടും.
കില്ലില്ലതിനാലനേകമുഖ്യരവ-
രുള്ളോരശേഷമഭേദ്യരായീടണം.
പെട്ടെന്നുയാനമവശ്യമെന്നുള്ളതായ്
തിട്ടംവരുത്തിപ്പുറപ്പെടും യാത്രയിൽ
പൃഷ്ഠഭാഗത്തിൽ പ്രകോപിതനായിടും
ശത്രുവിൽനിന്നെഴും ശങ്കയുണ്ടാവുകിൽ
പട്ടാളമായതിലൊട്ടാൾകളോടുമായ്
പുഷ്ടാനുമോദമയയ്ക്കണം തന്നുടെ
ചട്ടററസേനാപതിയെയോ സ്വന്തമാം
പുത്രനേയോ നൃപൻ മുന്നോട്ടുപോകുവാൻ.
ആഭ്യന്തരോത്ഥിതം പിന്നേബഹിഷ്ഠർതൻ
കൃത്യമതിൻഫല,മിത്ഥം ജഗത്തിതിൽ
ഉൽഭൂതമാകും പ്രകോപങ്ങൾ രണ്ടതി-
ലാഭ്യന്തരോത്ഥിതമാംപ്രചാരങ്ങളേ
ആഭോടമെന്യേയമർത്തിവച്ചൂഴിപ-
നാഭ്യന്തരേതരമായതിന്നൊക്കയും
അപ്പാടുവേണ്ടും പ്രതീകാരമോക്കണം
മന്ത്രി, കുമാരൻ, തഥൈവ പുരോഹിതൻ

സ്വന്തകുലോത്ഭവൻ, സ്വന്തസേനാധിപ-
നെന്നിവർമൂലം വരും പ്രകോപത്തിനെ
ചൊന്നിടുന്നു ബുധരന്തഃപ്രകോപമായ്.
രാഷ്ട്രവർ, ദേശവ,രാടവികർ, തഥാ
കോട്ടമെന്ന്യേ നിജ കാൽത്താർ പണിഞ്ഞവർ
ഇത്തരമാംകളാൽ ക്ഷോഭമുണ്ടാവുകി-
ലുക്തമാകുമതു ബാഹ്യപ്രകോപമായ്.
ഇച്ചൊന്നതാകും പ്രകോപത്തിനു നൃപൻ
സ്വച്ഛരാം മന്ത്രിമാരോടുമായ് സതതം
ദക്ഷമായീടും പ്രചാരങ്ങൾ മാർഗ്ഗമായ്
യുക്തമാകും പ്രതീകാരമോർത്തീടണം.
ഇങ്ങിനെ സർവ്വപ്രകോപത്തെയും നൃപ-
നിംഗിതജ്ഞൻ സദാ സാമാദിമൂലവും
അന്ന്യോന്ന്യമാകുമവഗ്രഹം, ഭേദന-
മെന്നിവകൊണ്ടും ശമനമുണ്ടാക്കണം
എങ്ങനെയായാൽ പ്രതപ്തരായുള്ളവ-
രെങ്ങുമേ ശത്രുവേച്ചെന്നു ഭജിച്ചിടാ
അങ്ങനെ സർവ്വവികാരത്തെയും ബുധൻ
ഭംഗിയോടേ ശമിപ്പിച്ചുകൊണ്ടീടണം
ആളുകൾ വാഹനമെന്നിവ നഷ്ടമാ-
യീടുന്നതിനെ ക്ഷയമെന്നു ചൊല്ലിടും

ഹേമധാന്യാദികൾ നഷ്ടമായീടുകി-
ലോത്തമതിന്നെ വ്യയമെന്ന പേരിലും
ആവിധമുണ്ടാം ക്ഷയം, വ്യയ,മായാസ,-
മാകുന്നതേതും ഭവിപ്പിച്ചിടുന്നതാം
യാനങ്ങൾ ചെയ്യുവാൻ തീരെയൊരുങ്ങൊലാ
നൂനം വിദഗ്ദ്ധമതിയായിട്ടുംനൃപൻ.
എന്നാലവശ്യം തുടങ്ങേണ്ടതും പുന-
രൊന്നാംതരംഫലം ലബ്ധമാകുന്നതും
എന്നല്ല സതതരസാദ്ധ്യമായുള്ളതും
പിന്നെപ്പരിണാമരമ്യവുമായിടും
എന്തൊരു യാനവും നൂനം വ്യയായാസ-
ചിന്തയാൽ ഭൂപൻ വെടിഞ്ഞുകൊണ്ടീടൊലാ.
എന്നിരുന്നാലും ക്ഷയരോഗകാരിയായ്
വന്നിടും യാനമരുതങ്ങൊരിക്കലും.
തന്നാൽ കഴിയാത്ത വേലയ്ക്കൊരുങ്ങുക,
തന്നാൽകഴിവതകാലേ തുടങ്ങുക,
എന്നല്ല തന്നാൽ കഴിയുന്ന വേലയെ-
ത്തന്നുടെ മോഹാലുപേക്ഷയിൽ വയ്ക്കുക
എന്നീവിധംഭുവി മൂന്നു വിധങ്ങളായ്
ചൊന്നിടും കാര്യവ്യസനങ്ങൾ പണ്ഡിതർ
കാമവു,മക്ഷമ,ദാക്ഷിണ്യവും, ദയാ-
ശീലവും, ലജ്ജയും, സാധ്വസമെന്നതും

ക്രൗൎയ്യവും പിന്നെയനാൎയ്യതാവു,മഭി-
മാനവും, ദംഭവും, ധാൎമ്മികബുദ്ധിയും
ദൈന്യവും, സന്തതം യൂഥരിൽ നിന്ദയും
ദ്രോഹവും ഭീതിയും, ശശ്വദുപേക്ഷയും
കൂടാതെ ശീതോഷ്ണവൃഷ്ടികളായതിൽ
ഗാഢമായുണ്ടാമസഹിഷ്ണുതയതും
കാലമല്ലാതെ കടന്നുകൂട്ടുന്നതു
കാൎയ്യസിദ്ധിക്കു വിഘാതദമായിട്ടും.
മൈത്രൻ നിജൻ പുനസ്സംബന്ധജൻ തഥാ
സ്വാന്തരക്ഷയ്ക്കായഭയം ഗമിച്ചവൻ
സ്വാന്തഭൃതിയതു വാങ്ങിബ്ഭുജിപ്പവൻ
ഹന്ത! കാൎയ്യാകുലാൽ വന്നുചേൎന്നുള്ളവൻ
ചന്തമായുള്ളോരു സൗജന്യമാദിയാൽ
ശാന്തമായ്ച്ചെമ്മേ ഗൃഹീതനായുള്ളവൻ
ഇങ്ങനെ സപ്തവിധമെന്നു പണ്ഡിത-
പുംഗവരോതുന്നിതങ്ങു പക്ഷത്തിനേ.
എന്നും ജയൈഷിതൻ പിന്നിൽ നടക്കുക,
എന്നാളുമങ്ങവൻ നന്മകഥിക്കുക,
നിന്ദാവചനങ്ങളെല്ലാം സഹിക്കുക,
എന്നല്ല രന്ധ്റങ്ങളെല്ലാം മറയ്ക്കുക,
എന്നും തദൎത്ഥത്തിലെല്ലാം വിശുദ്ധിയു-
മുന്മേഷവും പൂക, നല്ലവാക്കോതുക,
എന്നീവിധം സദാ വൎത്തിച്ചിടുന്നവൻ
മന്നിൽ പ്രകീൎത്തിതൻ പക്ഷാനുഗാമിയായ്.

ഉത്തുംഗവംശജ,നാര്യൻ, ശ്രുതികളിൽ
ലുക്തമാകുന്നപോലെല്ലാം വിനീതിമാൻ
സത്യവാൻ, നിത്യമലോലുപ,നന്യരാ-
ലപ്രതാര്യൻ, പുനരുജ്ജ്ജസ്വലൻ തഥാ
സത്വയുതൻ സദാകാലം കൃതജ്ഞതാ-
യുക്തൻ, തഥൈവ സദൈവ പ്രതീതിമാൻ,
ഇത്ഥമഖിലഗുണങ്ങൾ തികഞ്ഞെഴും
സദ്വൃത്തപക്ഷനേ മിത്രമാക്കീടണം.
ഉദ്യോഗവും തഥാ ധീയും ധൃതിയതും
സത്വവും സത്യവും ത്യാഗവും സ്നേഹവും
ഉത്തുംഗഗൗരവമിന്ദ്രിയനിഗ്രഹ-
മത്ഭുതമാംസ്ഥിതി, ഹ്രീയും സഹിഷ്ണുത,
പേർത്തും പ്രഗത്ഭത,യെന്നിവയൊക്കെയും
പ്രോക്തമാമാത്മഗുണപ്രധാനങ്ങളായ്.
ഉത്തമമാകും നയപ്രചാരത്തിനെ
വൃദ്ധരോതീടുന്നു സന്മന്ത്രശക്തിയായ്
സുസ്ഥമായുള്ളോരു കോശദണ്ഡങ്ങളെ
ഭദ്രമായീടും പ്രഭുശക്തിയെന്നുമായ്
അസ്സ്ഖലായുള്ളോരു വിക്രമശക്തിയെ-
യുത്സാഹശക്തിയെന്നായും കഥിച്ചിടും.
കൈച്ചുരുക്കം തഥാ കാര്യകൗശല്യവും
സ്വച്ഛമായീടും വ്യസനവിയോഗവും

ഉത്സാഹസമ്പത്തുമുൾത്താരിലെപ്പൊഴു-
മുത്ഥിതമാകുന്നൊരുൽകൃഷ്ടധൈര്യവും
ഔൽപ്പാതികം തഥാ ശാസ്ത്രസമുത്ഭവം
കെല്പാന്ന സാംസർഗ്ഗികം പാരിണാമികം
ഇത്യേവമങ്ങു ചതുർവ്വിധമായെഴു-
മുത്തമമായുള്ള ബുദ്ധിസാമർത്ഥ്യവും
ഉത്സാഹസതപാദ്ധ്യവസായചേഷ്ടയി-
ലത്യാദരംകാട്ടുമത്യന്തദാർഢ്യവും
എക്കാലവും താൻ തുടങ്ങും പ്രവൃത്തിയിൽ
ശക്ത്യാ സ്ഫുരിച്ചിട്ടം പൗരുഷമായതും.
പേത്തുമോരോഗതി കർമ്മഫലാപ്തിയാ-
ലാദ്യന്തമേലുന്നൊരശ്രാന്തചിത്തത
അത്യന്തമായുള്ള ദൈവാനുകൂല്യവു-
മത്യൽഭുതമാകുമാധിരാഹിത്യവും
ഇത്യേവമുള്ളൊരു പക്ഷാദിയോടഥ
ധൃത്യാ ഗൃഹീതമാംകോശത്തൊടൊത്തവൻ
അത്യർത്ഥമങ്ങഥോ പക്ഷാദിഹീനനാം
ശത്രുവിൻനേരേ പുറപ്പെട്ടുകൊള്ളണം.
ഇത്തരമങ്ങഥ യാനംതുടങ്ങിട്ടം
നിസ്തുല്യശക്തിമാനാകുന്ന ഭൂമിപൻ
അബ്ധിയാൽക്ഷാളിതമായുള്ള ധാത്രിയെ
നിത്യസുഖത്തോടു കൈത്താരിലാക്കിടും

അമ്മയമായിട്ടും നീരദരാജികൾ-
ളംബരമെങ്ങും നിറഞ്ഞിട്ടും വേളതാൻ
ഉണ്മയോടാനകൾക്കെല്ലാ യാനത്തിന്ന
ചെമ്മേ വിശിഷ്ടമായീടുമവസരം
എന്നാൽ മറിച്ചങ്ങുവാജികൾക്കെപ്പൊഴു-
മന്യമായുള്ളതാംകാലം വിശിഷ്ടവും
വേനലും മഞ്ഞും മഴയും ക്രമം വെടി-
ഞ്ഞീഷലും ദുഃക്ഷതപൂകാതെയും തഥാ
നാടതു സമ്പന്നസസ്യമായുംഭവി-
ച്ചീടുന്നതീരിതം കാലസമ്പത്തതായ്.
രാത്രികാലത്തിലുലൂകം ഹനിച്ചിട്ടു-
മാർദ്രതയെന്നിയേ കാകവൃന്ദത്തിനെ
രാത്രികഴിഞ്ഞാലുലൂകവൃന്ദത്തിനെ-
ച്ചീർത്തരോഷേണ ഹനിക്കുന്നു കാകനും.
ഇത്തരം കാലഭേദത്തിനേ മന്നവൻ
ശ്രദ്ധയാ വീക്ഷിച്ചു പോരിന്നിറങ്ങണം.
അത്തരമെല്ലാം നിരീക്ഷിച്ചിറങ്ങിട്ടും
പാർത്ഥിവനാർന്നിടും കാലേ സമീപ്സിതം.
കാലഭേദത്തിനെയെന്നപോൽ മന്നവൻ
ദേശഭേദത്തെയും വീക്ഷിച്ചുകൊള്ളണം.
ദേശസ്ഥിതനായ് പ്രവൃത്തിച്ചിടുന്നവ-
നാശിച്ചപോലെ ഫലത്തെ ലഭിച്ചിടും

തീരത്തുവന്നു കിടക്കും മുതലയെ
വീരററപട്ടി വലിച്ചങ്ങിഴച്ചിട്ടും.
തീരത്തുനിന്നും ജലത്തിൽ കടന്നിടം
നേരത്തു പട്ടിയെ നക്രം ഗ്രഹിച്ചിട്ടും.
പോണം സമഭൂവിലശ്വസൈന്യത്തോട്ടു-
മാനകളോട്ടു വിഷമസ്ഥലത്തിലും.
സ്ഥാനം ജലാവൃതമാണെന്നിരിക്കുകിൽ
പോണം നിരന്തരം നൗകാഗണത്തൊട്ടും.
സ്ഥാനം പുനരങ്ങു മിശ്രമായീട്ടുകി-
ലൂനംവിനാ ഗമിക്കേണം യഥാബലം
ചേണാളുമാനയുമശ്വവും ചേൎന്നെഴും
സേനാവിഭാഗങ്ങളോടെ മഹീവരൻ.
ദേശം മരുഭൂമിയാണെങ്കിൽ മന്നവൻ
ക്ലേശംവിനാ മഴക്കാലത്തു പോകണം.
ദേശം ജലാർദ്രമായീട്ടുന്നതാവുകി-
ലാശായുതം ഗമിച്ചീടണം വേനലിൽ.
രണ്ടുംകലൎന്നെഴും ദേശമായീട്ടുകി-
ലിണ്ടലെന്ന്യേ വേണ്ട ചിന്തകൾ ചെയ്തഥ
ചന്തമോടേ പുറപ്പെട്ടുകൊണ്ടീടണം
സന്തതം സ്വീയജയാർത്ഥമായ് മന്നവൻ.
വെള്ളം ക്രമാതീതമായുളവായിട്ടും
പള്ളങ്ങളാദികൾ ചേൎന്നുള്ള പാതയും

വെള്ളം തരിമ്പോളമില്ലാത്ത പാതയും
തെല്ലും പിഴയാതെ വജ്ജിക്കണം നൃപൻ.
പുല്ലും വിറകും സുഖേന ലഭിപ്പതാ-
യുള്ളൊരുമാർഗ്ഗത്തിലൂടെ ഗമിക്കണം.
വേണ്ടുന്നവണ്ണം വഴിയറിഞ്ഞുള്ളവർ
വേണ്ടോളമാളുകളുണ്ടാകണം ദൃഢം.
എന്നേവമെല്ലാം പുറപ്പെട്ടുമന്നവൻ
മുന്നോട്ടുയാനം തുടന്നിട്ടനന്തരം
ചെന്നു സുഖേന രിപുവിന്നഭിമുഖം
മന്ദേതരംതന്നെതിർപ്പുകാട്ടീടണം.
വെള്ളവും വീവധാസാരവും, നമ്പുവാൻ
കൊള്ളുന്നൊരക്രാന്തരാകും ജനങ്ങളും
ഉള്ളോരിടംവരെമാത്രം ഗമിക്കണ-
മല്ലായ്കിൽ മങ്ങി മടങ്ങേണ്ടതായ്‌വരും.
ശത്രുരാജ്യത്തിൽ കടന്നതിസാഹസാൽ
ധാർഷ്ട്യമോടങ്ങതിദൂരം ഗമിച്ചിട്ടും
മൂഢധീ മൂർച്ഛയാം വൈരിതൻ വാളിന്നേ-
ഗാഢമായിപ്പുണന്നീടുന്നു മാറിനാൽ.
മാർഗ്ഗമദ്ധ്യത്തിൽ ദൃഢമായ് സ്വസേനയെ
ദുർഗ്ഗത്തിലായ്‌നിഃവശിപ്പിച്ചുമാവിധം
രക്ഷകളെല്ലാം വിധിപോൽ വിധിജ്ഞനാ-
യക്ഷീണമൊക്കെയും ചെയ്യുറപ്പിച്ചുംതഥാ

വിശ്വസ്തരായുള്ള വീരയോദ്ധാക്കളെ
പാർശ്വങ്ങൾരണ്ടിലും കാവലായ് നിർത്തിയും
രാത്രിയിൽ സ്വച്ഛമാം യോഗസുഷുപ്തിതാൻ
ധാത്രീശ്വരൻമുദാ ചെയ്തുകൊണ്ടീടണം.
എട്ടാശതന്നിലും ചുററിച്ചരിച്ചിട്ടും
ചട്ടറെറാരശ്വങ്ങൾ, ഹസ്തീന്ദ്രരെന്നിവർ
മുട്ടാതെമേന്മേൽ നിരന്തരം ചെയ്തിട്ടും
ധൃഷ്ടമാം ഹേഷയും ഘണ്ടാരവങ്ങളും
കേട്ടിട്ടുറക്കംവരിക്കയും തദ്വിധം
കോട്ടമെന്യേയെഴുന്നേല്ക്കയും ചെയ്തിട്ടും
ധാത്രീമണാളൻ സമാഹിതനായവൻ
ധാത്രീതലത്തിൽ സമാദൃതനായിട്ടും.
നേരേയെഴുന്നേററശേഷം മഹീവരൻ
പാരാതെചെയ്തു ശാരീരികശുദ്ധിയെ
ഭക്ത്യാഭജിച്ചു ഭഗവൽപദാംബുജം
നൽഭൂഷണംചാർത്തി ഹൃഷ്ടനായ് മേവണം.
അത്തല്പിൽവന്നു നൃപനേ ഭജിക്കണെ-
മാത്താദരം മന്ത്രിവീരരമാത്യന്മം.
കെല്പാർന്നിടുന്ന പുരോഹിതൻംപുന-
രെപ്പേരുമങ്ങു സുഹൃന്നിവഹങ്ങളും.
കർത്തവ്യമെല്ലാമിവരോടുവേണ്ടതു
കൃത്യമായ് നേരേയനുഷ്ഠിച്ചനന്തരം

സദ്വംശജാതരുമാത്മസമാനരാ-
യാത്മനാതന്നെ പ്രകല്പിതന്മാരുമാം
ശസ്ത്രൗഘധാരികൾ യോദ്ധാക്കൾതങ്ങടെ
ഭക്ത്യാദരമുള്ളകമ്പടിയോടഥ
പൃഥ്വീമണാളൻ പുറത്തെഴുന്നള്ളണം
സച്ചിത്രയാന[1]മാ,യാത്രുഢയാനനായ്.
ഇത്ഥംപുറപ്പെട്ടശേഷം മഹീശ്വരൻ
ശ്രദ്ധാസമേതം സമീക്ഷിച്ചുകൊള്ളണം
ഹസ്തിരഥാശ്വാദി ചയ്യകൾതന്നെയും
പ്രത്യേകമായിട്ടു യോദ്ധൃഗണത്തെയും.
ബുദ്ധിശൗര്യാദിഗുണങ്ങൾതികഞ്ഞെഴും
ഹസ്തീന്ദ്രരേയും രണൈകസന്നദ്ധമാം
സപ്തിവർഗ്ഗത്തെയും രണ്ടുനേരം നൃപൻ
പ്രത്യഹം ചെമ്മേ നിരീക്ഷിച്ചുകൊള്ളണം.
ആക്കും സുഖേനയുപഗമ്യനാകണം
വാക്യങ്ങൾമന്ദസ്മിതമോടുരയ്ക്കണം
ചിത്തമോദാൽ പ്രിയമെപ്പോഴുമോതണം
വൃത്തിക്കു വേണ്ടതുപോലെനല്കീടണം.
ഇത്ഥംപ്രിയങ്ങളും ദാനങ്ങളുംകൊണ്ടു
പൃഥ്വീപതിയാൽ ഗൃഹീതരായ്തീരുവോൻ
ധാത്രീശനായി സ്വജീവിതംതന്നെയു-
മാത്തമോദേന വെടിഞ്ഞുകൊള്ളുംദൃഢം.

---

1. ചിത്രയാനാ = ഘോഷയാത്ര.

ആനതേരശ്വങ്ങൾ യാനങ്ങൾതന്നിലും
ബാണങ്ങളെയ്തു ഫലിപ്പിപ്പതിങ്കലും
പാരം പ്രവീണരാമാചാൎയ്യർക്കൂടിയും
പാരാതെ നിത്യമഭ്യാസം നടത്തണം.
ദൈനംദിനാഭ്യാസമേവം നടത്തിടും
ചേണാൎന്നിടുന്ന സുധീശ്വരന്മാൎക്കിഹ
നൂനം സുദുഷ്കരമായ കൎമ്മത്തിലു
മൂനംവിനാ കൎമ്മകൗശലം സിദ്ധമാം.
യുദ്ധത്തിനായിച്ചമയിച്ചൊരുക്കിയോ-
രുത്തുംഗവാരണവീരനിലേറിയും
യുദ്ധസന്നദ്ധരാം സേനയാലെപ്പൊഴും
ശ്രദ്ധായുതമന്ദയാതനായും തഥാ
സദ്വൃത്തനായിടും സ്വാന്തസാമന്തനാം
സദ്ദൂതനാൽ സാധുമന്ത്രംനടത്തിയും
പാൎത്ഥിവൻ ചെമ്മേ ഗതി തുടൎന്നീടണ-
മാൎത്തിഹീനം വീരയോധാന്തരിതനായ്
ബുദ്ധിഗുണാദികളെല്ലാം തികഞ്ഞെഴും
സദ്ദൂതർ സച്ചരന്മാരെന്നിവർകളാൽ
ശത്രുഭൂപൻതൻ പ്രചാരം സമസ്തവും
പൃഥ്വീമണാളൻ നിരീക്ഷിച്ചുകൊള്ളണം.
യോഗ്യരാം ദൂതർ ചരന്മാരിവർകളാൽ
ഭാഗ്യഹീനതയാൽ വിയുക്തനായ് മേവിടും

ധാത്രീമണാളൻ ജനനാന്ധനായെഴും
ധാത്രിവാസിക്കു സമാനധൎമ്മൻഭുവി.
ശത്രുമഹീശൻെറ രാഷ്ട്രാന്തപാലനെ
പൃഥ്വീവരൻസദാ മിത്രമാക്കീടണം
ഉത്തേജകമാം പ്രലോഭനംമൂലവും
പ്രോത്സാഹമേകും പ്രദാനങ്ങൾമാൎഗ്ഗവും
ശത്രുവിൻരാജ്യത്തിൽനിന്നും ചരക്കുക-
ളിഷ്ടങ്ങളും ഹിതമായതുംകൊള്ളണം.
വിററു പകരം ചരക്കുകൾ ബുദ്ധിമാൻ
ചട്ടററ തൻെറ ചരന്മാർമുഖേനയായ്
ശത്രുവുമായിട്ടു സന്ധിയുണ്ടാക്കുവാൻ
മിത്രഭാവേനതൻ ദൂതനെ വിട്ടഥ
ഇച്ഛപോലുള്ളൊരുപക്രമമൊക്കെയും
മെച്ചമോടേ നടത്തീടണം മന്നവൻ.
ശത്രുനരപതി സന്ധിയുണ്ടാക്കുവാൻ
ബദ്ധവിരോധിയായ് വാണുകൊണ്ടീടുകിൽ
ഒററതിരിഞ്ഞവൻ നില്ക്കുമാറാക്കണം
തെററാതതാത്മഗുണത്തിന്നുമായിട്ടും
ദുൎഗ്ഗപാലന്മാർ, തദൈവാന്തപാലകർ,
ശക്തരാമാടവികന്മാ,രിവർകളെ
മാൎഗ്ഗമദ്ധ്യേ സദാ സഖ്യത്തിൽ നിൎത്തണം
തൎക്കമെന്യേ ദ്രുഢം സാമദാനങ്ങളാൽ

ദുർഘടസ്ഥാനത്തതീവ കഷ്ടസ്ഥലേ
തിട്ടം നിരുദ്ധനായ് മേവുംവിധൗ രിപു
ഭോഷ്കല്ലിവരാണവനങ്ങു വേണ്ടപോൽ
മാർഗ്ഗോപദേഷ്ടാക്കളായിബ്ഭവിപ്പവർ.
കാരണാകാരണാൽ തന്നെ വെടിഞ്ഞുപോയ്
വൈരിയെദ്ധ്വസ്സവിച്ചിടുന്നവൻതന്റെയും
വൈരിയെപ്രാപിച്ചശേഷമവനെവി-
ട്ടാഗതന്റെയും ഗതികൾ സൂക്ഷിക്കണം.
മിത്രബലംകൊണ്ടു വൈരിയെ വെല്ലുവാ-
നന്തരംഗത്തിങ്കലാശിച്ചിടുന്നവൻ
അന്തരമെന്നിയേ വേണ്ടപോൽ മുന്നമേ
ചിന്തനംചെയ്യണം കാര്യം നിപുണമായ്.
കയ്യൂക്കിനേക്കാൾ മഹത്തരമായതു
പൊയ്യല്ല മന്ത്രബലംതന്നെ പാരിതിൽ
കയ്യൂക്കിനാലല്ല മന്ത്രത്തിനാൽ വെന്നു
വയ്യാസ്സുചേർത്തൊരു ദൈത്യരേ വാസവൻ.
ശുദ്ധബുദ്ധ്യാ സമാലോകിതം കാലത്തി-
നൊത്തൊരു കർമ്മത്തിനെ നയകോവിദൻ
ചെമ്മേ പരമോദ്യമിയായി വാണുകൊ-
ണ്ടുണ്മയോടാചാരിക്കുന്നു ഫലത്തിനായ്.
എന്നല്ലപിന്നെയകാലമായിട്ടുതാൻ
വന്നുചേരുന്ന ഫലത്തിനെ നിർണ്ണയം
തിർണ്ണെന്നുപൂരെ ത്യജിച്ചുകൊള്ളുന്നിതു
കണ്ണിന്നതു ഗുണമല്ലെന്നു കാണുകിൽ.

സത്താംപ്രഭാവവും സത്കീർത്തിയും പുന-
രുത്തുംഗശൌര്യവും പൂണ്ടുല്ലസിക്കയും
ഉൾപ്പൂവിലാദ്യമേ ചിന്തിച്ചുറച്ചതാം
സൽപഥംതന്നിൽ ചരിക്കയും ചെയ്തിട്ടും
വിക്രാന്തനാകിയോരുന്നതാത്മാവുതൻ
ശക്തഭുജംഗമദീർഘഭുജങ്ങളിൽ
പ്രക്ഷീണമെന്നിയേ ചെന്നണയുന്നിതു
ലക്ഷ്മീഭഗവതി തൻധൃതി ദീർഗ്ഘമായ്.
സസ്യസമ്പന്നയായ് സൽപ്രഭായുക്തയായ്
കാശ്യപീദേവി തോഷേണ ശോഭിക്കയും
ഉത്തുംഗചൂതാവലിതൻ സുമങ്ങളാ-
ലത്യന്തകാന്ത്യാ വനങ്ങൾ ലസിക്കയും
പാരിടമൊക്കെയും നീരും ചെളികളും
തീരെയുംവിട്ടുല്ലസിക്കയുംചെയ്തിട്ടും
ഉത്തമമായുള്ള യോഗ്യകാലങ്ങളിൽ
ശക്തമാം സൈന്യസമ്പത്തോടെ ഭൂമിപൻ
ഉദ്ഭ്രുതവൃത്യാ ഗമിച്ചുകൊണ്ടീടണം
ശത്രുവിൻഭൂവിൽ സദൈവ ജയാത്ഥമായ്.
ഇത്തരമാദരപൂരിതനായ് നൃപൻ
ശത്രുവോടേല്ക്കാനൊരുങ്ങിഗ്ഗമിക്കണം
ഇത്തരമെങ്ങും വിധിപോൽ ഗമിക്കകിൽ
ദൃഷ്ടിക്കു ഗോചരമായ് വരും ശത്രുവും.

ഇരുപത്തിനാലാംപ്രകരണം സമാപ്തം.

## ഇരുപത്തഞ്ചാം പ്രകരണം

### സ്കന്ധാവാരനിവേശനപ്രകരണം

പററലർപുരത്തിൻെറ സാമീപ്യം പൂകുന്നേരം
ശിഷ്ടസമ്മതമായൊരുത്തമദേശംതന്നിൽ
തെററാതെചമച്ചുകൊണ്ടീടണം സ്കന്ധാവാരം [1]
പുഷ്ടമോദേന ഭൂപൻ തൽകാര്യവിശാരദൻ.
ഏററവും ചതുരമായാഗാരം നിർമ്മിക്കണം
മാററമെന്നിയേയത്തു ചതുരസ്രാകാരമാം
ചെററുമതിട്ടങ്ങരുതതിവിസ്താരംമേലാ
ചുററുപാടിലും നാലു വാതിലുമുണ്ടാകണം.
കോട്ടകൊത്തളങ്ങളും കിടങ്ങും ചമയ്ക്കണം
കോട്ടമെന്നിയേ തെരുവീഥികളട്ടങ്ങളും
അർദ്ധേന്ദുരൂപത്തിലോ ശൃംഗാടാകൃതിയിലോ
ശുദ്ധമേ ദൈർഘ്യത്തിലോ മണ്ഡലാകാരത്തിലോ
ചിത്രമായ് പണിചെയ്തുകൊണ്ടീടാമാഗാരത്തെ
ലബ്ധമാം ഭൂവിഭാഗസ്ഥിത്യനുരൂപം ദൃഢം
വിഭക്തമായുംപുനരായതമായുംമേവും
വിവിക്തപാർശ്വങ്ങളോടാഗാരമിരിക്കണം

---

1 സ്കന്ധാവാരം—ഈ വാക്കിൻെറ അർത്ഥം വിവരമായി ഇരുപത്താറാംപ്രകരണം 63 മുതൽ 66 വരെ വരികളിൽ കൊടുത്തിട്ടുണ്ട്. ഇതിനു 'പടവീട്' എന്ന് അർത്ഥം നമുക്കു തൽകാലം കല്പിക്കാം.

സുഗുപ്തമാക്കീടണം നിച്ഛിദ്രമായിസ്ഥലം
ബ്ബഹത്താംമാർഗ്ഗമതും നാലുപാടിലുംവേണം
മദ്ധ്യഭാഗത്തായ് രാജമന്ദിരം നിമ്മിക്കണം
ചിത്തരഞ്ജകമായുമെത്രയും മഹത്തായും
ചുററിലും മൗലന്മാർതൻ കാവലുണ്ടായിടണം
ചിട്ടയായന്തർഭാഗേ കോശവും ചമയ്ക്കണം.
മൗലവും, ഭൃതം, ശ്രേണി, മൈത്രവും, ദ്വിഷദ്ബലം,
മേലുമങ്ങാടവികർബലവുമെന്നിങ്ങനെ
സേനകളുണ്ടായീട്ടന്നവയേ യഥാക്രമം
ക്ഷോണിപഹർമ്മ്യത്തിന്ന ചുററുമായ് സ്ഥാപിക്കണം.
ഉള്ളിലായ്നിവേശിപ്പിച്ചീടണം സ്വവർഗ്ഗത്തി-
ലുള്ളോരും ക്രൂരന്മാരും ലോഭവർജ്ജിതന്മാരും
നല്ലവേതനംലഭിക്കുന്നോരുമായുള്ളതാം
നല്ലപോൽപരീക്ഷിതരായുള്ളോരാപ്തന്മാരെ.
പേരിനാൽ പ്രസിദ്ധരാമിഭപുംഗവന്മാരും
പോരാന്ന മനോജവം കലരും വാജീന്ദ്രരും
പാരാതെവസിക്കണം നൃപമന്ദിരത്തിൻെറ
ചാരത്തങ്ങെല്ലാപ്പോഴും സ്വാപ്തഗുപ്തന്മാരായി.
രാപ്പകൽ മാറിമാറിക്കാവലായ്നിന്നീടണ-
മാപ്തരാമന്തർഗൃഹരക്ഷകമഹാബലം.
എപ്പേരും ശസ്ത്രാസ്ത്രങ്ങൾ ധരിച്ച സന്നദ്ധരാ-
യെപ്പോഴും മഹീശൻെറ ശാരീരരക്ഷയ്ക്കായി.

യുദ്ധസാമൎത്ഥ്യമേറും വാരണപ്രവീരനും
ചിത്തവേഗത്തെവെല്ലും തുരംഗപ്രവരനും
സാധ്വധിഷ്ഠിതരായിട്ടെപ്പൊഴും നൃപൻതന്റെ
പത്തനദ്വാരത്തിങ്കൽ വാഴണം സന്നദ്ധരായ്.
ഏതാനുംസൈന്യം സേനാനായകനേതൃത്വത്തിൽ
സ്ഫീതാവധാനംനിശി പാറാവു ചുററീടണം
വീറോട്ട ബഹിർഭാഗത്തായുധസമന്വിതം
മാറാതെപണിപ്പെട്ടു നിൎണ്ണയം നിശാകാലേ
സത്വാഢ്യരായിശ്ശീഘ്രഗതികളായിപ്പുന-
രെത്രയും ദൂരസ്ഥമാം സീമാന്തം ചരിപ്പോരായ്
വൎത്തിക്കും വാതാശ്വികന്മാർ [1]മൂലം ഗ്രഹിക്കണം
ശത്രുക്ഷ്മാവരനുടെ സൈന്യത്തിൻപ്രചാരങ്ങൾ
തോരണബദ്ധമാകും മാല്യങ്ങളാലും യന്ത്ര-
ജാലങ്ങൾ, പതാകകളെന്നിവയാലും ദൃഢം
ആരമ്യമായ്വിളങ്ങും ദ്വാരങ്ങളെല്ലാം പരി-
പാലിതമായീടണം സ്വാപ്തകാരന്മാരാലേ.
ആരാണെന്നറിയിച്ചും കാൎയ്യങ്ങൾ ഗ്രഹിപ്പിച്ചു-
മാരുമേയകത്തേക്കും പുറത്തും കടക്കണം.
വൈരിതൻ ദൂതന്മാരും രാജാജ്ഞാകരന്മാരും
സ്വൈരമങ്ങെല്ലായ്പ്പോഴും വാതുക്കൽനിന്നീടണം

---

1 വാതാശ്വികന്മാർ = വായുവേഗമുള്ള കുതിരപ്പട്ടാളക്കാർ.

കാര്യമല്ലാത്ത കോലാഹലവും ഹാസ്യങ്ങളും
വാരണാ ചെയ്തീടണം പാനവും ചൂതാട്ടവും.
കാര്യോന്മുഖന്മാരയോർ കാര്യോപകരണങ്ങ-
ളോടുമായ് സദാകലം സജ്ജരായ് നിന്നീടണം
മുൻചൊന്നകിടങ്ങിന്റെ ബഹിർഭാഗത്തിൽവെറും
സഞ്ചാരമാർഗ്ഗം സ്വന്തസേനയ്ക്കു നല്കീട്ടശേഷം
സത്വരം നശിപ്പിച്ചുകൊള്ളണം സമസ്തവു-
മെത്രയും വിഘ്നങ്ങളാശത്രുസൈന്യത്തിന്നേകാൻ
ഒട്ടുഭാഗത്തിലെല്ലാം മുൾമരം മുറിച്ചിട്ടു-
മൊട്ടിടത്തയോമുഖശൂലങ്ങൾ തറപ്പിച്ചും
ഒട്ടിടത്തോരോ ഗൂഢബിലങ്ങൾ കുഴിപ്പിച്ചും
ചുററുമുള്ളിടങ്ങളേക്കെട്ടുതിവരുത്തണം.
വൃക്ഷങ്ങൾ, പാഷാണങ്ങൾ, ഗുല്മങ്ങൾ, വല്മീകങ്ങൾ,
ദുർഘടവിദരങ്ങൾ, സ്ഥാണുക്കളിത്യാദിയാൽ
വർജ്ജിതമായിട്ടുന്നദേശത്തു ചമയ്ക്കണം
നിശ്ചയമായും സൈന്യവ്യായാമസ്ഥലങ്ങളെ.
സ്വന്തമാംബലത്തിനു സൈന്യവ്യായാമസ്ഥല-
മെന്തൊരു ദേശംതന്നിൽ ഭവിക്കും യഥാകാമം
സന്തതം മറിച്ചങ്ങു പരന്റെ ബലത്തിനും
ഹന്ത! തദ്ദേശത്തിനെയുത്തമമെന്നോതിടും.
സ്വന്തമാം ബലത്തിനും പരന്റെ സൈന്യത്തിനു-
മന്തരമെന്ന്യേയുദ്ധമേതൊരുദേശംതന്നിൽ

സന്തതം ലഭിക്കുന്നു സൈന്യവ്യായാമസ്ഥലം
ചന്തമാമദ്ദേശത്തെ മദ്ധ്യമമെന്നോതുന്നു.
സ്വന്തമാം ബലത്തിനു സൈന്യവ്യായാമസ്ഥല-
മെന്തൊരുദേശംതന്നിൽ തെല്ലുമേഭവിച്ചീടാ
അന്തരമെന്യേമറിച്ചരിതൻ സൈന്യത്തിനും
ഹന്ത! തദ്ദേശത്തിനെച്ചൊല്ലുന്നിതധമമായ്.
ഉത്തമപ്രദേശത്തെ നിത്യവുമാശിക്കണം
മദ്ധ്യമത്തിനേപ്പുനരതിൻെറയഭാവത്തിൽ
അധമത്തിനേ വരിച്ചീടരുതൊരിക്കലു-
മധമം കാരാഗാരമായിത്താൻ ഭവിച്ചീടും.

**ഇരുപത്തഞ്ചാംപ്രകരണം സമാപ്തം**

## ഇരുപത്താറാം പ്രകരണം

### നിമിത്തജ്ഞാനപ്രകരണം

വേഗമോടേതോ ഭൂതം ചാടിവന്നടുക്കുംപോൽ
രോഗവുമനീകവും കേറിവന്നെതിക്കുക,
ആധികളാകസ്മികമായ് വന്നു ഭവിക്കുക,
ഹാ! തഥാധൂളിവന്നു മൂടുക ഹിമംവന്നും,
കാറോടു കോളും കാററുമുണ്ടായിപ്പൊടുന്നനേ
വാരാളും കൊടിമരം താഴത്തു പതിക്കുക,
വീരോടു പരസ്പരദ്രോഹമുണ്ടായീടുക,
പേരാന്ന പെരുമ്പറ മുന്നേപ്പോൽ മുഴങ്ങായ്ക,
വാനതിൽ കൊള്ളിമീനും മേഘനിർഘോഷാദിയും
ന്യൂനമുണ്ടായിബ് ഭയത്രാസങ്ങളുൽപ്രേക്ഷിക്ക,
വാളുകളുറയിൽനിന്നുരിയുജ്ജ്വലിക്കുക,
നീളവേയശുഭമാംരുതങ്ങൾ കേട്ടീടുക,
കാകനും കഴുകനും കൂട്ടമായ് ക്കൂടീടുക,
ശോകസൂചകം രക്തവർഷവും പെയ്തീടുക,
ക്രൂരരുമൗൽപാതികന്മാരുമാം ഗ്രഹങ്ങളാൽ [1]
ശ്രീലനാമുഡുരാജൻ വേഷ്ടിതനായീടുക,
ഭീകര കബന്ധാ[2]ദി സൂര്യദ്രഷ്ടരായ് വാഴ്ക
ഭൂതലേ പുനരതു മൂഢത ജനിപ്പിക്ക

---

1 ഔൽപ്പാതികന്മാരായ ഗ്രഹങ്ങൾ = രാഹുകേതുക്കൾ മുതലായ ദുന്നിമിത്തത്തെ കാട്ടുന്ന ദുർഗ്രഹങ്ങൾ

2 കബന്ധം = തലയില്ലാത്ത ഉടൽ-രാഹുവെന്നും അർത്ഥംവരാം,

ആനകളുടെ മദവാരികളൊലിഞ്ഞതു
നൂനമങ്ങാകസ്മികമായുടനുണങ്ങുക
ഘോരമാമശ്രുഭങ്ങളീവിധം കാണും സ്ഥസ്ഥാ-
വാരമതൊരിക്കലും ശസ്തമായ് ഭവിച്ചീടാ.
സ്ത്രീപുമാന്മാരെല്ലാരും ഹൃഷ്ടപുഷ്ടന്മാരാക,
ശോഭനനിനാദമാം ദുന്ദുഭി മുഴങ്ങുക,
ഹേഷങ്ങൾ ഗഭീരമായ് വാജികൾ ഘോഷിക്കുക,
തോഷമോടിഭകുലം ബൃംഹിതം മുഴക്കുക,
ഗീതവും നൃത്തങ്ങളും പുണ്യാഹഘോഷങ്ങളും
വേദഘോഷണങ്ങളും മോദമോടുണ്ടാവുക,
ഈതിബാധകൾപോക, ഈഹിതജനോദയം
ജാതമാവുക, ബൃഹദുത്സാഹമുളവാക,
ധൂളികൾ മറയുക, തൂമഴ പെയ്തീടുക,
സൂരാദിഖഗഗണം സുസ്ഥാനേ നിന്നീടുക,
ദിവ്യങ്ങൾ ഭൗമങ്ങളുമാന്തരീക്ഷങ്ങളുമാ-
മൗൽപാതികങ്ങൾ[1] ളെന്യേ ഭൂതലം തെളിയുക,
കല്യാണരുതങ്ങളും ശുഭക്രുജിതങ്ങളും
സോല്ലാസം മൃഗപക്ഷികുലങ്ങൾ മുഴക്കുക,

---

1 ഔൽപാതികങ്ങൾ—ഇവ മൂന്നുവിധം. 1. ദിവ്യങ്ങൾ. 2. ആന്തരീക്ഷങ്ങൾ. 3 ഭൗമങ്ങൾ. ദിവ്യങ്ങൾ=ധൂമകേതുക്കൾ. ആന്തരീക്ഷങ്ങൾ=നക്ഷത്രപതനങ്ങൾ. ഭൌമങ്ങൾ=ഭൂകമ്പം മുതലായതു്.

മെല്ലവേയനുലോമമാരുതൻവീശിടുക,
നല്ലമംഗളസ്തവമെങ്ങുമേ കേട്ടിടുക,
സന്തതം സുഗന്ധങ്ങൾ വഹിച്ചുംകൊണ്ടങ്ങെഴും
ബന്ധുരമഹാനലൻ ദീപ്തനായ് വിളങ്ങുക,
വന്മദംപൊട്ടിമേവും മാതംഗപ്രവീരന്മാ-
രുന്മാദമേതുംവിനാ വെണ്മയിൽ വത്തിക്കുക,
എങ്ങുമേ സാധുജനാ ഹൃഷ്ടപുഷ്ടരായ് വാഴ്ക,
ഭംഗിയോടാസാരാഭിവൃദ്ധിയും ഭവിക്കുക,
ഇങ്ങിനെയോരോതരം ലക്ഷണം മനോജ്ഞമായ്
തിങ്ങിടും സ്കന്ധാവാരം നിണ്ണയം സുശോഭനം.
ശോഭനനിമിത്തങ്ങൾ ദൃഷ്ടമായിടുന്നാകിൽ
ഭൂപന്നു രിപുഭംഗം സിദ്ധമാണെന്നോത്തീടാം.
ശോഭനേതരങ്ങളാണെങ്കിലോ വിപര്യയം
കേവലം ഭവിച്ചിടുമെന്നായും ഗണിച്ചിടാം.
സവ്വകമ്മത്തിൻേറയും സിദ്ധിയുമസിദ്ധിയും
നിവ്വ്യാജം കഥിക്കുന്ന കാരണാൽ നിമിത്തങ്ങൾ
ഉവ്വീശൻ സാക്ഷേമത്തേ കാംക്ഷിച്ചു കൊള്ളുന്നവൻ
സവ്വഥാ ഗ്രഹിക്കണമവയെ യഥാത്ഥമായ്.
ശോഭനനിമിത്തങ്ങൾ കൊണ്ടഹോ വിശുദ്ധമാം
പാവനഹൃദയത്തോടൊത്തെഴും മനുഷ്യരാൽ
ഭുവിതിലാരബ്ധമാമേതൊരു കമ്മങ്ങളു-
മീഹിതവിജയത്തെ നിണ്ണയം പ്രാപിച്ചീടും

വേണ്ടോളം സഹായരും പ്രജ്ഞാനം സത്വംതഥാ
വേണ്ടപോലുത്സാഹവും ദൈവാനുകൂലത്വവും
വേണ്ടുന്നവണ്ണമുള്ളോരദ്ധ്യാനം പ്രയത്നവും
പൂണ്ടെഴുംമനുഷ്യനു സിദ്ധികൾ സിദ്ധംതന്നെ.
ശാഖകൾക്കെല്ലാം വൃക്ഷസ്കന്ധമെന്നോണം നൃപൻ
ലോകത്തിൽ പ്രജകൾതൻ സ്കന്ധമായ് ചൊല്ലീടുന്നു.
ആധാരമമാത്യദണ്ഡാദിയായിട്ടുംവൃതി-
യാകയാലവരേയങ്ങാധാരമായുംചൊൽവൂ
പാരിതിൽ ഭൂതങ്ങൾക്കു ഭൂതനിഷ്പത്തികളെല്ലാ-
രാധാരശ്രേഷ്ഠത്തിനാൽ ഭൂപാലനാകുംസ്കന്ധം
ആവൃതമായിബ്ഭവിക്കുന്നതിൻനിമിത്തമാ-
യോതിടും 'സ്കന്ധാവാരം' 1 എന്നായി രണ്ടുംകൂടി.
വെള്ളവും പുല്ലുംതഥാ വിവധാസാരഘലവും
നല്ലോണം ശ്രമംചെയ്തു രക്ഷിച്ചുകൊണ്ടീടണം.
ഇല്ലാതാവുകിലിവനിണ്ണയാം സ്കന്ധാവാര-
ത്തിന്നതു ദൃഢം മൃത്യുവായിട്ടു ഭവിച്ചീടും.
ഇത്ഥമൊക്കെയും പരിശ്രമിച്ചു ബലത്തിനെ
കൃത്യമായ് നിവേശിച്ചുകൊള്ളണം പൃഥ്വീനാഥൻ
തദ്ബലമതിനുണ്ടായീടുന്ന ശുഭാശുഭം
ഭദ്രമായ് വിലോകനം ചെയ്കയും ചെയ്തീടണം

---

1 സ്കന്ധാവാരം—സ്കന്ധം = വൃക്ഷത്തിന്റെ തായ്ത്തടി, ആവാരം = അതിന്റെ പട്ട അല്ലെങ്കിൽ മരത്തോൽ.

തദ്വിധം രിപുവിന്റെ ബലത്തിനുണ്ടായിട്ടും
കൃത്സ്നമാം ശുഭാശുഭമായതും നിരീക്ഷിച്ചു
ചെററുമേയശുഭങ്ങളില്ലാത്ത മുഹൂൎത്തത്തിൽ
തിട്ടമാരംഭിക്കണം വിഗ്രഹം നൃപാലകൻ.

ഇരുപത്തിയാറാംപ്രകരണം സമാപ്തം.

---

## ഇരുപത്തിയേഴാംപ്രകരണം

### ഉപായവികല്പപ്രകരണം

ഉത്തുംഗപ്രജ്ഞായുതരായഥ സഹായരാൽ
തൽസൎവ്വശക്ത്യാസദാ പുഷ്ടനായ് മേവുംനൃപൻ
സോദ്യോഗംപ്രയോഗിച്ചുകൊള്ളണമരാതിയി-
ലാസ്ഥയോടുപായങ്ങൾ സൎവ്വവും പണിപ്പെട്ടും.
വിട്ടിട്ടുചതുരംഗബലത്തെ ദൂരത്തിങ്കൽ
മുട്ടാതെ പൊരുതണം കോശത്താൽ, മന്ത്രത്താലും.
പിട്ടല്ല സന്മന്ത്രനായ് വാഴുന്ന നൃപാലകൻ
ചട്ടററ കോശമന്ത്രയുഗ്മത്താൽ ജയിക്കണം.
സാമവും, ദാനം, ഭേദം, ദണ്ഡവുമെന്നുള്ളതാം
സാമാന്യോപായങ്ങളുള്ളവ ചതുഷ്കവും
മായയുമുപേക്ഷയുമിന്ദ്രജാലവുംകൂട്ടി
ന്യായമായുപായങ്ങൾ സപ്തമായ് കഥിക്കുന്നു.

അന്യോന്യോപകാരങ്ങൾ ചെയ്തതിൻ പ്രകാശന-
മന്യോന്യഗുണഫലങ്ങൾവൎണ്ണിച്ചസങ്കീൎത്തനം
അന്യോന്യസംബന്ധങ്ങളുള്ളതിൻ സമാഖ്യാന-
മന്യോന്യമുണ്ടായിട്ടുമായതിപ്രദൎശനം
എന്നല്ല മധുരസമോലുന്ന വാക്യങ്ങളാൽ
'നിന്നുടെ വശഗനാ'ണെന്നുള്ള സമൎപ്പണം
എന്നേവം പഞ്ചവിധമായിട്ടു സാമത്തിന്നേ
വന്ദ്യരായീടും സാമഭേദജ്ഞരോതീടുന്നു.
ഉത്തമാധമം തഥാ മദ്ധ്യമമെന്നീവിധം
പ്രാപ്തമാമൎത്ഥത്തിന്റെ ശരിയാം പ്രത്യൎപ്പണം,
തദ്ധനംഗ്രഹിച്ചവനനുമോദനംപിന്നെ
എത്രയുമപൂൎവ്വമാം ദ്രവ്യമായതിൻദാനം
ദത്തമായ് കരസ്ഥമായ് സ്വന്തമായ് വന്നീടിനോ-
രൎത്ഥത്തെ സ്വയമേവ പരനായ് സമൎപ്പണം.
ഉത്തമൎണ്ണന്റെയൃണമോചനമെന്നിങ്ങനെ
പൃഥ്വിയിൽ ദാനമതും പഞ്ചധാ പ്രകീൎത്തിതം.
സവ്വമായീടും സ്നേഹരാഗങ്ങളപേക്ഷിക്ക,
സവ്വമാവിധത്തിലുമുരസലുണ്ടാക്കുക,
വിവിധരൂപങ്ങളിൽ തൎജ്ജനംചെയ്തീടുക,
ത്രിവിധമേവംവിധം ഭേദമെന്നുരയ്ക്കുന്നു.
വധവും പുനരൎത്ഥഹരണമതുംപിന്നെ
സുദൃഢം സൎവ്വവിധക്ലേശവുമെന്നിങ്ങനെ
ത്രിവിധമായിട്ടുരചെയ്യുന്നു ദണ്ഡത്തിനെ
വിവിധരായീടുന്ന ദണ്ഡഭേദാഭിജ്ഞന്മാർ.

വധമായതും രണ്ടുവിധമായ് പ്രകീൎത്തിതം
പൊതുവേ പ്രകാശവുമപ്രകാശവുമെന്നായ്.
വിദിതലോകദചിഷ്ഠർ, ശത്രുക്കളെന്നുള്ളോരിൽ
വിധിപോൽ പ്രകാശമാം ദണ്ഡത്തെയുരയ്ക്കുന്നു.
പതിവായ് ലോകപീഡാകരരായ് മേവുന്നോരാം
ഹതകന്മാരിങ്കലും രാജസേവന്മാരിലും
അതിയാം കയ്യൂക്കിനാൽ ബാധനല്കുന്നോരിലും
ഹിതമായോതീടുന്നുണ്ടപ്രകാശമാംദണ്ഡം.
വിഷത്താലല്ലെന്നാകിൽ രഹസ്യപ്രയോഗത്താൽ
പ്രസിദ്ധശസ്ത്രത്തിനാലല്ലെന്നാലുദചത്തനാൽ 1
നടത്തിക്കൊണ്ടീടണമപ്രകാശമാംദണ്ഡം
കുറച്ചും പരന്മാരാൽ ഭാവിതമായീടാതെ.
ബ്രാഹ്മണവംശംതന്നിൽ ജാതരായുള്ളോർകൾക്കും
ധാൎമ്മികരായിമേവുമന്യരാം ജനങ്ങൾക്കും
ധൎമ്മകൎത്തവ്യചിന്താപ്രേരണാബലത്തിനാൽ
സമ്മോഹാൽ വിധിക്കൊലാ വധശിക്ഷയേ ധീമാൻ.
അപ്രകാശമാംദണ്ഡം ശസ്തമായീടുന്നോരിൽ
തൽപ്രകാരമാംദണ്ഡം നടത്താമുപേക്ഷയാൽ
ദക്ഷനായീടുന്നവനെന്നാലും പ്രത്യക്ഷത്തിൽ
വർജ്ജിച്ചുകൊണ്ടീടണം നിൎണ്ണയമുപേക്ഷയെ.

---

1 ഉദചത്തനം=പൊള്ളുന്ന തൈലങ്ങളുംമറവും പുറത്തു തളിക്കുക.

മാനസത്തിന്നു കുളിർലേപനം നല്കുംപോലെ,
യാനന്ദമധുരിമ ദൃഷ്ടിയാൽ ഭുജിക്കുംപോൽ
മേലുമങ്ങമൃതത്തു ധാരയായ് വർഷിക്കുന്ന-
പോലഹോ പ്രിയോക്തിയാം സാമത്തെ പ്രയോഗിക്കാം
ഉദ്വേഗമുളവാക്കീടാതുള്ള വാക്യത്തിനെ
വിദ്വാന്മാരോതീടുന്നു സാമമെന്നായിപ്പാരിൽ
സത്യവാക്കിമ്പമായിട്ടുരച്ചുകൊണ്ടീടുക,
ഹൃദ്യമായ് സാന്ത്വനോക്തികഥിക്ക, പ്രിയംചൊല്ക,
സ്തോത്രങ്ങൾ പാടീടുക,യെന്നിവയെല്ലാററിലും
കീർത്തിതമാകുന്നതു സർവ്വഥാ സാമംതന്നെ.
ആത്മവിക്രയമതുചെയ്തിട്ടുംപോലേ ദൃഢ-
മാത്മമോദേന നല്കിക്കൊള്ളണമഭീപ്സിതം
ഊക്കെഴും നഗേന്ദ്രനേ വാരിയെന്നോണം ദൃഢ-
മാർക്കുമേ ലക്ഷ്യമാകാതരിയേ ഭേദിക്കണം.
ശ്രാദ്ധദേവനെപ്പോലെ ദണ്ഡ്യരിൽ ദണ്ഡത്തിനെ
ശ്രദ്ധയോടെന്നും പതിപ്പിക്കണമധൃഷ്യനായ്.
പ്രത്യക്ഷമായിക്കാണുമുപേക്ഷയെന്നാകിലും
പ്രത്യക്ഷമല്ലാതോണമാചരിക്കണം ഭൂപൻ.
അർത്ഥസംസിദ്ധിക്കായിട്ടെത്രയും ശ്രമപ്പെട്ടും
യത്നിച്ചിടേണം വിദ്വാൻ നിശ്ചയം സാമത്തിനാൽ.
കൃത്സ്നമാം കാര്യത്തിലും സാമമൂലമാം സിദ്ധി
നിത്യവും സ്തുത്യർഹമായ് ചൊല്ലുന്നു വിദ്വജ്ജനം.

ക്ഷീരാബ്ധി കടഞ്ഞിളു ഫലത്തെ കൊണ്ടീടുവാൻ
പേരാന്ന ദേവാസുരന്മാരൊത്തുസാമത്തിനാൽ.
നേരാണു മറിച്ചങ്ങു സാമത്തെ നിന്ദിച്ചിട്ടു
പാരാതെ ഹതരായി ധാൎത്തരാഷ്ട്രന്മാർ ഭുവി.
ദാരുണമായീടുന്ന വിഗ്രഹത്തിങ്കൽ ബുധൻ
നേരോടെ ശമത്തു നേടണം ദാനത്തിനാൽ.
ധീരനാം ദിതിജേന്ദ്രൻപൂകിനാൻ ശമത്തിനെ
ഘോരമാമപചാരേ ശുക്രന്റെ ദാനത്തിനാൽ.
ഭാരിച്ചോരപരാധം സുതയോടായിച്ചെയ്ത
കാൎയ്യത്തിൽ കുപിതനായ് തീൎന്നോരാചാൎയ്യനായി
ചേണുററ ഭക്തിപൂൎവ്വം താൻചെയ്ത ദാനത്തിനാൽ
ചേണാൎന്ന വൃഷപൎവ്വാ പൂകിനാൻ സുഖത്തെയും.
ബലത്തെ വെടിഞ്ഞിട്ടു കരുത്തൻതന്നോടായി
വരിഷ്ഠൻ കുന്തീസുതൻ ശമത്തോടൎത്ഥിച്ചതിൽ
കൊടുക്കേണ്ടതാം രാജ്യം കൊടുക്കായ്കയാൽ നാശം
വരിച്ചു ധാൎത്തരാഷ്ട്രൻ തൻകുലത്തോടും പുരാ.
പെട്ടെന്നു കിഞ്ചിൽധനം കൊടുത്തും മഹാധനം
കിട്ടുമെന്നായിട്ടുള്ളിലാശയെ വൎദ്ധിപ്പിച്ചും
ധൃഷ്ടരാം ചതുൎവിധഭേദ്യരിൽ ഭേദത്തിനെ-
ത്തിട്ടമുണ്ടാക്കീടണമുഭയവേതനരാൽ.
അലബ്ധവേതനനാം ലുബ്ധനും, നൃപൻകയ്യാൽ
പെരുത്തോരപരാധമേററോരു മാനീന്ദ്രനും

അകസ്മാൽ കോപിതനായ്തീൎന്നതാം ക്രുദ്ധൻതാനും
തികച്ചും പ്രഭീഷിതനായതാം പ്രഭീതനും
ജഗത്തിലേവംവിധം നാലുകൂട്ടക്കാരെങ്ങും
ഭവിക്കുമെല്ലാനാളും രണ്ടുകക്ഷിക്കാരിലും.
തരത്തിലക്കൂട്ടരേ സ്വപക്ഷേ ശമത്തിലും
മുറയ്ക്കുപരപക്ഷേ നിൎത്തണം ഭേദത്തിലും
ശത്രുവിൻ മന്ത്ര്യമാത്യന്മാരിലും പുരോഹിത-
സത്തമങ്കലും ഭേദം ചേൎക്കണം ശ്രമപ്പെട്ടും
തദ്വിധമവൎതന്നിൽ ഭേദമുണ്ടായാലുടൻ
സത്വരം യുവരാജാവിങ്കലും പകൎത്തണം.
ക്ഷിതിപൻതന്റെ രണ്ടു കണ്ണുകളാകുന്നതു
സുദൃഢമമാത്യനും യുവരാജാവുംതന്നെ.
നയനമാകുന്നതു മന്ത്രിയാണത്രേ ദൃഢം
നിയതം തദ്ഭിന്നത്താൽ നൃപതി വധം പൂകും.
നൃവരവംശത്തിങ്കൽ സൎവ്വാവസ്ഥയിൽമേവു-
ന്നവരിങ്കലും പാരമുരസലുണ്ടാക്കണം.
പരിചോടേവംവിധമുരസുന്നേരത്തവർ
തരസാഗ്രസിച്ചീടുമഗ്നിപോൽ സ്വാശ്രയാനിയേ.
നൃവരൻതന്റെ വംശക്കാരനു തുല്യൻതന്നെ
നരപാലന്റെയാപ്തനാകുന്ന വിശ്വസ്തനും
ഇരുപേരേയും ദൃഢം ഭിന്നിപ്പിൽ നിറുത്തേണ-
മതുപോലാത്മാവിങ്കൽ ശമവും സാധിക്കേണം.

ക്ഷോഭങ്ങളുണ്ടാക്കാനും ശമത്തെ നയിക്കാനും
കോവിദനായുള്ളോനെ സൂക്ഷ്മബുദ്ധിയാൽ ഭൂപൻ
ആവതും പരീക്ഷിച്ചു ഗ്രഹിച്ചുകൊണ്ടീടണം
ശോഭനമതിതാനോ ശഠനോയെന്നുള്ളതായ്.
ശോഭനമതിയായോൻ തന്നുടെ വചസ്സിനെ-
പ്പാവനമായിപ്പരിപാലിക്കുമന്തംവരെ.
ശോഭനേതരനായോനുഭയപക്ഷത്തിലും
ചാപലമാർന്നു ചലിച്ചീടുന്നിതത്ഥാശയാൽ.
മുന്നമുക്തമാം കാര്യമിന്നാപ്തമാമെന്നുള്ളി-
ലന്നന്നു ദിനമെണ്ണിക്കഴിക്കും മഹാത്മാവും
ഇല്ലാത്ത ദോഷങ്ങളെയുണ്ടെന്നായാരോപിച്ചു
വല്ലാത്തവണ്ണം പരിദൂഷിതനായുള്ളോനും
മന്നനാലാഹൂതനായ്‌വന്നിട്ടു കാര്യത്തിങ്കൽ
പിന്നീടു പരാജയം പൂണ്ടതാം ശ്രീകാമിയും
എന്നല്ല നൃപദ്വേഷി, തൽകുലീനനും, പിന്നെ
മന്നവനാലേ നൂനം ദ്വേഷിക്കപ്പെട്ടുന്നോനും,
പലക്കുമുള്ള ധനം കൈവശപ്പെടുത്തുന്ന
പരുത്ത വ്യവഹാരിയായിട്ടും മനുഷ്യരും
കനത്തദണ്ഡത്തിനാൽ ദണ്ഡിതനായുള്ളോനും
കടുത്തസാഹസിക,നത്യന്തം രണപ്രിയൻ
തനിക്കു തുല്യനായിട്ടൊരുത്തനില്ലെന്നുള്ളിൽ
നിനച്ചു ദംഭമാർന്നു വസിച്ചുകൊള്ളുന്നോനും

സമസ്തമായീടുന്ന ധമ്മാത്ഥകാമങ്ങളും
തുലച്ചുവാഴുന്നോനും നിതരാം ക്രുദ്ധിച്ചോനും
തനിക്കുണ്ടായിവന്നോരപമാനത്തിൻമൂലം
മനസ്സിൽ ക്ഷോഭിച്ചീടും മാനീന്ദ്രനായുള്ളോനും
പെരുത്തു ഭയന്നോനും സ്വദോഷത്രസ്തൻ സ്വയം
വരുത്തിക്കൊണ്ടു വൈരാൽ ഭയപ്പാടാന്നുള്ളോനും
സമത്വമില്ലാത്തവരോടുമായ് നിയുക്തനായ്
വയസ്യരാലേ നിരാകൃതനായ് ഭവിച്ചോനും
ചെറുതും ഹേതുവെന്യേ നിരുദ്ധനായുള്ളോനും
മുറയ്ക്കു ഹേതുവുണ്ടായത്യന്തം നിരുദ്ധനും
ഒന്നുമേ ദോഷമെന്യേ സംത്യക്തനായുള്ളോനു-
മെന്നല്ല പൂജാർഹിതൻ പൂജിതനാകാത്തോനും
തന്നുടെ ധനങ്ങളും ഭാര്യയും ഹൃതങ്ങളായ്
വന്നോനും മഹാധനം തുലഞ്ഞു ക്ഷീണിച്ചോനും
ബന്ധുക്കൾ വെടിഞ്ഞോനും ദ്രവ്യങ്ങൾ നശിച്ചോനും
ബന്ധ്വാദിസർവരാലും സംത്യക്തനായുള്ളോനും
ഇങ്ങനെ നാനാവിധാവസ്ഥയിൽ വാഴുന്നോരേ
തുംഗരാംവിദ്വജ്ജനം ചൊല്ലുന്നു ഭേദ്യന്മാരായ്.
ഇങ്ങനെയുള്ളോർകളെ ശത്രുവിൻരാജ്യം തന്നി-
ലെങ്ങുമേ നിരന്തരം ഭിന്നിപ്പിൽ നയിക്കണം.
തൻനാട്ടിൽ വന്നീടുകിൽ പൂജിച്ചുകൊണ്ടീടണം
തൻനാട്ടാരെങ്കിൽ ശമംതേടണം വാഞ്ഛാദാനാൽ,

എന്നോടു സന്ധിക്കിലോ രണ്ടാൾക്കും ലാഭംസമ-
മന്യഥാ വർത്തിക്കുകിൽ പിന്നെ നീ ജീവിച്ചിടാ
എന്നവം ഭയപ്പാടുകാട്ടലും ദാനമാന-
സന്ദോഹങ്ങളും ഭേദോപായങ്ങളായിപ്രോക്തം.
തന്നെക്കാൾ ബലവാനാലുണ്ടാകും വിഗ്രഹത്തിൽ
സന്ദേഹമെന്യേ പ്രയോഗിക്കണം ഭേദത്തിനേ.
എങ്ങനെചെയ്തും പുരാ വൃന്ദാരകന്മാർ ത്രിലോ-
ത്തുംഗരാം സുന്ദോപസുന്ദന്മാരെ വെന്നീടിനാർ.
സംഹതരായിമേവും ശത്രുവിൻബലത്തിനെ
സംഹരിക്കണം ഭേദംചെയ്തഥ ദണ്ഡത്തിനാൽ.
സംഭിന്നരായാലിവർ സംപൂർണ്ണവിശീർണ്ണരാം
വമ്പിച്ച ചിതൽക്കൂട്ടം ദംശിച്ച കാഷ്ഠംപോലെ.
ഉത്സാഹം, കാലദേശ,മുത്തുംഗസഹായരെ-
ന്നിത്ഥ്യേവം ഭാഗ്യയോഗമൊത്തുള്ള നരാധിപൻ
വ്യത്യാസമെന്യേ പുരാ ധർമ്മജന്മാവെന്നോണം
ശത്രുവേ നയിക്കണം ദണ്ഡേന വിനാശത്തിൽ
തന്നുടെ ബലത്തിനേ സൂക്ഷ്മമായ് സമീക്ഷിച്ചു
തന്നിലും പ്രബലനിൽ ദണ്ഡത്തെ പ്രയോഗിക്കാം.
മുന്നമങ്ങനെചെയ്തു ശക്തിസമ്പന്നൻ രാമൻ
കൊന്നൊടുക്കിനാൻ ക്ഷത്രകുലത്തെയേകാകിയായ്.
അലസന്മാരങ്ങഥ വിക്രമാൽ ക്ഷീണിച്ചവ,-
രഖിലോപായങ്ങളും നിഷ്ഫലമായുള്ളവർ,

ക്ഷയവും, പ്രവാസവുമെന്നുമല്ലായയാസവും
വ്യയവും മൂലമായിസ്സന്തപ്തസൈന്യങ്ങളും
അബലാജനം, ബാലർ, ഭീരുക്കൾ, മൂർഖജനം,
വിമലമതികൾ, നൽധാർമ്മികർ, ദുർജ്ജനങ്ങൾ,
പശുതുല്യന്മാർ, മൈത്രീവ്രതരങ്ങെല്ലാമിവർ
സതതം സാന്ത്വനത്താൽ സാധിതരായീടണം.
അർത്ഥാശപെരുത്തോരും ക്ഷീണിതരായുള്ളോരും
സൽക്കാരപൂർവ്വം ഏതരാകണം ദാനത്തിനാൽ.
അന്യോന്യശങ്കാവശാൽ ഭിന്നിച്ച ദുഷ്ടന്മാരെ
ദണ്ഡദർശനംമൂലം സ്വാധീനേ നിറുത്തണം.
പുത്രന്മാർ, ഭ്രാതാക്കന്മാർ, ബന്ധുക്കളെന്നുള്ളവർ
നിത്യവും സാമത്താലേ സാധിതരായീടണം.
എത്രയും വിപ്രകൃതിപൂണ്ടാലുമിക്കൂട്ടക്കാ-
ക്കൊപ്പമങ്ങാരുണ്ടാകും മർത്ത്യന്റെ ജഗത്തിങ്കൽ ?
ദുർഭാഗ്യാൽ വഴിതെററിപ്പോയാലുമിച്ചൊന്നോരി-
ലെപ്പോഴും പ്രയോഗിച്ചുകൊള്ളണം സാമംതന്നെ.
സച്ഛീലനിബന്ധനയ്ക്കുൾപ്പെട്ട ബാല്യം മുത-
ലക്ഷീണപദവിയിൽ വാണുകൊണ്ടിട്ടുന്നോരാം
ഉത്തുംഗകുലജരാമാര്യന്മാരപൂർവമായ്
മാത്രമേ പ്രാപിക്കുള്ളു ദുർദ്ദമവികൃതിയെ.
കുലശീലങ്ങൾ, ദാനധർമ്മങ്ങൾ, ദയാശീല,-
മൂർജ്ജുതാ, കൃതജ്ഞതാ, സത്യവാക്കല്പജ്ഞതാ,

ഇതുകളെല്ലാം ചേൎന്ന വിലസും മഹാന്മാരേ-
യുലകിലെവിടെയുമാൎയ്യന്മാരെന്നോതിടും.
പൌരന്മാർ, ജാനപദർ, ദണ്ഡമുഖ്യന്മാരിവ-,
രോരോരോവൎഗ്ഗത്തെയും ദണ്ഡഭൃത്താകും നൃപൻ
പാരാതെ സാധിക്കണം ദാനമാനങ്ങൾവഴി
വേറെയുള്ളവർകളേ കാൎയ്യത്തിനൊത്തോണവും.
നിൎവ്വാസിതന്മാർ തഥാ രാജവംശ്യന്മാർ പുന-
രവ്യാജം സാമന്തന്മാരിങ്ങനെയുള്ളോർകളേ
സൎവ്വദാ ഭേദദണ്ഡയുഗ്മത്തെ പ്രയോഗിച്ചു
കൈവശം സാധിക്കണമന്യരെ യഥായോഗം.
ദേവതാപ്രതിമകൾക്കുള്ളിലും, തൂൺപൊത്തിലും
താവളമുറപ്പിച്ചു മേവുന്ന നരന്മാരും
സ്ത്രീവേഷധാരികളായ് നടക്കും പുമാന്മാരും
രാവേളതന്നിൽ കാട്ടുമത്ഭുതരൂപങ്ങളും
വേതാളം, പിശാചുക്കൾ, ശിലകൾ, പന്തങ്ങളി-
ത്യാദിയാം രൂപങ്ങളിൽ സഞ്ചരിക്കുന്നോർകളും
കാണിച്ചീടുന്നതാകും മായയെ മഹാജനം
ക്ഷോണിയിൽ മാനുഷമാം മായയെന്നോതീടുന്നു.
യുക്തമാം രൂപമേതും ധരിക്കാൻ സാമൎത്ഥ്യവും
ശസ്ത്രാസ്ത്രഗണങ്ങളുമശ്മവും വൎഷിക്കലും
ഇച്ഛപോൽ കാറ്റും, കാററുമിരുളും മലകളും
സൃഷ്ടിച്ചീടുന്നതുമാം മായയങ്ങമാനുഷം.

സ്ത്രീരൂപമെടുത്തിട്ട വായുജൻ കൊന്നീടിനാ-
നാരൂഢരോഷം പുരാ കീചകരാജന്യനെ.
നൈഷധനായ നളൻ പ്രച്ഛന്നവേഷസ്ഥനായ്
വൈഷമ്യമെന്യേ വാണാൻ ദിവ്യമായയാൽ ചിരം.
അന്യായംചെയ്തീട്ടുക, വ്യസനേ വത്തിക്കുക,
പിന്നെയും ബലവാനോടാഹവം തുടങ്ങുക,
എന്നേവം കാര്യങ്ങളിലുപേക്ഷാത്രൈവിധ്യത്തെ-
ച്ചൊന്നീട്ടുമുപേക്ഷാത്ഥകുശലന്മാരായവർ
സൈരന്ധ്റിതന്നിലാശാവിവശനായിപ്പുരാ
സൈ്വരമങ്ങുകാര്യത്തിൽ മനസ്സുകൊള്ളിച്ചതൻ
സ്യാലനാം കീചകാഖ്യൻ ഹതനാകട്ടെയെന്നായ്
ചാലവേയുപേക്ഷിതനായിതു വിരാടനാൽ.
ഭീമനാൽ പ്രകോപിതനാകിയ ഹിഡിംബാഖ്യൻ
ഭീമവിക്രമൻ ഭ്രാതാ ഹതനാകട്ടെയെന്നായ്
ഭീമനിൽ കാമാത്തിയാൽ ഹിഡുംബി സ്വാത്ഥോച്ഛേദ-
ഭീതിയാൽ വരിച്ചുകൊണ്ടീടിനാളുപേക്ഷയെ.
കാറുകളിരുളുകൾ, വൃഷ്ടികൾ, തീക്കട്ടകൾ,
ഭാരിച്ചോരചലങ്ങളാദിയാം രൂപങ്ങളിൽ
ചാരത്തു കാട്ടുന്നതാമത്ഭുതശതങ്ങളും
ദൂരത്തു കാണപ്പെട്ടും സൈന്യദശനങ്ങളും
പാടിതശരീരരായ് വീണ യോധരിൽനിന്നും
തോട്ടുകൾപോലേ ചോരയൊഴുകും കാഴ്ചകളും

ധീരരാം ശത്രുക്കളിൽ ഭീതിയേ ജനിപ്പിക്കാൻ
പേരെഴുമിന്ദ്രജാലം സൃഷ്ടിച്ചുകൊണ്ടീടുന്നു.
നാനാൎത്ഥസാധകങ്ങളായിടുമുപായങ്ങൾ
നാനാപ്രകാരമുള്ളതിവണ്ണമോതീടിനേൻ.
കാലജ്ഞനാകുന്നവനവയാൽ സാമത്തിനെ
കാലയോഗങ്ങൾ നോക്കി നിൎണ്ണയം പ്രയോഗിപ്പൂ.
സാമദാനങ്ങൾ രണ്ടും, ദാനമാനാന്വിതമായ്
ക്ഷാമമെന്നിയേ പ്രയോഗിക്കണം ധീമാനായോൻ.
ദാനസംയുതമായാൽ നിസ്തൎക്കമിതുരണ്ടു-
മൂനമെന്നിയേ കാൎയ്യസാദ്ധ്യത്തിന്നുതകീടും.
ദാനവൎജ്ജിതമാകും സാമത്തിൻ പ്രയോജനം
നൂനമങ്ങെല്ലായ്പ്പോഴും കേവലം തൃണപ്രായം.
ഇത്ഥമങ്ങുപായങ്ങൾ സ്വന്തവും പരവുമാം
സൈന്യത്തിൽ ധീമാൻ പ്രയോഗിക്കണം സമൎത്ഥമായ്.
നിശ്ചയം നിരുപായനായവൻ പിഴച്ചു കാൽ-
വച്ചഹോ! പതിക്കുന്നു പൃഥ്വിയിലന്ധൻപോലെ.
സമ്പത്തതെല്ലാംചെന്നു ബുദ്ധിമാൻവശം ചേരു-
മിമ്പത്തിലുപായമാം സന്ദംശബലത്തിനാൽ.
കുന്നിച്ച ഫലത്തിനാം വിധിപോൽ പ്രയോഗിച്ചാൽ
മന്നവൎക്കൎത്ഥാപ്തിക്കുമാവിധമുപായങ്ങൾ.

ഇരുപത്തിയേഴാംപ്രകരണം സമാപ്തം.

# ഇരുപത്തിയെട്ടാം പ്രകരണം.

## സൈന്യബലാബലപ്രകരണം.

സാമദാനങ്ങൾ, ഭേദമെന്നിവ മൂന്നും തുലോം
ഭീമമാം വിഫലത്വം പ്രാപിച്ചു കണ്ടീടുകിൽ
ഭൂമിപൻ നയാന്വിതൻ ദണ്ഡഭൃത്താകുന്നവൻ
സാമോദം പ്രയോഗിച്ചുകൊള്ളണം ദണ്ഡത്തിനെ.
പൂജനംചെയ്തു ദേവബ്രാഹ്മണപ്രവീരരെ
പൂജിച്ചുനവഗ്രഹതാരകാഗണത്തെയും
വ്യൂഹമായ് ചമച്ചഥ ഷഡ്വിധം ബലത്തിനെ
ഭൂമിപനരിക്കഭിമുഖമായ് ഗമിക്കണം.
മൗലവും, ഭൃതം, ശ്രേണി, മൈത്രവും, ദ്വിഷദ്ബലം,
മേലുമങ്ങാടവികർബലവുമങ്ങുള്ളവ
പൂവ്വം പൂവ്വമാം ക്രമാൽ നില്പതു ഗരീയസ്സായ്
പൂർവ്വംപൂർവ്വമാംക്രമാൽ ഹ്രസനം തദീയവും.
സൽക്കാര,മനുരാഗ,മേകാത്മഭാവം, തഥാ
തക്കത്തിലേകോപിച്ചു കാര്യാദിവിചിന്തനം
ഇത്യാദിഹേതുക്കളാൽ മൗലമായീടും ബലം
നിസ്തർക്കം ഗരീയസ്സായ് നില്പിതു ഭൃതത്തെക്കാൾ.
എപ്പോഴും നികടഭൂവായതിൽ സഞ്ചാരവു-
മെപ്പോഴും സ്ഫുരിച്ചിടും സത്വരോത്ഥാനത്വവും.
വൃത്തിക്കു നൃപാശ്രയാവശ്യവും നിമിത്തമായ്
വർത്തിപ്പു ഗരീയസ്സായ് ശ്രേണിയെക്കാളും ഭൃതം.

ഒപ്പമായുണ്ടായ്വരും സംഘർഷാമർഷങ്ങളു-
മൊപ്പമാം സുഖാപ്തിയും നാട്ടാരെന്നെല്ലാരിലും
ആപ്തമാമുദംബ്ബാധവും മൂലമായെല്ലാരേയ്യാഴും
സ്വാപ്തമാംമൈത്രത്തെക്കാൾ ശ്രേണിതാൻമഹത്തരം.
അസംഖ്യകാലദേശജാതമാം സമ്പൎക്കവും
വിശങ്കയെന്യേ പുനരേകാൎത്ഥകാരിത്വവും
സംസന്തോഷമായുള്ള യോഗവും നിമിത്തമായ്
സതതം ദ്വിഷദ്ബലാൽ മൈത്രംതാൻ മഹത്തരം.
നിസർഗ്ഗാലധാൎമ്മികർ പുനരങ്ങനാൎയ്യരായ്
തികച്ചും സത്യഭംഗം ചെയ്‌വതിൽ പ്രസക്തരായ്
ഭവിക്കുമാടവികന്മാരുടെ കാട്ടാളത്വം
നിനയ്ക്കിലിവരെക്കാൾ ശ്രേഷ്ഠമാം ദ്വിഷത്സൈന്യം.
ദ്വിഷത്തിൻവിലോപാൎത്ഥമിരുക്കൂട്ടരും നൂനം
പ്രസിദ്ധ്യാതന്നെ കാലാപേക്ഷയാലവസ്ഥിതർ
അരിക്കുവിലോപമോ വ്യസനിത്വമോ വന്നു
ഭവിക്കിൽ ജയൈഷിക്കു വിജയം സിദ്ധംതന്നെ.
ഉപജാപങ്ങളാരുമിവരിൽ പ്രയോഗിക്കി-
ലിവരിൽനിന്നും ഭയമുണ്ടാകും വിശേഷിച്ചും
ഉപജാപങ്ങൾ രിപുസൈന്യത്തിൽ പരത്തണ-
മുപജാപങ്ങളാലേ ജയമുണ്ടാകും ധ്രുവം.
കരുത്തോടന്തരക്തികലർന്നു വാഴും മൌല-
ബലത്തോടുപേതനാം രിപുവോടേററീട്ടുവാൻ

തരത്തിൽ തത്തുല്യന്നം ക്ഷയവും വ്യയങ്ങളും
സഹിപ്പാൻ ശക്തനമാം നൃവരൻ പോയീടണം.
പ്രകൃഷ്ടമായിടുന്ന മാർഗ്ഗത്തൂടെയോ തഥാ
പ്രകൃഷ്ടമായീടുന്ന കാലത്തിങ്കലോ നൃപൻ
പുറപ്പെട്ടിട്ടുചെമ്മേ രിപുവോടടുക്കണം
പെരുത്തു മാനിതരാം മൌലർതൻ ബലത്തോടെ.
ദീർഘകാലികമായ രാജസേവനത്തിനാൽ
ഭോഷ്ക്കല്ല നൃപാലൻെറ മൌലസേനയിൽപ്പെട്ടോർ
ആംക്ഷയമത്തും വ്യയമായത്തും സഹിക്കുവാൻ
മേൽക്കുമേൽ പ്രശക്തരായ് ഭവിച്ചീടുന്നു ദൃഢം.
ഇച്ചൊന്നകാര്യങ്ങളിൽ ബുദ്ധിമാനെല്ലായ്പ്പോഴും
വഞ്ചിച്ചുകൊണ്ടീടണം നിശ്ചയം ഭൃതാദിയെ.
അത്യന്തമധ്വക്ലേശം ദീർഘകാലത്തേ ശ്രമ-
മിത്ത്യേവം രണ്ടും ഭേദമുണ്ടാക്കുമിക്കൂട്ടരിൽ.
അത്യന്തമാംപ്പെരുപ്പം ദീർഘകാലത്തെ ശ്രമം
നിത്യമാം പ്രവാസവും നിത്യമായിട്ടും യാനം
ഇത്തരം കാര്യങ്ങളാൽ സേനയിൽ നിസർഗ്ഗമാ-
യുത്ഭൂതമാകുന്നിതു ഭേദമതെല്ലായ്പോഴും
തന്നുടെ ഭൃതബലമേററവും പ്രഭൂതവും
തൻമൌലമസാരവുമെന്നുമല്പത്ത്വപ്പവും
തന്നരിതൻെറ ഭൃതമല്പവും വിരക്തവും
പിന്നെയുംമൌലബലമത്യന്തമസാരവും

എന്നേവം ഭവിക്കുകിൽ മന്നവൻ പോരാടണം
മന്ത്രത്തി,ലല്ലായാസംകൊണ്ടുതാൻ ജയംവരും.
എന്നല്ല കാലം, ദേശമെന്നിവ ചുരുക്കണം
നിർണ്ണയം കുറയ്ക്കണം ക്ഷയവും വ്യയങ്ങളും
സ്വകമാം ബലമുപജാപങ്ങളെല്ലാം പോയി-
ട്ടകമേ ശാന്തരായി വിശ്വസ്തരായോ തഥാ
സ്വകമാം ശത്രുവിൻെറ സർവമാം പ്രചാരവും
സുഖമേ ഹന്തവ്യമാംവിധമല്ലമായ്ത്തീർന്നോ
സുദൃഢം കണ്ടീടുമ്പോൾ പോരിനു പുറപ്പെടാം
ഭൃതരാം ബലങ്ങളുമായിട്ടു നരാധിപൻ
ധാരാളം ശ്രേണിബലം തനിക്കുണ്ടാകയും
ധാരാളം പര്യാപ്തരായായവർ ഭവിക്കയും
ചെയ്യുകിൽ ശ്രേണിയോടും ചെന്നടുത്തീടാം ഹ്രസ്വ-
മായിട്ടും പ്രവാസവ്യായാമങ്ങളെന്നുള്ളതിൽ.
മൈത്രമാം ബലമതു ധാരാളമായുംപുന-
രെത്രയുമനുകൂലമായിട്ടും കണ്ടീടുകിൽ
പാർത്ഥിവനല്പായാസമായിട്ടും യുദ്ധത്തിനു
മൈത്രേണ പുറപ്പെടാം മന്ത്രേണതാനും തഥാ.
മിത്രങ്ങൾ ചെയ്യേണ്ടതാമേതൊരു കാര്യത്തിലും
മിത്രായത്തമായ് നില്ക്കും ഫലപ്രാപനത്തിലും
അത്രയല്ലനുഗ്രഹപീഡനാഗമത്തിലും
മിത്രത്തോടൊത്തുതന്നെ പോകണം പൃഥ്വീവരൻ.

ഏററവും പ്രഭൂതമാം ദ്വിഷൽസൈന്യത്തെക്കൊണ്ട-
ങ്ങേററവും പ്രബലനാം ശത്രുവെയെതിൎക്കണം.
പിട്ടല്ല പീപ്പന്നിയെക്കൊല്ലുവാൻ തുടങ്ങുമ്പോൾ
തെററാതെ നയിക്കണം ചണ്ഡാളനൊക്കും നയം.
അത്യൂൎജ്ജിതന്മാരാകും ശത്രുയോധരേന്നൃപ-
നഭ്യാശേ പാൎപ്പിക്കണം തൽകോപഭയത്തിനാൽ.
യാത്രാവിഘ്നങ്ങൾ തഥാ കണ്ടകമൎദ്ദനങ്ങ-
ളിത്യാദിയാലേ സദാ പീഡിപ്പിക്കയും വേണം.
ദുൎഗ്ഗകണ്ടകങ്ങളെ ശോധന ചെയ്യിക്കുക,
തക്കമെന്നിയേ രിപുരാജ്യത്തിൽ പ്രവേശിക്ക,
ഇത്തരം കാൎയ്യങ്ങളിൽ മുമ്പിലായ് നിറുത്തണം
ശക്തമാമാടവികബലത്തേയെല്ലായ്പ്പോഴും.
മുൻചൊന്ന മൌലാദിയാം ഷഡ്വിധം ബലത്തിനേ
ചെഞ്ചമ്മേ ചതുരംഗസൈന്യമെന്നോതീടുന്നു.
അഞ്ചിതമന്ത്രം, കോശം, കാലാൾകൾ, അശ്വം, രഥം,
കുഞ്ജരമെന്നുള്ളവ നിൎണ്ണയം ഷഡംഗവും.
ഇച്ചൊന്നവിധമുണ്ടാം ബലത്തെ ബലിഷ്ഠമായ്
നിശ്ചയിച്ചും യഥായോഗം പ്രതിവ്യൂഹനംചെയ്തു
ശത്രുവിൻബലത്തിനോടേല്ക്കുവാൻ പൃഥ്വീനാഥ-
നത്യന്തം ബലിഷ്ഠനായ് ഗമിച്ചുകൊണ്ടീടണം.
ശത്രുവിൻബലത്തിൻെറ സൎവ്വയോഗവും നൃപൻ
പൂൎത്തിയായ് ഗ്രഹിക്കണം തൽസൎവ്വയന്ത്രാദിയും
തദ്വിധം ഗ്രഹിക്കണം ശത്രുസേനാധിപൻ തൻ-
കൃത്സ്നമാം കൃതാകൃതമായതും പ്രചാരവും.

ഇരുപത്തിയെട്ടാംപ്രകരണം സമാപ്തം.

## ഇരുപത്തിയൊൻപതാം പ്രകരണം

### സേനാപതിപ്രചാരപ്രകരണം

സദ്വംശജാതൻ സമസ്തമന്ത്ര്യാദൃതൻ
തദ്ദേശസംഭവൻ, മന്ത്രജ്ഞപുംഗവൻ.
തത്വമായ് ദണ്ഡനീതിപ്രയോഗോത്സുകൻ
തത്വമായ് തന്നീതിയഭ്യസിക്കുന്നവൻ
സത്യം, ക്ഷമാ, ധൈര്യ,മെന്നല്ല മാധുരീ-
സത്വമിത്യാദിയാം സർവ്വാർത്ഥസൽഗുണം
ഒത്തൊരുമിച്ചു വിളങ്ങുന്ന സൽപുമാ-
നുത്സാഹശീലൻ, പ്രഭാവാന്വിതൻ, തഥാ
അത്യുദാരാശയ,നക്ഷുദ്രജീവനൻ
നിത്യമനുജീവിനാം വൃത്തിദായകൻ
മിത്രങ്ങൾ, ഗോത്രജർ, ബന്ധുക്കളെന്നിവ-
രെത്രപേരും സദാ പിൻതാങ്ങിനുള്ളവൻ
നിത്യവ്യവഹാരി, സൽപ്പൗരസമ്മതൻ,
നിത്യം പ്രകൃതിമാരാലഭിനന്ദിതൻ
നിത്യവും കാരണഹീനവുമായെഴും
ശത്രുതയാരോടുമുണ്ടാക്കിടാത്തവൻ,
ആദ്യന്തമെന്നും ശുഭപ്രദമായുള്ള
കൃത്യങ്ങൾതന്നെയവിഘ്നമായ് ചെയ്യുവോൻ.
ശത്രുകുറഞ്ഞവൻ, ശൂരൻ, ബഹുശ്രുതൻ,
തദ്വന്മഹാത്യാഗി, കാലജ്ഞപുംഗവൻ,

പേത്ത്മരോഗ,നനാവില്ല[1] നായത-
ഗാത്രൻ, സുമുഖൻ, സുസമ്മതവിക്രമൻ,
ഹസ്തിതുരഗരഥാദിചര്യകളി-
ലത്യന്തശിക്ഷിതൻ, പാരം ജിതശ്രമൻ,
ഖഡ്ഗയുദ്ധങ്ങൾ നിയുദ്ധങ്ങളെന്നതിൽ
ശീഘ്രഗ,നെന്നല്ല ചംക്രമണക്ഷമൻ
യുദ്ധഭ്രുവിൻവിഭാഗങ്ങളറിഞ്ഞവൻ,
യുദ്ധേ ഹരിക്കുസമം ദൃഢവിക്രമൻ,
കൃത്യങ്ങളൊന്നുമേ നീട്ടിവയ്ക്കാതഥ
കൃത്യമായ് തത്തൽസമയത്തു ചെയ്യുവോൻ,
നിസ്തന്ദ്രനായിസ്സദൈവ വാഴുന്നവൻ,
നിത്യമനുദ്ധതൻ, നൂനമമർഷണൻ.
ഹസ്ത്യശ്വശസ്ത്രരഥങ്ങളിവയുടെ
ലക്ഷണമൊക്കെയറിഞ്ഞിരിക്കുന്നവൻ,
മർത്ത്യരെയെല്ലാം തിരിച്ചറിയുന്നവൻ,
ചിത്തേ കൃതജ്ഞ,നനുകമ്പയായുതൻ,
ധർമ്മകർമ്മസമായോഗത്തിലൊക്കെയും
സമ്യക്കുശലൻ, കുശലാനുഗൻ, തഥാ
സമ്മർദ്ദനക്രിയയൊക്കെ ഗ്രഹിച്ചവൻ,
തൽപരികർമ്മണി പാരം വിചക്ഷണൻ,
അശ്വേഭമർത്ത്യപ്രകൃതികളും തഥാ
തച്ചിത്തവൃത്തിയും സർവ്വമറിഞ്ഞവൻ,

1. അനാവിലൻ = ദ്രോഹബുദ്ധിയില്ലാത്തവൻ,

പേൎത്തും തദീയമാം നാമധേയങ്ങളും
തൽപ്പോഷണാദിവിധിയുമറിയുവോൻ,
ദേശഭാഷൌഘലവും ദേശസ്വഭാവവും,
ദേശലിപികളും ബോധം പഠിച്ചവൻ,
ഗാഢസ്മൃതിമാൻ, നിശാപ്രചാരങ്ങളിൽ
ബോധം കുശലൻ, ശകുനാദികോവിദൻ,
ഋക്ഷഗ്രഹാദ്യുദയാസ്തമയങ്ങളെ
സൂക്ഷ്മമായിട്ടും ഗ്രഹിച്ചിരിക്കുന്നവൻ,
ദിഗ്ദേശമാൎഗ്ഗങ്ങളെല്ലാമറിഞ്ഞവൻ
തജ്ജ്ഞാനമുള്ളോരകമ്പടി ചേൎന്നവൻ,
ക്ഷുൽപിപാസാ, ഭയം, ക്ലേശമായാസവും,
തദ്വൽസമീരശീതോഷ്ണജപീഡയും,
ഒക്കെസ്സഹിപ്പാൻ സമൎത്ഥനായുള്ളവൻ,
ചിക്കെന്നു പീഡിതന്മാൎക്കഭയപ്രദൻ,
ശത്രുസൈന്യത്തിന്നു കാലനായുള്ളവൻ,
ശത്രുവിൻനിശ്ചയം ദുസ്സാധമാക്കുവോൻ,
ശത്രുവാൽ ഭംഗം സ്വജനത്തിന്നേല്ക്കി,ലാ-
സ്തംഭനം നന്നായ് സഹിക്കുവാൻ ശക്തിമാൻ,
ശത്രുവിനാലുപരുദ്ധമാം സേനയേ
യുക്തമാംവണ്ണം പരിരക്ഷചെയ്യുവോൻ,
പേൎത്തും സമസ്തമാം സൈന്യകൎമ്മങ്ങളു-
മാസ്ഥയാ ബുദ്ധിയിലോൎത്തിരിക്കുന്നവൻ,

ശത്രുവിൻപ്രൂതപ്രചാരങ്ങൾ സർവ്വവും
തത്തൽസമയത്തു വീക്ഷിച്ചിടുന്നവൻ,
എത്രയുമുൽകൃഷ്ടമായിട്ടെഴുന്നതാ-
മുദ്യമസിദ്ധിയേ കൊൾവാൻ ഗമിപ്പവൻ,
ഉദ്യമിക്കുന്നതാം സർവ്വകാര്യത്തിലു-
മുത്തമമാംഫലം സാധിച്ചിടുന്നവൻ,
തൽഫലമായത്തു സാധിച്ചുകൊള്ളുവാ-
നൊത്തതാം മാർത്ത്യരാൽ സേവിതനായവൻ,
ശത്രുക്കൾ ചെയ്യുന്ന നാശക്രിയകളാ-
ലുദ്വിഗ്നമാനസനാകാത്ത പൂരുഷൻ,
നിത്യവും സ്വന്തനൃപൻെറ കാര്യങ്ങളിൽ
നിസ്തുലഭക്തികലൎന്ന വസിപ്പവൻ,
ഇത്യാദിലക്ഷണമൊക്കെയും ചേൎന്നഥ
നിത്യോത്സുകനായി വാഴുന്ന മർത്ത്യനെ
അത്യാദരേണ നിയമിച്ചുകൊള്ളണം
പൃത്ഥ്വീപതി തൽധ്വജിനിക്കു[1] നാഥനായ്.
നിത്യവും പിന്നെ നിതാന്തമാം നിഷ്ഠയോ-
ടുദ്യോഗപൂർവ്വം ദിവാനിശമങ്ങവൻ
പാൎത്ഥിവൻതൻെറ ധ്വജിനിയേ മേല്ക്കുമേ-
ലാസ്ഥാസമേതനായ് പാലിച്ചുകൊള്ളണം.
നദ്യദ്രികാനനദുൎഗ്ഗദേശങ്ങളിൽ
യദ്യത് സ്ഥലങ്ങളിൽഭീതിയുണ്ടാകുമോ
തത്തൽ സ്ഥലങ്ങളിൽ സേനയേ വ്യൂഹമായ്
തീർത്തു സേനാപതി കൂടെഗ്ഗമിക്കണം.

ഇരുപത്തിയൊൻപതാംപ്രകരണം സമാപ്തം

---

1. ധ്വജിനി = സൈന്യം.

# മുപ്പതാംപ്രകരണം

## പ്രയാണവ്യസനപ്രകരണം

അഗ്രേഗമിക്കണം നായകൻ[1] നിർണ്ണയം
വ്യഗ്രതയെന്നിയേ വീരനിഷേവ്യനായ്.
മദ്ധ്യേഗമിക്കണം സ്വാമിയും ഭാര്യയും
പൃഥ്വീശകോശവും ഫല്ഗുവാം[2] സേനയും
പക്ഷങ്ങൾ രണ്ടിലും വാജികൾ നില്ക്കണം
ചിക്കെന്നവയുടെ പക്ഷങ്ങളിൽ രഥം
ഹസ്തികൾപോണം രഥങ്ങൾക്കിരുപുറം
ഹസ്തികൾക്കുംപുറമാടവീസേനയും
പശ്ചാൽ ഗമിക്കണം സർവ്വം പുരസ്കരി-
ച്ചുച്ചൈസ്തരം കൃതീസേനാധിനായകൻ
അശ്രാന്തമാം നിജസന്നദ്ധസേനയാ-
ലാശ്വാസമേകിസ്സുദാത്തക്ക് സത്വരം
അഗ്രേഭയമത്തു കണ്ടാൽ ഗമിക്കണ-
മുഗ്രതചേരും മകരവ്യൂഹത്തൊടോ
ഉദ്ധൃതപക്ഷമാം ശ്യേനവ്യൂഹത്തൊടോ
വിക്രമവക്രയാം സൂചിവ്യൂഹത്തൊടോ.
പശ്ചാൽഭയംവന്നുകണ്ടാൽ ചമയ്ക്കണം
നിശ്ചയമായും ശകടവ്യൂഹത്തിനെ.
പാർശ്വങ്ങളിൽഭയം വന്നാലുടനടി
തീർച്ചയായ് തീർക്കണം വജ്രവ്യൂഹത്തിനെ.

---

1. നായകൻ=സർവ്വസൈന്യാധിപൻ.
2. ഫല്ഗുസേന=നിസ്സാരമായ സേന.

ഉത്തുതമായാൽ ചതുർദ്ദിക്കിലും ഭയം
തൽബാധപോക്കാൻ സമൎത്ഥമാകുന്നതാം
കെല്പാർന്ന സർവ്വതോഭദ്രവ്യൂഹത്തിനെ
തപ്പാതെന്നൂനം ചമച്ചുകൊണ്ടീടണം.
നദ്യദ്രികാനനഗർഭദേശങ്ങളിൽ
തഢാൽഗ്ഗുഹകളിൽ, ദീർഘമാർഗ്ഗങ്ങളിൽ
അത്യൎത്ഥമായിപ്പരിശ്രാന്തരാവുക,
ക്ഷുൽപ്പിപാസാപരിക്ലിഷ്ടരായീടുക,
രുക്കുകൾ, പട്ടിണി, മൃത്യുവിത്തുകളാൽ
വ്യഗ്രരും ദസ്യുദ്രുതരുമായീടുക,
കർദ്ദമപാംസുജലച്ഛന്നരാവുക
വ്യസ്തരാക, പഥി പുഞ്ജീകരിക്കുക,
നിദ്രിതരാവുക, ഭക്ഷ്യാൎത്തരാവുക,
തഢാധമങ്ങഭ്രമിഷ്ടരായീടുക,
പേത്തുമസംസ്ഥിതരായിബ്ഭവിക്കുക,
ചീത്തഴമഗ്നിയാൽ ത്രസ്തരായീടുക,
കാററും മഴയതും ചീററമായ് വന്നണ-
ഞ്ഞേററം സമാകുലരായിച്ചമയുക,
ഇത്യാദ്യവസ്ഥയിലൊക്കെയുംനായകൻ
ശ്രദ്ധായുതം നിജസേനയെക്കാക്കണം.
ഉത്സാഹപൂർവ്വമതുപോലെ നിന്നയം
നിർദ്ദയം കൊല്ലണം ശത്രുസൈന്യത്തെയും.

മൂപ്പതാംപ്രകരണം സമാപ്തം.

## മുപ്പത്തൊന്നാംപ്രകരണം

### കൂടയുദ്ധവികല്പപ്രകരണം

കാലദേശങ്ങൾ സ്വയമേ ശുഭങ്ങളും
വൈരിപ്രകൃതിമാർ ഭിന്നരുമാവുകിൽ
കാലേ തുടങ്ങാം പ്രകാശയുദ്ധം ബല-
വീരവാ,നന്യഥാ കൂടയുദ്ധംവരം.
ആ മട്ടിലുണ്ടാകുമാക്രമവേളയിൽ
ഭീവിഘാലനാം രിപുവേ വധിക്കണം.
ഭൂമിഷ്ഠനായ് നിന്നഭൂമിഷ്ഠനായിട്ടം
സ്വാമിത്രനെയുപജാപേന കൊല്ലണം.
ഭംഗദാനാലപകൃഷ്ടരാം കാട്ടാള-
സംഘമുൾക്കൊള്ളും കടിഞ്ഞാൺ കയർകളാൽ
മന്ത്രിമാർകയ്യിൽ വലിഞ്ഞമരും പരി-
പന്ഥിയേക്കൊല്ലണം വീരപുരുഷരാൽ
ദർശനംനല്കിപ്പുരോഭുവിലങ്ങതൻ
കർശനമായിട്ടം ലക്ഷ്യം റിവൃത്തിയും
അവ്വപ്രവീരരാൽ പശ്ചാൽഭുവിതുലോം
ദുർഘപീഡനം നല്കിയും കൊല്ലണം.
അല്ലെങ്കിലങ്ങഥ പശ്ചാൽഭുവി പര-
മല്ലലേകുംപടി തൊല്ലകൾനല്കിയും
മെല്ലെന്നു സാരബലത്താൽ പുരോഭുവി
വല്ലാസ്ഥചേർത്തുമവനെ വധിക്കണം.

രണ്ടുമല്ലെങ്കിൽ പുനരങ്ങു ശത്രുവിൻ
രണ്ടുപാശ്ചത്തിലും നല്കിസ്സപീഡനം
രണ്ടിലൊരുപാശ്ചഭ്രുവിൽ വധിക്കണം
കിണ്ടം പിണയാതെ കൂടയുദ്ധത്തിനാൽ.
പാരംവിഷമം പുരോഭ്രമിയാവുകിൽ
പാരാതെ പൃഷ്ഠഭ്രുവിങ്കൽ വധിക്കണം.
നിസ്ഥലം രണ്ടും വിഷമമായീടുകിൽ
ശത്രുനിഷൂദനം പാശ്ചേ നടത്തണം.
ദൂഷ്യ,രമിത്രർ, കിരാതരിവരെ വി-
ട്ടാദ്യംനടത്തും പടവെട്ടുവേളയിൽ
വേർത്തുതളൻ നിരാക്രാന്തനായ്‌വരും
ശത്രുവേക്കൊല്ലണമശ്രാന്തവാഹനൻ.
ദൂഷ്യ,രമിത്രരിവർതൻ ബലങ്ങളോ-
ടേററു വലഞ്ഞു ബലവും മുറിഞ്ഞഥ
തോററുപോയ്ത്താനെന്നുറച്ചുനില്ക്കും രിപു-
ക്കുററന്നേ സത്രവ്യപാശ്രയൻ കൊല്ലണം.
തൻെറ പടവീടിനുള്ള പുരം, ഗ്രാമ-,
മങ്ങാടി, സസ്യങ്ങൾ, ഗോശാലയെന്നിവ
തന്നിൽ വിലോഭനംചെയ്തരിസേനയെ
കൊന്നൊടുക്കീടണം ജാഗരൂകം ദൃഢം:
എന്നല്ല തന്നുടെ ഫല്ഗുബലത്തിനാൽ[1]
നന്നായൊളിച്ച പ്രധാനബലത്തിനെ

---

1 ഫല്ഗുബലം = സാരമില്ലാത്തബലം,

തിണ്ണം മറവിട്ടു ചാടിച്ചരിബലം-
തന്നിൽപതിച്ചു ഹരിപോൽ ഹനിക്കണം
ഗോഗ്രഹണംതന്നിലാഗ്രഹം പോയ് രിപു-
ശീഘ്രഗതിയായതീവദാർഢ്യാന്വിതം
വായ്ക്കുമൌത്സുക്യാൽ പുറപ്പെട്ടും യാത്രയിൽ
മാൎഗ്ഗം തടഞ്ഞു വഴിമേൽ വധിക്കണം.
നായാട്ടുതന്നിൽ ഭ്രമിച്ചു നിജാരാതി
പായും മൃഗത്തേയനുധാവനംചെയ്തു
പോകുന്നനേരത്തകലത്തനാശ്രയ-
നാകുന്ന നേരത്തവിടേ വധിക്കണം.
ആക്രമഭീതിയാൽ രാത്രിമുഴുവനും
ദീർഘമുറക്കമിളയ്ക്കും ശ്രമത്തിനാൽ
പിറേറപ്പകലിൽ സുഷുപ്തനാം വൈരിയെ
പട്ടാളമങ്ങുറങ്ങീടവേ കൊല്ലണം
ദീർഘം പകലിൽപ്പടകളെസ്സന്നദ്ധ-
മാക്കിനിറുത്തിപ്പരാഹ്നത്തിലേററവും
വായ്ക്കും ശ്രമത്താലുറങ്ങുന്ന വൈരിയെ
തൽസൗപ്തികവിധാനജ്ഞനാൽ കൊല്ലണം
നൽത്തോലിലാവൃതഹസ്തീന്ദ്രർമൂലമോ
ഖഡ്ഗംധരിച്ച തുരംഗികൾ മാർഗ്ഗമോ
ഉൗക്കോടെ കൊല്ലണമുഗ്രനാം വൈരിയെ
തൽമൈത്ര്യേയുറങ്ങീടുന്നവേളയിൽ.

കാററും വെയിലും നിമിത്തം കഠോരമാം
വാട്ടംഭവിച്ചു മിഴികൾ രണ്ടും ഹാൽ
കോട്ടംവിനാ തെല്ലടയുന്നവേളയിൽ
മാററാനുടെ വധംചെയ്യണം സത്വരം.
നീഹാരവുമിരു,ളംഗാരവും വനം
സ്വാഹാപതി, നദീ, ശ്വഭ്രമിത്യാദികൾ
ഓരോന്നുമാകെയും സത്രമെന്നുക്തമാം
പാരിൽപ്രകീൎത്തിതം സത്രമോ ഛദ്മമായ്.
വൈരിപ്രചാരം ചരരാലറിഞ്ഞു താൻ
വൈരിയെയെങ്ങിനെ കൊല്ലുമോ ശ്രദ്ധയാ
വൈരിയുമങ്ങനെ ശ്രദ്ധയാ തന്നോടു
ചെയ്യുമെന്നെപ്പൊഴും ശങ്കിച്ചുമേവണം.
കൂടയുദ്ധത്തിങ്കൽ ശത്രുവെക്കൊന്നിടാം
ഗൂഹനംചെയ്യാതെ ധൎമ്മച്ഛലത്തിനാൽ.
ദ്രോണജൻ രാത്രൗ സുഷുപ്തമാം പാണ്ഡവ-
സേനയെക്കൊന്നു നിശിതശസ്ത്രങ്ങളാൽ.

മുപ്പത്തൊന്നാംപ്രകരണം സമാപ്തം.

---

# മുപ്പത്തിരണ്ടാംപ്രകരണം

## ഗജാശ്വരഥപത്തികർമ്മ പ്രകരണം

ആക്രമസേനയിൽ മുന്നണികൊള്ളുക,
ദുർഗ്ഗാടവികൾതന്നുള്ളിൽ കടക്കുക,
മാർഗ്ഗവും തീർത്ഥവുമില്ലാത്തിടങ്ങളിൽ
മാർഗ്ഗതീർത്ഥങ്ങളേ വെട്ടിത്തെളിക്കുക,
നദ്യാദികളിലിറങ്ങിക്കടക്കുക,
ഹസ്ത്യേകസാദ്ധ്യവിജയങ്ങൾ നേടുക,
ഉരുക്കൊട്ടുഭിന്നിക്ക സംഹതസേനയേ
ഭോഷ്കല്ല ഭിന്നത്തെയൊന്നിച്ചുകൊള്ളുക,
ഞെട്ടുമാറുള്ള പ്രഹാരങ്ങൾ നല്കുക,
കോട്ടകവാടങ്ങൾ തല്ലിത്തകർക്കുക,
പൃഥ്വീപതിയുടെ കോശം വഹിക്കുക,
ത്രസ്തരായോരേ ഭയത്രാതരാക്കുക,
ഇത്യാദികർമ്മങ്ങളൊക്കെയും പോരതിൽ
ഹസ്തികൾക്കുള്ളതാം കൃത്യങ്ങളായ് മതം.
നാലംഗമേലും ബലത്തെ നിഷേധിക്ക
നാലംഗസേനയേ രക്ഷിച്ചുകൊള്ളുക,
ചാലവേ ഭിന്നിക്ക സംഹതസേനയേ
ചേലോടു സന്ധിക്ക ഭിന്നബലത്തിനേ
പാരാതിതുകളങ്ങൊക്കെ രഥത്തിന്റെ
പേരാർന്നിടുന്ന ക്രിയകളായ് ചൊല്ലിടും.

കാട്ടുകൾ, നാട്ടുകൾ, റോഡ്ഡുകളെന്നിവ
പാരേ തിരഞ്ഞങ്ങറിഞ്ഞുകൊണ്ടീടുക,
വീവധവും പുനരാസാരവർഗ്ഗവും
സാവധാനം സദാ രക്ഷിച്ചുകൊള്ളുക.
വൈരിബലത്തേയനുധാവനംചെയ്ക,
സൈ്വരം സ്വബലത്തൊടൊത്തു പിൻവാങ്ങുക.
ദീനരായോരേയനുഗമിച്ചീടുക,
നൂനംത്വരിതമായ് വാർത്ത ഗ്രഹിക്കുക,
വൈരിതൻമുന്നണിയൊക്കെത്തകർക്കുക,
സർവ്വസൈന്യങ്ങൾതൻശസ്ത്രം ചുമക്കുക,
ഈവിധമുള്ളൊരു ജോലികളൊക്കെയും
വാജികൾചെയ്യേണ്ട കർമ്മങ്ങളായ്സ്മൃതം.
കൂപങ്ങൾ, തീർത്ഥങ്ങൾ, മാർഗ്ഗങ്ങൾ, സൈനിക-
ത്താവളമെന്നിവ ശോധനചെയ്യുക,
കൂടാതെ പിന്നെയവസാദിയും, മററു
കാര്യങ്ങളായതും 1 വിഷ്ടികാര്യങ്ങൾതാൻ.
ജാതിയും സത്വവും പ്രായവും പ്രാപ്തിയും
വേഗവും വർഷ്മവും 2 തേജസ്സു ശില്പവും
സ്ഥൈര്യവും പിന്നെത്തലയെടുപ്പായതും
സൈ്വരം തഥൈവ ച വീര്യം വിനയവും

1. വിഷ്ടി=കൂലിപ്പടകൾ. 2. വർഷ്മം=പൊക്കം.

ഓതീടുമൊക്കെയും പത്യശ്വകുഞ്ജര-
ജാതികൾക്കളെല്ലാരു സൽഗ്ഗുണൗഘങ്ങളായ്.
ഇത്തരം ലക്ഷണമൊത്തുള്ളവററയെ-
ത്തത്തൽക്രിയയിൽ നിയോഗിച്ചുകൊള്ളണം.

മുപ്പത്തിരണ്ടാംപ്രകരണം സമാപ്തം.

---

## മുപ്പത്തിമൂന്നാംപ്രകരണം

### പത്യശ്വരഥഗജഭൂമിപ്രകരണം

വമ്പിച്ചചിതൽപ്പുററു, കുററികൾ, മരം, ഗുല്മം,
വമ്പെഴുംതേരി, മരി, മുള്ളുകളിവററകൾ
തെല്ലുമേയില്ലാത്തതാം ദേശത്തേച്ചൊല്ലീടുന്നു
ചൊല്ലെഴും പദാതിക്കു സാപസാരയാം[1] ഭൂവായ്
വൃക്ഷവും ശിലകളുമേററവും കുറഞ്ഞതായ്
ക്ഷിപ്രലംഘ്യമായുള്ള ഗർത്തങ്ങൾ ചേൎന്നുള്ളതായ്
ശർക്കരാപങ്കങ്ങളാൽ മുക്തമാ,യുറച്ചതായ്
ലബ്ധമാം ഭൂമി വാജിക്കൊത്തതാം ഭൂവെന്നോതും.
കുററിയും, ചെളിക്കെട്ടും, മണലും, ക്രൂട്ടതലായ്
പുററുകൾ, പാഷാണങ്ങളെന്നിവയില്ലാത്തതായ്
വൃക്ഷവും ലതകളും, ഗുല്മങ്ങളാദികളും
ശ്വഭ്രവുമിത്യാദിയാം വിഘ്നങ്ങൾ ചേരാത്തതായ്

---

1. സാപസാരം = പിൻമാറാൻ യോഗ്യമായഭൂമി, അതായതു് പയററാൻ നല്ലഭൂമി.

വെട്ടലും, കിളയലും, പൊട്ടലുമില്ലാത്തതായ്
സ്പഷ്ടമേ സമഭൂവായ്, സുസ്ഥിരം തറയായി
ചുററുന്നചക്രത്തിനും മുട്ടുന്ന കുളമ്പിനും
പററുന്നതായിമേവും ഭൂമിതാൻ രഥഭൂമി.
തകക്കാൻ മരങ്ങളും, മുറിക്കാൻ ലതകളും,
സുലഭ്യമാകുന്നതായ്, ചെളിക്കെട്ടില്ലാത്തതായ്
കരിക്കുസുഗമ്യമായ്, നിരപ്പുകുറഞ്ഞതായ്
ഭവിക്കും മലംഭൂമിയാനകൾക്കൊക്കുംസ്ഥലം.
ജയിക്കാനാശിക്കുന്ന ഭൂമിപൻ ദൂരത്തിങ്കൽ
ഗമിച്ചാലുടൻ സ്വയമേകണം പ്രതിഗ്രഹം 1
കൊടുത്തുകൊണ്ടീടണം ഭിന്നർക്കും ധനങ്ങളേ
കൊടുക്കാതായോധനം വരിക്കാൻ തുടങ്ങൊലാ.

മുപ്പത്തിമൂന്നാംപ്രകരണം സമാപ്തം.

---

# മുപ്പത്തിനാലാംപ്രകരണം

## ദാനകല്പനാപ്രകരണം

ഏതേതുദിക്കിലെല്ലാം രാജാവു പോയിട്ടുമോ
സാധുവാം 2 കോശംകൂടെക്കൂടവേ പോയിടണം.
ആനകൾ ചുമന്നുകൊണ്ടീടണം കോശത്തിനേ
ചേണെഴും പ്രവേശികൾ കാവലുമുണ്ടാകണം.

---

1. പ്രതിഗ്രഹം = ദാനം. 2. സാധു = സാരഭൂതമായ.

രാജാവു വാഴുന്നിടത്തൊക്കെയും കോശം വേണം
രാജാക്കൾ കോശാധീനരാണല്ലോ ധരിത്രിയിൽ.
പ്രത്യൂഷകർമ്മംകഴിഞ്ഞാചാരാദരങ്ങളാൽ
ചിത്തതാർ തെളിഞ്ഞെഴുന്നമരും നേരത്തിങ്കൽ
വേണ്ടപോൽധനംദാനംചെയ്യണം യോദ്ധാക്കൾക്കായ്
വേണ്ടപോൽ ദാതാവിന്നായാരുതാൻ പോർചെയ്യിടാ!
ഭൂപതിതന്നെക്കൊലചെയ്യുവോനേകീടണം
ചാപലമെന്യേ ധനം നിയുതം നിർബ്ബാധകം
ഭൂപതിപുത്രന്മന്നു നല്കണമതിൽപ്പാതി
കേവലമതുതന്നെ സൈന്യേന്ദ്രഹന്താവിനും.
മുഖ്യനാംപ്രവീരനെക്കൊല്ലുവോനേകീടണം
തർക്കമെന്നിയേ ധനമയുതമഭംഗമായ്.
ഹസ്തിവീരനെക്കൊന്നാൽ നല്കണമതിൽപ്പാതി,
യത്രയും ധനംതന്നെ നല്കണം രഥഘ്നനും.
അശ്വത്തേ വധിപ്പവനേകണമോരായിരം,
പത്തിമുഖ്യനേക്കൊന്നാൽ നൂററിന്റെ കണക്കിനും.
മററുമുഖ്യരേക്കൊന്നാൽ നല്കണമിരുദശം,
തെററാതെ മററുള്ളോൎക്കു ഭൃതിതൻദ്വിഗുണവും.
വാഹനം, സ്വൎണ്ണം, വസ്ത്ര,മിത്യാദിയോരോന്നതു-
മാഹവത്തിങ്കൽ ജയിച്ചീടുന്നോനേകീടണം.
ഈവിധമോരോവിധം ദാനങ്ങൾചെയ്തു നൃപ-
നാവോളം യോദ്ധാക്കളേ സന്തുഷ്ടരാക്കീടണം.

മുപ്പത്തിനാലാംപ്രകരണം സമാപ്തം

# മുപ്പത്തിയഞ്ചാംപ്രകരണം

## വ്യൂഹകല്പനപ്രകരണം

അഞ്ചുകരമൊരുവില്‌പാടതാണതി-
ലഞ്ചാതെ നിൎത്തണം വില്ലാളിയേ യുധി
അഞ്ചിതവാജിയേ മൂന്നുവില്‌പാടിലു-
മഞ്ചീതിലാന,തേരെന്നിവതമ്മെയും.
കാലാളുകൾതമ്മിൽ വേണ്ടുന്നൊരന്തര-
മോരോശമം1 മൂന്നു വാജികൾ തമ്മിലും.
വാരണം, സ്യന്ദനമെന്നിവയ്ക്കന്തര-
മോരോന്നിനും ശമമോരഞ്ചുവീതവും.
വാജികളാളുക,ളാനതേരെന്നിവ-
യാജിയിൽ തങ്ങളിൽ കൂട്ടിമുട്ടാത്തപോൽ
ചാലേ പൊരുതണം നേരേ പൊരുകയോ
കാലേതിരിഞ്ഞു പിൻവാങ്ങുകയോ ചെയ്യുവേ,
കൂടിക്കലരാത്തപോരതു ചെയ്യണം
കൂടിക്കലൎപ്പു ഭയാവഹം നിൎണ്ണയം.
കൂടിക്കലൎന്നുള്ള ഘോരാഹവങ്ങളിൽ
ക്രൂരണമാശ്രയമാനത്തലവരേ.
വാജിയേപ്പോരിന്നിറക്കുന്നതായിട്ടു-
മാജിയിൽ മൂന്നുപേർ മുൻനിലകൊള്ളണം.

---

1. ശമം = 14 അംഗുലം.

പാരാതത്തുമട്ടു വാജികളഞ്ചിനെ-
ച്ചാലവേ കല്പിതമാക്കിനിർത്തീടണം.
ആനയ്ക്കുമങ്ങനേ കൂടെസ്സഹായരായ്
പാദഗോപന്മാർ പരമഞ്ചുവാജികൾ
കൂടാതെയങ്ങു പതിനഞ്ചുപൂരുഷർ
കൂടവേ നില്ക്കണം മുന്നിലായെപ്പൊഴും.
ആനയേപ്പോരിന്നിറക്കുന്നവേളയിൽ
ന്യൂനമേകേണ്ടും വിധാനമോതീടിനേൻ.
ആവിധമുള്ള വിധാനങ്ങളൊക്കെയും
കേവലം സ്യന്ദസത്തിന്നും കഥിച്ചു ഞാൻ
ഏതദ്വിധമൊരുക്കീട്ടന്നൊരമ്പതു
മാതംഗർ ചേർന്നാലനീകമൊന്നായിട്ടും.
പാരാതനീകങ്ങൾതമ്മിലുള്ളന്തര-
മോരഞ്ചുവില്പാടതായിട്ടിരിക്കണം.
ഇങ്ങനേയുള്ളോരനീകങ്ങൾചേർന്നഥ
ഭംഗ്യാ ചമയ്ക്കണം വ്യൂഹഭേദങ്ങളേ.
ചൊല്ലാൻരസ്യവും, കക്ഷങ്ങൾ, പക്ഷങ്ങ-
ളെല്ലാവുമൊത്തുംത്രിതുല്യമായുംതഥാ
ഈയടാൻരസ്യവും, കക്ഷപക്ഷങ്ങളും
കൂടവേമധ്യവും, പൃഷ്ഠം, പ്രതിഗ്രഹം,
കോടിയുമെന്നിവ ചേർത്തു സപ്താംഗമാ-
യോതിടും വ്യൂഹത്തെ വ്യൂഹജ്ഞരാംജനം.

ഇച്ചൊന്നതിങ്കലുരസ്യവും പിന്നെയും
കക്ഷദ്വയം, തഥാ പക്ഷദ്വയമത്രം
തദ്വിധമങ്ങു പ്രതിഗ്രഹമായതും
ചേർത്തു ഷഡംഗം വിധിപ്പു ബൃഹസ്പതി.
ദക്ഷനായുള്ളോരസുരഗുരുവരൻ
കക്ഷദ്വയത്തെ ത്യജിച്ചിട്ടു കേവലം
ഓത്തുന്നു വേറുള്ള നാലംഗവും ചേത്തു
വ്യൂഹത്തെ മുററും ചതുരംഗമമെന്നതായ്
ശൂര,രഭദ്യർ, കുലീനരും, മൗലരും,
പേരുംപെരുമയുംപെറവുള്ളവർകളും,
പോരിൽപ്രതിക്രിയ കണ്ടോരുമായിട്ടും
പേർകളെയാക്കണം 'അംഗപതിക'ളായ്.
നേരേ പ്രവീരപുരുഷരാലേ പരി-
വാരിതരായിവർനിന്നുകൊണ്ടീടണം.
പോരതുചെയ്യണം സംഹതരായിവ-
രോരോരൊ വ്യക്തിയുമന്യനേ കാക്കണം.
ഫല്ഗു[1] വാകുംബലം വല്ലതുമുണ്ടെങ്കിൽ
മധ്യഭാഗത്തിലായ് സ്ഥാപിച്ചുകൊള്ളണം.
യുദ്ധവസ്തുക്കളേ വ്യൂഹമതിന്നുടെ
പൃഷ്ടഭാഗത്തു നിവേശിച്ചുകൊള്ളണം.

---

1. ഫല്ഗു = നിസ്സാരമായതു്,

യുദ്ധത്തിനായി പ്രയോഗിക്കണം യുധി-
ദക്ഷമായുള്ളോരു [1] മുണ്ഡബലത്തിനേ.
യുദ്ധമതിന്നുടെ പ്രാണനോ നായക-
നൊരുക്കേയൊട്ടുങ്ങിടും നായകഹാനിയാൽ
ശ്യേനവും, സൂചിയു,മെന്നല്ല വജ്രവും,
നൂനം ശകടം, മകരധ്വജമതും,
ആദിയായുള്ളോരു വ്യൂഹഭേദങ്ങളെ-
യോതിടുന്നുണ്ടിഹ ശാസ്ത്രജ്ഞരായവർ.
പത്തിവാജിരഥഹസ്തികളാലനു-
പൃഷ്ഠമാം [2] വ്യൂഹമചലമെന്നോതിടും.
ഹസ്തിവാജിരഥപത്തികളാലനു-
പൃഷ്ഠമദീരിതം "അപ്രതിരോധ്യ"മായ്.
ശൂരരാം ദന്തിപ്രവീരരുരസ്സിലും
തേരുകൾ കക്ഷദ്വയത്തിലും, വാജികൾ
ഓരോവശത്തുമായ് സ്ഥാപിതമായിടും
വ്യൂഹത്തിനെ മദ്ധ്യഭേദിയെന്നോതിടാം
വാജിസൈന്യത്തിനേ മദ്ധ്യഭാഗത്തിലും
കക്ഷദ്വയത്തിൽ രഥസേനതന്നെയും
ഹസ്ത്യനീകത്തിനെപ്പാർശ്വങ്ങൾതന്നിലും,
ന്യസ്തമാക്കീടുകിൽ 'അന്തഭേദീ' ദൃഢം.

---

1. മുണ്ഡബലം = മൂലത്തിൽ മുണ്ഡനീകം എന്നാണ്. (കൊടിയില്ലാതെ ചരിയ്ക്കുന്ന ബലം)
2. അനുപൃഷ്ഠം = ഒന്നിനൊന്നു പിറകിലായി.

തേരതിൻസ്ഥാനത്തു വാജിയേയും തഥാ
വാജിതൻസ്ഥാനത്തു കാലാൾപ്പടയെയും
സ്ഥാപിച്ചുകൊള്ളണം തേരതില്ലാതെഴും
കാലത്തിലാനയെയേതുഭാഗത്തിലും
ദണ്ഡവ്യൂഹങ്ങളനേകമുണ്ടാവുകിൽ
നിർണ്ണയം പത്ത്യശ്വഹസ്തിരഥങ്ങളേ
മെല്ലവേ ഭാഗിച്ചു വ്യൂഹത്തിൽനിർത്തണം
ചൊല്ലുമതിന്നുപേർ 'ആവാപ'മെന്നതായ്.
മണ്ഡലം, ഭോഗ,മസംഹതം, ദണ്ഡവു,-
മിങ്ങനേ നാലായ് പ്രകൃതിവ്യൂഹങ്ങളേ
ചൊന്നിട്ടുണ്ടിതു നൂനമഭിജ്ഞരാം
പണ്ഡിതന്മാരവയ്ക്കുള്ള ഭേദങ്ങളും.
വ്യൂഹത്തിനുള്ള ഭുജം ചമച്ചീടിന
ശേഷമധികമായ് നില്ക്കുമങ്കത്തിനെ
നേരേതിരിച്ചു വിലങ്ങേനിറുത്തുകി-
ലോതുമതിന്നുപേർ 'ദണ്ഡ'മെന്നുള്ളതായ്.
ഭോഗിയ്ക്കുഴന്നുടൽപോലെയാവർത്തനം
ചെയ്യിലിതിന്നുപേർ 'ഭോഗ'മെന്നോതീടും.
ചുററിലുമായി നിവേശിച്ചുകൊള്ളുകിൽ
ചുറ്റററ 'മണ്ഡല'മെന്നുപേരുക്തമാം.
തിട്ടം പൃഥക് പൃഥക്കായിട്ടു നിർത്തുകിൽ
ചിട്ടല്ലതിന്നുപേർചൊല്ലു'മസംഹതം.'

എന്നതിൽ ദണ്ഡവ്യൂഹത്തിനങ്ങോതിട്ടം
പണ്ഡിതന്മാർ പതിനേഴഭേദങ്ങളേ
മുന്നേ പ്രദരം, ദൃഢകം, അസഹ്യവും,
പിന്നീട്ട ചാപവും, ചാപകുക്ഷിയത്തും,
പിന്നേ പ്രതിഷ്ഠവും, സുപ്രതിഷ്ഠമത്തും,
പിന്നെയും ശ്യേനം, വിജയവും, സഞ്ജയം,
പിന്നേ വിശാലവിജയവും, സൂചിയും,
പിന്നെച്ചമൂമുഖം, സ്ഥൂണകർണ്ണമത്തും,
പിന്നേ ഝഷാഖ്യം, വലയം, സുദുർജ്ജയ,-
മിങ്ങനേ നൂനം പതിനേഴമങ്ങവ
മണ്ഡലവ്യൂഹമതിന്നുമേവംവിധം
രണ്ടുഭേദങ്ങളുണ്ടായതുമോതിടാം.
ഒന്നാമതായത്തു 'സർവ്വതോഭദ്രവും,'
രണ്ടാമത്തു ദൃഢം 'ദുർജ്ജയ'മായത്തും
പേരാർന്നിടുന്നോരസംഹതത്തിന്നു ഞാ-
നോരാറുഭേദങ്ങളുള്ളവ ചൊല്ലിടാം.
ഈടാർന്നൊ'രർദ്ധചന്ദ്രാ'ഖ്യം 'ഉദ്ധാന'വും
കേടററ 'വജ്രവും' 'കർക്കടശൃംഗി'യും'
പാരാതെ പിന്നീട്ട 'കാകപാദി'യത്തു-
മാറാമതായത്തു 'രോധിക'യും തഥാ
അഞ്ചുണ്ടു ഭേദങ്ങൾ ഭോഗത്തിനായവ
യഞ്ചിത 'ഗോമൂത്രി'യും 'അഹിസാരി'യും

അഞ്ചാതെ പിന്നേ ശകടം, മകരവു,-
മഞ്ചാമതായ് പരിപാതന്തികം തഥാ.
ഇങ്ങനെയോരോരൊ വ്യൂഹംചമച്ചിട്ടും
തുംഗരാം വ്യൂഹജ്ഞരങ്കം പൊരുതിടാൻ.
ശ്യേനവും, സൂചീമുഖമതും, വജ്രവും,
ന്യൂനം, ശകടം, മകരവും, അംബുജം,
ഏവംവിധങ്ങളാം വ്യൂഹങ്ങൾ ചൊല്വതി-
ലാവതും യുക്തിപോലങ്ങു ചമച്ചിടാം.

മുപ്പത്തഞ്ചാംപ്രകരണം സമാപ്തം.

---

## മുപ്പത്തിയാറാംപ്രകരണം

### പ്രകാശയുദ്ധപ്രകരണം

ഏകമാമനീകത്താൽ പരവ്യൂഹത്തേ ഹനി-
ച്ചാകവേ വളയണം ശേഷിക്കും ഭാഗങ്ങളാൽ.
പരവ്യൂഹത്തേ ഹനിച്ചുരസ്സാലല്ലെന്നാകിൽ
പരിചിൽ കോടികളാൽ വലയം ചെയ്തീടണം.
പരൻതൻ പ്രപക്ഷങ്ങൾ സപക്ഷങ്ങളെക്കൊണ്ടു
പരിചോടാക്രമിച്ചു കരസ്ഥമാക്കിത്തദാ
തരസാ ഹനിക്കണം പരന്റെ പ്രോരസ്യത്തേ
വിരവേ സോരസ്യത്താൽ പീഡയും നല്കീടണം,

ഈവണ്ണമെല്ലാം വ്യൂഹം ചമച്ചു പണിപ്പെട്ടും
ഭൂവിൻനായകൻ പിന്നെയതവാന്നാകുന്നവൻ
വ്യൂഹങ്ങളാക്കിത്തീത്ത തന്നുടെ ബലങ്ങളാൽ
സാകല്യാൽ തകക്കണം പരന്റെ ബലത്തിനെ.
സാരഹീനമാംബലം ശത്രുവിനെങ്ങുണ്ടാമോ
പാരം ഭിന്നിതരെങ്ങോ ദൂഷ്യന്മാരെങ്ങോ തഥാ
പാരാതങ്ങവിടെല്ലാമവരേ ഹനിക്കണം
ധീരമാം സ്വസൈന്യത്തെ വിന്യസിക്കയും വേണം.
സാരത്തെയിരട്ടിയാം സാരത്താൽ തകക്കണം,
നേരോടങ്ങസാരത്തേ സാരത്താലെയും ദൃഢം.
ഭാരിച്ച കെട്ടുപാടിൽ നില്ക്കുന്ന ബലത്തിനെ
ഭൂരിപ്രചണ്ഡകുംഭിസേനയാൽ ഹനിക്കണം.
ദുർജ്ജയരാകും ദന്തിവീരരേ ഹനിക്കണ-
മൂർജ്ജസ്സുകൂട്ടും സിംഹവിക്രമഹസ്തീന്ദ്രരാൽ.
തദ്വിധമല്ലെന്നാകിൽ കൊല്ലണം വിദഗ്ദ്ധരാൽ
ശ്രദ്ധയോടധിഷ്ഠിതഹസ്തീന്ദ്രസമൂഹത്താൽ.
ഇമ്പമാം ദൃഢബദ്ധദന്തവുമിരുമ്പിനാൽ
ചന്തമായ് വിരചിതസിന്ധുരാവരണവും,
അമ്പെഴമതിബലപാദഗോപരും ചേൎന്നു
കമ്പമററനുപമധീരശ്ശൂരത്വം പൂണ്ടും
വന്മദാലതിതരദുന്നിവാര്യരായ് മേവു-
മുന്മാദരഹിതരാം കുംഭീന്ദ്രപ്രവീരരാൽ

നിർണ്ണയം വിജയൈഷി ഭൂമിപൻ തകർക്കണം
തന്നുടെ രിപുവരൻ തന്നുടെ ബലത്തിനേ.
ശത്രുവിൻ ബലത്തിനെയൊട്ടാകെ ഹനിക്കുവാ-
നൊററയ്ക്കുതന്നേ നൂനം സാദ്ധ്യമാം നിസ്സംശയം.
ചട്ടററ മദവീര്യഗുണങ്ങളെല്ലാം ചേർന്നു
പുഷ്ടനായ് മരുവുന്നോരൊററയാം ഹസ്തീന്ദ്രനാൽ.
ആനകൾബലംതന്നെ ഭൂപന്നു സമാശ്രയം,
ചേണെഴും രണങ്ങളിൽ വിജയം നേടീടുവാൻ.
ആനകൾബലം നൂനം കൂടിനില്ക്കുന്നതാകും
സേനയേത്തന്നെ ഭൂപനതിനാൽ പാലിക്കണം.

മുപ്പത്തിയാറാംപ്രകരണം സമാപ്തം

ശുഭം

UNIVERSITY OF TRAVANCORE

# DEPARTMENT OF PUBLICATIONS

## LIST OF PUBLICATIONS

## സാങ്കേതികശബ്ദകോശങ്ങൾ

### GLOSSARY SERIES

*(English Terms with Meanings in Malayalam)*

| | | | PRICE Rs. | As. | Ps. |
|---|---|---|---|---|---|
| 1. | ഊർജ്ജതന്ത്രം | Terms in Physics | 0 | 6 | 0 |
| 2. | രസതന്ത്രം | ,, Chemistry | 0 | 6 | 0 |
| 3. | ഗണിതശാസ്ത്രം | ,, Methematics | 0 | 8 | 0 |
| 4. | സസ്യശാസ്ത്രം | ,, Botany | 1 | 0 | 0 |
| 5. | വിദ്യാഭ്യാസം | ,, Education | 0 | 12 | 0 |
| 6. | ജീവതന്ത്രം | ,, Zoology | 0 | 8 | 0 |

# മലയാളം പ്രസിദ്ധീകരണങ്ങൾ

| | | Rs. | As. | Ps. |
|---|---|---|---|---|
| 7. | വൈദ്യുതിവിലാസം (Electricity)<br>ററി. കെ. ജോസഫ് | 1 | 8 | 0 |
| 8. | സമുദായശാസ്ത്രം (Sociology)<br>പി. ശേഷാദ്രി അയ്യർ | 0 | 8 | 0 |
| 9. | അറീലിയസ്സിൻെറ ആത്മനിവേദനം (Meditations of Marcus Aurelius)<br>പി. ശേഷാദ്രി അയ്യർ | 0 | 13 | 0 |
| 10. | ആരോഗ്യമാർഗ്ഗങ്ങൾ (Health)<br>ഡാ: എൽ. എ. രവിവർമ്മ | 0 | 12 | 0 |
| 11. | മാനുഷോദയം (Anthropology)<br>പി. ബാലകൃഷ്ണപിള്ള | 1 | 4 | 0 |
| 12. | പരിണാമം (Evolution)<br>ഡാ: കെ. ഭാസ്കരൻനായർ | 1 | 0 | 0 |
| 13. | ആകാശസഞ്ചാരം (Conquest of Air)<br>മാത്യു. എം. കുഴിവേലി | 1 | 4 | 0 |
| 14. | മൊണ്ടെയിൻെറ ഉപന്യാസങ്ങൾ (Montaigne's Essays)<br>പി. ശേഷാദ്രി അയ്യർ | 1 | 0 | 0 |
| 15. | വാല്മീകി (Valmiki)<br>വടക്കുംകൂർ രാജരാജവർമ്മ | 2 | 8 | 0 |
| 16. | പ്ളൂട്ടാക്കിൻെറ മഹച്ചരിതങ്ങൾ (Plutarch's Lives)<br>പി. ശേഷാദ്രി അയ്യർ | 1 | 0 | 0 |

| | | Rs. | As. | Ps. |
|---|---|---|---|---|
| 17. | വോൾട്ടയർ (Voltaire)<br>പി. കെ. പരമേശ്വരൻനായർ | 2 | 0 | 0 |
| 18. | മിൽട്ടൻ (Milton)<br>പി. അനന്തൻപിള്ള | 2 | 0 | 0 |
| 19. | ശിശുഹൃദയം (Child Psychology)<br>മേക്കൊല്ല എൻ. പരമേശ്വരൻപിള്ള | 2 | 0 | 0 |
| 20. | ഭഗവദ്ഗീത (Bhagavat Githa)<br>പി. ശേഷാദ്രി അയ്യർ | 6 | 0 | 0 |
| 21. | ശിവാജി (Shivaji)<br>ശ്രീവത്സനത്തു്, എൻ. കൃഷ്ണപിള്ള | 4 | 8 | 0 |
| 22. | ബുദ്ധമതം<br>ഏ. ജി. കൃഷ്ണവാര്യർ | 2 | 8 | 0 |
| 23. | കേരളഭാഷാവിജ്ഞാനീയം<br>ഡാ: കെ. ഗോദവർമ്മ | 3 | 8 | 0 |
| 24. | ബോധിസത്വാപദാനകല്പലത<br>ഒന്നാം വാല്യം<br>വള്ളത്തോൾ | 2 | 8 | 0 |
| 25. | വാനവിലാസം<br>ടി. കെ. ജോസഫ് | 2 | 8 | 0 |
| 26. | വ്യാസന്റെ വിരുന്ന് (ഒന്നാംഭാഗം) | 2 | 8 | 0 |
| 27. | കുമാരഭൃത്യം<br>ഡാ: എൽ. ഏ. രവിവർമ്മ | In the Press | | |
| 28. | കേരളഭാഷാസാഹിത്യചരിത്രം<br>ഒന്നാംഭാഗം<br>മഹാകവി ഉള്ളൂർ | ” | | |

## ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ

| | | Rs. | Ps. | As. |
|---|---|---|---|---|
| 1. | Sri Sankara<br>*P. Seshadri Iyer* | 3 | 0 | 0 |
| 2. | An enquiry into the Relationship of Sanskirt and Tamil<br>*Dr. P. Subramonya Sastri* | 2 | 4 | 0 |
| 3. | Press and Public<br>*C. R. Srinivasan* | 1 | 0 | 0 |
| 4. | The Indian Concept of the Beautiful<br>*K. S. Ramaswamy Sastri* | 5 | 0 | 0 |
| 5. | Silvi Culture<br>*M. S. Raghavan* | 2 | 0 | 0 |
| 6. | Some Aspects of Kerala & Tamil Literature Part I | 0 | 12 | 0 |
| 7. | Do Part II<br>*By Rao Sahib M. Raghava Aiangar* | 0 | 12 | 0 |
| 8. | A Survey of The Rise of the Dutch Power in Malabar<br>*Dr. T. J. Poonen* | 8 | 8 | 0 |

# ശുദ്ധിപത്രം.

| പുറം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| 30 | 1 | മത്സര്യ | മാത്സര്യ |
| 32 | 21 | മർത്ത്യരെ | മർത്ത്യനെ |
| 45 | 5 | ലഷ്പിത | ലച്ഛിത |
| 50 | 11 | ഭൂവൻ | ഭൂപൻ |
| 53 | 8 | ചാഞ്ചല്യമന്യേ | ചാഞ്ചല്യമെന്യേ |
| 61 | 20 | വെണ്മമയാം | വെണ്മയാം |
| 62 | 5 | വിശ്വസ്തനല്ലാത്തോരിൽ | വിശ്വസ്തനല്ലാത്തോനിൽ |
| 80 | 6 | ഔർജ്ജിത ്യവും | ഔർജ്ജിത്യവും |
| 85 | 7 | ഇവരെല്ലാം | ഇവരെല്ലാരും |
| 95 | 21 | നയവർത | നയവർത്മ |
| 100 | 14 | ഒരുംമ്പെട്ടും | ഒരുമ്പെട്ടും |
| ,, | 16 | സുഃഖച്ഛ ൃദ്യനായ് | സുഖച്ഛൂദ്യനായ് |
| 107 | 6 | ഗൗരവാഢ | ഗൗരവാവഢ |
| 108 | 9 | മത്മാവും | മാത്മാവും |
| 109 | 2 | ഭൂവിൻ | ഭൂവിൽ |
| ,, | 12 | നാശന മതേ | നാശനമതേ |
| ,, | 13 | ഭൂതാനുഗ്ര | ഭൂതാനുഗ്രഹ |
| 132 | 5 | ഭീതമയാൽ | ഭീതമായാൽ |
| 143 | 5 | തെറററി | തെററി |
| 147 | 3 | പരരോടുത്തിടാം | പരരോടടുത്തിടാം |
| 148 | 10 | ളമ്മഹാ | ലമ്മഹാ |
| 168 | 11 | ഭുവിൽ | ഭൂവിൽ |
| 169 | 4 | തിക്ഷ്ണതാരും | തീക്ഷ്ണതാരും |
| ,, | 14 | പൂകുമവൻ | പൂകുമവർ |
| 173 | 4 | മൊമൊക്കയും | മൊക്കയും |

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. HA1 Acc. No. 11217

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

MA1
Cl. No. NAN.K Acc. No. 11217
Author നാണുപിള്ള, പി.വി
Title ശാസ്ത്രീയനീതിസാരം.

MA1 11217
NAN.K

നാണുപിള്ള, പി.വി
ശാസ്ത്രീയനീതിസാരം.